ISSN 2456-2777

9 772456 277701 >

2026 ഓഗസ്റ്റ് പുസ്തകം 11 ലക്കം 10 ₹40

# എഴുത്ത് മാസിക

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്



## ചെങ്കോട്ടയിൽ ത്രിവർണപതാക തുടരുമോ?

➲ പരകാല പ്രഭാകർ



ഫോക്കസ്

## സ്വകാര്യ നിക്ഷേപവും കേരളവും

➲ ഡോ.ജോസ് സെബാസ്റ്റ്യൻ

➲ ആർ. മോഹൻ

➲ പ്രശാന്ത് വാസുദേവ്



## ഇന്ത്യയുടെ പാറ്റ കുട്ടികൾ

➲ സെഡ്രിക് പ്രകാശ്



## വഴിപിഴയ്ക്കുന്ന മോദിസർക്കാർ

➲ എൻ.പി.ചെക്കുട്ടി



## എഴുത്തുകാരാണ് പോരാളികൾ

➲ വി.ആർ.സുധീഷ്

# ഏറ്റവും നല്ലത് എഴുത്തിൽ തന്നെ

## എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

## മലയാള ഭാവനയുടെ ഭാവിരൂപം

**ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ് പ്രസിദ്ധീകരിക്കുന്ന മാസിക**



| ഒറ്റപ്രതി : 40.00 | | | |
|---|---|---|---|
| | | വരിസംഖ്യ | അടക്കേണ്ടത് |
| 1 വർഷം | – | 480 | 480 |
| 2 വർഷം | – | 960 | 950 |
| 3 വർഷം | – | 1440 | 1400 |
| 5 വർഷം | – | 2400 | 2300 |

വരിക്കാരാകാൻ ഫോണിലെ
UPI App ഉപയോഗിച്ച്
QR Code സ്കാൻ ചെയ്യുക

LOYOLA PEACE TRUST

Cheque/DD/Money Order in favor of
**LOYOLA PEACE TRUST,**
**STATE BANK OF INDIA,**
**DESHABHIMANI JN., KALOOR BRANCH**

വരിസംഖ്യ അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാം.
Cash Remittance നടത്തുമ്പോൾ
Bank Charge ഉം കൂടി ഉൾപ്പെടുത്തണം.

**A/C. No. 35112898418**
**MICR: 682002906 IFSC: SBIN0070327**

(തുക അക്കൗണ്ടിലടച്ചശേഷം വിവരം അറിയിക്കണം)

**മാനേജിംഗ് എഡിറ്റർ**

**എഴുത്ത് മാസിക, ലൂമൻ ജ്യോതിസ്, പോണോത്ത് റോഡ്, കലൂർ, കൊച്ചി 17**
**ഫോൺ: 0484 2334048, 81292 16033 ezhuthumagazine@gmail.com**



കെ. ജയകുമാർ

# കേരളത്തിനുവേണ്ടത് ഇച്ഛാശക്തി

സാമൂഹിക-സാമ്പത്തിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സ്വകാര്യമേഖലയെ എത്രകണ്ട് ആശ്രയിക്കാം എന്ന കാര്യത്തിൽ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഇപ്പോഴും ഏവർക്കും സ്വീകാര്യമായ സമവായം ഉണ്ടായിട്ടില്ല. എന്നാൽ, കർക്കശമായ നിലപാടുകളിൽ വ്യാപകമായ അയവ് സംഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കണം.

സ്വാതന്ത്ര്യാനന്തരം പൊതുമേഖലയുടെ ശക്തീകരണത്തിന് ജവഹർലാൽ നെഹ്റുവിന്റെ വികസനസങ്കല്പത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നു. ആ കാലയളവിൽ അത് അനിവാര്യവുമായിരുന്നു. ആ വികസനസമീപനംവഴി സൃഷ്ടിക്കാനായ പൊതുമേഖലാസ്ഥാപനങ്ങൾ ഇന്ത്യയുടെ സാമ്പത്തികവളർച്ചയ്ക്ക് ഭദ്രമായ അടിത്തറ പാകിയില്ലെന്ന് നെഹ്റുവിനെ അംഗീകരിക്കാത്തവർക്കുപോലും പറയാനാകില്ല.

എന്നാൽ, തൊണ്ണൂറുകളോടെ ചിത്രം മാറി. അഴിമതിയും കെടുകാര്യസ്ഥതയും താത്കാലിക രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി അടിസ്ഥാനലക്ഷ്യങ്ങൾ ബലികഴിക്കുന്ന വാസനയും പല പൊതുമേഖലാസ്ഥാപനങ്ങളെയും വെള്ളാനകളാക്കിത്തീർത്തു. നികുതിദായകന് അവയിൽ പലതും അനാവശ്യ ബാധ്യതയായി മാറി. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും അടിസ്ഥാനസൗകര്യവികസനത്തിനും വേണ്ടി ചെലവഴിക്കേണ്ട നികുതിപ്പണം ഇത്തരം വെള്ളാനകൾക്കായി നീക്കിവയ്ക്കേണ്ട ഗതികേട് പ്രബലമായി.

അങ്ങനെയാണ് നവലിബറലിസത്തിന്റെ ആശയങ്ങൾക്ക് നീതിമത്കരണവും അനിവാര്യതയും കൈവന്നത്. 1991-ലെ കേന്ദ്രബജറ്റിൽ അന്നത്തെ ധനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിങ് ഉദാരവൽക്കരണവും ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും രാജ്യത്തിന്റെ സാമ്പത്തികവളർച്ചയുടെ അടിസ്ഥാനതത്ത്വങ്ങളായി തിരുത്തിയെഴുതി. രാഷ്ട്രീയകാരണങ്ങളാൽ മാറിമാറിവന്ന സർക്കാരുകൾ ഈ സമീപനത്തെ ചിലപ്പോൾ അംഗീകരിക്കുകയും ചിലപ്പോൾ വിമർശിക്കുകയും ഒക്കെ ചെയ്തുവെങ്കിലും, ഈ ദിശാമാറ്റത്തിന് മുപ്പത്തിയഞ്ചുവർഷം പിന്നിടുമ്പോൾ രാഷ്ട്രീയമായ സ്വീകാര്യത വന്നുകഴിഞ്ഞു. സാമ്പത്തികവികസനത്തിന്റെ അടിസ്ഥാനസമീപനം ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും അംഗീകൃതയുക്തിതന്നെയാണ്. വ്യത്യാസങ്ങൾ ഉപരിപ്ലവം മാത്രമാണ്.

അങ്ങനെ, സർക്കാരിനുമാത്രം അവകാശമുണ്ടായിരുന്ന ടെലികമ്മ്യൂണിക്കേഷൻ, വ്യോമയാനം, വൈദ്യുതി, കൽക്കരി, തുറമുഖങ്ങൾ, പെട്രോളിയം, ഇൻഷുറൻസ്, ബഹിരാകാശപര്യവേഷണം എന്നിങ്ങനെയുള്ള നിരവധി മേഖലകളിൽ സ്വകാര്യനിക്ഷേപം പ്രോത്സാഹിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ പൂർണമായി വിൽക്കുകയോ, പലതിലും ഭാഗികമായി സർക്കാർ ഓഹരികൾ സ്വകാര്യനിക്ഷേപത്തിനായി മാറ്റുകയോ ചെയ്തുകൊണ്ടിരിക്കുന്നു. മറ്റു മേഖലകളിൽ സ്വകാര്യനിക്ഷേപം ആകർഷകമാക്കാനുള്ള നയപരമായ തീരുമാനങ്ങൾ സർക്കാരുകൾ സ്വീകരിച്ചുകൊണ്ടേയിരിക്കുന്നു. സ്വകാര്യനിക്ഷേപകരെ ആകർഷിക്കുന്നതിനും അവർക്ക് ബിസിനസ്സ് ചെയ്യാൻ മെച്ചപ്പെട്ട സാഹചര്യം ഒരുക്കുന്നതിനുമായി സംസ്ഥാനസർക്കാരുകൾ പരസ്പരം മത്സരിക്കുന്നു. കേന്ദ്രസർക്കാരിൽ ഇതിനായി പ്രത്യേക വകുപ്പുകളും നിലവിൽവന്നു. സർക്കാരുകളെക്കാൾ വലിയ തൊഴിൽദാതാവായി സ്വകാര്യമേഖല മാറി. യുവാക്കൾക്ക് സംരംഭകരാകാനുള്ള സാഹചര്യവും ഇന്നു സുലഭമാണ്. ആഗോളനിലവാരമുള്ള ആശുപത്രികൾ, ഐ.ടി. വ്യവസായം, സ്വകാര്യ സർവകലാശാലകൾ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, ബാങ്കുകൾ, മൊബൈൽഫോൺ സേവനങ്ങൾ എന്നിങ്ങനെയുള്ള വിപുലമായ സാമ്പത്തികപ്രവർത്തനങ്ങൾക്കുള്ള സംവിധാനങ്ങൾ ഇന്നുണ്ട്.

ഈ വളർച്ച തീർച്ചയായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശക്തമായ സ്വകാര്യമേഖല ഇല്ലാതിരുന്നെങ്കിൽ തൊഴിലില്ലായ്മ രൂക്ഷമാകുമായിരുന്നു. രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച ഇത്തരത്തിലാകുമായിരുന്നില്ല.

എന്നാൽ, സ്വകാര്യനിക്ഷേപകരുടെ പരമമായ ലക്ഷ്യം ലാഭമാണ്. അത് അനിവാര്യവുമാണ്. ഈ ലാഭം വളർത്താനുള്ള തിടുക്കത്തിലും അതിനനുപൂരകമായ സർക്കാർനയങ്ങൾ രൂപപ്പെടുത്താനുള്ള സമ്മർദതന്ത്രങ്ങളിലും സാമൂഹികമായ വലിയ ഉത്തരവാദിത്വം വിസ്മരിക്കപ്പെട്ടേക്കാം. സ്വകാര്യമേഖല ആ ചുമതല മറക്കുന്നതിനേക്കാൾ അപായകരമാണ് സർക്കാരുകൾകൂടി അതു മറക്കുന്നത്. ലാഭം വർധിപ്പിക്കാൻ ഒത്താശചെയ്യുന്ന വിധം പാരിസ്ഥിതികനിയന്ത്രണങ്ങളിൽ വെള്ളംചേർക്കാനും തൊഴിൽനിയമങ്ങൾ പരിഷ്കരിക്കാനും സർക്കാരുകൾ നിർബന്ധിക്കപ്പെടുന്നത് അപ്പോഴാണ്. സമൂഹത്തിലെ അസമത്വങ്ങൾ വളരുമെന്നതും സാമ്പത്തികവളർച്ചയ്ക്ക് ആനുപാതികമായ സാമൂഹികവളർച്ച ഉണ്ടാകുന്നില്ല എന്നതും വികസനത്തിനായി പരിസ്ഥിതി എന്നേക്കുമായി നശിപ്പിക്കപ്പെടുന്നു എന്നതും ലാഭത്തിന്റെ യുക്തിയെ ബാധിക്കുകയില്ല. നിർമിതബുദ്ധിയുടെ വരവോടെ തൊഴിൽമേഖല അനിതരസാധാരണമായ പ്രതിസന്ധികൾ നേരിടാൻ പോകുമ്പോൾ സർക്കാരുകൾ ലാഭം വർധിപ്പിക്കുന്നവർക്കൊപ്പം മാത്രം നിലയുറപ്പിക്കാമോ? അങ്ങനെ യുവാക്കൾക്ക് തോന്നിയാൽ അതു സമൂഹത്തിൽ അസ്വസ്ഥത വളർത്തുകതന്നെ ചെയ്യും. അനിയന്ത്രിതമായ സ്വകാര്യനിക്ഷേപവളർച്ചയ്ക്ക് പാർശ്വഫലങ്ങളുണ്ട് എന്നു തിരിച്ചറിയണം. നയപരമായ ജാഗ്രതയും ഫലപ്രദമായ നിയന്ത്രണങ്ങളും സർക്കാരുകൾക്ക് കൈമോശം വരികയാണെങ്കിൽ അതു സമൂഹത്തെ ഉലയ്ക്കുമെന്നു രാജ്യം ഇപ്പോൾ കണ്ടറിഞ്ഞതേയുള്ളൂ. ഇതു വരാനിരിക്കുന്ന കൊടുങ്കാറ്റിന്റെ തുടക്കമാവാതിരിക്കട്ടെ. സാമൂഹികനീതിയും നിയന്ത്രണങ്ങളും അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയും സർക്കാരുകൾക്ക് നഷ്ടപ്പെടുമ്പോഴാണ് 'കുറുന്തോട്ടിക്ക് വാതം പിടിച്ചോ' എന്ന പഴമൊഴി പുതുമൊഴിയാകുന്നത്. ■

# എഴുത്ത്

ചിന്തിക്കുന്ന ഹൃദയങ്ങൾക്ക്

പുസ്തകം പതിനൊന്ന് I ലക്കം പത്ത്
2026 ആഗസ്റ്റ് I 1201 കർക്കിടകം - ചിങ്ങം

| | | |
|---|---|---|
| രക്ഷാധികാരി | : | ഹെൻറി പട്ടരുമഠത്തിൽ എസ്.ജെ |
| ഉപദേശക സമിതി | : | എം. തോമസ് മാത്യു<br>കെ.സി. നാരായണൻ<br>മ്യൂസ് മേരി ജോർജ്<br>സുനിൽ പി. ഇളയിടം<br>തമ്പി ആന്റണി<br>എം.വി. ബെന്നി |
| മാനേജിങ് എഡിറ്റർ | : | ബിനോയ് പിച്ചളക്കാട്ട് |
| എഡിറ്റർ | : | ബിജു ജോർജ് |
| കൺസൾട്ടന്റ് | : | വി.ജി. തമ്പി<br>മോൻസി ജോസഫ് |
| സീനിയർ സബ് എഡിറ്റർ | : | മനോജ് എ.ആർ |
| എഡിറ്റോറിയൽ ബോർഡ് | : | അഗസ്റ്റിൻ പാംപ്ലാനി |
| | : | രോഷ്നി സ്വപ്ന |
| | : | റോസൻ റോയി |
| അഡ്വർടൈസ്മെന്റ് | : | ജോ മാത്യു |
| സർക്കുലേഷൻ | : | രാധാകൃഷ്ണൻ പി.ജി |
| ഓഫീസ് | : | ഷിനു പ്രദീപ് |
| ലേഔട്ട് | : | സിപ്സൺ ചെല്ലാനം |
| കവർ | : | ഗൗരി പ്രദീഷ് |
| ഡി.ടി.പി. | : | വിനോഷ് പൊന്നുരുന്നി |

facebook.com/Ezhuthumagazine

ഇ-കോപ്പി വാങ്ങാം

എഴുത്ത് മാസിക
ലൂമൻ, പോണോത്ത് റോഡ്
കലൂർ, കൊച്ചി -17
മൊബൈൽ 81292 16033
ezhuthumagazine@gmail.com
editorezhuthu@gmail.com

പ്രസാധനം
ലൊയോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
പീസ് ആന്റ് ഇന്റർനാഷണൽ
റിലേഷൻസ്, കൊച്ചി - 17

https://www.magzter.com/IN/LIPI/Ezhuthu/Art/

www.ezhuthu.org/subscription/ എന്ന വിലാസത്തിൽ ലോഗിൻ ചെയ്ത് വരിക്കാരാകാവുന്നതാണ്.
ബന്ധപ്പെടുക : subscribetoezhuthu@gmail.com

ഒരു ജസ്വിറ്റ് സംരംഭം





മുഖമൊഴി

**03/കേരളത്തിനുവേണ്ടത് ഇച്ഛാശക്തി**
കെ. ജയകുമാർ

സംഭാഷണം

**06/റിപ്പബ്ലിക്കിന്റെ അപനിർമിതിയും വിയോജിപ്പിന്റെ ജന്തർമന്തറുകളും**
ഡോ. പരകാല പ്രഭാകർ | ബിനോയ് പിച്ചളക്കാട്ട്

ഫോക്കസ്

**12/ വേണം, വികസനത്തോടൊപ്പം സാമൂഹിക സുരക്ഷാസംവിധാനങ്ങൾ**
ഡോ. ജോസ് സെബാസ്റ്റ്യൻ

**17/ കേരളം താങ്ങുന്ന നഷ്ടങ്ങളുടെ സ്മാരകശിലകൾ**
ആർ. മോഹൻ

**20/ സ്വകാര്യമേഖലയോട് കേരളത്തിന് ഇനിയും അസ്പൃശ്യതയോ?**
പ്രശാന്ത് വാസുദേവ്

അഭിമുഖം

**28/ സെൻസർഷിപ്പ് എഴുത്തിലെ ഫയർ നഷ്ടമാക്കും**
വി. ആർ. സുധീഷ് / ഡോ. സ്മിത ജി. നായർ

കഥ

**34/ ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റി**
മേഘനാദൻ

പംക്തി

**24/ നോട്ടം**
വിനോദ് നാരായൺ

കവിത

**39/ പാതിയുടഞ്ഞൊരു ബുദ്ധൻ**
രാജൻ കൈലാസ്

**43/ഗന്ധം**
കരീം അരിയന്നൂർ

സമകാലികം
**40 / വഴിപിഴയ്ക്കുന്ന മോദിസർക്കാർ**
എൻ.പി. ചെക്കുട്ടി

**44/ വിപ്ലവത്തിന്റെ കാൽപ്പെരുമാറ്റം**
സെഡ്രിക് പ്രകാശ്

ഡിജിറ്റൽ ലോകം
**46/വിരൽത്തുമ്പിലെ ലോകം ഹൃദയങ്ങൾക്കിടയിലെ മരുഭൂമി**
ബഷീർ പേങ്ങാട്ടിരി

അരനൂറ്റാണ്ടിന്റെ അക്ഷരയാത്ര
**52/കാലത്തിന്റെ സൂക്ഷ്മവായന രവിവർമ തമ്പുരാന്റെ സർഗസഞ്ചാരങ്ങൾ**
ഡോ. എം. എസ്. പോൾ

സാമൂഹികം
**54/ കേരളമോഡൽ: ആഘോഷിക്കപ്പെട്ട അസംബന്ധങ്ങളുടെ സാമൂഹികശാസ്ത്രം**
ഡോ. ആന്റണി പാലക്കൽ

റിപ്പോർട്ട്
**58/ അഴിമതിയുടെ ഇരുൾനീക്കാൻ 'പ്രോജക്ട് സീറോ'**
എഴുത്ത് ഡെസ്ക്

സമാധാനത്തിന്റെ പെൺവഴികൾ
**60/ ഹിംസയുടെ ആൺമതിലുകൾ**
പമേല ഫിലിപ്പോസ്

വായന
**61/ മൗനത്തിന്റെ പൊരുൾ തേടുന്ന അപനിർമാണങ്ങൾ**
ഡോ. വന്ദന ബി

**63/ പുസ്തകപ്പൂമുഖം**

**64/ വായനക്കാരുടെ വാക്കുകൾ**

**66/ പുസ്തക പരിചയം**

കല
**67/അകലങ്ങൾ മായ്ച്ച വർണവൈവിധ്യങ്ങൾ**
ഗോപി മംഗലത്ത്

പീസ് കോർണർ
**74/മണ്ണിലലിയുന്ന ഹരിതസ്പന്ദനം**
ഇ.പി. മാത്യു

സാങ്കേതിക കാരണത്താൽ ഈ ലക്കത്തിൽ മൊഴിയാഴം ഉണ്ടാവില്ല. അടുത്ത ലക്കത്തിൽ തുടരും.

പത്രാധിപർ



# വിമർശനമേതുമില്ലാതെ

കേരളത്തിന്റെ വികസനത്തിൽ പൊതുമേഖലയോടൊപ്പം സ്വകാര്യമേഖലയും നൽകിയ സംഭാവനകൾ വലുതാണ്. എന്നാൽ, സ്വകാര്യനിക്ഷേപത്തോടുള്ള നമ്മുടെ സമീപനം പൊതുവേ അതിനെ സംശയത്തോടെയും ഭയത്തോടെയും നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നതാണ്. പൊതുമേഖലയുടെ കാര്യക്ഷമതക്കുറവും നഷ്ടങ്ങളുംമൂലം ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ 'പൊതുമേഖലാമാതൃക' അപര്യാപ്തമാണെന്ന ചിന്തയും ശക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹികലക്ഷ്യങ്ങൾ ബലികഴിക്കാതെ, നാടിന്റെ വളർച്ച സാധ്യമാക്കാൻ പൊതു-സ്വകാര്യ സങ്കല്പത്തെ കാലാനുസൃതമായി പുതുക്കി നിർവചിക്കേണ്ടതുണ്ട്. സ്വകാര്യമേഖലയെ കോർപ്പറേറ്റുകൾ എളുപ്പത്തിൽ കൈയടക്കുമോ എന്ന ഭയം ഗൗരവമുള്ളതാണ്. അതിനാൽ, സാമൂഹികനീതിയും സർക്കാർ നിയന്ത്രണവും ഉറപ്പാക്കിക്കൊണ്ട് സ്വകാര്യനിക്ഷേപത്തെ പ്രയോജനപ്പെടുത്തുന്ന നയമാണ് രൂപപ്പെടുത്തേണ്ടത്. സ്വകാര്യമേഖലയോടുള്ള അന്ധമായ എതിർപ്പും ശത്രുതാമനോഭാവവും കേരളം ഉപേക്ഷിക്കേണ്ടതുണ്ട്. രാഷ്ട്രീയവും സിദ്ധാന്തപരവുമായ പിടിവാശികളെക്കാൾ നാടിന്റെ സാമ്പത്തിക അടിത്തറ ശക്തമാക്കാനുള്ള ചരിത്രപരമായ ഇടപെടലുകളാണ് പുതുതലമുറ പ്രതീക്ഷിക്കുന്നത്.

സ്വകാര്യനിക്ഷേപമെന്നു കേട്ടാൽ, അവയെല്ലാം കോർപ്പറേറ്റുകളാണെന്ന ധാരണയിലും മാറ്റം സംഭവിക്കേണ്ടതുണ്ട്. കോർപ്പറേറ്റുകളും ചെറുകിടസംരംഭകരും സ്റ്റാർട്ടപ്പുകളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയണം. സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനൊപ്പം മികച്ചൊരു നിക്ഷേപസൗഹൃദ അന്തരീക്ഷം കേരളത്തിൽ കെട്ടിപ്പടുക്കേണ്ടതുണ്ട്. തൊഴിലിനുവേണ്ടിയും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടിയും പുതുതലമുറ കേരളത്തിനുവെളിയിലേക്ക് സഞ്ചരിക്കുന്ന സാഹചര്യത്തിൽ ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്.

'വളഞ്ഞ ഇന്ത്യയെ' നേരെയാക്കണമെന്നു ചിന്തിക്കുന്നതുകൊണ്ടാണ് പരകാല പ്രഭാകർ അധികാരസ്വരൂപങ്ങൾക്കുമുന്നിൽ മുട്ടുകുത്തി നിൽക്കാത്തത്. വസ്തുതകളുടെ പിൻബലത്തോടെ നിലപാടുകൾ സ്വീകരിക്കുന്ന അദ്ദേഹം വിമർശനങ്ങൾ തുടരുന്നത് ഭരണഘടനാമൂല്യങ്ങളോടുള്ള പ്രതിബദ്ധതമൂലമാണ്. എഴുത്തിന്റെ അൻപതുവർഷങ്ങൾ തികയ്ക്കുന്ന വി.ആർ. സുധീഷ് സംഗീതവും പ്രകൃതിയും ലയിച്ചുചേർന്ന തന്റെ സർഗാത്മകസഞ്ചാരത്തെക്കുറിച്ച് ഈ ലക്കത്തിൽ സംസാരിക്കുന്നുണ്ട്. തെരുവിലിറങ്ങിയ യുവതയും പ്രതിഷേധത്തിന്റെ കനൽ സൂക്ഷിക്കുന്ന കർഷകരും സമരജീവിതത്തിലൂടെ നിർമിക്കുന്ന ഇന്ത്യയെക്കുറിച്ച് എൻ.പി. ചെക്കുട്ടിയും സെഡ്രിക് പ്രകാശും എഴുതുന്നു.

ഓരോ സ്വാതന്ത്ര്യദിനത്തിലും കൊളോണിയൽ ആധിപത്യത്തിൽനിന്ന് ഇന്ത്യയെ തിരിച്ചുപിടിക്കാൻ പഴയ തലമുറ നടത്തിയ ജനകീയ പോരാട്ടത്തെ നാം ഓർക്കുന്നു. ജനാധിപത്യ ഇടത്തെ സംരക്ഷിക്കാനുള്ള പോരാട്ടത്തിലാണ് ഇന്നത്തെ ഇന്ത്യൻ യുവത. ഭാവിയെക്കുറിച്ച് ജാഗ്രതയുള്ള എല്ലാവരും അവരെ കേൾക്കേണ്ടതുണ്ട് ■

**എഡിറ്റർ**

സംഭാഷണം | ഡോ. പരകാല പ്രഭാകർ | ബിനോയ് പിച്ചളക്കാട്ട്

# റിപ്പബ്ലിക്കിന്റെ അപനിർമിതിയും വിയോജിപ്പിന്റെ ജന്തർമന്തറുകളും

**അധികാരകേന്ദ്രീകരണവും മൂലധനത്തിന്റെ കുത്തകവൽക്കരണവും ചേർന്ന് ഇന്ത്യൻ റിപ്പബ്ലിക്കിനെ അതിന്റെ അടിസ്ഥാനശിലകളിൽനിന്നുതന്നെ റദ്ദാക്കുന്ന വർത്തമാനകാല യാഥാർഥ്യങ്ങളെ അപഗ്രഥിക്കുകയാണ് പ്രമുഖ ചിന്തകനും സാമ്പത്തികവിദഗ്ധനുമായ ഡോ. പരകാല പ്രഭാകർ. മറച്ചുവച്ചിരിക്കുന്ന സാമ്പത്തികത്തകർച്ചകളും, വോട്ടവകാശം കവർന്നെടുത്തുകൊണ്ട് പൗരത്വത്തെ ഇല്ലാതാക്കുന്ന ഭരണകൂടത്തിന്റെ സൂക്ഷ്മരാഷ്ട്രീയവും അദ്ദേഹം ഈ സംഭാഷണത്തിൽ ചരിത്രപരമായ ഉൾക്കാഴ്ചയോടെ തുറന്നുകാട്ടുന്നു.**



**ജന്തർമന്തറിൽ അലയടിച്ച യുവത്വത്തിന്റെ സമരവീര്യത്തെ താങ്കൾ എങ്ങനെ നോക്കിക്കാണുന്നു? ഈ പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിനു നൽകാൻ താങ്കൾ ആഗ്രഹിക്കുന്ന സന്ദേശമെന്താണ്?**

ജന്തർമന്തറിൽ നാം കണ്ടത് നമ്മുടെ യുവത നെഞ്ചേറ്റിയ ജനാധിപത്യപോരാട്ടങ്ങളുടെ ഉജ്വല വിജയമാണ്. ഈ വിജയത്തിന്റെ മധുരം നുണയുമ്പോഴും, പോരാട്ടവഴിയിൽ വിശ്രമിക്കാൻ നമുക്ക് സമയമായിട്ടില്ലയെന്ന് അറിയണം. തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ റിപ്പബ്ലിക്കിനെ തിരിച്ചുപിടിക്കാനുള്ള വലിയ പോരാട്ടങ്ങളുടെ തുടക്കം മാത്രമാകണം ഇത്.

എല്ലാ പോരാട്ടങ്ങളും നമ്മുടെ മക്കൾ തന്നെ ഏറ്റെടുക്കണമെന്നു ശഠിക്കുന്നത് നീതിയല്ല. അതിനാൽ, ജന്തർമന്തറിലെ അനുഭവങ്ങളിൽനിന്ന് ഊർജം ഉൾക്കൊണ്ട്, നമ്മുടെ ഭരണഘടനാമൂല്യങ്ങളെ സംരക്ഷിക്കാനുള്ള വിശാലമായ പോരാട്ടങ്ങളിലേക്ക് സമൂഹത്തിലെ മറ്റു വിഭാഗങ്ങളും കടന്നുവരേണ്ടതുണ്ട്.


ഇപ്പോഴത്തെ ഭരണകൂടം അജയ്യരല്ല എന്ന യഥാർഥ്യം രാജ്യത്തിനു കാണിച്ചുകൊടുത്തു എന്നതാണ് നമ്മുടെ യുവത നേടിയ ഏറ്റവും വലിയ വിജയം. നിശ്ചയദാർഢ്യത്തോടെ മണ്ണിലുറച്ചുനിന്നുള്ള ജനകീയ പ്രക്ഷോഭങ്ങൾക്കുമുന്നിൽ ഏത് അധികാരവർഗത്തിനും പിന്മാറേണ്ടിവരുമെന്ന താക്കീതു കൂടിയാണത്.

ജന്തർമന്തർ എന്നത് ഡൽഹിയിലെ വെറുമൊരു ഭൂപ്രദേശം മാത്രമല്ല. രാജ്യത്ത് പ്രതിഷേധങ്ങളുയരുന്ന ഓരോ കോണും ഇന്ന് ജന്തർമന്തറാണ്. നമ്മുടെ

▶ഡോ. പരകാല പ്രഭാകർ

രാജ്യത്ത് ഇനിയും ആയിരമായിരം ജന്തർമന്തറുകൾ പിറവിയെടുക്കട്ടെ. വിയോജിപ്പിന്റെ ഓരോ മനസ്സും മറ്റൊരു ജന്തർമന്തറായി മാറട്ടെ.

**ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ മറ്റൊരു വാർഷികത്തിലേക്ക് നാം അടുക്കുമ്പോൾ, ജനാധിപത്യം, മതേതരത്വം തുടങ്ങിയ ഭരണഘടനാ ആദർശങ്ങളെക്കുറിച്ച് ചിന്തിക്കാൻ നാം നിർബന്ധിതരാകുകയാണ്. താങ്കളുടെ അഭിപ്രായത്തിൽ, ഇന്ന് ഇന്ത്യൻ റിപ്പബ്ലിക് നേരിടുന്ന അടിസ്ഥാന പ്രതിസന്ധി എന്താണ്? ഈ മൂല്യങ്ങൾ സംരക്ഷിക്കാൻ രാഷ്ട്രീയപാർട്ടികൾക്ക് കഴിവില്ലാതായിരിക്കുന്നു എന്നു കരുതുന്നുണ്ടോ?**



ആദ്യമേ പറയട്ടെ, ഈ ആഗസ്റ്റ് 15-നും ചെങ്കോട്ടയിൽ ത്രിവർണപതാക ഉയരുന്നത് നാം കാണും. എന്നാൽ, അടുത്ത വർഷമോ അതിനടുത്ത വർഷമോ ആ സ്ഥാനത്ത് ത്രിവർണപതാക തന്നെയായിരിക്കുമോ എന്നെനിക്ക് ഉറപ്പില്ല. മതേതരത്വം, ജനാധിപത്യം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഭരണഘടനാമൂല്യങ്ങളെ പ്രതിനിധീകരിക്കുന്ന നമ്മുടെ പതാകതന്നെ ഭീഷണി നേരിടുന്ന വിധത്തിൽ രാജ്യം കടുത്ത പ്രതിസന്ധി അനുഭവിക്കുകയാണ്. നിലവിലെ രാഷ്ട്രീയഗതിതന്നെ തുടരുകയാണെങ്കിൽ അതുസംഭവിക്കും.

ഇന്ന് കേന്ദ്രസർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നില്ല. അവർ ആ മൂല്യങ്ങൾ പങ്കുവയ്ക്കുന്നുമില്ല. മാത്രമല്ല, ഭരണഘടനയിൽ ഉൾച്ചേർത്തിട്ടുള്ള ആദർശങ്ങളെ അവർ പരസ്യമായി എതിർത്തിട്ടുമുണ്ട്. ത്രിവർണപതാകയെ സല്യൂട്ട് ചെയ്യാൻ ദീർഘകാലം അവർ വിസമ്മതിക്കുകയും, ഇന്ത്യൻ ഭരണഘടന ഒരു ഹിന്ദുരാഷ്ട്രത്തിന്റെ ധാർമികതയ്ക്ക് വിരുദ്ധമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ റിപ്പബ്ലിക്കിന്റെ അടിസ്ഥാനമൂല്യങ്ങൾ ചോർത്തിക്കളയുന്ന കാര്യങ്ങളാണ് ഇപ്പോൾ നടക്കുന്നത്. വൈകാതെ പേരിനുമാത്രമുള്ള ഒരു ഭരണഘടനയായി അതു മാറിയേക്കാം.

സ്വയം മതേതരമെന്നവകാശപ്പെടുന്ന രാഷ്ട്രീയപ്പാർട്ടികളുടെ കാര്യത്തിലും എനിക്ക് കടുത്ത നിരാശയുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി, വെറും തിരഞ്ഞെടുപ്പുയന്ത്രങ്ങളായി അവ മാറിയിരിക്കുന്നു. തിരഞ്ഞെടുപ്പുകൾക്കിടയിലുള്ള സമയത്ത് ചെയ്യേണ്ട സാമൂഹിക, രാഷ്ട്രീയ പ്രവർത്തനങ്ങൾ അവ പൂർണമായും ഉപേക്ഷിച്ചിരിക്കുന്നു. ആ പാർട്ടികൾ സാധാരണക്കാർക്കിടയിൽനിന്ന് പിൻവാങ്ങിയപ്പോൾ സംഭവിച്ചതെന്താണെന്നു നാം ശ്രദ്ധിക്കണം. അറുപതിലധികം വർഷങ്ങളായി ഇവിടെ നിലനിന്നിരുന്ന മതേതര പൊതുബോധത്തെ തകർത്തുകൊണ്ട് ഹിന്ദുഭൂരിപക്ഷവാദത്തിലധിഷ്ഠിതമായ ഒരു പൊതുബോധം നിർമിക്കാൻ ഭരണഘടനാവിരുദ്ധശക്തികൾ അതിസൂക്ഷ്മമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വർഗീയശക്തികളെ ഒതുക്കാൻ കഴിയുമെന്ന തെറ്റുധാരണയിൽ മതേതരപാർട്ടികൾ അവരുമായി കൂട്ടുകച്ചവടങ്ങൾവരെ നടത്തി. എന്നാൽ, ഇന്നു കാര്യങ്ങൾ മാറിമറിഞ്ഞിരിക്കുന്നു. അത്തരം പാർട്ടികൾ ഒന്നൊന്നായി വിഴുങ്ങപ്പെടുകയാണ്.

മാത്രമല്ല, ഇന്ത്യയിലെ ഒരു രാഷ്ട്രീയപ്പാർട്ടിയും അവയുടെ ഘടനയിൽ യഥാർഥ ജനാധിപത്യം പുലർത്തുന്നില്ല. കശ്മീർ മുതലുള്ള രാഷ്ട്രീയഭൂപടം പരിശോധിച്ചാൽ, മിക്കവാറും എല്ലാ പ്രസ്ഥാനങ്ങളും ഒന്നുകിൽ കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സംരംഭങ്ങളോ അല്ലെങ്കിൽ ഒരു ചെറിയ സംഘം നിയന്ത്രിക്കുന്ന പാർട്ടികളോ ആണ്. ആന്തരികമായി ജനാധിപത്യമില്ലാത്ത പാർട്ടികൾ രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കുമെന്നു നാം എങ്ങനെയാണ് പ്രതീക്ഷിക്കുക? അധികാരത്തിന്റെ ബലിപീഠത്തിൽ അവർ സമത്വത്തെയും സാഹോദര്യത്തെയും ഫെഡറലിസത്തെയും ബലികഴിച്ചിരിക്കുന്നു.

**പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണം (Special Intensive Revision) ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. പട്ടിക പുതുക്ക**




**ന്നതിന് മാത്രമാണ് ഇതെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ വാദമെങ്കിലും, ഈ വിവരങ്ങൾ പൗരത്വ പരിശോധനയുമായോ മണ്ഡല പുനർനിർണയവുമായോ (delimitation) ബന്ധിപ്പിക്കപ്പെട്ടേക്കാം എന്ന കടുത്ത ആശങ്ക നിലനിൽക്കുന്നുണ്ട്. ഈ പ്രക്രിയയ്ക്ക് ഭരണഘടനാപരമായ എന്തെങ്കിലും അടിസ്ഥാനമുണ്ടോ?**

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭരണഘടനാസാധുതതന്നെ സംശയാസ്പദമാണ്. സുപ്രീംകോടതി ഈ നടപടി ശരിവച്ചിട്ടുണ്ടെങ്കിലും, രാജ്യത്തെ ഭരണഘടനാസ്ഥാപനങ്ങളെല്ലാം ഭരണകൂടം പിടിച്ചെടുക്കുന്ന സാഹചര്യത്തിൽ ചില സംശയങ്ങൾ സ്വഭാവികമായും നിലനിൽക്കും. മരിച്ചവരും സ്ഥലം മാറിപ്പോയവരുമായ ആളുകളെ ഒഴിവാക്കി വോട്ടർ പട്ടിക ശുദ്ധീകരിക്കുക മാത്രമാണ് ഈ പ്രക്രിയയുടെ ലക്ഷ്യമെന്നാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ അവകാശപ്പെടുന്നത്. അത് മാത്രമായിരുന്നു യഥാർഥ ലക്ഷ്യമെങ്കിൽ എല്ലാവരും അതിനെ പിന്തുണച്ചേനെ.

എന്നാൽ, യാഥാർഥ്യം മറ്റൊന്നാണ്. ഇതുവരെ ഏകദേശം ആറുകോടി പേരുകൾ ഒഴിവാക്കപ്പെട്ടു കഴിഞ്ഞു. ഈ പോക്ക് തുടരുകയാണെങ്കിൽ, ഏതാണ്ട് പതിനാറുകോടി ആളുകൾക്ക് വോട്ടവകാശം നഷ്ടപ്പെടാം. ഇതു മനസ്സിലാക്കാൻ ഒരു ഉദാഹരണം പറയാം. ലോകത്തെ എൺപതുശതമാനം രാജ്യങ്ങളിലെയും ജനസംഖ്യ പതിനാറുകോടിയിൽ താഴെയാണ്. അപ്പോൾ അത്രയും പേരുകൾ വെട്ടിക്കളയുകയെന്നാൽ, നമ്മുടെ രാഷ്ട്രീയ വ്യവസ്ഥിതിയിൽനിന്ന് ഒന്നു രണ്ടു രാജ്യങ്ങളെത്തന്നെ പൂർണമായി തുടച്ചുനീക്കുന്നതിനു തുല്യമാണ്.

ബിഹാർ, അസം, മധ്യപ്രദേശ്, ഗുജറാത്ത്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് ഇതൊരു ആസൂത്രിതമായ ഒഴിവാക്കലാണ് എന്നാണ്. വോട്ടവകാശം നിഷേധിക്കപ്പെടുന്നതിന്റെ പ്രധാന ഇരകൾ മുസ്ലീം-ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളും, ദലിതരും, ആദിവാസികളും, ദരിദ്ര ഗ്രാമീണരുമാണ്. മതിയായ രേഖകളില്ലാത്ത, നിരക്ഷരരായ പാർശ്വവത്കൃത സമൂഹങ്ങളാണിവർ. ഇതിൽത്തന്നെ ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നത് സ്ത്രീകളാണ്.

ഇതു കേവലം ഭരണകക്ഷിക്ക് തിരഞ്ഞെടുപ്പിൽ മുൻതൂക്കം ലഭിക്കാൻ വേണ്ടിയുള്ള ഒരു നീക്കം മാത്രമല്ല. രാജ്യത്തെ രാഷ്ട്രീയ സമൂഹത്തിൽനിന്ന് ജനസംഖ്യയിലെ ചില പ്രത്യേക വിഭാഗങ്ങളെ തുടച്ചുനീക്കുകയെന്നതാണ് ഇതിനുപിന്നിലെ ഗൂഢലക്ഷ്യം. വോട്ടവകാശം നഷ്ടപ്പെട്ട 500 ആളുകൾ ഒരു പ്രദേശത്ത് താമസിക്കുന്നുണ്ടെങ്കിൽ, അവർ വോട്ടർമാരല്ലാത്തതിനാൽ ഒരു രാഷ്ട്രീയ നേതാവും അങ്ങോട്ട് തിരിഞ്ഞു നോക്കില്ല. അങ്ങനെ വരുമ്പോൾ ഇന്ത്യയിൽ രണ്ടുതരം പൗരന്മാരുണ്ടാകും: വോട്ടവകാശമുള്ളവരും അതില്ലാത്തവരും. വോട്ടവകാശമില്ലാത്തവർ, വോട്ടവകാശമുള്ളവരുടെ കാരുണ്യത്തിൽ മാത്രം ജീവിക്കേണ്ടിവരുന്ന രണ്ടാംകിട പൗരന്മാരായി മാറേണ്ടിവരും.

നിങ്ങൾക്ക് ഇഷ്ടമില്ലാത്ത ജനവിഭാഗങ്ങളെ ശാരീരികമായി ഇല്ലാതാക്കാൻ കഴിയില്ല എന്നതുകൊണ്ട്, അവരുടെ പൗരത്വത്തെ കൊല്ലുന്നു. ഇതു രക്ത



രഹിതമായ ഒരു രാഷ്ട്രീയ വംശഹത്യയാണ്. വോട്ടവകാശമില്ലാത്ത പൗരത്വം അർഥശൂന്യമാണ്. പരോക്ഷമായി സി.എ.എ (CAA), എൻ.ആർ.സി (NRC) എന്നിവ നടപ്പിലാക്കുന്നതിനു തുല്യമാണ് എസ്.ഐ.ആർ (SIR). ആത്യന്തികമായി, ഇത് ഇന്ത്യൻ രാഷ്ട്രീയസമൂഹത്തിന്റെ 'ഇസ്രയേൽവൽക്കരണ'ത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അവിടെ പ്രബലരായ ഭൂരിപക്ഷത്തെ മാത്രമേ നിയമാനുസൃത രാഷ്ട്രീയപങ്കാളികളായി അംഗീകരിക്കുകയുള്ളൂ. പാർശ്വവത്കൃതരായ ന്യൂനപക്ഷങ്ങൾക്ക് യാതൊരു ശബ്ദവുമുണ്ടാകില്ല.

**സമ്പദ്‌വ്യവസ്ഥയുടെ കാര്യമെടുത്താൽ, പൊതുമേഖലയെ തകർത്ത് സ്വകാര്യ മൂലധനത്തെ അമിതമായി ആശ്രയിക്കുന്നത് കോർപ്പറേറ്റ് കുത്തകവൽക്കരണത്തിലേക്കല്ലേ നയിക്കുന്നത്? ഒരു സാമ്പത്തിക വിദഗ്ധനെന്ന നിലയിൽ ഈ പൊതു-സ്വകാര്യ നിക്ഷേപങ്ങളുടെ അവസ്ഥയെ താങ്കൾ എങ്ങനെ കാണുന്നു?**

ഇന്ത്യയിൽ എന്തുകൊണ്ടാണ് പൊതുമേഖല സ്ഥാപിക്കപ്പെട്ടതെന്നു നാം ആദ്യം ഓർക്കണം. പതിറ്റാണ്ടുകൾ നീണ്ട കൊളോണിയൽ ചൂഷണം ദരിദ്രമായ ഒരു കാർഷിക സമ്പദ്‌വ്യവസ്ഥയാണ് ഇവിടെ അവശേഷിപ്പിച്ചത്. കുറഞ്ഞ വേതനവും പരിമിതമായ ആഭ്യന്തര സമ്പാദ്യവുമായിരുന്നു നമുക്ക് അന്നുണ്ടായിരുന്നത്. വൻകിട വ്യവസായങ്ങളോ അടിസ്ഥാനസൗകര്യങ്ങളോ നിർമിക്കാൻ സ്വകാര്യനിക്ഷേപവും അപര്യാപ്തമായിരുന്നു. മാത്രമല്ല, ലാഭമുള്ളിടത്തുമാത്രമേ സ്വകാര്യമൂലധനം ഒഴുകുകയുള്ളൂ. അവ പിന്നാക്ക പ്രദേശങ്ങളെ വികസിപ്പിക്കില്ല. ഈ സാഹചര്യത്തിൽ, സ്റ്റേറ്റിന് ശക്തമായി ഇടപെടേണ്ടിവന്നു.

1991-ലെ ഉദാരവൽക്കരണം വന്നതിനുശേഷം, സ്വകാര്യനിക്ഷേപത്തെ ഇനിയും നിയന്ത്രിക്കേണ്ടതില്ലെന്ന ഒരു വിശ്വാസം രൂപപ്പെട്ടു. എന്നാൽ, കഴിഞ്ഞ പന്ത്രണ്ടോ പതിമൂന്നോ വർഷമായി എന്താണ് സംഭവിച്ചതെന്നു നോക്കൂ: സ്വകാര്യനിക്ഷേപം കുത്തനെ ഇടിഞ്ഞു. കോർപ്പറേറ്റ് നികുതി നിരക്ക് മുപ്പതു ശതമാനത്തിൽനിന്ന് ഇരുപത്തിരണ്ടു ശതമാനമായും - പുതിയ വ്യവസായങ്ങൾക്ക് പതിനഞ്ചു ശതമാനമായും - സർക്കാർ കുറച്ചിട്ടും ആഭ്യന്തര മൂലധനരൂപീകരണം സ്തംഭനാവസ്ഥയിലാണ്. ഈ നികുതി ഇളവു കാരണം സർക്കാരിന് പ്രതിവർഷം ഏകദേശം ഒന്നര ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. എന്നിട്ടും ഇവിടെ നിക്ഷേപം വർധിക്കുന്നില്ല. വേറൊരു കാര്യം ശ്രദ്ധിക്കേണ്ടത്, വിദേശ സ്ഥാപന നിക്ഷേപകർ പിൻമാറുകയും, നമ്മുടെ സ്വന്തം വ്യവസായികൾ മൂലധനം വിദേശത്തേക്കു മാറ്റുകയും, ആയിരക്കണക്കിന് അതിസമ്പന്നർ തങ്ങളുടെ ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കുകയും ചെയ്യുവെന്നതാണ്.

അതേസമയം, തുറമുഖങ്ങളും വിമാനത്താവളങ്ങളും ഖനികളുമടങ്ങുന്ന രാജ്യത്തിന്റെ പൊതുസ്വത്തുക്കൾ സർക്കാരിന് പ്രിയപ്പെട്ട രണ്ടോ മൂന്നോ കോർപ്പറേറ്റ് ഭീമന്മാർക്ക് തീറെഴുതുകയാണ്. ശതകോടീശ്വരന്മാരുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് നാം സാക്ഷ്യം വഹിക്കുന്നു. എന്നാൽ, മതിയായ വരുമാനമുള്ള ഒരു തൊഴിൽസമൂഹത്തിന്റെ വളർച്ച ഇവിടെയുണ്ടാകുന്നില്ല. യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മയുടെ കാര്യത്തിൽ ലോകത്തിലെതന്നെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്ന് നമ്മുടേതാണ്. അതിൽ വിദ്യാസമ്പന്നരായവരുടെ തൊഴിലില്ലായ്മ വളരെ രൂക്ഷവുമാണ്.

നമ്മുടെ തൊഴിൽപരിശീലന സംവിധാനങ്ങളുടെ അവസ്ഥ വളരെ ശോചനീയമാണ്. ലോകമെമ്പാടും വിജയകരമായ സമ്പദ്‌വ്യവസ്ഥകൾ തങ്ങളുടെ തൊഴിലാളികളിൽ അറുപതു മുതൽ എൺപതുശതമാനം പേർക്കും തൊഴിലധിഷ്ഠിത പരിശീലനം നൽകാറുണ്ട്. എന്നാൽ ഇന്ത്യയിൽ അത് കേവലം മൂന്നരശതമാനം മാത്ര

**ജന്തർമന്തർ എന്നത് ഡൽഹിയിലെ വെറുമൊരു ഭൂപ്രദേശം മാത്രമല്ല. രാജ്യത്ത് പ്രതിഷേധങ്ങളുയരുന്ന ഓരോ കോണും ഇന്ന് ജന്തർമന്തറാണ്. നമ്മുടെ രാജ്യത്ത് ഇനിയും ആയിരമായിരം ജന്തർമന്തറുകൾ പിറവിയെടുക്കട്ടെ. വിയോജിപ്പിന്റെ ഓരോ മനസ്സും മറ്റൊരു ജന്തർമന്തറായി മാറട്ടെ.**

മാണ്. തൽഫലമായി, ഉൽപ്പാദനക്ഷമത കുറയുന്നു. അതു കുറഞ്ഞ വരുമാനത്തിലേക്കും, കുറഞ്ഞ സമ്പാദ്യത്തിലേക്കും, തുടർന്ന് കുറഞ്ഞ നിക്ഷേപത്തിലേക്കും നയിക്കുന്നു.

ഘടനാപരമായ പരിവർത്തനത്തിന്റെ കാര്യത്തിലും നാം വിനാശകരമായ ഒരു പിന്നോട്ടുപോക്കിനും സാക്ഷ്യം വഹിക്കുകയാണ്. 2004 നും 2014 നും ഇടയിൽ, കൃഷിയെ ആശ്രയിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിരുന്നു. എന്നാൽ, നോട്ടുനിരോധനം, ജി.എസ്.ടി നടപ്പിലാക്കൽ, കോവിഡ് മഹാമാരി എന്നിവയെത്തുടർന്ന് ആ പ്രവണത കീഴ്മേൽ മറിഞ്ഞു. ഏകദേശം 1.6 കോടി ആളുകൾ കാർഷികേതരമേഖലകളിൽനിന്ന് കാർഷികമേഖലയിലേക്കുതന്നെ തിരിച്ചുപോയി. ഇന്ന് നമ്മുടെ തൊഴിലാളികളിൽ നാല്പത്തിയഞ്ചുശതമാനവും കാർഷികരംഗത്താണ് ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ, അവർ രാജ്യത്തിന്റെ ജി.ഡി.പിയുടെ പതിനഞ്ചുശതമാനം മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. അതുപോലെ തന്നെ ഗ്രാമീണഭൂമിയിലുള്ള സമ്മർദവും വർധിച്ചുവരികയാണ്. കൂടാതെ, തൊഴിലുറപ്പ് പദ്ധതി പോലുള്ളവയുടെ ഫണ്ട് വെട്ടിക്കുറച്ചതിലൂടെ സർക്കാർ ഗ്രാമീണദാരിദ്ര്യം കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ട ഒരു സ്വകാര്യമേഖലയാണ് നമുക്കുള്ളത്. അതേസമയം, ഏതാനും ചങ്ങാത്ത മുതലാളിമാർ രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കുകയുമാണ്.

**താങ്കളുടെ 'ആരൂഢം വളഞ്ഞ നവ ഇന്ത്യ'യിൽ (The Crooked Timber of New India) എന്ന പുസ്തകത്തിൽ 'വിവരങ്ങളുടെ ദാരിദ്ര്യ'ത്തെക്കുറിച്ച് (the poverty of data) എഴുതുന്നുണ്ട്. വിശപ്പും തൊഴിലില്ലായ്മയും പോലുള്ള വെല്ലുവിളികളെ നേരിടുന്നതിനുള്ള ഫലപ്രദമായ പൊതുനയങ്ങൾ രൂപവൽക്കരിക്കുന്നതിൽ, കൃത്യവും വിശ്വസനീയവുമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം എത്രത്തോളം തടസ്സമാകുന്നുണ്ട്?**




ഇന്ത്യയുടെ സ്ഥിതിവിവരക്കണക്ക് ഘടന (statistical architecture) ഒരു കാലത്ത് ആഗോളതലത്തിൽ ഏറെ ആദരിക്കപ്പെട്ടിരുന്ന ഒന്നായിരുന്നു. നമ്മുടെ സ്റ്റാറ്റിസ്റ്റിഷ്യന്മാരെ വികസ്വരരാജ്യങ്ങളും വികസിതരാജ്യങ്ങളും ഒരുപോലെ കൺസൾട്ടന്റുമാരായി നിയമിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ ഒരു ദശകത്തിനിടെ, സമ്പദ്‌വ്യവസ്ഥയുടെ യഥാർഥ ചിത്രം മറച്ചുവയ്ക്കുന്നതിനായി സർക്കാർ ബോധപൂർവം ഈ സംവിധാനത്തെ തകർത്തു. ജി.ഡി.പിയും പ്രതിശീർഷ വരുമാനവും കണക്കാക്കുന്ന ദേശീയ അക്കൗണ്ടിംഗ് ഡാറ്റയിൽ കൃത്രിമം കാണിച്ചിരിക്കുന്നു. അളവുകോലുകൾ നിരന്തരം മാറ്റപ്പെടുന്നു. അടുത്തിടെ, ഇന്ത്യയുടെ ദേശീയ അക്കൗണ്ടിംഗ് ഡാറ്റയെ ഐ.എം.എഫ് (IMF) "സി ഗ്രേഡിലേക്ക്" തരംതാഴ്ത്തുക പോലുമുണ്ടായി.

സർക്കാർ യഥാർഥവിവരങ്ങൾ മറച്ചുവയ്ക്കുമ്പോൾ, അവരുടെ സ്വന്തം നയരൂപപ്പെടുത്തൽതന്നെ അടിസ്ഥാനപരമായി പിഴവുള്ളതായി മാറുന്നു. എത്ര ആളുകൾ ദരിദ്രരാണെന്നോ, പോഷകാഹാരക്കുറവ് അനുഭവിക്കുന്നെന്നോ, തൊഴിൽരഹിതരാണെന്നോ നിങ്ങൾക്ക് അറിയില്ലെങ്കിൽ, അല്ലെങ്കിൽ ഏതു പ്രദേശങ്ങളും മേഖലകളുമാണ് തകർച്ച നേരിടുന്നതെന്ന് അറിയില്ലെങ്കിൽ, നിങ്ങൾക്ക് അർഥവത്തായ ഒരു നയവും കൃത്യമായി ലക്ഷ്യംവയ്ക്കാൻ കഴിയില്ല.

**ശതകോടീശ്വരന്മാരുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് നാം സാക്ഷ്യംവഹിക്കുന്നു. എന്നാൽ, മതിയായ വരുമാനമുള്ള ഒരു തൊഴിൽസമൂഹത്തിന്റെ വളർച്ച ഇവിടെയുണ്ടാകുന്നില്ല. ലോകത്തിലെതന്നെ ഏറ്റവും ഉയർന്ന യുവജന തൊഴിലില്ലായ്മ നിരക്കുകളിലൊന്ന് നമ്മുടേതാണ്, അതിൽ വിദ്യാസമ്പന്നരായവരുടെ തൊഴിലില്ലായ്മ വളരെ രൂക്ഷവുമാണ്.**

അതിവേഗം അടഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ ജനസംഖ്യാപരമായ സാധ്യതകളെ സർക്കാരിനു മനസ്സിലാക്കാൻ കഴിയാത്തതിന്റെ പ്രധാനകാരണവും വിവരങ്ങളുടെ അന്ധതയാണ്. നമ്മുടെ ജനസംഖ്യാപരമായ ലാഭവിഹിതം (demographic dividend) 2040-ഓടെ അവസാനിക്കും. വെറും പതിനാലു വർഷങ്ങൾക്കുള്ളിൽ, ആശ്രിതരുടെ അനുപാതം - അതായത് പ്രായമായവരും കുട്ടികളും - തൊഴിൽചെയ്യുന്ന പ്രായത്തിലുള്ളവരെക്കാൾ കൂടും. സാമ്പത്തികമായി സമ്പന്നരാകുന്നതിനു മുമ്പുതന്നെ നാം വാർധക്യത്തിലേക്ക് കടക്കുന്നുവെന്ന അപകടമാണ് മുന്നിലുള്ളത്. "വികസിത് ഭാരത്" എന്ന ലക്ഷ്യം കേവലം ഒരു മുദ്രാവാക്യമായി മാത്രം അവശേഷിക്കുന്നു. വികസിത പദവി കൈവരിക്കണമെങ്കിൽ, ഒരു ദശാബ്ദക്കാലം പ്രതിവർഷം ഒൻപതു ശതമാനവും, പിന്നീട് എട്ടുശതമാനവും, അതിനുശേഷം ഏഴുശതമാനവും സാമ്പത്തികവളർച്ച നാം നേടേണ്ടതുണ്ട്. അതു കൈവരിക്കാനുള്ള നയങ്ങൾ രൂപവൽക്കരിക്കുന്നതിന് വിശ്വസനീയമായ ഡാറ്റ ആവശ്യമാണ്. എന്നാൽ, പൊതുമണ്ഡലത്തിൽ ഇന്ന് അത്തരം വിവരങ്ങൾ ലഭ്യമല്ല.

## ആഗോളനിലവാരത്തിലേക്ക് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ ഉയർത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്? അറിവിലധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ നാം എന്താണ് ചെയ്യേണ്ടത്?

നമ്മുടെ വലിയ അവകാശവാദങ്ങൾക്കിടയിലും, ആഗോളതലത്തിലെ മികച്ച നൂറു സർവകലാശാലകളിൽ ഒരൊറ്റ ഇന്ത്യൻ സർവകലാശാല പോലുമില്ല. ഗവേഷണരംഗത്തെ നമ്മുടെ നിക്ഷേപം വളരെ പരിതാപകരമാണ്. അത് ജി.ഡി.പിയുടെ ഏകദേശം 0.7 ശതമാനം മാത്രമാണ്. അതേസമയം, മറ്റു രാജ്യങ്ങൾ ആറുശതമാനംവരെ നിക്ഷേപിക്കുന്നുണ്ട്. പേറ്റന്റുകളുടെയും അക്കാദമിക് പ്രസിദ്ധീകരണങ്ങളുടെയും കാര്യത്തിൽ നാം ഏറെ പിന്നിലാണ്.

ഈ തകർച്ചയുടെ പ്രധാനകാരണം പൊതു സർവകലാശാലകളുടെ ഫണ്ട് സർക്കാർ ബോധപൂർവം വെട്ടിക്കുറയ്ക്കുന്നതാണ്. ഈ സ്ഥാപനങ്ങൾ ഇന്ന് ആകെ താറുമാറായ അവസ്ഥയിലാണ്. ലൈബ്രറികളിൽ പ്രധാനപ്പെട്ട ജേർണലുകൾ പോലും വാങ്ങാൻ ഫണ്ടില്ല, ലാബുകളിൽ ആവശ്യത്തിന് ഉപകരണങ്ങളില്ല, ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിക്കുന്നത് ആവശ്യത്തിന് അധ്യാപകരില്ലാതെയാണ്. ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്ന ഈ രീതി, വരേണ്യവർഗത്തെ മാത്രം ലക്ഷ്യംവയ്ക്കുന്ന ചെലവേറിയ സ്വകാര്യ സർവകലാശാലകൾക്കാണ് വഴിയൊരുക്കുന്നത്. ഈ അവസ്ഥ വിദ്യാഭ്യാസത്തെ ചുരുക്കം ചിലർക്കുമാത്രം വാങ്ങാൻ കഴിയുന്ന ഒരു ചരക്കാക്കി മാറ്റുന്നു.

കൂടാതെ, ഉന്നതവിദ്യാഭ്യാസത്തിന്റെ അടിത്തറയായ പ്രൈമറി-സെക്കൻഡറി സ്കൂൾ വിദ്യാഭ്യാസ മേഖലകൾ പൂർണമായും അവഗണിക്കപ്പെട്ടിരിക്കുന്നു. "യുക്തിസഹമാക്കൽ" (rationalisation) എന്ന വ്യാജേന ആയിരക്കണക്കിന് സർക്കാർ സ്കൂളുകളാണ് രാജ്യത്ത് പൂട്ടിക്കൊണ്ടിരിക്കുന്നത്. അസർ (ASER) പോലുള്ള റിപ്പോർട്ടുകൾ പ്രകാരം, വിദ്യാർഥികളുടെ പഠനനിലവാരം ഭയാനകമാംവിധം താഴെയാണ്. ഏഴാംക്ലാസ്സിലും എട്ടാംക്ലാസ്സിലും പഠിക്കുന്ന കുട്ടികൾക്ക് മൂന്നാംക്ലാസ്സിലെ പാഠപുസ്തകങ്ങൾ പോലും വായിച്ചു മനസ്സിലാക്കാൻ കഴിയുന്നില്ല. തകർന്നടിഞ്ഞ ഒരു പ്രൈമറി വിദ്യാഭ്യാസ സമ്പ്രദായം ഉള്ളപ്പോൾ, അതു തീർച്ചയായും ഉന്നതവിദ്യാഭ്യാസ മേഖലയിലും പ്രതിഫലിക്കും.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം കാര്യമായ തൊഴിൽ നൈപുണികളൊന്നും നൽകുന്നില്ല. അതിനാൽ, തൊഴിൽരഹിതരെ മാത്രമല്ല, തൊഴിൽ ചെയ്യാൻ കഴിവില്ലാത്ത ദശലക്ഷക്കണക്കിന് ബിരുദധാരികളെയുമാണ് ഇവിടെ സൃഷ്ടിക്കുന്നത്. അതിനെക്കാൾ കഷ്ടം, പാഠ്യപദ്ധതി അതിതീവ്രമായി രാഷ്ട്രീയവൽക്കരിക്കപ്പെടുന്നു എന്നതാണ് - പീരിയോഡിക് ടേബിൾവരെ സിലബസിൽനിന്ന് നീക്കംചെയ്യാൻ ലക്ഷ്യമിടുന്നവിധം. യുവാക്കളെ അറിവിൽനിന്ന് അകറ്റുന്ന ഈ അവസ്ഥയും അവരിലെ അരാഷ്ട്രീയവൽക്കരണവും, സമൂഹത്തിലെ വർഗീയവൽക്കരണവുമായി കൂടിച്ചേരുമ്പോൾ ഭാവിയിൽ അത് വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും.

## അവസാനമായി, ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി (AI) ബന്ധപ്പെട്ട് ആഗോളതലത്തിൽ വലിയ ചർച്ചകൾ നടക്കുന്നുണ്ട്. എ.ഐ കൊണ്ടുവരുന്ന വലിയ മാറ്റങ്ങളെ, പ്രത്യേകിച്ച് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ താങ്കൾ എങ്ങനെ കാണുന്നു?

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ നേരിടുന്ന ഘടനാപരമായ പ്രശ്നങ്ങളെ നോക്കുമ്പോൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. നമ്മുടെ തൊഴിലാളികളിൽ ഭൂരിഭാഗവും കാര്യമായ നൈപുണ്യം ഇല്ലാത്തവരാണ്. വൈദഗ്ധ്യം ആവശ്യമില്ലാത്തതും ആവർത്തനസ്വഭാവമുള്ളതുമായ തൊഴിലുകളെ ഇല്ലാതാക്കാനാണ് എ.ഐ പ്രധാനമായും രൂപകല്പന ചെയ്തിരിക്കുന്നത്.

ഐ.ടി രംഗത്തെ ശക്തികേന്ദ്രമെന്ന പദവി വർഷങ്ങളായി നാം ആഘോഷിക്കുകയാണ്. എന്നാൽ, യഥാർഥത്തിൽ, വികസിത രാജ്യങ്ങളിൽനിന്നു ലഭിക്കുന്ന കരാർ ജോലികൾ ചെയ്യാൻ കുറഞ്ഞ ചെലവിൽ തൊഴിലാളികളെ നൽകുന്ന ഒരു 'ഔട്ട്സോഴ്സ്ഡ് സമ്പദ്‌വ്യവസ്ഥ'യായി മാത്രമാണ് നാം പ്രധാനമായും പ്രവർത്തിക്കുന്നത്. ഇത്തരം തൊഴിലുകളാണ് വൈകാതെ എ.ഐ വിഴുങ്ങാൻ പോകുന്നത്.

എന്നാൽ, വൈദഗ്ധ്യം കൂടുതൽ ആവശ്യമുള്ള തൊഴിലുകളുടെ കാര്യത്തിൽ , എ.ഐ മനുഷ്യബുദ്ധിയെ ഉടനടി അപ്രസക്തമാക്കില്ല. എങ്കിലും, എ.ഐ വലിയൊരു വിഭജനം സൃഷ്ടിക്കും. തങ്ങളുടെ തൊഴിലിൽ എ.ഐ ഉപയോഗിക്കാൻ പഠിക്കുന്ന വിദഗ്ധ പ്രഫഷണലുകൾക്ക് അവരുടെ കാര്യക്ഷമത ഗണ്യമായി വർധിപ്പിക്കാനും ജോലി നിലനിറുത്താനും സാധിക്കും. എന്നാൽ, അതിനോട് പൊരുത്തപ്പെടാത്തവർ പുറത്താക്കപ്പെടും. ആത്യന്തികമായി, കുറഞ്ഞ വൈദഗ്ധ്യമുള്ളവരുടെ തൊഴിലുകൾ ഇല്ലാതാക്കുക മാത്രമല്ല എ.ഐ ചെയ്യുന്നത്; എ.ഐ ഉപയോഗിക്കാൻ അറിയാത്ത ഒരു പ്രഫഷണലിനുപകരം, അതുപയോഗിക്കാനറിയുന്ന മറ്റൊരു പ്രഫഷണലിനെ നിയമിക്കാൻ സാഹചര്യം ഒരുക്കുകയും ചെയ്യും. നൈപുണ്യത്തിന്റെ കാര്യത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന നമ്മുടേതുപോലുള്ള ഒരു രാജ്യത്തിന് ഇതു വലിയൊരു വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ■

ഫോക്കസ്



ഡോ. ജോസ് സെബാസ്റ്റ്യൻ

# വേണം, വികസനത്തോടൊപ്പം സാമൂഹിക സുരക്ഷാസംവിധാനങ്ങൾ

**ലാഭക്കൊതിയിൽ മാത്രം വേര്യൂന്നിയ കമ്പോളയുക്തികളല്ല, താഴെത്തട്ടിലുള്ള മനുഷ്യരുടെ അതിജീവനമാണ് യഥാർഥവികസനം. പ്രകൃതിയെയും വിഭവങ്ങളെയും വിറ്റുതുലയ്ക്കുന്ന മൂലധന വ്യാമോഹങ്ങളിൽനിന്ന് മാറിനടന്ന്, ശക്തമായ സാമൂഹികസുരക്ഷാസംവിധാനങ്ങൾ ഭരണകൂടം ഉറപ്പാക്കേണ്ടതുണ്ട്. സ്വകാര്യനിക്ഷേപമെന്ന ഒറ്റമൂലിക്കു പുറകിലെ ചതിക്കുഴികളെയും വികസനമെന്ന മിഥ്യാബോധത്തെയും നിശിതമായി പൊളിച്ചെഴുതുകയാണ്, ഈ ലേഖനം.**




വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാരിന്റെ ആദ്യബജറ്റ്, വികസനത്തെക്കുറിച്ച് പുതിയ പ്രതീക്ഷകൾ ഉണർത്തിയിട്ടുണ്ട്. മുഖ്യമായും സർക്കാർ-പൊതുമേഖലാ കേന്ദ്രിതമായ വികസനമാതൃകയ്ക്കുപകരം സ്വകാര്യനിക്ഷേപവും വ്യക്തികളുടെ മുൻകൈയും പ്രോത്സാഹിപ്പിക്കപ്പെടണം എന്ന കാഴ്ചപ്പാട് ഇന്ന് കേരളസമൂഹത്തിൽ ശക്തമാണ്. സാമൂഹികരംഗത്ത് കൈവരിച്ച നേട്ടങ്ങളെ നിലനിറുത്തിക്കൊണ്ട്, സമ്പദ്‌വ്യവസ്ഥയെ ഒരു പുതിയ തലത്തിലേക്ക് ഉയർത്തുക എന്ന വെല്ലുവിളിയാണ് കേരളം നേരിടുന്നത്. വികസിതസമൂഹങ്ങളുടെ അനുഭവങ്ങളെ മുൻനിറുത്തിവേണം ഈ പ്രതിസന്ധിയുടെ വിവിധ മാനങ്ങളെ അഭിമുഖീകരിക്കാൻ.

## എന്തുകൊണ്ട് വികസന മുറവിളി?

ഭൗതിക-ജീവിത ഗുണനിലവാരത്തിലും മാനവ വികസനസൂചികകളിലും കേരളം ഇന്ത്യയിലെ വികസിത സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ്. ആളോഹരി ഗാർഹിക ഉപഭോഗത്തിൽ ഒന്നാം സ്ഥാനത്ത്, ദരിദ്രർ ഏറ്റവും കുറവ്, സാക്ഷരതയിൽ ഒന്നാമത്, ശിശുമരണ നിരക്കിൽ വികസിതരാജ്യങ്ങളുടെ മുകളിൽ. ഇതൊന്നും പോരാ എന്നു മലയാളികളെ തോന്നിപ്പിക്കുന്നത് താഴെപ്പറയുന്ന സാഹചര്യങ്ങളാണ്:

★ മേൽപ്പറഞ്ഞ നേട്ടങ്ങൾ മുഖ്യമായും സർക്കാർ ഇടപെടലിലൂടെയും



മുതൽമുടക്കിലൂടെയും നേടിയെടുത്തതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം ഈ നേട്ടങ്ങൾ നിലനിറുത്താൻ ഇന്നു കഴിയാതെവന്നിരിക്കുന്നു.

★ കേരളസമൂഹത്തിൽ വൃദ്ധജനങ്ങളുടെ അനുപാതം കൂടുന്നതുമൂലം സാമ്പത്തികവളർച്ച മന്ദഗതിയിലായേക്കാം.

★ സമൂഹത്തിൽ വളർന്നുവരുന്ന അസമത്വം കുറച്ചുകൊണ്ടുവരാൻ ആവശ്യത്തിനു പൊതുവിഭവങ്ങൾ മാറ്റിവയ്ക്കാൻ കഴിയുന്നില്ല.

★ ചെറുപ്പക്കാർക്ക് അവരുടെ വിദ്യാഭ്യാസയോഗ്യതയ്ക്ക് അനുസൃതമായ തൊഴിലവസരങ്ങളില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ചെറുപ്പക്കാരുടെ കുടിയേറ്റം വർധിക്കുന്നു.

ഈ പ്രശ്നങ്ങൾക്കുള്ള ഒറ്റമൂലിയെന്ന നിലയിലാണ് എന്തു വിലകൊടുത്തും സ്വകാര്യനിക്ഷേപം ആകർഷിക്കണം എന്ന മുറവിളി ഉയരുന്നത്. ഇതാണോ പരിഹാരം എന്ന ചോദ്യം അവിടെ നിൽക്കട്ടെ. നിലവിൽ സ്വകാര്യമൂലധനത്തിന്റെ ഒഴുക്കിനു തടസ്സം നിൽക്കുന്ന എന്തെങ്കിലുമുണ്ടോ എന്ന ചോദ്യമുണ്ട്. ബിസിനസ്സ് സൗഹൃദ സൂചികയിൽ (Ease of Doing Business) കേരളം ഒന്നാം സ്ഥാനത്താണ്. തങ്ങളുടെ മൂലധനം ഏറ്റവും കൂടുതൽ ലാഭം ലഭിക്കുന്നിടത്ത് നിക്ഷേപിക്കുന്നവരാണ് സംരംഭകർ. തങ്ങളുടെ നിക്ഷേപ തീരുമാനങ്ങൾക്ക് പിന്നിലെ വരുംവരായ്കകളെക്കുറിച്ച് മിടുക്കരായ സംരംഭകർക്ക് കൃത്യമായ കണക്കുകൂട്ടലുകളുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി മത്സരിച്ച് നിക്ഷേപം ആകർഷിക്കാവുന്ന അവസ്ഥയിലല്ല കേരളം. വൻതോതിൽ മൂലധന സബ്സിഡിയോ നികുതി ഇളവുകളോ നൽകാനുള്ള സാമ്പത്തികസ്ഥിതി സംസ്ഥാനത്തിനില്ല. ഭൂമിയുടെ ദൗർലഭ്യം, ആവാസവ്യവസ്ഥ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ വൻതോതിൽ സ്വകാര്യനിക്ഷേപം ആകർഷിക്കുന്നതിനു തടസ്സങ്ങളാണ്.

വ്യവസായനിക്ഷേപത്തിനുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ തയ്യാറായിരുന്ന സാഹചര്യം ഇന്നു കേരളത്തിനില്ല. മാവൂരിന്റെ അനുഭവം മറക്കാവുന്നതല്ല. കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും വ്യവസായങ്ങൾ പെരിയാറിനുചെയ്യുന്ന ദ്രോഹം വളരെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്. ഇന്നിപ്പോൾ വൻതോതിൽ അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുന്ന വ്യവസായങ്ങളാണ് പെരുമ്പാവൂരിലെയും സമീപ പ്രദേശങ്ങളിലെയും പ്ലൈവുഡ് വ്യവസായവും വിവിധ പ്രദേശങ്ങളിലെ സ്റ്റീൽ വ്യവസായവും. ഇവയിലെ തൊഴിലാളികളുടെ ശോചനീയമായ പാർപ്പിടസൗകര്യങ്ങളും അവ പ്രാദേശിക പാരിസ്ഥിതികവ്യവസ്ഥയ്ക്ക് ഏൽപിക്കുന്ന ആഘാതവും വളരെയധികം വിവാദങ്ങൾക്കും പൊതുഇടപെടലുകൾക്കും വിധേയമായിട്ടുള്ളതാണ്.

ഈ ഭീഷണി ഇല്ലാതിരുന്നിട്ടും പ്ലാച്ചിമടയിലെ കൊക്കോകോള ഫാക്ടറി വൻതോതിൽ ഭൂഗർഭജലം ഊറ്റിക്കുടിച്ചതിന്റെ പേരിൽ അടച്ചുപൂട്ടപ്പെട്ടു. നിർമിതബുദ്ധിയുടെ ഇക്കാലത്ത് ഡാറ്റാ സെന്ററുകളാണ് പുതിയ ഭീഷണി. വൻതോതിൽ സ്ഥലവും വെള്ളവും വൈദ്യുതിയും അപഹരിക്കുന്ന ഇവയ്ക്കെതിരെ വികസിത രാജ്യങ്ങളിൽവരെ എതിർപ്പുകൾ ഉയരുന്നുണ്ട്.

## കേരളത്തിന് യോജിച്ച വ്യവസായങ്ങൾ

എങ്ങനെയും നിക്ഷേപം ആകർഷിക്കുക എന്നതിനുപകരം കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിനു യോജിച്ച വ്യവസായങ്ങളെ പിന്തുണയ്ക്കുക എന്നതാണ് കുറെക്കൂടി മെച്ചമായ സമീപനം. കേരളത്തിനു യോജിച്ചത് രണ്ടു തരത്തിലുള്ള വ്യവസായങ്ങളാണ്. ആദ്യത്തേത്, കാർഷികാധിഷ്ഠിത വ്യവസായങ്ങളാണ്; അതായത്, കാർഷികോൽപ്പന്നങ്ങളിൽനിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവ. സുഗന്ധവിളകളിൽനിന്ന് ഒലിയോറെസിൻപോലുള്ള മൂല്യവർധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന വ്യവസായങ്ങൾ ഇപ്പോൾ ത്തന്നെയുണ്ട്. റബ്ബർ, നാളികേരം, കശുവണ്ടി, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവയിൽനിന്നു മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി ലോകമെങ്ങും വിപണനംചെയ്യാൻ ഇന്ന് എളുപ്പമാണ്. കൃഷിയുടെയും വ്യവസായത്തിന്റെയും

**ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി മത്സരിച്ച് നിക്ഷേപം ആകർഷിക്കാവുന്ന അവസ്ഥയിലല്ല കേരളം. വൻതോതിൽ മൂലധന സബ്സിഡിയോ നികുതി ഇളവുകളോ നൽകാനുള്ള സാമ്പത്തികസ്ഥിതി സംസ്ഥാനത്തിനില്ല. ഭൂമിയുടെ ദൗർലഭ്യം, ആവാസവ്യവസ്ഥ, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ വൻതോതിൽ സ്വകാര്യനിക്ഷേപം ആകർഷിക്കുന്നതിനു തടസ്സങ്ങളാണ്.**

മുൻപിൻ ബന്ധങ്ങൾ (Backward and forward linkages) പ്രയോജനപ്പെടുത്തുന്ന തന്ത്രമാണിത്.

രണ്ടാമത്തേത് സാങ്കേതികവിദ്യയിലും ബൗദ്ധിക മൂലധനത്തിലും സൃഷ്ടിപരതയിലും അധിഷ്ഠിതമായ ആധുനിക ചെറുകിട-ഇടത്തരം വ്യവസായങ്ങളാണ്. ഐ.എ.എസ്സിൽനിന്ന് (IAS) രാജിവച്ച് രക്തബാഗുകൾ നിർമിക്കുന്ന ടെറുമോ പെൻപോൾ എന്ന വ്യവസായത്തിന് തുടക്കമിട്ട സി. ബാലഗോപാൽ തന്റെ 'ബിലോ ദി റഡാർ' (Below the Radar) എന്ന പുസ്തകത്തിൽ ഇത്തരം 50 വ്യവസായങ്ങൾ കേരളത്തിൽ ഉണ്ടെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത്തരം സൂര്യോദയ (Sunrise) വ്യവസായങ്ങൾക്ക് എന്തുകൊണ്ടും പറ്റിയ നാടാണ് കേരളം.

## സ്വകാര്യനിക്ഷേപത്തിലെ ചതിക്കുഴികൾ

സ്വകാര്യസംരംഭകർ എല്ലായിടത്തും ലാഭക്കൊതിയന്മാരാണ്. അതവരുടെ സഹജസ്വഭാവമാണ്. സാമൂഹിക ലക്ഷ്യങ്ങളുടെ പേരിലോ പാരിസ്ഥിതിക പരിഗണനകളുടെ പേരിലോ സ്വന്തം ലാഭം കുറയ്ക്കാൻ അവർ തയ്യാറാകുമെന്ന് കരുതുക വയ്യ. കേരളത്തിന്റെ ധാതുസമ്പത്തുകളും ജലവും ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സ്വകാര്യനിക്ഷേപത്തിന് തുറന്നുകൊടുക്കുമ്പോൾ ഹ്രസ്വകാല സാമ്പത്തിക നേട്ടങ്ങളെക്കാൾ ദീർഘകാല പ്രത്യാഘാതങ്ങൾ കണക്കിലെടുക്കണം. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ ജീവനോപാധികൾ സംരക്ഷിക്കപ്പെടണം. കാലാവസ്ഥാവ്യതിയാനങ്ങളുടെ കെടുതികൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, യാതൊരു ശാസ്ത്രീയ അടിത്തറയുമില്ലാത്ത ഉപരിപ്ലവമായ റിപ്പോർട്ടുകളെ ആശ്രയിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ആത്മഹത്യാപരമായിരിക്കും.

## പൊതുമേഖലയോടുള്ള സമീപനം

അറുപതുകളിലും എഴുപതുകളിലും കേരളം കൊണ്ടുനടന്ന രാഷ്ട്രീയത്തിന്റെ ഉപോൽപ്പന്നമാണ്, പൊതുമേഖലാ സ്ഥാപനങ്ങൾ. ഇന്നിപ്പോൾ 132 പൊതുമേഖലാ സ്ഥാപനങ്ങൾ ഉള്ളതിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിലാണ്. ഇവയുടെ സഞ്ചിതനഷ്ടം 2021-22 ൽ 31,571 കോടിയായിരുന്നത് 2024-25 ആയപ്പോൾ 78,851 കോടിയായി എന്നാണ് കേരള

> **കേരളത്തിന്റെ ധാതുസമ്പത്തുകളും ജലവും ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ സ്വകാര്യനിക്ഷേപത്തിന് തുറന്നുകൊടുക്കുമ്പോൾ ഹ്രസ്വകാല സാമ്പത്തിക നേട്ടങ്ങളെക്കാൾ ദീർഘകാല പ്രത്യാഘാതങ്ങൾ കണക്കിലെടുക്കണം. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ ജീവനോപായങ്ങൾ സംരക്ഷിക്കപ്പെടണം.**

സർക്കാരിന്റെ ധവളപത്രം കണ്ടെത്തിയിരിക്കുന്നത്.

പൊതുവിഭവങ്ങൾ ഉപയോഗിച്ച് ആരംഭിച്ച പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യമേഖലയുടെ അളവുകോലുകൾ വച്ച് അളക്കുന്നതിൽ അർഥമില്ല. അവ സൃഷ്ടിക്കുന്ന തൊഴിലും വരുമാനവും സർക്കാരിന് കിട്ടുന്ന നികുതിയും ഒക്കെ പരിഗണിച്ച്, ലാഭം ഉണ്ടാക്കുന്നില്ലെങ്കിലും നഷ്ടം വരുത്താതെ മുന്നോട്ടു പോകുന്നിടത്തോളം അവയെ നിലനിറുത്താം. പക്ഷേ, ജനങ്ങളുടെ നികുതിപ്പണംകൊണ്ട് പുലർന്നുപോകുന്ന അവസ്ഥയുള്ളവയെ സുതാര്യമായ രീതിയിൽ സ്വകാര്യമേഖലയ്ക്ക് കൈമാറാം. അവിടെയും ചതിക്കുഴികൾ കാണാതിരുന്നുകൂടാ.

ഈ നിലയിലുള്ളവയും അടച്ചുപൂട്ടിയതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിൽ മാത്രം കണ്ണുവച്ച് അവയെ വിലയ്ക്കുവാങ്ങാൻ തയ്യാറാകുന്ന റിയൽ എസ്റ്റേറ്റ് താല്പര്യങ്ങളെ തിരിച്ചറിയണം. വ്യവസായ ആവശ്യത്തിനു മാത്രം അവ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

## വികസിത സമൂഹങ്ങളിൽ നിന്നുള്ള പാഠങ്ങൾ

വേണ്ടത്ര സാമ്പത്തിക വികസനം ഇല്ലാത്തതിനാൽ സാമൂഹികലക്ഷ്യങ്ങൾ നിലനിറുത്താനോ മെച്ചപ്പെടുത്താനോ കഴിയാത്തതാണല്ലോ വികസന മുറവിളിയുടെ അടിസ്ഥാനകാരണം. വ്യവസായവിപ്ലവത്തിന്റെ ഗുണദോഷങ്ങൾ സ്വാംശീകരിച്ചാണല്ലോ ഈ രാജ്യങ്ങൾ പൊതു-സ്വകാര്യ മേഖലകളെക്കുറിച്ചും പരിസ്ഥിതി, സാമൂഹികക്ഷേമം എന്നിവയുമായും ബന്ധപ്പെട്ട നയങ്ങൾ രൂപവൽക്കരിച്ചത്. അവയുടെ അനുഭവങ്ങളിൽനിന്നു കേരളത്തിന് കുറെ പഠിക്കാനുണ്ട്.

പൊതുവെ പറഞ്ഞാൽ ക്ഷേമരാഷ്ട്ര സങ്കല്പം മുറുകെ പിടിക്കുന്ന ഈ രാജ്യങ്ങളൊക്കെ സ്വകാര്യനിക്ഷേപകരുടെ പറുദീസകളാണ്. പക്ഷേ, അവർ പാലിക്കേണ്ട നിയമങ്ങളും ചട്ടങ്ങളും കർശനമാണ്. മലിനീകരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഉദാഹരണം. മിക്ക രാജ്യങ്ങളിലും രാസവ്യവസായങ്ങൾ ഒന്നുകിൽ നിരോധിച്ചിട്ടുള്ളതോ അല്ലെങ്കിൽ കർശനമായ നിയന്ത്രണങ്ങൾക്കു വിധേയമോ ആണ്. ശക്തമായ തൊഴിൽനിയമങ്ങളുണ്ട്. തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, സേവന-വേതന വ്യവസ്ഥകൾ എന്നിവയൊക്കെ കർശനമായി പാലിച്ചുമാത്രമേ സംരംഭങ്ങൾ നടത്താനൊക്കൂ.

ഏറ്റവും ശ്രദ്ധേയമായത് ഈ രാജ്യങ്ങളിലെ ചൊട്ടമുതൽ ചുടലവരെ






(Cradle to grave) ഉള്ള സാമൂഹിക സുരക്ഷാ സംവിധാനങ്ങളാണ്. അവ നിലനിറുത്തുന്നതിനായി ഉയർന്ന നിരക്കിൽ നികുതി കൊടുക്കാൻ ജനങ്ങൾ സന്നദ്ധരാണ്.

എല്ലാ പൗരജനങ്ങളും പെൻഷൻ ഫണ്ടുകളിൽ ചേർന്ന് വരുമാനത്തിന്റെ ഒരുഭാഗം നിക്ഷേപിച്ച് പെൻഷന് അർഹത നേടണമെന്ന കർശനമായ നിയമമുണ്ട്. അതു വ്യക്തികളെ അധ്വാനിക്കാനും മിച്ചം പിടിക്കാനും സ്വന്തം ജീവിതത്തിന്റെ ഉടമസ്ഥത ഏറ്റെടുക്കാനും പ്രേരിപ്പിക്കുന്നു. എല്ലാ പൗരന്മാർക്കും കുറഞ്ഞ അടിസ്ഥാന പെൻഷൻ (Guaranteed minimum pension) ഉറപ്പാക്കുന്നു. തൊഴിലില്ലായ്മ മൂലമോ രോഗങ്ങൾ മൂലമോ കുറഞ്ഞ അടിസ്ഥാന പെൻഷന് അർഹമാകുംവിധം പെൻഷൻഫണ്ടുകളിൽ നിക്ഷേപിക്കാൻ കഴിയാത്തവർക്കും അത് ലഭ്യമാണ്. പൊതുവിഭവങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. ഓഹരിവിപണിയുടെ ചാഞ്ചാട്ടങ്ങൾക്ക് വിധേയമായി പെൻഷനിൽ വലിയ കുറവുണ്ടാകുമ്പോൾ പൊതുവിഭവങ്ങൾ ഉപയോഗിച്ചുപോലും അടിസ്ഥാന പെൻഷൻ ഉറപ്പുവരുത്തുന്നു.

യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലൊക്കെ ദേശീയ വരുമാനത്തിന്റെ 40% വരെയൊക്കെയാണ് നികുതിയായി പിരിച്ചെടുക്കുന്നത്. വിപണിയിലെ രുചിഭേദങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ മൂലവും സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾ മൂലവും സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങൾ അവിടെയും തകരുന്നുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുന്നുണ്ട്. പക്ഷേ, തൊഴിലില്ലായ്മ വേതനം അടക്കമുള്ള സാമൂഹികസുരക്ഷാ സംവിധാനങ്ങൾ ഇത്തരം പ്രതിസന്ധികൾ തരണംചെയ്യാൻ വ്യക്തികളെ സഹായിക്കുന്നു.

**യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലൊക്കെ ദേശീയ വരുമാനത്തിന്റെ 40% വരെയൊക്കെയാണ് നികുതിയായി പിരിച്ചെടുക്കുന്നത്. വിപണിയിലെ രുചിഭേദങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ മൂലവും സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾ മൂലവും സ്വകാര്യ ബിസിനസ്സ് സ്ഥാപനങ്ങൾ അവിടെയും തകരുന്നുണ്ട്.**



## ഇന്ത്യയുടെ സ്ഥിതി

ലോകത്ത് സമ്പദ്‌വ്യവസ്ഥയുടെ വലിപ്പംകൊണ്ട് അഞ്ചാംസ്ഥാനത്തു നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. പക്ഷേ, ആളോഹരി വരുമാനത്തിൽ ബംഗ്ലാദേശിനുപിന്നിൽ 147-ാം സ്ഥാനത്താണ്. ലോക പട്ടിണിസൂചികയിൽ നമ്മുടെ സ്ഥാനം 102 ആണ്.

രാജ്യം സമ്പന്നമായാൽ ജനങ്ങളുടെ ജീവിതനിലവാരം തനിയെ മെച്ചപ്പെട്ടുകൊള്ളും എന്ന മിഥ്യാധാരണയാണ് നമ്മുടെ രാജ്യത്തെ നയിക്കുന്നത്. മേൽത്തട്ട് വികസിക്കുമ്പോൾ അതിന്റെ പങ്ക് താഴെത്തട്ടുകളിലേക്ക് കിനിഞ്ഞിറങ്ങിക്കൊള്ളും എന്ന ട്രിക്കിൾ ഡൗൺ (Trickle down) സമ്പദ്ശാസ്ത്രം വികസിതസമൂഹങ്ങൾ തള്ളിക്കളഞ്ഞതാണ്. അതുകൊണ്ടാണ് അവ ഉയർന്ന നികുതി ചുമത്തി പൊതുവിഭവങ്ങൾ സമാഹരിച്ച് ശക്തമായ സാമൂഹികസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ രാജ്യത്ത് നികുതി - ദേശീയ വരുമാന അനുപാതം 16.9% ന് അടുത്താണ്. വികസിതരാജ്യങ്ങളുടെ മാതൃക അനുകരിക്കുന്നതിനുപകരം 'ആദ്യം വികസനം, പിന്നെ പുനർവിതരണം' എന്ന സമീപനമാണ് ഇന്ത്യ പിന്തുടരുന്നത്. ഈ കാഴ്ചപ്പാട് മുൻനിറുത്തിയാണ് രാജ്യത്തെ എല്ലാ തൊഴിൽ നിയമങ്ങളെയും നാലു തൊഴിൽ കോഡുകളിൽ ചുരുക്കി സ്വകാര്യസംരംഭകർക്ക് പഥ്യമായ കളിസ്ഥലം ഒരുക്കിക്കൊടുത്തിട്ടുള്ളത്.

ഇന്ത്യയിലെ പരിശുദ്ധനദിയായ ഗംഗാനദി അടക്കമുള്ള നദികൾ വ്യവസായ മലിനീകരണംമൂലം ഭീഷണി നേരിടുകയാണ്. മലിനീകരണ ഭീഷണി നേരിടുന്ന നഗരങ്ങൾ ഏറ്റവും കൂടുതൽ ഉള്ള രാജ്യമാണ് ഇന്ത്യ.

## കേരള മാതൃകയുടെ കുതിപ്പും കിതപ്പും

ഇന്ത്യയുടെ വികസനപാതയിൽ നിന്ന് മാറി ചവിട്ടിയാണ് നാം കേരള മാതൃകാ വികസനം പടുത്തുയർത്തിയത്. ശതകോടീശ്വരന്മാരെ ഒരുപാട് സൃഷ്ടി

ക്കാനായില്ലെങ്കിലും ബഹുഭൂരിപക്ഷം ജനങ്ങളുടെ ജീവിതനിലവാരം ദേശീയ ശരാശരിയെക്കാൾ ബഹുദൂരം മുന്നിലെത്തിക്കാൻ കഴിഞ്ഞു. ഈ മാതൃക ഇന്നു ഭീഷണി നേരിടുകയാണ്. 2011-12 ലെയും 2022-23 ലെയും ദേശീയ സാമ്പിൾ സർവേയുടെ ഗാർഹിക ഉപഭോഗ സർവേകളിൽ ആളോഹരി ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. അതോടൊപ്പം മറ്റൊന്നു കൂടിയുണ്ട്; ഉപഭോഗത്തിൽ ഏറ്റവും കൂടുതൽ അസമത്വം നിലനിൽക്കുന്ന സംസ്ഥാനവും കേരളമാണ്.

വികസനത്തിനുവേണ്ടിയുള്ള മുറവിളികൾക്കിടയിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്നത് വികസിതരാജ്യങ്ങൾ നൽകുന്ന പാഠമാണ്. വികസിതസമൂഹങ്ങളൊക്കെ സ്വകാര്യ ഉപഭോഗം ത്യജിച്ചാണ് കൂടുതൽ പൊതുവിഭവങ്ങൾ സമാഹരിക്കുന്നത്. കേരളത്തിന്റെ ഇന്നത്തെ ഒട്ടുമിക്ക പ്രശ്നങ്ങളുടെയും മൂലകാരണം വൻതോതിൽ സ്വകാര്യ മൂലധനം ആകർഷിക്കാത്തതോ ശതകോടീശ്വരന്മാരെ സൃഷ്ടിക്കാത്തതോ അല്ല. പൊതുവിഭവ സമാഹരണത്തിലെ പരാജയവും സാമൂഹിക സുരക്ഷാ സംവിധാനങ്ങളുടെ അഭാവവുമാണ്.


കഴിഞ്ഞ എഴുപതുവർഷത്തിനിടെ നികുതി നൽകൽ ശേഷിയിൽ ഏറ്റവും കൂടുതൽ വർധന രേഖപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. 1972-73-ൽ ആളോഹരി ഉപഭോഗത്തിൽ എട്ടാം സ്ഥാനത്തായിരുന്ന കേരളം 1983-ൽ മൂന്നാം സ്ഥാനത്തേക്കും 1999-2000-ൽ ഒന്നാം സ്ഥാനത്തേക്കും ഉയർന്നു. 2022-23-ലെ അവസാന ഉപഭോഗ സർവേയിലും കേരളം ഒന്നാം സ്ഥാനത്താണ്. ഇന്ത്യൻ ജനസംഖ്യയുടെ കേവലം മൂന്നു ശതമാനത്തിൽ താഴെ മാത്രം വരുന്ന മലയാളികൾ, രാജ്യത്തെ ആഡംബര ഉപഭോഗവസ്തുക്കളുടെ പത്തു ശതമാനവും വിനിയോഗിക്കുന്നുവെന്ന് സ്ഥിരീകരിക്കപ്പെടാത്ത ചില കണക്കുകൾ സൂചിപ്പിക്കുന്നു.

ഇതൊന്നും പക്ഷേ, സംസ്ഥാനത്തിന്റെ തനതുവരുമാനത്തിൽ പ്രതിഫലിച്ചില്ല. 1957-58 മുതൽ 1966-67 വരെയുള്ള പത്തുവർഷക്കാലം സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും കൂടി സമാഹരിച്ച തനതുവരുമാനത്തിൽ കേരളത്തിന് 4.45% ഓഹരിയുണ്ടായിരുന്നു. 2025-26 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇത് 3.71% ആയി കുറഞ്ഞു.

കേരളം കഴിഞ്ഞ എഴുപതുവർഷമായി കൊണ്ടുനടക്കുന്ന മുന്നണിരാഷ്ട്രീയത്തിന്റെ അനിവാര്യമായ പരിണതിയാണിത്. ജനപ്രിയതയ്ക്കുവേണ്ടി അന്യോന്യം മത്സരിച്ച് നികുതി ഇളവുകളും സൗജന്യങ്ങളും നൽകി സംസ്ഥാനത്തിന്റെ വരുമാന അടിത്തറ മുരടിപ്പിച്ചു.

## അഭിപ്രായ സമന്വയവും രാഷ്ട്രീയ ഇച്ഛാശക്തിയും

കേരളത്തിൽ ഇന്ന് പൊതുവിഭവങ്ങളുടെ ഭാരം പേറുന്നത് മുഖ്യമായും പാവപ്പെട്ടവരും പുറമ്പോക്കിൽ കിടക്കുന്നവരുമാണ്. സമാഹരിക്കുന്ന തനതുവരുമാനത്തിന്റെ ഏകദേശം 61% മദ്യം, ഭാഗ്യക്കുറി, പെട്രോൾ, മോട്ടോർ വാഹനങ്ങൾ എന്നീ നാല് ഇനങ്ങളിൽ നിന്നാണ്. മധ്യവർഗത്തിൽനിന്നും സമ്പന്നരിൽനിന്നും പൊതുവിഭവങ്ങൾ സമാഹരിക്കാനുള്ള സാധ്യതകൾ പലതുണ്ടെങ്കിലും അതിനുള്ള ഇച്ഛാശക്തി മാറിമാറി വരുന്ന മുന്നണി സർക്കാരുകൾ കാണിക്കുന്നില്ല.




നേരെമറിച്ച്, പൊതുവിഭവങ്ങളുടെ പ്രയോജനം മുഖ്യമായും ഒഴുകുന്നത് മധ്യവർഗത്തിലേക്കും സമ്പന്നരിലേക്കുമാണ്. മൊത്തം വരുമാനത്തിന്റെ 77.6% ശമ്പളം, പെൻഷൻ, പലിശ എന്നീ 'ഏറ്റുപോയ' (Committed) ചെലവുകൾക്കായി മാറ്റിവയ്ക്കപ്പെടുന്നു. ഏകദേശം 60% വരുന്ന ശമ്പള-പെൻഷൻ ചെലവുകളുടെ പ്രയോജനം പോകുന്നത് ജനസംഖ്യയിലെ അഞ്ചു ശതമാനത്തിനു താഴെ പേർക്കാണ്. 'ഏറ്റുപോയ' ചെലവിനങ്ങൾ വർധിക്കുന്തോറും ഏറ്റുപോകാത്ത ചെലവിനങ്ങൾക്ക് ലഭ്യമാകുന്ന പൊതുവിഭവങ്ങൾ കുറഞ്ഞുവരും. ഇതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് പാവപ്പെട്ടവരും പുറമ്പോക്കിൽ കിടക്കുന്നവരുമാണ്.

സ്വകാര്യമൂലധനത്തിനും വികസനത്തിനും വേണ്ടിയുള്ള മുറവിളി പൊതുവിഭവ സമാഹരണത്തിലും വിന്യാസത്തിലുമുള്ള ഈ ഭയങ്കരമായ അസന്തുലിതാവസ്ഥ സമർഥമായി മറച്ചുവയ്ക്കുകയാണ്.

ഒരു കാര്യം തറപ്പിച്ചു പറയാം. കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താൻ സ്വകാര്യമൂലധനത്തിൽ അധിഷ്ഠിതമായ വികസനം കൊണ്ടുമാത്രം കഴിയുകയില്ല. വികസിതരാജ്യങ്ങളുടെ മാതൃകയിൽ പരിസ്ഥിതി-തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതുകയും അവ കർശനമായി നടപ്പാക്കുന്ന ഭരണസംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. ഇന്നത്തെ പെൻഷൻവ്യവസ്ഥയും ആരോഗ്യസുരക്ഷാസംവിധാനങ്ങളും ആധുനീകരിക്കണം. ഇവയൊക്കെ വൻതോതിൽ പൊതുവിഭവ സമാഹരണം ആവശ്യപ്പെടുന്നവയാണ്. സാമൂഹികമായ അഭിപ്രായസമന്വയവും രാഷ്ട്രീയ ഇച്ഛാശക്തിയുമാണ് ഇവിടെ വേണ്ടത്. ഇക്കാര്യങ്ങളിൽ കേരളത്തിന്റെ മുന്നേറ്റങ്ങൾ രാജ്യത്തിനാകെ മാതൃകയായിരിക്കും.■

**വികസിതരാജ്യങ്ങളുടെ മാതൃകയിൽ പരിസ്ഥിതി-തൊഴിൽനിയമങ്ങൾ പൊളിച്ചെഴുതുകയും അവ കർശനമായി നടപ്പാക്കുന്ന ഭരണസംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.**

ഫോക്കസ്



ആർ. മോഹൻ

# കേരളം താങ്ങുന്ന നഷ്ടങ്ങളുടെ സ്മാരകശിലകൾ

**പൊതുമേഖല എന്നത് കേരളീയർക്ക് കേവലമൊരു സാമ്പത്തിക ക്രമപ്പെടുത്തലായിരുന്നില്ല, മറിച്ച്, അലംഘനീയമായ ഒരു പ്രത്യയശാസ്ത്ര ബിംബമായിരുന്നു. അതുകൊണ്ടാണ്, ഓരോ വർഷവും കോടികളുടെ ബാധ്യതകൾ പൊതുഖജനാവിലേക്ക് വലിച്ചെറിയുമ്പോഴും, അടച്ചുപൂട്ടിയ ഫാക്ടറി ഗേറ്റുകൾക്കും തുരുമ്പെടുത്ത യന്ത്രങ്ങൾക്കും മുന്നിൽ നമ്മൾ ഇപ്പോഴും പ്രതീക്ഷയുടെ ഹോമകുണ്ഡങ്ങൾ എരിച്ചുകൊണ്ടിരിക്കുന്നത്. മാറ്റങ്ങളോട് മുഖംതിരിക്കുന്ന നമ്മുടെ കേവലമായ രാഷ്ട്രീയവാശികൾക്കുമുന്നിൽ ഈ സ്ഥാപനങ്ങൾ ഇന്ന് ജീർണിച്ചുകൊണ്ടിരിക്കുന്ന വെള്ളാനകളാണ്.**





സ്വാതന്ത്ര്യത്തിനുശേഷം അടിസ്ഥാന-ഘനവ്യവസായ മേഖലയിൽ പൊതുമേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന നയമാണ് ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചത്. ഈ മേഖലയിലേക്കു കടന്നുവരാൻ സ്വകാര്യനിക്ഷേപകർക്കുള്ള വൈമുഖ്യവും സ്വാശ്രയത്വം കൈവരിക്കണമെന്ന ലക്ഷ്യവുമാണ് വൻതോതിൽ പൊതുമേഖലാ നിക്ഷേപം നടത്താനുള്ള കാരണങ്ങൾ. എന്നാൽ, സ്വകാര്യമേഖലയ്ക്കും പ്രവർത്തിക്കാൻ ഇടമുള്ള സമ്മിശ്ര സമ്പദ്‌വ്യവസ്ഥയാണ് ആസൂത്രണ പ്രക്രിയയ്ക്കൊപ്പം ഇന്ത്യയിൽ നിലവിൽ വന്നത്. സോഷ്യലിസ്റ്റ് ക്രമത്തിലുള്ള (socialistic pattern of society) സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് രാഷ്ട്രീയ നേതൃത്വം അംഗീകരിച്ച നയം.

ഇന്ത്യൻ സാമ്പത്തികരംഗത്ത് ആദ്യത്തെ മൂന്നു ദശകങ്ങളിൽ ശരാശരി 3.5% വളർച്ചാ നിരക്കാണ് ഉണ്ടായത്. ഇത് വളരെ മന്ദഗതിയിലുള്ള വളർച്ചയാണ് എന്ന ആക്ഷേപം അന്നുയർന്നു. പക്ഷേ, ഇവിടെ കാണാതെ പോയത് 20-ാം നൂറ്റാണ്ടിന്റെ ആദ്യ അഞ്ചുദശകങ്ങളിൽ (സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിൽ) ഉണ്ടായതിനെക്കാൾ ഗണ്യമായ വർധനയാണ് 1950-80 കാലയളവിൽ ഉണ്ടായ സാമ്പത്തികവളർച്ച എന്നതാണ്. 1980-നുശേഷം വിദേശ നിക്ഷേപങ്ങളോട് കൂടുതൽ തുറന്ന സമീപനവും സ്വകാര്യമേഖലയ്ക്കുമേലുള്ള നിയന്ത്രണങ്ങൾ ഉദാരമാക്കിയതും ഉൾപ്പെടെയുള്ള ബിസിനസ്സ് സൗഹൃദ നയങ്ങൾ രൂപവൽക്കരിക്കുകയുണ്ടായി.

1990-ലെ വിദേശനാണ്യ പ്രതിസന്ധിക്കുശേഷം ഉദാരീകരണ നയങ്ങൾക്ക് ആക്കംകൂടി. രൂപയുടെ കറന്റ് അക്കൗണ്ട് വിനിമയം കമ്പോളാധിഷ്ഠിതമാക്കുകയും നികുതി പരിഷ്കരണങ്ങൾ നടപ്പിലാക്കുകയുംചെയ്തു. ബാങ്കിങ്, ഇൻഷുറൻസ്, ടെലികോം മേഖലകളിൽ സ്വകാര്യ-വിദേശ നിക്ഷേപം സ്വീകരിക്കുന്ന നയങ്ങൾ നിലവിൽ വന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്ന (disinvestment) രീതി അവലംബിക്കുകയും ചെയ്തു. ഇതിലൂടെ ലഭിക്കുന്ന വരുമാനം ബജറ്റിലെ ധനക്കമ്മി കുറയ്ക്കാനും സഹായകരമായി. ദേശീയതലത്തിൽ സ്വീകരിച്ച ഈ സാമ്പത്തിക ഉദാരീകരണ നയം മാറിമാറി അധികാരത്തിൽ വന്ന എല്ലാ സർക്കാരുകളും തുടർന്നുപോന്നു. ഈ ദേശീയ പശ്ചാത്തലത്തിലാണ് കേരളത്തിലെ സ്ഥിതിഗതികളെ വിലയിരുത്തേണ്ടത്.



**1980-നുശേഷം വിദേശനിക്ഷേപങ്ങളോട് കൂടുതൽ തുറന്ന സമീപനവും സ്വകാര്യമേഖലയ്ക്കുമേലുള്ള നിയന്ത്രണങ്ങൾ ഉദാരമാക്കിയതും ഉൾപ്പെടെയുള്ള ബിസിനസ്സ് സൗഹൃദ നയങ്ങൾ രൂപവൽക്കരിക്കുകയുണ്ടായി.**

ചരിത്രം പരിശോധിച്ചാൽ കേരളം രൂപവൽക്കരിക്കുന്നതിനുമുമ്പ് തിരുവിതാംകൂറിൽ ജലവൈദ്യുതി ഉൽപ്പാദനത്തിനും (പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് പദ്ധതി) ഊർജത്തെ ഗണ്യമായി ആശ്രയിക്കുന്ന വ്യവസായങ്ങൾക്കും വലിയ പ്രാധാന്യം നൽകിയിരുന്നു. 1931-ലെ പുനലൂർ പേപ്പർ മിൽ, സർക്കാർ ഉടമസ്ഥതയിലുള്ള ചൈനാ ക്ലേ ഫാക്ടറി, റബ്ബർ ഫാക്ടറി, ഇന്ത്യൻ അലുമിനിയം കമ്പനി, ഗ്ലാസ് ഫാക്ടറി, സിമന്റ് ഫാക്ടറി, ട്രാവൻകൂർ റയോൺസ്, ട്രാവൻകൂർ ടൈറ്റാനിയം, കൂടാതെ സ്വകാര്യ മേഖലയിൽ സ്ഥാപിച്ച് പിന്നീട് കേന്ദ്രസർക്കാർ ഏറ്റെടുത്ത മറ്റ് വ്യവസായങ്ങൾ എന്നിവ സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിൽ സ്ഥാപിച്ചവയാണ്. ഇവയിൽ ചിലത് ഇന്ന് നിലവിലില്ല. ചിലത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ലാഭത്തിലല്ല.

കേരള സംസ്ഥാന രൂപവൽക്കരണത്തിനുശേഷം വന്ന ഒരു പ്രമുഖ സ്വകാര്യസ്ഥാപനമാണ് മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറി. 1980-കളിൽ വലിയ പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ ഉയരുകയും കമ്പനി പൂട്ടുകയും ചെയ്തു. പൊതുമേഖലയിൽ പ്രശസ്തമായി ഉയർന്നുവന്ന ഒരു സ്ഥാപനമാണ് കെൽട്രോൺ. പല ഉപസ്ഥാപനങ്ങളും നിലവിലില്ലെങ്കിലും ഇപ്പോഴും കെൽട്രോൺ പുതിയ മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട്.

## ഓഹരി വിറ്റഴിക്കൽ (disinvestment) കേരളത്തിൽ ഇതുവരെ നടപ്പായിട്ടില്ല.

2024-ലെ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് റിവ്യൂ പ്രകാരം നമ്മുടെ സംസ്ഥാനത്ത് നിലവിൽ 131 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇതിൽ 65 എണ്ണം കേരള സർക്കാരിന്റെ സമ്പൂർണ ഉടമസ്ഥതയിലും, ബാക്കിയുള്ളവ കേന്ദ്രസർക്കാരുമായും മറ്റുള്ളവരുമായും സംയുക്ത ഉടമസ്ഥതയിലുമാണ്. ഇതിൽ 4 എണ്ണമാണ് പൊതു ഉപയോഗ (Public utility) വിഭാഗത്തിൽപ്പെടുന്നത്. 35 എണ്ണം ഉൽപ്പാദന മേഖലയിലാണ്. 2023-24-ൽ 53 സ്ഥാപനങ്ങൾ 1912.97 കോടി രൂപ ലാഭമുണ്ടാക്കിയപ്പോൾ 65 സ്ഥാപനങ്ങൾ 5383.43 കോടി രൂപ നഷ്ടത്തിലായിരുന്നു. 2023-24 വരെയുള്ള സഞ്ചിത നഷ്ടം 51104.63 കോടി രൂപയാണ്. 66 സ്ഥാപനങ്ങൾക്ക് നിക്ഷേപത്തിന്മേൽ നെഗറ്റീവ് വരുമാനമാണുള്ളത്. ആകെ 1,25,976 പേർക്ക് ഈ മേഖല തൊഴിൽ നൽകുന്നു. 2022-23-ൽ ഇത് 1,29,982 ആയിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നു സംസ്ഥാന സർക്കാരിനു ലഭിച്ച മൊത്തം നികുതി 17,192.13 കോടി രൂപയായിരുന്നു. ഇതിൽ 16,610.62 കോടി രൂപ (96.08%) മദ്യവിൽപനയുടെ കുത്തകാവകാശമുള്ള ബിവറേജസ് കോർപ്പറേഷനിൽനിന്നാണ് (അവലംബം: ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് റിപ്പോർട്ട് 2023-24).

മേൽ സൂചകങ്ങൾ കാണിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതി ആശാവഹമല്ല എന്നാണ്. വിദ്യുച്ഛക്തി, ഗതാഗതം എന്നീ മേഖലകളിൽ പൊതുമേഖല നിലനിറുത്തേണ്ടിവരുമെങ്കിലും ശുദ്ധജല വിതരണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ വികേന്ദ്രീകരിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഭരണഘടനയുടെ 11, 12 ഷെഡ്യൂളുകൾ പ്രകാരം ഇവ തദ്ദേശ സർക്കാരുകളുടെ പരിധിയിൽ വരുന്നവയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

തന്ത്രപ്രധാനമായ മേഖലകൾ (ധാതുഖനനം പോലെ) പൊതുമേഖലയിൽ നിലനിറുത്തിയും മറ്റുൽപ്പാദന മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ വിദഗ്ധ പരിശോധന നടത്തിയും എത്രയും വേഗം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടുണ്ടാകുന്ന ചോർച്ച തടയാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല എന്ന് ഖണ്ഡിതമായ വിദഗ്ധാഭിപ്രായം വന്നാൽ തൊഴിലെടുക്കുന്നവരുടെ അവകാശങ്ങൾ ന്യായമായി സംരക്ഷിച്ചുകൊണ്ട് വിറ്റഴിക്കൽ ഉൾപ്പെടെ ആലോചിക്കാവുന്നതാണ്. പക്ഷേ, ഇതു വരുമാനമുണ്ടാക്കാനുള്ള ആദ്യ മാർഗമാകരുത് (first option).

ചുരുക്കത്തിൽ, പബ്ലിക് യൂട്ടിലിറ്റി, തന്ത്രപ്രധാന മേഖലകൾ എന്നിവ പൊതുമേഖലയിൽ നിലനിറുത്തുകയും മറ്റു വിഭാഗങ്ങളിലുള്ളവയുടെ കാര്യം ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ട സമയമായിരിക്കുകയാണ്.■




(ലേഖകൻ : വിസിറ്റിംഗ് റിസർച്ച് ഫെലോ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം)

ഫോക്കസ്



പ്രശാന്ത് വാസുദേവ്

# സ്വകാര്യമേഖലയോട് കേരളത്തിന് ഇനിയും അസ്പൃശ്യതയോ?

**സ്വകാര്യ മൂലധനം ചൂഷണത്തിന്റെ പര്യായമാണെന്ന സൈദ്ധാന്തിക ദുർവാശിയിൽ കുരുങ്ങിപ്പോയ കേരളത്തിന്റെ വികസന മുരടിപ്പിലേക്കുള്ള നോട്ടം. ചരിത്രപരമായ വിഡ്ഢിത്തങ്ങളിൽനിന്നു കുതറിമാറി, പുതിയ സാമ്പത്തികയാഥാർത്ഥ്യങ്ങളെ പ്രായോഗികമായി സമീപിക്കുന്ന ചില ചിന്തകൾ.**

സ്വകാര്യമേഖലയോടുള്ള കേരളത്തിന്റെ സമീപനം എപ്പോഴും ചരിത്രം, രാഷ്ട്രീയം, തൊഴിലാളി പ്രസ്ഥാനങ്ങൾ, സാമൂഹിക നീതി, വികസനമാതൃക തുടങ്ങി നിരവധി ഘടകങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നാണ്. സ്വകാര്യ മൂലധനം എന്നത് ലാഭം മാത്രം ലക്ഷ്യമിടുന്ന ഒന്നാണെന്നും അതുകൊണ്ടുതന്നെ അതിനെ കർശനമായി നിയന്ത്രിക്കേണ്ടതാണെന്ന ചരിത്രപരമായ ഒരു ‘മണ്ടത്തരത്തിൽ' നിന്നാണ് സ്വകാര്യമേഖലയോടുള്ള കേരളത്തിന്റെ സമീപനം തുടങ്ങുന്നത്. അതിനു കാരണമായത് 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കേരളത്തിൽ രൂപീകൃതമായതും, തുടർന്ന് 1990 വരെയുള്ള കാലഘട്ടത്തിൽ സംഭവിച്ച ചില 'നല്ല മാറ്റങ്ങളും', അതിനെത്തുടർന്ന് രൂപപ്പെട്ട 'തെറ്റായ' ചിന്താഗതിയുമാണ്. ഭൂപരിഷ്കരണ നിയമത്തെത്തുടർന്ന് ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമായതും, തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവും സുരക്ഷയും ലഭിച്ചതും, തൊഴിലാളികളെ ചൂഷണംചെയ്യുന്ന സ്വകാര്യ ഉടമകളെ നിയന്ത്രിക്കാൻ സാധിച്ചതും സ്വകാര്യമേഖല കർശനമായി നിയന്ത്രിക്കപ്പെടേണ്ടതാണ് എന്ന ചിന്താഗതിയിലേക്ക് കേരളത്തെ നയിച്ചു.



ആ ചിന്താഗതി ചെറുകിട സംരംഭകരും കോർപ്പറേറ്റുകളും തമ്മിലുള്ള അന്തരത്തെക്കുറിച്ച് ചിന്തിക്കാൻപോലും കേരള മനസ്സിനെ സമ്മതിച്ചില്ല. 1970-90 കാലഘട്ടത്തിൽ 'ഇൻഡസ്ട്രിയൽ അൺറെസ്റ്റ്' (Industrial Unrest) എന്ന പ്രതിച്ഛായയാണ് കേരളത്തെക്കുറിച്ച് ഉണ്ടായത്. അതു വ്യാവസായികനിക്ഷേപം കുറയാൻ കാരണമായി. 'നോക്കുകൂലി' ആ അവസ്ഥയെ ചില്ലറയൊന്നുമല്ല സഹായിച്ചത്. ഇവിടെ നിരന്തരമായി നടന്ന സമരങ്ങൾ സ്വകാര്യ ഫാക്ടറികൾ അടപ്പിക്കുകയും ഉൽപാദനം തടസ്സപ്പെടുത്തുകയും ചെയ്തപ്പോൾ പുതിയ നിക്ഷേപകർ തമിഴ്നാട്ടിലേക്കും കർണാടകത്തിലേക്കും പോയി.

## സാമ്പത്തിക ഉദാരവൽക്കരണവും മാറ്റങ്ങളും

1991-ൽ ഇന്ത്യ സാമ്പത്തിക ഉദാരവൽക്കരണത്തിലേക്ക് പോയെങ്കിലും കേരളം അതിനെ പൂർണമായും സ്വീകരിക്കാൻ സമയമെടുത്തു. ഇടതുപക്ഷം ഉയർത്തിയ അനാവശ്യ സൈദ്ധാന്തിക സംശയങ്ങൾ വലിയ സ്വകാര്യസംരംഭങ്ങളെയും വിദേശ നിക്ഷേപങ്ങളെയും ആശങ്കയോടെ കാണാൻ നമ്മെ പ്രേരിപ്പിച്ചു. അതേസമയം, തൊണ്ണൂറുകളിൽ കേരളത്തിനു ലഭിച്ച പ്രവാസി മലയാളികളുടെ വരുമാനം ചെലവഴിച്ചത് വീട് വയ്ക്കുന്നതിലും റിയൽ എസ്റ്റേറ്റിലും വിദ്യാഭ്യാസത്തിലും വ്യാപാരങ്ങളിലും ആയിരുന്നു.

ആ കാലഘട്ടത്തിൽ നിരവധി പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ട് ആരോഗ്യ, വിദ്യാഭ്യാസ, ബാങ്കിംഗ്, ടൂറിസം മേഖലകൾ ഉൾപ്പെടുത്തി പുതിയയൊരു സാമ്പത്തികമാതൃക രൂപപ്പെടുത്തുവാനും കഴിഞ്ഞു. അതു കേരളം സ്വയം കൊണ്ടുവന്ന ഒരു മാറ്റമായിരുന്നു. 'ഗോഡ്സ് ഓൺ കൺട്രി' (God's Own Country) ബ്രാൻഡിംഗ് അവതരിപ്പിക്കപ്പെട്ടതോടെ ടൂറിസം രംഗത്ത് സ്വകാര്യമേഖല ശക്തമായി മുതൽമുടക്കാൻ തുടങ്ങി. അപ്പോഴും വലിയ വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ നമ്മൾ മഹാരാഷ്ട്രയ്ക്കും ഗുജറാത്തിനും തമിഴ്നാടിനും കർണാടകയ്ക്കും പിന്നിൽത്തന്നെയായിരുന്നു.

1957-90 കാലഘട്ടത്തിലെ സമീപന രീതിയിൽ മാറ്റംവരുത്താൻ 1990-2000 കാലഘട്ടത്തിൽ കഴിഞ്ഞതുകൊണ്ട് മാത്രമാണ് സ്വകാര്യമേഖലയെ പൂർണമായി കേരളം നിരാകരിക്കാതിരുന്നത്. അതായിരുന്നു ഏറ്റവും വലിയ പിടിവള്ളിയും. രണ്ടായിരത്തിനുശേഷമുള്ള നയമാറ്റങ്ങൾക്ക് അടിസ്ഥാനമായത് 'സമ്പൂർണ നിരാകരണം' ഉപേക്ഷിച്ചുകൊണ്ടുള്ള ഈ സമീപനമാണ്. പൊതുമേഖലയിലെ നിക്ഷേപങ്ങളും സാമൂഹികപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും ഒക്കെച്ചേർന്ന് ഉയർന്ന സാക്ഷരതയും സാമൂഹികനീതിയും മെച്ചപ്പെട്ട ആരോഗ്യസൂചികകളും കേരളത്തിനു സമ്മാനിച്ചപ്പോൾ, നേരത്തേ പറഞ്ഞ കാരണങ്ങളാൽ സ്വകാര്യമേഖല ശക്തിപ്പെടാതെപോയത് വ്യവസായവൽക്കരണത്തിലും ഉൽപാദനമേഖലയിലും തൊഴിൽ സൃഷ്ടിയിലും നമ്മളെ പിന്നോട്ടടിച്ചു.

## ഇപ്പോഴത്തെ ആശങ്കകളും യാഥാർഥ്യങ്ങളും

ഈ സാഹചര്യത്തിലാണ് സ്വകാര്യമേഖലയോടുള്ള സമീപനത്തെ വിമർശനാത്മകമായി നാം നോക്കിക്കാണേണ്ടത്. നമ്മുടെ ഭൂമിയും വിഭവങ്ങളും മാനവവിഭവശേഷിയും പൊതുതാൽപര്യവും തൊഴിലവകാശങ്ങളും പൂർണമായും വിപണി ശക്തികൾക്ക് വിട്ടുകൊടുക്കേണ്ടിവരുമെന്ന ആശങ്കയാണ് എക്കാലവും നമ്മെ നയിക്കുന്നത്. എന്നാൽ, അതിനെ സർക്കാർതലത്തിൽ എങ്ങനെ നിയന്ത്രിക്കാം എന്നതിനെക്കുറിച്ച് നമ്മൾ വേണ്ടത്ര ചിന്തിക്കുന്നില്ല. കൂടാതെ, ഭരണകൂടവും സ്വകാര്യമേഖലയും തമ്മിൽ അവിശുദ്ധ ബന്ധം ഉണ്ടാകുമോയെന്നു സംശയിക്കുകയും ചെയ്യുന്നു.

എല്ലാ സ്വകാര്യനിക്ഷേപങ്ങളെയും ഒരേ കണ്ണിൽ കാണുന്നതുകൊണ്ടാണ് നമ്മുടെ വികസനസാധ്യതകൾ എപ്പോഴും പരിമിതപ്പെടുന്നത്. സാങ്കേതികവിദ്യയുടെ കൈമാറ്റത്തിലും തൊഴിൽസൃഷ്ടിയിലും നവീകരണത്തിലും കയറ്റുമതിയിലും അടിസ്ഥാന സൗകര്യവികസനത്തിലും അതുപോലെയുള്ള മറ്റു പല മേഖലകളിലും സ്വകാര്യനിക്ഷേപത്തിന്റെ പങ്ക് തടസ്സപ്പെടുത്താൻ നാം ശ്രമിക്കുന്നിടത്തോളം കേരളം ഇനിയും പുറകോട്ടുതന്നെ പൊയ്ക്കോണ്ടേയിരിക്കും.

ലോകത്തെവിടെയും ധനപരമായ പരിമിതികളും ഭരണപരമായ കാലതാമസങ്ങളും കാരണം നാടിന്റെ എല്ലാ വികസനാവശ്യങ്ങളും നിറവേറ്റുന്ന



**എല്ലാ സ്വകാര്യനിക്ഷേപങ്ങളെയും ഒരേ കണ്ണിൽ കാണുന്നതുകൊണ്ടാണ് നമ്മുടെ വികസന സാധ്യതകൾ എപ്പോഴും പരിമിതപ്പെടുന്നത്.**

തിൽ ഭരണകൂടങ്ങൾക്ക് ഒറ്റയ്ക്ക് സാധ്യമല്ല. അതുകൊണ്ടുതന്നെ നമ്മുടെ ആശങ്കകൾ പൂർണമായും തള്ളിക്കളയാതെയും, സ്റ്റേറ്റിന്റെ താല്പര്യങ്ങൾ പൂർണമായും സംരക്ഷിച്ചുകൊണ്ടും എങ്ങനെ സ്വകാര്യ മേഖലയ്ക്ക് ഇവിടെ പ്രവർത്തന സ്വാതന്ത്ര്യം നൽകാമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

## മിക്സഡ് ഇക്കോണമിയും പുതിയ കാഴ്ചപ്പാടും

പൊതുമേഖലയും സ്വകാര്യമേഖലയും ചേരുന്ന 'മിക്സഡ് ഇക്കോണമി' (Mixed Economy) തന്നെയാണ് നമുക്ക് കൂടുതൽ അഭികാമ്യം. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികസുരക്ഷപോലുള്ള മേഖലകളിൽ പൊതുമേഖലയ്ക്ക് ഉത്തരവാദിത്വത്തിൽനിന്നു ഒളിച്ചോടാൻ കഴിയില്ല. എന്നാൽ, ടൂറിസം, വ്യവസായം, ഐ.ടി (IT), ലോജിസ്റ്റിക്സ്, കാർഷിക മൂല്യവർധിത ഉൽപാദനം തുടങ്ങിയ മേഖലകളിൽ സ്വകാര്യനിക്ഷേപത്തെ പ്രോത്സാഹിപ്പിച്ചേ പറ്റൂ. അതേസമയം, ഭരണകൂടം സ്വകാര്യമേഖലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനാവശ്യ തടസ്സങ്ങൾ സൃഷ്ടിക്കാതെയും, എന്നാൽ, ശക്തമായ നിയന്ത്രണ സംവിധാനങ്ങളും പരിസ്ഥിതി മാനദണ്ഡങ്ങളും സാമൂഹിക ഉത്തരവാദിത്വവും ഉറപ്പാക്കുകയും ചെയ്യണം.

ഇന്നു നാം നേരിടുന്ന വെല്ലുവിളി മൂലധനത്തിന്റെ അഭാവമല്ല, മറിച്ച്, 'വിശ്വാസത്തിന്റെ അഭാവമാണ്'. തൊഴിലാളികൾക്കും പ്രാദേശിക സമൂഹങ്ങൾക്കും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന ഉറപ്പ് ലഭിക്കുന്നതിനൊപ്പം സ്വകാര്യമേഖലയിലെ നിക്ഷേപകർക്ക് സർക്കാരിൽനിന്ന് നയസ്ഥിരത ഉറപ്പാക്കപ്പെടുകയും വേണം. ഇതു രണ്ടും ഒത്തുചേരുന്ന ഒരു മാതൃകയാണ് കേരളത്തിന് അഭികാമ്യം. നമ്മുടെ സാമൂഹികവികസനമാതൃകയെ സുസ്ഥിരമാക്കാൻ അതാണ് ആവശ്യം.

നിക്ഷേപവും ഉൽപാദനവും തൊഴിൽ സൃഷ്ടിയും ഇല്ലാതെ ക്ഷേമരാഷ്ട്ര സങ്കല്പമില്ല. ക്ഷേമപദ്ധതികൾക്ക് വിഭവങ്ങൾ സൃഷ്ടിക്കപ്പെടണമെങ്കിൽ സമ്പദ്‌വ്യവസ്ഥ വളരണം. പരിസ്ഥിതി സംരക്ഷണവും സാമൂഹികനീതിയും അവിടെ ഉറപ്പാക്കപ്പെടുകയും വേണം.

സ്വകാര്യനിക്ഷേപം എന്നു കേട്ടാൽ അവയെല്ലാം കോർപ്പറേറ്റുകളാണെന്ന ധാരണയിൽ മാറ്റം സംഭവിക്കേണ്ടതുണ്ട്.



ചെറുകിടസംരംഭകരെയും സ്റ്റാർട്ടപ്പുകളെയും പ്രവാസി നിക്ഷേപങ്ങളെയും സഹകരണപ്രസ്ഥാനങ്ങളെയും സ്വകാര്യനിക്ഷേപത്തിന്റെ ഭാഗമായിത്തന്നെ കാണണം. പ്രാദേശിക സംരംഭകത്വത്തിന് ഏറ്റവും അനുകൂലമായ അന്തരീക്ഷം ഇവിടെ സൃഷ്ടിക്കപ്പെട്ടാൽ കോർപ്പറേറ്റുകളുടെ ആവശ്യം ഒരു പരിധിയിൽക്കവിഞ്ഞ് കേരളത്തിനു വേണ്ടിവരുന്നില്ല. അത്തരത്തിൽ പ്രാദേശിക സംരംഭകത്വത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടാത്തതുകൊണ്ടാണ് നമ്മുടെ സ്വകാര്യ ആശുപത്രികളെ ഇപ്പോൾ ആഗോള കോർപ്പറേറ്റ് ഭീമന്മാർ വിഴുങ്ങുന്നത്. നാട്ടിലെ ഇടത്തരം ആശുപത്രികൾ വേണ്ടത്ര ശക്തമായിരുന്നുവെങ്കിൽ ഈ മാറ്റം സംഭവിക്കുമായിരുന്നില്ല.


## ഇടതുപക്ഷത്തിന്റെ സമീപനവും മാറ്റങ്ങളും

പ്രത്യയശാസ്ത്രപരമായ വിജയത്തിനുവേണ്ടി വാശിപിടിക്കാതെ വികസനപരമായ പക്വതയാണ് നമ്മൾ കാണിക്കേണ്ടത്. അതിനു പ്രധാനമായും കേരളത്തിലെ ഇടതുപക്ഷത്തിന്റെ ചിന്താഗതികളാണ് മാറേണ്ടത്. തങ്ങൾ ഭരിക്കുമ്പോൾ സ്വകാര്യനിക്ഷേപം സ്വീകാര്യവും പ്രതിപക്ഷത്തിരിക്കുമ്പോൾ അത് നിഷിദ്ധവുമെന്ന നിലപാടും, തങ്ങളുടെ ഭരണകാലത്ത് തടസ്സങ്ങളില്ലാതെ മുന്നോട്ടുപോയിക്കൊണ്ടിരുന്ന സ്വകാര്യസംരംഭങ്ങൾ പ്രതിപക്ഷത്താകുമ്പോൾ തടസ്സപ്പെടണമെന്ന വികസനവിരുദ്ധ ചിന്താഗതിയും ഇടതുപക്ഷം മാറ്റേണ്ടിയിരിക്കുന്നു. വിഴിഞ്ഞം പോർട്ടിന്റെ വിഷയത്തിൽ കേരളത്തിൽ നടക്കുന്ന ചർച്ചകളെ ഈ കണ്ണിലാണ് നാം കാണേണ്ടത്.

സ്വകാര്യനിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി നാം തുടർന്നുവരുന്ന പരമ്പരാഗതശൈലികളിൽ സമൂലമായ പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു. നിക്ഷേപകസംഗമങ്ങളും ഏകജാലക സംവിധാനങ്ങളും അപ്രസക്തമാണെന്നല്ല ഇതിനർഥം; മറിച്ച്, കേവലമൊരു ഏകജാലക സംവിധാനത്തിനപ്പുറം, വേഗത്തിൽ തീരുമാനങ്ങളെടുക്കാൻ പ്രാപ്തമായൊരു 'സിംഗിൾ ഡിസിഷൻ സിസ്റ്റം' (Single Decision System) ആണ് നമുക്കിന്നാവശ്യം. ഒരു വ്യവസായസംരംഭത്തിന് മുപ്പതുദിവസത്തിനുള്ളിൽ അനുമതി നൽകാൻ ഭരണസംവിധാനത്തിന് കഴിഞ്ഞില്ലെങ്കിൽ,

**പ്രത്യയശാസ്ത്രപരമായ വിജയത്തിനുവേണ്ടി വാശിപിടിക്കാതെ വികസനപരമായ പക്വതയാണ് നമ്മൾ കാണിക്കേണ്ടത്.**

> **കേരളത്തിന്റെ സവിശേഷമായ രാഷ്ട്രീയസാഹചര്യങ്ങളിൽ, സ്വകാര്യമേഖലയിലെ ട്രേഡ് യൂണിയൻ ഇടപെടലുകൾ എത്രത്തോളം പ്രായോഗികമായി നിയന്ത്രിക്കാനാകും എന്നത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്.**



ആ മൗനത്തെത്തന്നെ അനുമതിയായി (Silence is Approval) പരിഗണിക്കുന്ന വിപ്ലവകരമായ രീതികൾപോലും നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

ഇതിനുപുറമേ, വ്യവസായങ്ങൾക്കായി വിപുലമായൊരു ലാൻഡ് ബാങ്ക് രൂപവൽക്കരിക്കുകയും പുതിയ വ്യാവസായിക ഇടനാഴികൾ പ്രഖ്യാപിക്കുകയും വേണം. നൂതനസംരംഭങ്ങൾക്കായി (സ്റ്റാർട്ടപ്പ്) പ്രത്യേക ഫണ്ടും, പ്രവാസി മലയാളി നിക്ഷേപക മിഷനും അടിയന്തരമായി യാഥാർഥ്യമാകേണ്ടതുണ്ട്. ഇത്തരം സമഗ്രവും ക്രിയാത്മകവുമായ ഇടപെടലുകളിലൂടെ മാത്രമേ സംസ്ഥാനത്തെ സ്വകാര്യമേഖലയ്ക്ക് ഇനി കരുത്താർജിക്കാനാകൂ.

## ഐ.ടി മേഖല നൽകുന്ന മാതൃക

കേരളത്തിന്റെ സവിശേഷമായ രാഷ്ട്രീയസാഹചര്യങ്ങളിൽ, സ്വകാര്യമേഖലയിലെ ട്രേഡ് യൂണിയൻ ഇടപെടലുകൾ എത്രത്തോളം പ്രായോഗികമായി നിയന്ത്രിക്കാനാകും എന്നത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്ക് അത്തരമൊരു നിയന്ത്രണം ആവശ്യമാണ്. ഈയൊരു മാറ്റത്തിന് ഏറ്റവും മികച്ച മാതൃകയായി ചൂണ്ടിക്കാണിക്കാവുന്നത് സംസ്ഥാനത്തെ ഐ.ടി. മേഖലയെയാണ്. തൊഴിലാളിസംഘടനകളുടെ ഐ.ടി. വിഭാഗങ്ങൾ കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, പരമ്പരാഗത യൂണിയനുകളുടെ പ്രവർത്തനശൈലിയിൽനിന്നു തികച്ചും വിഭിന്നമാണ് അവയുടെ സ്വഭാവം. ഐ.ടി. വ്യവസായത്തിന്റെ സവിശേഷമായ തൊഴിൽസംസ്കാരവും അന്താരാഷ്ട്ര മാനവശേഷി നയങ്ങളുമാണ് ഈ ഗുണപരമായ മാറ്റത്തിനടിസ്ഥാനം.

തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾ കവർന്നെടുത്തുകൊണ്ടല്ല ഐ.ടി. മേഖല ഇന്നുകാണുന്ന വളർച്ച കൈവരിച്ചത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മറിച്ച്, തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ ഉരുത്തിരിഞ്ഞ സൗഹാർദപരമായ സംവാദങ്ങളും, അവരുടെ തൊഴിൽബന്ധങ്ങളിൽ കൈവരിച്ച ഉയർന്ന പ്രഫഷണലിസവുമാണ് ആ വിജയത്തിനു പിന്നിൽ.

സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ നാം പിന്തുടരേണ്ടത് ഇതേ 'കേരള ഐ.ടി. മോഡൽ' തന്നെയാണ്. സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനൊപ്പംതന്നെ മികച്ചൊരു നിക്ഷേപസൗഹൃദ അന്തരീക്ഷം കെട്ടിപ്പടുക്കാനും അത്തരം മാതൃകയിലൂടെ മാത്രമേ സാധിക്കൂ. നിക്ഷേപകരെ ശത്രുപക്ഷത്ത് നിറുത്തുന്ന മനോഭാവം നാം പൂർണമായും വെടിയേണ്ടതുണ്ട്. സ്വന്തം നാട്ടിൽ മുതൽമുടക്കാൻ സന്നദ്ധരാകുന്ന സംരംഭകരെപ്പോലും അന്യനാടുകളിലേക്ക് ചേക്കേറാൻ നിർബന്ധിതരാക്കുന്ന സാഹചര്യം ഒഴിവാക്കാനെങ്കിലും അടിയന്തരമായ ചില തിരുത്തലുകൾക്ക് നാം തയ്യാറായേ തീരൂ. ■

(ലേഖകൻ: മുൻ ഡെപ്യൂട്ടി ഡയറക്ടർ, കേരള ടൂറിസം വകുപ്പ് & ടൂറിസം കൺസൾട്ടന്റ്)



വിനോദ് നാരായൺ

# തുടക്കങ്ങളുടെ സ്പന്ദനങ്ങൾ

**കർമരഹിതമായ നേരങ്ങൾ തീർക്കുന്ന അസ്തിത്വപരമായ ശൂന്യതയിൽ, സ്വന്തം വേരുകളിലേക്ക് തിരിഞ്ഞുനോക്കുന്ന ഒരു പ്രവാസിയുടെ ഏകാന്തമായ ആത്മവിചാരങ്ങളാണിത്. കാലം മായ്ക്കാത്ത പരാജയങ്ങളെയും നാടിന്റെ ജീർണിച്ച വ്യവസ്ഥിതികളെയും ദാർശനികമായി നോക്കിക്കണ്ട്, പുതിയൊരു തുടക്കത്തിനായുള്ള ആത്മാന്വേഷണം.**



ഒരവധിക്കാലംക്കൂടി പിന്നിട്ട്, കഴിഞ്ഞയാഴ്ചയാണ് നാട്ടിൽനിന്ന് അമേരിക്കയിൽ തിരിച്ചെത്തിയത്. മുൻയാത്രകളിൽനിന്നൊക്കെ തികച്ചും വിഭിന്നമായൊരനുഭവമായിരുന്നു ഇത്തവണത്തേത്. കാരണം, തിരഞ്ഞപ്പോഴാണ് മനസ്സിലായത്, ഈ മൂന്നാഴ്ചക്കാലം തീർത്തും 'ഉപയോഗശൂന്യമായി' ഞാൻ പാഴാക്കിക്കളഞ്ഞുവെന്ന കുറ്റബോധമാണ് ആ അസ്വസ്ഥതയ്ക്ക് പിന്നിലെന്ന്. അവധിയാഘോഷിക്കാനാണ് നാട്ടിലേക്കുള്ള വരവെങ്കിലും, മറ്റേതെങ്കിലുമൊരിടത്തേക്കുള്ള വിനോദയാത്രപോലെ പരിഗണിക്കാനാവില്ലല്ലോ സ്വന്തം നാടിനെ. ഒരുപക്ഷേ, കർമങ്ങളൊന്നുമില്ലാതെ സമയം ഒഴുകിപ്പോകാൻ അനുവദിച്ചതുകൊണ്ടാവാം ഇത്തരമൊരു ശൂന്യത അനുഭവപ്പെട്ടത്.

അമ്മയുണ്ടായിരുന്ന കാലത്ത് ഈ ഏകാന്തത എന്നെ അലട്ടിയിരുന്നില്ല. മറ്റൊന്നും ചെയ്യാനില്ലെങ്കിലും, അമ്മയുടെ സാമീപ്യത്തിൽ വെറുതെയിരിക്കുന്നതുതന്നെ ആ ജന്മനാട്ടിലേക്കുള്ള യാത്രയെ അർഥപൂർണമാക്കിയിരുന്നു. ഇത്തവണ മൂന്നാഴ്ചയോളം കേരളത്തിലുണ്ടായിരുന്നു. അതിൽ ആറേഴുദിവസം പനിപിടിച്ച് കിടപ്പിലായെങ്കിലും, ബാക്കി സമയം സുഹൃത്തുക്കളെയും ബന്ധുക്കളെയും കാണാനും ഒരു വിവാഹത്തിൽ പങ്കെടുക്കാനും കഴിഞ്ഞു. എന്നിട്ടും, എവിടെയോ സമയം വെറുതെ കളഞ്ഞുവെന്നൊരു നേരിയ നൊമ്പരം ബാക്കിനിൽക്കുന്നു.

ബിസിനസ്സിലെ പരാജയങ്ങളെ ഒരു വ്യക്തിയുടെ അനുഭവസമ്പത്തായി നോക്കിക്കാണാൻ പാകത്തിൽ നമ്മുടെ സമൂഹം പക്വത പ്രാപിക്കേണ്ടതുണ്ട്. പരാജയങ്ങൾ പാഠങ്ങളായി മാറുമ്പോൾ മാത്രമേ കൂടുതൽ പേർ പുതിയ പരീക്ഷണങ്ങൾക്ക് തയ്യാറാവുകയുള്ളൂ.



## കർമവും അസ്തിത്വവും

പിന്നീട് സ്വസ്ഥമായി ചിന്തിച്ചപ്പോഴാണ്, എന്റെ തൊഴിലിനെയും ഇവിടത്തെ ചിട്ടകളെയും ഞാൻ എത്രമാത്രം നെഞ്ചിലേറ്റിയിരുന്നുവെന്നു തിരിച്ചറിയുന്നത്. യാത്ര തിരിക്കും മുൻപ് ഒരു സഹപ്രവർത്തകൻ ഉപദേശിച്ചു, "ഈ മൂന്നാഴ്ച ജോലിയെക്കുറിച്ചുള്ള ചിന്തകളൊക്കെ മാറ്റിവെച്ച് പോയി വരൂ" എന്ന്. അദ്ദേഹവും രണ്ടു മാസം മുൻപ് കേരളത്തിൽ വിനോദയാത്ര പോയിവന്നതാണ്. എന്നാൽ, അദ്ദേഹത്തിന്റെ യാത്രയും എന്റേതും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. അദ്ദേഹം കേരളത്തിൽ ഒരു വിനോദസഞ്ചാരി മാത്രമാണ്; എന്നാൽ, ഞാനൊരു മലയാളിയാണ്, എന്റെ വേരുകളിലേക്കാണ് ഞാൻ യാത്ര ചെയ്യുന്നത്.

അപരിചിതമായൊരു ദേശത്തേക്കു പോകുമ്പോൾ അവിടെ നമുക്ക് ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടാകില്ല. ആ നാടു കാണുക, അവിടത്തെ സംസ്കാരം തൊട്ടറിയുക, രുചിഭേദങ്ങൾ ആസ്വദിക്കുക എന്നതൊക്കെയാവും നമ്മുടെ ദൗത്യങ്ങൾ. എന്നാൽ, സ്വന്തം നാട്ടിലെത്തുമ്പോൾ അത്തരം ദൗത്യങ്ങളൊന്നുമില്ല. സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും അവരുടേതായ തൊഴിലുണ്ട്, ജീവിതചര്യകളുണ്ട്. അതിനിടയിൽ, കൃത്യമായ പണികളൊന്നുമില്ലാതെ സമയംകൊല്ലുന്ന ഒരു അന്യനെപ്പോലെ ഞാൻ ഒറ്റപ്പെട്ടുവെന്നതാണ് യാഥാർഥ്യം.

ജീവിതത്തിൽ തൊഴിലിനുള്ള അനിവാര്യമായ സ്ഥാനത്തെക്കുറിച്ച് ഈ യാത്ര എന്നെ വല്ലാതെ ബോധവാനാക്കി. എന്റെ ചിന്താമണ്ഡലംതന്നെ രൂപപ്പെട്ടിരിക്കുന്നത് എന്റെ കർമമേഖലയുമായി ബന്ധപ്പെട്ടാണ്. എന്റെ സുഹൃദ്വലയത്തിൽ കോർപ്പറേറ്റ് മേഖലയ്ക്ക് പുറത്തു നിൽക്കുന്നവരുണ്ട്, വിരമിച്ചവരുണ്ട്. എന്നാൽ, അവർക്കെല്ലാം അവരുടേതായ തിരക്കുകളുണ്ടായിരുന്നു; എനിക്കൊഴിച്ച്. വിരമിച്ച ഒരു സുഹൃത്തിനോട് ഈ ആവലാതി പങ്കുവെച്ചപ്പോൾ, അദ്ദേഹം ചോദിച്ചത് "സ്വന്തമായി എന്തെങ്കിലും സംരംഭം തുടങ്ങിക്കൂടേ?" എന്നാണ്. 'നോക്കാം' എന്ന് ഒറ്റവാക്കിൽ മറുപടി നൽകിയെങ്കിലും, ഞാനതിന് മുതിരില്ലെന്ന് എനിക്ക് നല്ല നിശ്ചയമുണ്ട്. മറ്റുള്ളവരെ സഹായിക്കാനും എന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാനും ഞാൻ തയ്യാറാണ്, പക്ഷേ, ഒരു സംരംഭകൻ എന്ന കുപ്പായം എനിക്കിനി പാകമാകില്ല.

മുപ്പത്തിമൂന്നു വർഷങ്ങൾക്കു മുൻപ്, കലാലയജീവിതം അവസാനിപ്പിച്ച് പുറത്തിറങ്ങിയ കാലം. മൂന്നുമാസം ജോലി അന്വേഷിച്ചിട്ട് ലഭിക്കാതെ വന്നപ്പോൾ ഒരു സംരംഭകനാകാൻ ഞാൻ തീരുമാനിച്ചു. ഒന്നല്ല, പല സംരംഭങ്ങൾ തുടർച്ചയായി പരീക്ഷിച്ചു പരാജയപ്പെട്ടു. എല്ലാം തകർന്നു തരിപ്പണമായപ്പോൾ, ഇനി നാട്ടിൽ നിന്നാൽ രക്ഷയില്ലെന്ന തിരിച്ചറിവിലാണ് നാടുവിടുന്നത്. അതൊരിക്കലും നാടിന്റെ കുഴപ്പമായിരുന്നില്ല, എന്റെ മാത്രം കഴിവുകേടായിരുന്നു. അമേരിക്കയിലെത്തിയിട്ടും ആദ്യത്തെ ഏഴുവർഷം ബിസിനസ്സ് പരീക്ഷിച്ച് പരാജയം രുചിച്ചു. എന്നെ ഇതിനു കൊള്ളില്ല എന്നു മനസ്സിലാക്കാൻ ഒരുപാട് കാലമെടുത്തു എന്നതാണ് സത്യം. പതിനാറ് വർഷം മുൻപാണ്, തുടർച്ചയായി പരാജയങ്ങൾ ഏറ്റുവാങ്ങിയ ആ 'സീരിയൽ സംരംഭകന്റെ' കുപ്പായം അഴിച്ചുവച്ച് ഞാനൊരു ഉദ്യോഗസ്ഥനാകുന്നത്. എന്റെ ജീവിതത്തിൽ ഞാൻ കൈക്കൊണ്ട ഏറ്റവും വിവേകപൂർണമായ തീരുമാനം അതായിരുന്നു. ജീവിതത്തിന്റെ തിരമാലകളിൽ മുങ്ങിപ്പോകാതെ ഞാൻ ഇന്നും പിടിച്ചുനിൽക്കുന്നത് ആ ഒറ്റ തീരുമാനത്തിന്റെ ബലത്തിലാണ്.



## മൂലധനവും മലയാളിബോധവും

വീണ്ടുമൊരു സംരംഭം എന്നത് ശ്രമകരമാണ്. എല്ലാവരും സംരംഭകരാകണമെന്നില്ല, എന്നാൽ, ഒരാൾക്ക് സംരംഭകനാകാനുള്ള അനുകൂലസാഹചര്യം ഒരു സമൂഹത്തിൽ അനിവാര്യമായും ഉണ്ടായിരിക്കണം. ഒരു ബിസിനസ്സ് തുടങ്ങാനും, അതു പരാജയപ്പെട്ടാൽ വലിയ നിയമക്കുരുക്കുകളില്ലാതെ അത് അവസാനിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടാകണം. ബിസിനസ്സിലെ പരാജയങ്ങളെ ഒരു വ്യക്തിയുടെ അനുഭവസമ്പത്തായി നോക്കിക്കാണാൻ പാകത്തിൽ നമ്മുടെ സമൂഹം പക്വത പ്രാപിക്കേണ്ടതുണ്ട്. പരാജയങ്ങൾ പാഠങ്ങളായി മാറുമ്പോൾ മാത്രമേ കൂടുതൽ പേർ പുതിയ പരീക്ഷണങ്ങൾക്ക് തയ്യാറാവുകയുള്ളൂ. ഇന്നു പലരും സംരംഭങ്ങൾ തുടങ്ങുകയും അതിൽ വിജയം വരിക്കുകയും ചെയ്യുന്നത് കാണുമ്പോൾ അതിയായ സന്തോഷമുണ്ട്.

ഇതൊക്കെ ഇന്നത്തെ സാഹചര്യത്തിലായിരുന്നെങ്കിൽ ഞാൻ വിജയിക്കുമായിരുന്നോ എന്നു ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട്. ചുറ്റുപാടുകൾക്ക് അതിൽ പങ്കുണ്ടെന്നു സമ്മതിക്കുമ്പോൾത്തന്നെ, എന്റെ കാര്യത്തിൽ സാഹചര്യങ്ങളെക്കാളേറെ എന്റെ കഴിവുകേടും ചിന്താഗതിയിലുണ്ടായിരുന്ന ചില അടിസ്ഥാനപരമായ പാളിച്ചകളുമാണ് എനിക്ക് വിനയായത്.

'മുതലാളി' എന്ന പദത്തോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ ഇന്ന് ഏറെ മാറ്റം വന്നിട്ടുണ്ടെങ്കിലും, പണമുണ്ടാക്കുന്നത് എന്തോ വലിയ അപരാധമാണെന്ന അബദ്ധധാരണ ഇന്നും പൂർണമായി മാഞ്ഞുപോയിട്ടില്ല. 'ലാഭം' എന്നതു കേൾക്കാൻ പാടില്ലാത്ത ഒരു മോശം വാക്കായി കരുതുന്നവർ ഇന്നുമുണ്ട്. പണം എല്ലാവർക്കും ആവശ്യമാണ്, എന്നാൽ സാമ്പത്തികനേട്ടത്തിനുവേണ്ടിയാണ് പലതും ചെയ്യുന്നത് എന്നു തുറന്നുസമ്മതിക്കാൻ നമുക്കെന്തോ വലിയ മടിയാണ്. നമ്മൾ മലയാളികളുടെ പൊതുബോധത്തിൽ ആഴത്തിൽ വേരോടിയ ഒരു കാപട്യമാണത്. മുതലാളിമാരെല്ലാം ചൂഷകരും തൊഴിലാളികളെല്ലാം പുണ്യവാളന്മാരുമാണെന്ന് സ്ഥാപിക്കുന്ന കഥകളും ആഖ്യാനങ്ങളും കേട്ട് വളർന്നതിന്റെ ബാക്കിപത്രമാണത്. ഏതു പക്ഷത്തായാലും നന്മയും തിന്മയുമുണ്ട്. പ്രതിസന്ധികളെയും നഷ്ടസാധ്യതകളെയും നേരിടാൻ തയ്യാറാകുന്ന ഒരു വ്യക്തിക്ക് സാമ്പത്തികമായി കൂടുതൽ ഉയർച്ചയുണ്ടാകുന്നത് തന്നെയല്ലേ യഥാർഥ നീതി?

**'ലാഭം' എന്നതു കേൾക്കാൻ പാടില്ലാത്ത ഒരു മോശം വാക്കായി കരുതുന്നവർ ഇന്നുമുണ്ട്. പണം എല്ലാവർക്കും ആവശ്യമാണ്, എന്നാൽ സാമ്പത്തികനേട്ടത്തിനുവേണ്ടിയാണ് പലതും ചെയ്യുന്നത് എന്നു തുറന്നുസമ്മതിക്കാൻ നമുക്കെന്തോ വലിയ മടിയാണ്. നമ്മൾ മലയാളികളുടെ പൊതുബോധത്തിൽ ആഴത്തിൽ വേരോടിയ ഒരു കാപട്യമാണത്.**

നമ്മൾ പരസ്പരം കൈമാറുന്ന കഥകളാണ് പിന്നീട് നമ്മുടെ ചിന്തകളെ സ്വാധീനിക്കുന്നതും സമൂഹത്തിന്റെ യാഥാർഥ്യങ്ങളായി മാറുന്നതും. ഫ്യൂഡൽ സമീന്ദാരി വ്യവസ്ഥയെയും ആധുനിക സംരംഭകത്വത്തെയും ഒരേ തട്ടിലിട്ട് അളക്കുന്ന ഒരു ബൗദ്ധിക അപരാധം നാം കാലങ്ങളായി ചെയ്തുപോരുന്നുണ്ട്. പാരമ്പര്യസ്വത്തിൽ അലസരായി ജീവിക്കുന്നവരെയും, സ്വന്തം വിയർപ്പുകൊണ്ട് ഉയർന്നുവരുന്ന സംരംഭകനെയും ഒരേപോലെ വില്ലൻ വേഷം കെട്ടിക്കുന്ന

എത്രയോ സിനിമകൾ നാം കണ്ടിരിക്കുന്നു. ഇവയൊക്കെ നമ്മുടെ ചിന്തകളെ സാരമായി ബാധിച്ചിട്ടുണ്ട്.

മുപ്പതുവർഷം മുൻപ്, ഒരു സ്റ്റാർട്ടപ്പിൽ പണമിറക്കുന്ന വ്യക്തി ഇന്നു നാം ഇൻവെസ്റ്റർ എന്നു വിളിക്കുന്നയാൾ ഒരു സാമൂഹികസേവനമാണ് ചെയ്യുന്നതെന്ന് ചിന്തിക്കാൻ പോലുമുള്ള പക്വത നമുക്കുണ്ടായിരുന്നില്ല. കടം വാങ്ങുന്നതിനെക്കാൾ എത്രയോ സുരക്ഷിതമായ സംവിധാനമാണ് നിക്ഷേപം. അന്നു പണവുമായി വരുന്നവരെല്ലാം കൊള്ളപ്പലിശക്കാരായാണ് സമൂഹവും മാധ്യമങ്ങളും ചിത്രീകരിച്ചിരുന്നത്.

എന്റെ ബിസിനസ്സ് കാലത്ത്, "ഈ കമ്പ്യൂട്ടറൊക്കെ വിറ്റ് നല്ല ലാഭമുണ്ടാക്കുന്നില്ലേ?" എന്നു ചോദിച്ച ഒരു ഉപഭോക്താവിനോട്, "അയ്യേ... ലാഭമൊന്നുമില്ല" എന്നു ഞാൻ മറുപടി പറഞ്ഞത് ഇന്നോർക്കുമ്പോൾ വലിയ തമാശയായി തോന്നുന്നു. ലാഭമുണ്ടാക്കുന്നത് എന്തോ വലിയ കുറ്റകൃത്യമാണെന്നായിരുന്നു അന്നത്തെ എന്റെയും ധാരണ. ആ ചിന്താഗതി വച്ച് ഞാൻ പരാജയപ്പെട്ടില്ലെങ്കിലേ അദ്ഭുതമുള്ളൂ. ലാഭവും സ്വകാര്യ നിക്ഷേപവുമൊക്കെ തെറ്റാണെന്ന ആ പഴയ ബോധത്തിൽനിന്നു ഒരു സമൂഹമെന്ന നിലയിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും, ഇനിയും ബഹുദൂരം സഞ്ചരിക്കാനുണ്ട്.

**സർക്കാരിലും സ്ഥാപനങ്ങളിലും സമൂഹത്തിലും വ്യക്തികളിലുമെല്ലാം ഇത് അനിവാര്യമാണ്. മറ്റുള്ളവരോട് ഉത്തരവാദിത്വം ആവശ്യപ്പെടുമ്പോൾ, നമ്മൾ നമ്മളോടുതന്നെ അക്കൗണ്ടബിൾ ആകുന്നുണ്ടോ എന്ന ചോദ്യം നമ്മെ അലട്ടണം. മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ നമുക്ക് എളുപ്പമാണ്.**



## വ്യവസ്ഥിതിയും ഉത്തരവാദിത്വവും

വ്യവസ്ഥിതി, ഉത്തരവാദിത്വബോധം എന്നീ രണ്ട് സങ്കല്പങ്ങളെക്കുറിച്ച് കേരളത്തിലും ഇന്ത്യയിലും കൂടുതൽ ഗൗരവമായ ചർച്ചകൾ ഉയരേണ്ടതുണ്ട്. അതു പൊതുമേഖലയിലായാലും സ്വകാര്യമേഖലയിലായാലും. ഇത്തവണ നാട്ടിലെത്തിയപ്പോൾ ചില സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിൽ എനിക്ക് കയറിയിറങ്ങേണ്ടിവന്നു. അവിടെനിന്നാണ് ഈ കാര്യങ്ങൾ വീണ്ടും മനസ്സിലേക്ക് കയറിവന്നത്.

അമേരിക്കയിൽ ഒരു സ്ഥാപനത്തിൽ ചെല്ലുമ്പോൾ, അവിടെയുള്ള ഉദ്യോഗസ്ഥനെ എനിക്ക് മുൻപരിചയമുണ്ടോ എന്നത് ഞാൻ നോക്കാറില്ല. അതൊരു വ്യവസ്ഥിതിയുടെ ഭാഗമാണ്. മേശയ്ക്കപ്പുറം ഇരിക്കുന്നത് ആരായാലും എന്റെ ആവശ്യം അവിടെ നടക്കുമെന്ന പൂർണ വിശ്വാസമുണ്ട്. നാട്ടിൽ ആ വിശ്വാസം നഷ്ടപ്പെട്ടതുപോലെ. ഉദ്യോഗസ്ഥന്റെ അറിവ്, ജോലി ചെയ്യാനുള്ള താല്പര്യം, അദ്ദേഹവുമായുള്ള എന്റെ വ്യക്തിപരമായ പരിചയം - ഇതൊക്കെയാണ് എന്റെ കാര്യം എത്ര വേഗത്തിൽ നടക്കും എന്നു തീരുമാനിക്കുന്നത്. ഇതൊരിക്കലും വ്യക്തികളുടെ കുഴപ്പമല്ല, മറിച്ച്, സിസ്റ്റത്തിന്റെ പ്രശ്നമാണ്. ഉദ്യോഗസ്ഥൻ ആരായാലും, സിസ്റ്റം പ്രവചനാത്മകമാകണം (predictable). എനിക്കും മറ്റൊരാൾക്കും ഒരേപോലെ മികച്ച സേവനം ലഭിക്കണം. അതൊരു അടിസ്ഥാനാവശ്യമാണ്. കാലങ്ങളായി അമേരിക്കയിൽ ജീവിച്ചതുകൊണ്ട് നാടിനെ കുറ്റം പറയുകയാണോ എന്നു ഞാൻ ചിന്തിച്ചു. പക്ഷേ, നാട്ടിലുള്ളവരോട് ചോദിച്ചപ്പോൾ അവരും സമ്മതിച്ചു, ഇതൊരു ഗുരുതരമായ പ്രശ്നം തന്നെയാണെന്ന്.

മറ്റൊന്ന് ഉത്തരവാദിത്വബോധമാണ്. സർക്കാരിലും സ്ഥാപനങ്ങളിലും സമൂഹത്തിലും വ്യക്തികളിലുമെല്ലാം ഇത് അനിവാര്യമാണ്. മറ്റുള്ളവരോട് ഉത്തരവാദിത്വം ആവശ്യപ്പെടുമ്പോൾ, നമ്മൾ നമ്മളോടുതന്നെ അക്കൗണ്ടബിൾ ആകുന്നുണ്ടോ എന്ന ചോദ്യം നമ്മെ അലട്ടണം. മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടുപിടിക്കാൻ നമുക്ക് എളുപ്പമാണ്. നാം നിൽക്കുന്നത് ശരിയുടെ പക്ഷത്തല്ലെങ്കിൽക്കൂടിയും മറ്റുള്ളവരുടെ വീഴ്ചകൾ ചൂണ്ടിക്കാണിക്കാൻ നമ്മൾ മിടുക്കരാണ്. പക്ഷേ, 'നമ്മൾ എന്തു ചെയ്യുന്നു?' എന്ന ചോദ്യമാണ് അവിടെ ഏറ്റവും പ്രസക്തം.

യാത്രയ്ക്കിടയിൽ പത്തു ദിവസം പനിച്ച് കിടപ്പിലായതുകൊണ്ടാവാം, സ്വയം വിലയിരുത്താനും ചില ആഴത്തിലുള്ള ചിന്തകൾക്കും എനിക്ക് സമയം ലഭിച്ചു. ചില കാര്യങ്ങൾ അങ്ങനെത്തന്നെ തുടരുന്നതിൽ യാതൊരു അർഥവുമില്ലെന്ന് എനിക്ക് ബോധ്യമായി. മാറ്റങ്ങൾക്ക് എപ്പോഴും പുതിയ തുടക്കങ്ങൾ ആവശ്യമാണ്. അതാണ് ഈ യാത്ര എനിക്കു നൽകിയ ഏറ്റവും വലിയ തിരിച്ചറിവ്.

അവിടെയൊരു ചോദ്യം അവശേഷിക്കുന്നു: 'തുടർച്ച' വേണോ അതോ 'തുടക്കം' വേണോ?

Start or Continue... that is the million-dollar question...

തുടക്കങ്ങളിൽ എപ്പോഴും ഒരു പുതിയ ജീവന്റെ സ്പന്ദനമുണ്ട്; തുടർച്ചകളിലാകട്ടെ പലപ്പോഴും ഒന്നുമില്ല. അപ്പോൾ, പുതിയതായിത്തന്നെ തുടങ്ങാം... ■

**അഭിമുഖം | വി. ആർ. സുധീഷ് / ഡോ. സ്മിത ജി. നായർ**



**അരനൂറ്റാണ്ടു നീണ്ട ഒരു സർഗജീവിതം കേവലം അക്ഷരങ്ങളുടെ കൂട്ടിവയ്ക്കലുകളല്ല; അതു കാലത്തിന്റെ ഏകാന്തതകളിൽനിന്ന് ഒരു മനുഷ്യൻ കണ്ടെടുക്കുന്ന സംഗീതമാണ്. പ്രകൃതിയുടെ നിസ്സഹായതകളും മനുഷ്യന്റെ അടങ്ങാത്ത പ്രണയവും സംഗീതത്തിന്റെ ആത്മീയതയും ഇഴചേരുന്ന ആ എഴുത്തുജീവിതം അതിന്റെ അൻപതാണ്ട് പിന്നിടുമ്പോൾ, ഇവിടെ തന്റെ ഓർമകളിലേക്ക് തിരിഞ്ഞുനോക്കുകയാണ് വി.ആർ.സുധീഷ്. വാക്കുകളിൽ സംഗീതത്തിന്റെ അദൃശ്യമായ രാഗങ്ങൾ ഒളിപ്പിച്ചുവച്ച ഈ എഴുത്തുകാരനുമായുള്ള സംഭാഷണം കേവലമൊരു അഭിമുഖമല്ല; മറിച്ച്, കാലത്തിന്റെ തീരത്തുനിന്നുള്ള ചില ആത്മഭാഷണങ്ങളാണ്.**

# സെൻസർഷിപ്പ് എഴുത്തിലെ ഫയർ നഷ്ടമാക്കും



### എഴുത്തിന്റെ അൻപത് വർഷങ്ങൾ തികയുകയാണല്ലോ. കുട്ടിക്കാലത്ത് വായനയിലേക്ക് എത്തപ്പെട്ടത് എങ്ങനെയായിരുന്നു?

സംഗീതത്തിലൂടെയാണ് ഞാൻ അക്ഷരങ്ങളിലെത്തിയത്. കവികളെഴുതിയ പാട്ടുഭാഷയാണ് ഞാൻ വായിച്ച ആദ്യ സാഹിത്യം. അന്നത്തെ നാട്ടിൻപുറവും വീടിനകവുമെല്ലാം പാട്ട് മുഖരിതമായിരുന്നു. കുടുംബത്തോടൊപ്പം ഞാൻ ജോലിമാറ്റത്തിനനുസരിച്ച് ഒരുപാട് നാട്ടിൻപുറങ്ങളിലൂടെ സഞ്ചരിച്ചു. എല്ലായിടത്തും മനുഷ്യർക്കും ഒരേ മുഖമായിരുന്നു. പാടങ്ങളും തോടുകളും മലകളും കാടും കടലുമൊക്കെ ഒരേ ദൃശ്യഭംഗി പകർന്നു. ചുറ്റുമുള്ള കൂട്ടുകാരുടെ ലോകത്തിൽനിന്നു ഞാൻ കഥ കണ്ടെത്തി.



▶വി.ആർ.സുധീഷ്, അടൂർ ഗോപാലകൃഷ്ണൻ, കാക്കനാടൻ

### ആദ്യത്തെ എഴുത്ത് എന്തായിരുന്നു? ആദ്യം പ്രസിദ്ധപ്പെടുത്തിയത് എവിടെയായിരുന്നു?

എന്തും ഏതും എഴുതുമായിരുന്നു. കണ്ടതും കേട്ടതുമൊക്കെ. കഥയൊന്നും കാര്യഗൗരവം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അതൊന്നും സൂക്ഷിച്ചുവച്ചില്ല. ഓർമയിലുമില്ല.

### വിദ്യാഭ്യാസകാലമാണല്ലോ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നത്. അക്കാലത്തെ എഴുത്ത്, വായനാനുഭവങ്ങൾ എങ്ങനെയായിരുന്നു?

സ്കൂളിൽ പഠിച്ച ഒരു കാരൂർ കഥയാണ് എന്നെ മാറ്റിമറിച്ചത്. അങ്ങനെ എഴുതണമെന്നു മനസ്സ് ശഠിച്ചു. ചിരപരിചിതമായ എഴുത്തിൽനിന്നു മാറിയത് കോളെജിലെത്തിയപ്പോഴാണ്. അപ്പോൾ, ആധുനികതയുടെ കാലമായിരുന്നു. ക്ഷോഭിക്കുകയും ത്രസിപ്പിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന കഥകൾ നാനാഭാഷകളിൽനിന്ന് എന്റെ തലച്ചോറിനെ മഥിച്ചു. തീർത്തും കാല്പനികനായ ഞാൻ ആധുനികതയിലൂടെ മറ്റൊരു വഴി തേടി.

### കോഴിക്കോട് താങ്കളുടെ ജീവിതത്തിന്റെ ഭാഗമാണ്.



**വലിയ എഴുത്തുകാരുമായുള്ള സഹവാസമാണ് എഴുത്തുജീവിതത്തിലെ എന്റെ വലിയ സാർഥകത. അവർക്കെല്ലാം അവരുടേതായ ഔന്നത്യമുണ്ടായിരുന്നു. അവരിൽനിന്നു പഠിക്കാൻ ഏറെയുണ്ടായിരുന്നു.**

**കോഴിക്കോട്ടെ എഴുത്തുകാരുമായുള്ള താങ്കളുടെ സൗഹൃദബന്ധങ്ങൾ വേറിട്ട അനുഭവങ്ങൾ തന്നെയാണ്. ബഷീറുമായുള്ള പരിചയവും അനുഭവങ്ങളും പറയൂ.**

വലിയ എഴുത്തുകാരുമായുള്ള സഹവാസമാണ് എഴുത്തുജീവിതത്തിലെ എന്റെ വലിയ സാർഥകത. അവർക്കെല്ലാം അവരുടേതായ ഔന്നത്യമുണ്ടായിരുന്നു. അവരിൽനിന്നു പഠിക്കാൻ ഏറെയുണ്ടായിരുന്നു. ബഷീറിന്റെ സാന്നിധ്യം നമുക്ക് അപാരമായ രാസദീപ്തി പകർന്നു തരും. കാലങ്ങളുടെ ചരിത്രഭൂപടം നാം ബഷീറിന്റെ ശരീരത്തിലും വാക്കുകളിലും വായിച്ചെടുക്കും. വെറുമൊരു മനുഷ്യൻഎന്നുതോന്നുന്ന വലിയ അദ്ഭുതം; അതാണ് ബഷീർ.

**എം.ടി. വാസുദേവൻ നായരുമായും സുകുമാർ അഴീക്കോടുമായും അടുപ്പം സൂക്ഷിച്ച വ്യക്തിയാണല്ലോ. എം.ടിയെ പരിചയപ്പെട്ടതെങ്ങനെയായിരുന്നു?**

എന്റെ അയൽവാസിയായിരുന്ന പുനത്തിൽ കുഞ്ഞബ്ദുള്ളയാണ് എം.ടിയെ പരിചയപ്പെടുത്തുന്നത്. അപ്പോഴേക്കും എന്റെ കുറെ കഥകൾ അച്ചടിച്ചുവന്നിരുന്നു. എം.ടി. അതൊക്കെ വായിച്ചിരുന്നു. കഥകൾ ഇഷ്ടപ്പെട്ടതുകൊണ്ടാകാം എന്നെ കൂടെ കൂട്ടിയത്. വേദിയിൽ കലഹിച്ചിട്ടാണ് അഴീക്കോടുമായി അടുത്തത്. സാഗരഗർജനത്തിന് സാന്ത്വന നിമന്ത്രണമുണ്ടെന്ന് അടുത്തപ്പോൾ മനസ്സിലായി. കാലങ്ങളുടെ അകൽച്ചയില്ല. വാക്കുകളുടെ വിടർച്ചയിൽ നാം മുഗ്ധരാകുന്നു.

**എം.ടിയുടെ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി പ്രശാന്ത് നാരായണൻ സംവിധാനംചെയ്ത 'മഹാസാഗര'ത്തിന് ലിഖിതപാഠം തയ്യാറാക്കിയത് താങ്കളാണല്ലോ. ആ അനുഭവത്തെക്കുറിച്ച് വിശദീകരിക്കാമോ? രാമായണ-മഹാഭാരത പാഠങ്ങൾ വലിയ സംവാദങ്ങളുണ്ടാക്കുന്ന വർത്തമാനകാലത്ത് മഹാസാഗരത്തിന്റെ സാംസ്കാരിക പ്രസക്തി വിശദീകരിക്കാമോ?**

എം.ടിയുടെ രചനകളെ ആസ്പദമാക്കി ഒരു മണിക്കൂർ നാടകം, അതായിരുന്നു സംവിധായകന്റെ ആഗ്രഹം. അതിനനുസരിച്ച് ആ കഥാലോകത്തിലെ കഥാപാത്രങ്ങൾക്കൊപ്പം സഞ്ചരിച്ചു. കുട്ട്യേടത്തി മുതൽ വാരണാസി വരെ. അതിനൊരു ആദിമധ്യാന്തമില്ല. പക്ഷേ, വിഷ്വലുകൾ ശ്രദ്ധേയമായി. അതു പ്രശാന്ത് നാരായണന്റെ സിദ്ധി.

**അഴീക്കോടിന്റെ പ്രണയിനി വിലാസിനിടീച്ചറുമായുള്ള അകലം ഇല്ലാതായത് താങ്കളുടെകൂടി ശ്രമഫലമായാണ്. അഴീക്കോടുമായി അടുപ്പവും അകലവും കലർന്ന സമ്മിശ്രാനുഭവങ്ങളാണുള്ളത്. അതേക്കുറിച്ച് പറയുമോ?**

വിലാസിനിടീച്ചർ കോളെജിൽ എന്നെ പഠിപ്പിച്ചിട്ടുണ്ട്. അഴീക്കോട് പഠിപ്പിച്ചിട്ടില്ല. രണ്ടുപേരും എനിക്ക് ഗുരുശ്രേഷ്ഠരാണ്. ടീച്ചറുടെ മനസ്സിൽ ജീവപര്യന്തപ്രണയമാണ് മാഷോട്. അതേക്കുറിച്ച് എന്നോടു പറയാറുണ്ട്. അതുകൊണ്ട് ഞാൻ അവരെ വൈകിയ സായംകാലത്ത് അടുപ്പിക്കാൻ നോക്കി. സമയം കഴിഞ്ഞുപോയി

രുന്നു. കാലം മാഷെ തിരികെ വിളിച്ചു. വലിയ ശാഠ്യക്കാരനായിരുന്നു, മാഷ്. ശകാരത്തോടെയുള്ള വാദമുഖങ്ങളെ ഞാനും എന്നാലാവുംവിധം തടുത്തു. ഇപ്പോൾ ഓർക്കുമ്പോൾ ചിരിക്കാനേറെ.

**ആധുനിക മലയാള കഥയിൽ, മനുഷ്യകേന്ദ്രിത പ്രപഞ്ചബോധത്തിൽനിന്ന് വ്യത്യസ്തമായി പ്രപഞ്ചകേന്ദ്രിത പാരിസ്ഥിതികബോധത്തിൽനിന്നു സംസാരിച്ച കഥകളിലൊന്നാണ് താങ്കളുടെ 'വംശാനന്തരതലമുറ'. തവളയുടെ ജീവിതത്തിലൂടെ മനുഷ്യേതര ജൈവലോകത്തിന്റെ നോവുകൾ അടയാളപ്പെടുത്തുന്നുണ്ട്, ആ കഥ. ആ കഥ ഉടലെടുത്തതെങ്ങനെയാണ്? പ്രസിദ്ധപ്പെടുത്തിയതിനുശേഷമുള്ള അനുഭവങ്ങൾ എന്തൊക്കെയായിരുന്നു?**

കുട്ടിക്കാലത്തെ അനുഭവമായിരുന്നു 'വംശാനന്തരതലമുറ'. അങ്ങനെയൊരു കീറിമുറിക്കൽ അന്ന് സ്കൂൾ ക്ലാസിൽ നടന്നിരുന്നു. പത്തിരുപതുവർഷങ്ങൾക്കുശേഷമാണ് ആ ഓർമ കഥയായി വരുന്നത്. ഏറെ പ്രശംസിക്കപ്പെട്ടു. വലിയ എഴുത്തുകാരാണ് അഭിനന്ദിച്ചത്. പിന്നീട് ക്ലാസ് മുറികളിൽ ആ കഥ പഠിക്കപ്പെട്ടു. മുപ്പത്തിയഞ്ചുവർഷങ്ങൾ കഴിഞ്ഞു അത് എഴുതിയിട്ട്. മനുഷ്യേതരലോകം, നിസ്സഹായത, ത്യാഗം, കരുണ, കാരുണ്യം എന്നിങ്ങനെയുള്ള വിഷയങ്ങൾ ഒരുകാലത്തും കഥയ്ക്ക് അന്യമല്ല; പുതിയ ഭാഷയിൽ അവ നിർമിക്കുമ്പോൾ.

**മനുഷ്യജീവിതത്തെ, ഇക്കോസിസ്റ്റത്തെ പ്രധാനമായി കാണുന്നവകൂടിയാണ് താങ്കളുടെ കഥകൾ. ആദ്യകാലകഥകൾമുതൽ ഗന്ധർവൻ വരെയുള്ള സമാഹാരങ്ങളിൽ അതു കാണാം. കേരളത്തിൽ സമീപകാലത്തുണ്ടായിട്ടുള്ള കോവിഡ്-മഹാമാരി ഘട്ടത്തിലെ ആശങ്കകൾ 'ഗന്ധർവൻ' എന്ന സമാഹാരത്തിൽ കാണാം. കോവിഡ് ഏകാന്തഘട്ടത്തെ എങ്ങനെയാണ് അനുഭവിച്ചത്?**

ഏകാന്തനായി ജീവിക്കുന്ന ഒരാൾക്ക് കോവിഡ്കാലം വലിയ അപരിചിതത്വമൊന്നും നൽകുന്നില്ല. വ്യത്യസ്തരായ മനുഷ്യരെയും ഭാഷയെയും പരിചയപ്പെടാൻ കഴിഞ്ഞതാണ് ഒരനുഭവം. കോവിഡിന്റെ ഭീതിജനകമായ അന്തരീക്ഷത്തിലേക്ക് ഞാനറിയാതെ ഗന്ധർവൻ കയറിവരുകയായിരുന്നു. ആ കഥ എനിക്ക് വളരെ ഇഷ്ടമാണ്. കോവിഡ് ധാരാളം കഥകൾ എനിക്ക് പറഞ്ഞുതന്നു. ഒരുതരത്തിലുള്ള Rediscovery of Enlightenment ആയിരുന്നു എന്നെ സംബന്ധിച്ചിടത്തോളം കോവിഡ് കാലം; അതിന്റെ നോവും കെടുതികളും മറന്നുകൊണ്ട് പറയുകയാണെങ്കിൽ.

**പ്രണയം മിക്ക കഥകളിലും സജീവമാണ്. 'എന്റെ പ്രണയകഥകൾ' എന്ന പേരിൽ സമാഹാരമുണ്ട്. കൂടാതെ, മലയാളത്തിലെ പ്രധാന പ്രണയകഥകളും കവിതകളും സമാഹരിച്ചിട്ടുമുണ്ട്. പിതൃകേന്ദ്രിത അധികാരത്തെയും പുരുഷാധികാരത്തെയും മറികടക്കാൻ പലപ്പോഴും മലയാളകഥകളിലെ പ്രണയപുരുഷന്മാർക്ക് കഴിഞ്ഞിട്ടുണ്ടോ? കഥകളിലെ ചില കഥാപാത്രങ്ങളുടെ മാനസികാവസ്ഥ യാഥാസ്ഥിതികമാണെങ്കിൽ അതങ്ങനെ തന്നെ പറയേണ്ടതുണ്ട്. പക്ഷേ, എല്ലാവരും ഒരുപോലെ ആൺകോയ്മയിൽ തറഞ്ഞുനിൽക്കണമെന്നുമില്ലല്ലോ?**

രീതിവിശേഷങ്ങളെയും ശീലങ്ങളെയും മറികടക്കാൻ നമ്മുടെ എഴുത്തുകാർ പലപ്പോഴും മറക്കും. വേണ്ടെന്നുവച്ചിട്ടാണ്. ചിലപ്പോൾ വായനക്കാരെ ഭയന്നിട്ടാണ്. അവർ സ്വീകരിച്ചില്ലെങ്കിലോ എന്നോർത്ത്. ചിലർ "ഇതെന്റെ ശൈലിയാണ്" എന്ന വിശ്വാസത്തിൽ ഉറച്ചുനിൽക്കും. വി.കെ.എൻ. കഥക



▶വി.ആർ.സുധീഷ്, ബാലചന്ദ്രൻ ചുള്ളിക്കാടിനൊപ്പം

**രീതിവിശേഷങ്ങളെയും ശീലങ്ങളെയും മറികടക്കാൻ നമ്മുടെ എഴുത്തുകാർ പലപ്പോഴും മറക്കും. വേണ്ടെന്നു വച്ചിട്ടാണ്. ചിലപ്പോൾ വായനക്കാരെ ഭയന്നിട്ടാണ്.**



▶വി.ആർ.സുധീഷ്, ജയചന്ദ്രനൊപ്പം

ളെല്ലാം ആൺകോയ്മകളാണ്. അന്നു വായനക്കാരോ നിരൂപകരോ അതിനെക്കുറിച്ച് ഒരാരോപണവും നടത്തിയിട്ടില്ല. പ്രണയകഥകൾതന്നെ ഇപ്പോൾ അങ്ങനെ എഴുതപ്പെടുന്നില്ല. വീറുള്ള സങ്കല്പങ്ങൾ കാണാനേയില്ല. ആണിനും പെണ്ണിനും അധികാരമില്ലാത്ത പ്രണയമായിരിക്കും ഭാവിയിലെ കഥകൾ.

**ഫിക്ഷൻഎഴുത്തിൽ ഫെമിനിസം, തുല്യതാസങ്കല്പം, ജനാധിപത്യം, ഫാസിസ്റ്റ് വിരുദ്ധത എന്നിവ പലതരത്തിൽ അടയാളപ്പെടാറുണ്ട്. എഴുത്തിലെ പൊളിറ്റിക്കൽ കറക്റ്റ്നെസ്സിനെ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

എഴുത്തിലല്ല ജീവിതത്തിലാണ് പൊളിറ്റിക്കൽ കറക്റ്റ്നെസ്സ്. എഴുത്തിൽ എങ്ങനെയും വരാം. കാരണം മനുഷ്യനാണ്. അതാണ് നാം അവിശ്വസിച്ചുകൊണ്ടേയിരിക്കുന്ന മനുഷ്യൻ. പുതിയകാലത്തിലെ മനുഷ്യരിൽ വിശ്വാസമില്ലാത്തിടത്തോളംകാലം ഈ കറക്റ്റ്നെസ്സിന് എഴുത്തിൽ സാംഗത്യമില്ല.

**സംഗീതം താങ്കൾക്ക് കഥയിലും പാട്ടെഴുത്തിലും വ്യക്തിജീവിതത്തിലും ഒഴിവാക്കാനാകാത്ത ഒന്നാണ്. പ്രിയപ്പെട്ട പാട്ടുകാരെക്കുറിച്ചും കുട്ടിക്കാലത്തെ പാട്ടുകേൾവിയെക്കുറിച്ചും പറയൂ.**

പാട്ടിലാക്കപ്പെട്ടവനാണ് ഞാൻ എന്നു പറഞ്ഞല്ലോ. എല്ലാ വലിയ പാട്ടുകാരെയും കുട്ടിക്കാലം മുതലേ ഞാൻ കേട്ടിട്ടുണ്ട്. എനിക്ക് ഭാഷ സ്വരസംവിധാനമാണ്. വാക്കുകളെ ചിട്ടപ്പെടുത്തുന്നത് അജ്ഞാതമായ രാഗം കൊണ്ടാണ്. എം.കെ. ത്യാഗരാജ ഭാഗവതർ തൊട്ട് നവനീത് ഉണ്ണികൃഷ്ണനെ വരെ ഞാൻ വീണ്ടും വീണ്ടും കേൾക്കാറുണ്ട്. പാട്ടുകേൾവിയിൽനിന്നാണ് 'ബാബുരാജ്' എന്ന കഥയുണ്ടായത്.

**ചലച്ചിത്രഗാനങ്ങളെക്കുറിച്ചാണ് കൂടുതൽ എഴുതിക്കണ്ടിട്ടുള്ളത്. കോഴിക്കോടിന് ചലച്ചിത്രഗാനങ്ങൾക്കൊപ്പം ഹിന്ദുസ്ഥാനിസംഗീതത്തിലാണ് കൂടുതൽ താൽപര്യം. കർണാടകസംഗീതത്തോടും നാടൻപാട്ടുകളോടും ആ അടുപ്പം അധികം കണ്ടിട്ടില്ല. എന്നാൽ തളിക്ഷേത്രത്തിലടക്കം കർണാടകസംഗീതത്തിലെ നിരവധി പ്രമുഖർ വന്നു പാടിയിട്ടുണ്ട്. എങ്കിലും കോഴിക്കോടിന് സാംസ്കാരികമായി ഹിന്ദുസ്ഥാനി സംഗീതത്തോട് ഇഴയടുപ്പം കൂടുതലുണ്ടോ?**

കോഴിക്കോട് നൂറ്റാണ്ടുകൾക്കു മുൻപുതന്നെ ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നായി ഹിന്ദുസ്ഥാനി സംഗീതജ്ഞർ വരുമായിരുന്നു. കുറ്റിച്ചിറ ഭാഗത്തുള്ള കോയാഗൃഹങ്ങളിലും പാണ്ടികശാലകൾക്കു മുകളിലും അവർ മെഹ്ഫിൽ അവതരിപ്പിക്കും. അതൊരു സംസ്കാരമായിരുന്നു. പുലരുംവരെ സംഗീതസദിരുകൾ നടത്തി വയറുനിറയെ ഭക്ഷണം കഴിച്ച് ഉറങ്ങുന്ന ഈ സംഗീതജ്ഞരുടെ പെരുമ നമ്മുടെ സങ്കല്പങ്ങൾക്കപ്പുറത്താണ്. അവരിൽനിന്നാണ് ബാബുരാജും കോഴിക്കോട് അബ്ദുൽഖാദറുമൊക്കെ ഉണ്ടാവുന്നത്. കിഴക്ക് തളിക്ഷേത്രത്തിൽനിന്നുള്ള കർണാടകകീർത്തനങ്ങൾ, പടിഞ്ഞാറ് സമ്പന്നഗൃഹങ്ങളിൽനിന്നുള്ള ഖവ്വാലികൾ; അങ്ങനെ മെഹ്ഫിലുകളുടെയും ഗസലുകളുടെയും നഗരമായി മാറി കോഴിക്കോട്. ഇന്നും ആ പാരമ്പര്യം ഇവിടെയുണ്ട്. മുഹമ്മദ് റാഫിയും തലത്ത് മുഹമ്മദും പിൽക്കാലത്ത് ഇവിടെ വന്നു പാടി.

**കോഴിക്കോടിന് തനതായ ഒരു സംഗീതസംസ്കാരമുണ്ട് എന്നതുപോലെ ഒരു ഭക്ഷണസംസ്കാരവുമുണ്ട്. പെരുന്നാളിനും ഓണത്തിനും ക്രിസ്മ**



▶വി.ആർ.സുധീഷ്, യേശുദാസിനൊപ്പം



▶വി.ആർ.സുധീഷ്, എം.ടി വാസുദേവൻനായരോടൊപ്പം

**സിനുമൊക്കെ കൂട്ടംചേർന്ന് പങ്കുവയ്ക്കുന്ന സമത്വസ്വഭാവമുള്ള ഭക്ഷണശൈലി. വൈവിധ്യം നിറഞ്ഞ കോഴിക്കോടൻ ഭക്ഷ്യകലയെ എങ്ങനെയാണ് നോക്കിക്കാണുന്നത്? പുനത്തിൽ കുഞ്ഞബ്ദുള്ളയും മാധവിക്കുട്ടിയും എം.ടി.യും ബഷീറുമൊക്കെ ഭക്ഷണത്തെ നോക്കിക്കണ്ടിരുന്ന രീതി, അവരെ അടുത്തറിഞ്ഞിരുന്ന എഴുത്തുകാരൻ എന്ന നിലയിൽ എങ്ങനെ നോക്കിക്കാണുന്നു?**

സംഗീതം, ഫുട്ബോൾ, നാടകം, ഭക്ഷണം എന്നിവ സിരകളിൽ അലിഞ്ഞ നഗരമാണ് കോഴിക്കോട്. ഓരോ ദിവസവും ഇവിടെ പുതിയ ഭക്ഷണശാല ഉണ്ടാകുന്നു. കോഴിക്കോടൻ ഹലുവയും ബിരിയാണിയും ഉണ്ടാകുന്നു. നന്നായി ഭക്ഷണം കഴിക്കുന്നവർ ഞാൻ കണ്ട എഴുത്തുകാരിൽ ബഷീറും കുഞ്ഞബ്ദുള്ളയും കുഞ്ഞുണ്ണി മാഷുമാണ്. എം.ടി.ക്ക് വലിയ പ്രിയമൊന്നുമില്ല. ആവശ്യത്തിനുമാത്രം. മാധവിക്കുട്ടി മധുരപ്രിയയാണ്. മധുരത്തെക്കാൾ കുപ്പിവളകളെ സ്നേഹിച്ചവർ. കൈത്തണ്ടവരെ പലവർണങ്ങളിൽ വളകൾ ചാർത്തും. നല്ല പാചകക്കാരനുമായിരുന്നു, കുഞ്ഞബ്ദുള്ള.

**കേരളത്തിലാദ്യമായി തെരുവുഗായകരുടെ പാട്ടുകൾ മുഖ്യധാരാ ചാനലിൽ ഒരു പ്രോഗ്രാമായി സംപ്രേഷണംചെയ്തതിന്റെ അവതാരകൻ കൂടിയായിരുന്നു താങ്കൾ. സംഗീതത്തിന്റെ വരേണ്യമല്ലാത്ത അടിത്തട്ടിനെക്കൂടി, അതിലെ ഏറ്റവും ദരിദ്രരായ മനുഷ്യരെക്കൂടി ഉൾക്കൊള്ളലായിരുന്നു അത്. അതിലെ ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവയ്ക്കുമല്ലോ?**

തെരുവോരത്ത് പാടുന്നവരുടെ സംഘമായിരുന്നു 'സ്ട്രീറ്റ് ലൈറ്റ്' എന്ന ആ പരിപാടി. ചിലരുടെ ആലാപനങ്ങൾ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. ജീവിതാനുഭവങ്ങൾ കരയിച്ചിട്ടുണ്ട്. തെരുവോരത്ത് സ്വപ്നങ്ങളില്ലാതെ പാടുന്ന പാട്ടുകാരനാണ് വലിയ ആർട്ടിസ്റ്റ് എന്നു തോന്നിയിട്ടുണ്ട്.

**പൊതുവിൽ ഒ.ബി.സി സാമൂഹിക അനുഭവലോകം മലയാളകഥയിൽത്തന്നെ വളരെ കുറവാണ്. ഒരു പക്ഷേ, ഒ.വി. വിജയന്റെ 'തലമുറകൾ' ആകാം അത്തരത്തിലുള്ള ഒരു അടയാളമുള്ള പ്രധാന കൃതി. താങ്കളുടെ 'തീയക്കുട്ടികൾ ഇന്നും വിചാരിക്കുന്നു' എന്ന രചനയിലടക്കം അത്തരമൊരു അടയാളപ്പെടുത്തലുണ്ടോ? വ്യക്തിജീവിതത്തിലെ ജാതി അനുഭവം എന്താണ്?**

വ്യക്തിപരമായി ഞാനൊരു ജാതിയും അറിഞ്ഞിട്ടില്ല. ജാതിവ്യവസ്ഥയുടെ നെറികേടുകൾ കാണുമ്പോൾ പ്രതിരോധിക്കാൻ തോന്നാറുണ്ട്. തീയ്യക്കുട്ടികൾ എന്ന കഥ അങ്ങനെയുണ്ടായതാണ്. ജാതി അനുഭവിപ്പിക്കുന്ന കലാലയത്തിൽ പഠിപ്പിക്കേണ്ടിവന്നത് യാദൃച്ഛികം.

**'വിമതലൈംഗികം' എന്നൊരു കൃതിയുണ്ട് താങ്കളുടേതായി. 'എഴുത്തുകാരി അറിയുന്നു' എന്നത് മറ്റൊരു കൃതിയാണ്. ഇന്ന് മലയാളത്തിൽ ആൺനോട്ടങ്ങളെയും ആണെഴുത്തിനെയും ചോദ്യംചെയ്യുന്ന അനേകം പെൺവായനകളുണ്ടായിട്ടുണ്ട്. എന്നാൽ, ക്വിയർസമൂഹത്തെ വിശാലമായി ഉൾക്കൊള്ളുന്ന സർഗാത്മക രചനകൾ ഇപ്പോഴും കുറവാണ്. വൈവിധ്യം നിറഞ്ഞ അനേകം പ്രണയ-ലൈംഗിക-രാഷ്ട്രീയ അഭിരുചികൾ ചേർന്നതാണ് ക്വിയർലോകം. വിമതലൈംഗികം എഴുതിയ എഴുത്തുകാരനെന്ന നിലയിൽ സ്ത്രീ-ക്വിയർ എഴുത്തനുഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?**

പരിചയലോകത്തിൽനിന്നേ എഴുതാൻ പറ്റുകയുള്ളൂ. വിമതലൈംഗികം അങ്ങനെയുണ്ടായതാണ്. ക്വിയർ ലോകത്തെക്കുറിച്ച് ഒരു കഥ മനസ്സിലുണ്ട്. ഒരു ട്രാൻസ്ജെൻഡർ സ്നേഹിതയുടെ അനുഭവം.

## എഴുത്തിന്റെ അൻപതുവർഷങ്ങൾ പിന്നിടുമ്പോൾ എഴുത്തിൽ അതിജീവിച്ചു എന്നാണോ അതോ തമസ്കരണങ്ങളാണ് കൂടുതൽ എന്നാണോ തോന്നുന്നത്?

ഇത്രയേറെ എഴുതാൻ കഴിഞ്ഞല്ലോ എന്ന അദ്ഭുതം. എഴുത്തിന്റെ വൈചിത്ര്യത്തെ നോക്കിക്കാണുമ്പോഴുള്ള കൗതുകം; അത്രയേയുള്ളൂ. മറ്റൊന്നും എന്നെ ബാധിക്കുന്നില്ല.

## അൻപതുവർഷത്തെ എഴുത്തുജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ട കഥകൾ ഏതൊക്കെയാണ്? പ്രിയപ്പെട്ട എഴുത്തുകാർ ആരൊക്കെയാണ്?

വീണ്ടും വായിക്കുമ്പോൾ പറച്ചിലിന്റെ മിടുക്കും ഭാഷയുടെ തുടിപ്പും അനുഭവപ്പെടുന്ന കഥകൾ എനിക്ക് പ്രിയപ്പെട്ടവയാണ്. 'ബാബുരാജ്', 'ഗന്ധർവൻ', 'വംശാനന്തരതലമുറ', 'ഭൂമിയിലെ വീട്', 'ചന്ദ്രികാചർച്ചിതം' എന്നിവയൊക്കെ അക്കൂട്ടത്തിൽപ്പെടും. മലയാളത്തിൽ പ്രിയപ്പെട്ട കുറച്ച് എഴുത്തുകാരുണ്ട്. കുറച്ചുമാത്രം എഴുതിയ വി.പി. ശിവകുമാറും വിക്ടർ ലീനസും ഞങ്ങൾക്ക് തൊട്ടുമുൻപ് കടന്നുപോയവരാണ്.

പലതരം പരോക്ഷ സെൻസർഷിപ്പുകൾ നേരിടേണ്ടിവരാറുണ്ട് എഴുത്തുകാർക്ക്. മതം, സാമുദായികം, സംഘടനകൾ, വിപണി എന്നിങ്ങനെ പലതരത്തിലുള്ള അധികാരഘടനകൾ എഴുത്തുകാർക്കു മുന്നിലുണ്ട്. എന്റെ ചോദ്യം, ഇതിന്റെ ഭാഗമായ സമ്മർദങ്ങൾ ഒരു സ്വയം സെൻസർഷിപ്പിലേക്ക് പുതിയകാലത്തെ എഴുത്തുകാരെ നിർബന്ധിക്കുന്നുണ്ടോ എന്നാണ്?

സ്വയം സെൻസർഷിപ്പ് വന്നാൽ എഴുത്തിന്റെ ഫയർ നഷ്ടമാകും. ധീരമായ എഴുത്താണ് പ്രധാനം. എഴുത്തുകാരാണ് പോരാളികൾ എന്നാണ് ഞാൻ കരുതുന്നത്. ഇന്നും അങ്ങനെയാണോ എന്നറിയില്ല.

## ഇത്രയും നാളത്തെ എഴുത്തുജീവിതത്തിൽ കഥ, സാഹിത്യലേഖനങ്ങൾ, പഠനങ്ങൾ, സംഗീതലേഖനങ്ങൾ ഒക്കെ താങ്കൾ എഴുതിയിട്ടുണ്ട്. നോവൽ എന്ന വിശാലഭൂമികയിലേക്ക് എന്തുകൊണ്ട് കടന്നില്ല?

നോവൽ വരും. കൂടുതലൊന്നും പറയാനില്ല. അതിന്റെ ബാധയിലാണ് ഞാൻ.

## കെ.പി. അപ്പൻ മാഷെക്കുറിച്ച് ഒന്നും പറഞ്ഞില്ലല്ലോ. വലിയ അടുപ്പമായിരുന്നല്ലോ?

അപ്പൻ മാഷ് എന്നെ പഠിപ്പിച്ചിട്ടില്ല. പക്ഷേ, അദ്ദേഹത്തിൽനിന്ന് ഞാൻ ഒരുപാട് പാഠങ്ങൾ പഠിച്ചിട്ടുണ്ട്. അദ്ദേഹം വലിയ മനുഷ്യനായിരുന്നു. വിമർശനകലയിൽ ഏകാന്തമായ ഒരു വഴി സൃഷ്ടിച്ചയാളായിരുന്നു. അദ്ദേഹം ചിന്തിച്ചതുപോലെ, എഴുതിയതുപോലെ വിമർശനത്തെ മുന്നോട്ടുകൊണ്ടുപോയവർ വളരെ ചുരുക്കമാണ്. അതിന് ഒരു വിശുദ്ധപാഠശാലയുടെ അന്തരീക്ഷഭംഗിയുണ്ടായിരുന്നു. ആ വിശുദ്ധപാഠശാലയിൽ കൂടുതലും പഠിപ്പിക്കപ്പെട്ടത് നിഷേധത്തിന്റെ കലയായിരുന്നു.

## താങ്കളുടെ വായനാശീലത്തെക്കുറിച്ച് ഇതുവരെ പരാമർശിച്ചില്ലല്ലോ. പഴയകാലത്തെ വായനയും ഇന്നത്തെ വായനാനുഭവങ്ങളും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്?

അന്നും ഇന്നും ഞാൻ ഏറെ വായിക്കുന്നുണ്ട്. അന്ന് വായിച്ചവരിൽ പലരും പിന്നീടുള്ള വായനയിൽ കൊഴിഞ്ഞുപോയി. ശേഷിച്ചവർ വളരെ കുറച്ചുപേരേ ഉള്ളൂ. അവരെ വീണ്ടും വീണ്ടും വായിക്കുന്നു. കഥയിൽ കാരൂരും നോവലിൽ നമ്മുടെ നവോത്ഥാന കാല എഴുത്തുകാരും ആധുനികരിൽ വിജയനും കുഞ്ഞബ്ദുള്ളയുമൊക്കെ ഇന്നും ഞാൻ വീണ്ടുവായനക്കെടുക്കുന്നു. അന്യദേശത്തുനിന്ന് എടുത്തുപറയാവുന്ന ഒരു എഴുത്തുകാരൻ എനിക്ക് ബെൻ ഓക്രിയാണ്. 'ദി ഫാമിഷ്ഡ് റോഡ്' എന്ന നോവൽ പല ആവർത്തി ഞാൻ വായിക്കാറുണ്ട്. അത് എന്നെ ദുഃസ്വപ്നങ്ങളുടെ സംഗീതഭംഗി അനുഭവിപ്പിക്കുന്നു. വായനക്ക് കൃത്യമായ ചട്ടക്കൂടൊന്നുമില്ല. എന്തും ഏതും വായിക്കും. നോവലുകളും കഥകളും കവിതകളും നിരൂപണങ്ങളും ആത്മകഥകളും ജീവചരിത്രങ്ങളുമെല്ലാം. എവിടെ വാക്കുകളിൽ സംഗീതമുണ്ടോ, അവിടെ എന്റെ ഹൃദയം ചെന്നുതൊടുന്നു. സംഗീതാത്മകമല്ലാത്തതോ കാവ്യാത്മകമല്ലാത്തതോ ആയ ഒന്നും എന്നെ സ്പർശിക്കുന്നില്ല. ■




▶വി.ആർ.സുധീഷ്, സുകുമാർ അഴീക്കോടിനൊപ്പം

കഥ



മേഘനാദൻ



# ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റി

നഗരപ്രാന്തത്തിൽ ഞാൻ താമസിച്ചിരുന്ന ചാളിലെ വാടകമുറിക്ക് പറയത്തക്ക സൗകര്യങ്ങളൊന്നും ഇല്ലായിരുന്നു. ചതുരമെന്നോ വട്ടമെന്നോ തീർത്തും പറയാനാവാത്ത ഒരു ഇടുങ്ങിയ മുറി. ചുമരുകളുടെ കുമ്മായം അവിടവിടെ അടർന്നിരുന്നു. മേൽക്കൂരയുടെ ആസ്ബസ്റ്റോസ് പഴക്കത്താൽ ദ്രവിച്ചിരുന്നു. ഇടയ്ക്ക് ചെതുമ്പലുകൾപോലെ എന്തെല്ലാമോ പൊഴിഞ്ഞുവീഴും. എന്നാൽക്കൂടി കുറെ കൊല്ലം എന്നെ സംരക്ഷിച്ചുപോന്ന ആ കുടുസ്സുമുറിയോട് ഒരു പ്രത്യേക മമതയുണ്ടായിരുന്നു എനിക്ക്. അതിനാൽത്തന്നെ, കുറച്ചു ദൂരെ മാറി 'ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റി' എന്ന കെട്ടിടത്തിൽ ഞാൻ സ്വന്തമാക്കിയ ഒറ്റമുറി ഫ്ലാറ്റിലേക്ക് ചേക്കേറുമ്പോൾ ചെറിയൊരു സങ്കടം തോന്നാതിരുന്നില്ല.

ഫ്ലാറ്റിലേക്ക് മാറിയതിനുശേഷം ദസറയും ഗണേശോത്സവവും കടന്നുപോയി. ഇനി ദീപാവലിയാണ്. മൂടിക്കെട്ടിനിന്ന മാനം തെളിഞ്ഞു. മഴമുകിലുകൾ മറഞ്ഞ് രാത്രികൾ ചന്ദ്രികാചർച്ചിതമായി. ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയിലെ ഓരോ കുടുംബവും ആ മഹോത്സവം കൊണ്ടാടാനുള്ള ഉത്സാഹത്തിലാണ്. അതിനിടെയാണ് ഒട്ടും പ്രതീക്ഷിക്കാത്ത ഒരു സംഭവം നടക്കുന്നത്. ഒരു ഫ്ലാറ്റിൽനിന്ന് കുറെ സ്വർണാഭരണങ്ങളും പണവും മോഷണം പോയി.

ആ കെട്ടിടത്തിന്റെ കാവൽക്കാരനായ ബൽബീർ ഒരു നേപ്പാളി യുവാവായിരുന്നു; ദാരിദ്ര്യത്തിന്റെയും അക്ഷരമില്ലായ്മയുടെയും ഭാണ്ഡവും പേറി പർവതമിറങ്ങി വന്നവൻ. മുംബൈ നഗരപ്രാന്തങ്ങളിലെ പാർപ്പിടസമുച്ചയങ്ങളിൽ അന്ന് കാവൽക്കാരായി നിന്നിരുന്നവരിൽ മിക്കവരും 'ഗൂർഖകൾ' എന്നറിയപ്പെട്ടിരുന്ന നേപ്പാളികളായിരുന്നു.

ഭവ്യതയോടെയുള്ള പെരുമാറ്റമായിരുന്നു ബൽബിറിന്റേത്. താഴെ കാർ പാർക്കിങ്ങിനോടു ചേർന്ന് കാവൽക്കാരനു മാത്രമായി ഒരു പ്രത്യേക മുറിയുണ്ട്. സ്റ്റൗവിൽനിന്നുള്ള മണ്ണെണ്ണമണവും റൊട്ടി ചുടുമ്പോഴുള്ള കരിഗന്ധവും ശ്വസിച്ച് വെപ്പും തീനുമായി ബൽബിർ ആ മുറിയിലാണ് കഴിഞ്ഞിരുന്നത്.

വല്ലപ്പോഴും ബൽബിറിനെ കാണാൻ അയാളുടെ നാട്ടുകാരനായ ഒരാൾ വന്നുപോകും. അതല്ലാതെ അയാൾക്ക് വേറെ കൂട്ടുകെട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബൽബിറിനെ കാണാൻ വരാറുള്ളയാൾ ബൽബിറിന്റെ ഒത്താശയോടെ ആസൂത്രിതമായി മോഷണം നടത്തിയതായിരിക്കുമെന്ന് താമസക്കാർ കുശുകുശുത്തു. പരാതിക്കാരന്റെ ബലമായ സംശയം മോഷ്ടാവ് ബൽബിർ തന്നെയാണെന്നാണ്.

കുറച്ചൊരു ദയയും അടുപ്പവും ഞാൻ ആ പാവം കാവൽക്കാരനോട് കാണിച്ചിരുന്നു. വല്ലപ്പോഴും പത്തോ ഇരുപതോ ഞാനയാൾക്ക് കൊടുക്കാറുണ്ട്. ചോദിച്ചിട്ടല്ല, ആ പാവത്തിന്റെ അവസ്ഥ കണ്ടറിഞ്ഞ് കൊടുക്കുന്നതായിരുന്നു.

ഒരിക്കൽ ബൽബിർ തലചൊറിഞ്ഞുകൊണ്ട് അടുത്തു വന്നു. ഞാൻ കാര്യം ചോദിച്ചു.

"എനിക്കൊരു ആയിരം രൂപയുടെ ആവശ്യമുണ്ട് സാബ്," ബൽബിർ മടിച്ച് മടിച്ചാണ് പറഞ്ഞത്.

"എന്തിനാണ് ബൽബിർ നിനക്കിപ്പോൾ പണം?"

"എന്റെ ദോസ്ത് മഹീന്ദർ ഥാപ്പ നാട്ടിൽ പോകുന്നു. രണ്ടായിരം രൂപയെങ്കിലും അയാളുടെ കൈയിൽ കൊടുത്തുവിടണം. ബാക്കി കയ്യിലുണ്ട്. അയാളത് എന്റെ അച്ഛന് കൊടുത്തോളും."

ഞാനൊന്ന് സംശയിച്ചു. ബൽബിർ പറഞ്ഞു:

"ശമ്പളം കിട്ടിയാൽ തിരിച്ചുതരാം സാബ്."

അഞ്ഞൂറിന്റെ രണ്ടു നോട്ടുകൾ കൊടുത്തത് വാങ്ങി, ബൽബിർ ആദരപൂർവം മാറിമാറി ഇരുകണ്ണുകളിലും ചേർത്തുവച്ച് ഉരുവിട്ടു: "ജയ് മഹാദേവ്."

ബൽബിർ വാക്കുപാലിച്ചു. ശമ്പളം കിട്ടിയപ്പോൾ പണം മടക്കിത്തന്നു.

ബൽബിറിനെ സ്റ്റേഷനിലേക്ക് കൊണ്ടുപോകാൻ പോലീസുകാർ എത്തി. എനിക്കയാളോട് അടുപ്പവും ദയാവായ്പുമുള്ളതായി സൊസൈറ്റിയിലെ താമസക്കാരിൽനിന്ന് അവർ മനസ്സിലാക്കി. പോലീസ് എന്നെക്കൂടി അവരുടെ വാഹനത്തിലേക്ക് കയറ്റി. ആദ്യമായി ഞാൻ ഒരു പോലീസ് സ്റ്റേഷന്റെ അകത്തളത്തിലേക്ക് കടന്നുചെല്ലുകയായിരുന്നു. ഒരു പോലീസ് ഓഫീസറുടെ മുൻപിൽ എന്നെ ഹാജരാക്കി.

"എന്താണ് പേര്?"

"മഹേഷ്. മഹേഷ് മേനോൻ."

"മേനൺ? മദ്രാസി?"

"സർ."

ജാതിവാലിന്റെ തെറ്റായ ഉച്ചാരണം ഞാൻ തിരുത്താൻ പോയില്ല.

"എവിടെയാണ് ജോലി?"

ഞാൻ സ്ഥാപനത്തിന്റെ പേരു പറഞ്ഞു.

"വാച്ചറായ ഗൂർഖയെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? അവൻ കുഴപ്പക്കാരനാണോ? അങ്ങനെ തോന്നിയിട്ടുണ്ടോ?"

"ഇല്ല സാബ്."

"നിങ്ങൾക്ക് അവനുമായി അടുപ്പമുണ്ട്, അല്ലേ?"

"അവനോട് ദയ തോന്നി സംസാരിക്കാറുണ്ട്. അതിൽ കൂടിയ ഒരടുപ്പവുമില്ല."

എന്നെ ചോദ്യം ചെയ്യുന്നതിനിടയിൽ പോലീസ് ഓഫീസർ എന്റെ ബാഗ് വാങ്ങി. എന്നിട്ട് അതിന്റെ ഓരോ അറയും പരതി. ബാഗിൽ എന്റെ പഴ്സ് ഉണ്ടായിരുന്നു. അതയാൾ പുറത്തെടുത്ത് പരിശോധിച്ചു. മാസത്തിലെ അവസാന ദിവസമാകയാൽ കാര്യമായി ഒന്നുമുണ്ടായിരുന്നില്ല അതിൽ. പോലീസ് ഓഫീസറുടെ മുഖത്ത് പുച്ഛം.

മുഖമടച്ച് ബൽബിറിനെ ഒരു പോലീസുകാരൻ ശക്തിയായി പ്രഹരിച്ചു. ഇടിക്കുകയും തൊഴിക്കുകയും ചെയ്തു. അടിവയറ്റിലേറ്റ ഇടിയുടെ ഊക്കിൽ അയാൾ ചുരുണ്ട് തറയിലേക്ക് വീണു.

"വെള്ളം... വെള്ളം..." ബൽബിർ യാചിച്ചു.

പോലീസുകാരൻ ഒരു കുപ്പിയിൽ വെള്ളവുമായി വന്നു. അടപ്പുതുറന്ന് കുപ്പി ബൽബിറിന്റെ ചുണ്ടോടടുപ്പിച്ചിട്ട് അത് പിന്നിലേക്ക് വലിച്ചു. അങ്ങനെ പല പ്രാവശ്യം. ദാഹത്താൽ വലയുന്ന അയാളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പോലീസുകാരൻ ചിരിച്ചു. ക്രൂരവും നിന്ദ്യവുമായ ചിരി.

ബൽബിർ അനുഭവിക്കുന്ന വേദന എന്നിലേക്കും പടരുന്നതായി എനിക്കു തോന്നി. പോലീസ് സ്റ്റേഷനിലെ കാഴ്ച എനിക്കു വിധിച്ച ശിക്ഷയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ അവർ എന്നെ പോകാൻ അനുവദിച്ചു.

ഒരു പോലീസുകാരൻ എന്റെ ഫോൺ നമ്പർ കുറിച്ചെടുത്തു.

"ഞങ്ങൾ വിളിക്കുമ്പോൾ സ്റ്റേഷനിൽ വരണം." പോലീസ് ഓഫീസറുടെ ശാസനം.

ഞാൻ പുറത്തേക്കു നടന്നു. ബൽബിറിന്റെ ഉറക്കെയുള്ള നിലവിളി അപ്പോൾ എന്റെ കാതുകളിലേക്ക് തുളച്ചുകയറുന്നുണ്ടായിരുന്നു. നീതിപാലകരുടെ ഉരുക്കുകൈകളും ലാത്തിയും എന്റെ പിന്നാലെ വരുന്നതായി എനിക്കു തോന്നി.

ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയുടെ ഗേറ്റ് എന്നും തുറന്നുതന്നിരുന്നത് ബൽബിർ ആണ്. അയാളുടെ അഭാവത്തിൽ അടഞ്ഞുകിടന്ന ഗേറ്റ് ഞാൻ തള്ളിത്തുറന്നു. ഞാൻ തിരിച്ചുവരുന്നതും കാത്ത് അക്ഷമപൂണ്ട് നിൽക്കുകയായിരുന്നു കെട്ടിടത്തിലുള്ളവർ. അവർ എന്റെ ചുറ്റും കൂടി.

"എന്തായി? വല്ല തുമ്പും കിട്ടിയോ?"

"പോലീസുകാർ നിങ്ങളെ ഉപദ്രവിച്ചോ?"

"ബൽബിർ എവിടെ?"

ചോദ്യങ്ങൾ ഉയർന്നുകൊണ്ടേയിരുന്നു.

വിവരമറിഞ്ഞ് ഒന്നുരണ്ടു ചങ്ങാതികൾ എന്നെ കാണാനെത്തി.

"നിന്നെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകാൻ മാത്രം എന്തുണ്ടായി?" ഒരാൾ ചോദിച്ചു.

"മോഷണം നടത്തിയത് ബൽബിർ ആണെന്നാണ് പോലീസിന്റെ നിഗമനം. അയാളെ പ്രതിയാക്കാനാണ് പോലീസിന്റെ ശ്രമം. അയാളോട് ഞാൻ കുറച്ചു കരുണ കാണിക്കാറുണ്ട്. അതുകൊണ്ട് പോലീസിന് എന്നെ സംശയം. കേസിൽ എന്നെ കൂട്ടുപ്രതിയാക്കുമോ എന്നാണെന്റെ പേടി," ഞാൻ പറഞ്ഞു.

"അങ്ങനെ സംഭവിച്ചുകൂടായ്കയില്ല. ഇന്നാട്ടിൽ എന്താണ് നടക്കാത്തത്? നമുക്കു നോക്കാം. മഹേഷ് ധൈര്യമായി ഇരിക്ക്."

കൂട്ടുകാർ എന്നെ സമാധാനിപ്പിച്ചു. അതിന്റെ ആശ്വാസത്തിൽ ഞാൻ കട്ടിലിൽ നീണ്ടുനിവർന്നുകിടന്നു. അപ്പോൾ ഫോൺ ശബ്ദിച്ചു. നേരത്തേ എന്നെ ചോദ്യം ചെയ്ത പോലീസ് ഓഫീസറാണ്. ഞാൻ സ്റ്റേഷനിലേക്ക് ചെല്ലണമെന്നു പറയാൻ വിളിച്ചതാണ്.

അടിമുടി ഒരു വിറയൽ എന്നെ ബാധിച്ചു. ഞാൻ കള്ളനോ കുറ്റവാളിയോ അല്ല. ഒരു പോലീസ് ഓഫീസർ വിചാരിച്ചാൽ ഏതു നിരപരാധിയെയും കള്ളനോ കുറ്റവാളിയോ ആക്കാം. സംശയത്തിന്റെ പേരിൽ ഒരാളെ സ്റ്റേഷനിലേക്ക് വിളിപ്പിച്ച് അയാളെ ചോദ്യം ചെയ്യുകയും നിർദയം മർദിക്കുകയും ചെയ്യാം. എപ്പോൾ വേണമെങ്കിലും ഇതുപോലൊരവസ്ഥ ആർക്കും അഭിമുഖീകരിക്കേണ്ടി വന്നേക്കാം.

"വരണം മേനൺ സാബ്." തിരക്കിട്ട് സ്റ്റേഷനിലെത്തിയ എന്നെ പോലീസ് ഓഫീസർ സ്വാഗതം ചെയ്തു. ആദ്യം സംസാരിച്ചതിൽനിന്ന് വിരുദ്ധമായി ഇപ്പോൾ സ്വരം വളരെ മയമുള്ളതായിരുന്നു. മുന്നിലെ കസേര ചൂണ്ടി എന്നോട് ഇരിക്കാൻ പറഞ്ഞു.

"നിങ്ങളുടെ നേപ്പാളി സുഹൃത്തിനെക്കൊണ്ട് സത്യം പറയിപ്പിക്കാൻ ഞങ്ങൾ ആവത് ശ്രമിച്ചു. അവൻ പഠിച്ച കള്ളനാണ്. ഒന്നും വിട്ടുപറയുന്നില്ല."

കാവൽക്കാരന്റെ പണി നോക്കുന്ന ബൽബിറിനോട് മറ്റാരും കാണിക്കാത്ത ദയാദാക്ഷിണ്യം ഞാൻ കാണിക്കാറുണ്ട്. എന്നുവച്ച് അയാളെന്റെ സുഹൃത്താണെന്നു പറയാൻ എന്തു ബന്ധമാണ് അയാളോടെനിക്കുള്ളത്? എന്റെ ഉള്ളം കിടുങ്ങി. എന്നെ കരുവാക്കാൻ ശ്രമിക്കുകയാണോ പോലീസ് ഓഫീസർ?

"തൽക്കാലം നിങ്ങൾക്ക് അവനെ കൊണ്ടുപോകാം. അതിനുമുൻപ് ചില ചിട്ടകളൊക്കെയുണ്ട്. നിങ്ങളാണെങ്കിൽ നിങ്ങളുടെ ആ ബാഗ് കൊണ്ടുവന്നിട്ടുമില്ല. കൊണ്ടുവന്നിട്ടും എന്തു പ്രയോജനം? നിങ്ങൾ നേരത്തേ ഇവിടെ വന്നപ്പോൾ ഞാനത് പരിശോധിച്ചതാണല്ലോ. ഇന്ന് തീയതി എത്രയാണ്? മുപ്പത്. നാളെ രവിവാർ. തിങ്കളാഴ്ച ഞാൻ നിങ്ങളെ വീട്ടിൽവന്നു കണ്ടുകൊള്ളാം."

പോലീസ് ഓഫീസർ ഒരു പോലീസുകാരനോട് ആജ്ഞാപിച്ചു: "ആ ഗൂർഖയെ വിളിക്ക്."

പോലീസുകാരൻ ബൽബിറിനെ കൊണ്ടുവന്ന് മുൻപിൽ നിറുത്തി.

സ്റ്റേഷനിലേക്ക് കൊണ്ടുവന്നപ്പോഴത്തെ ബൽബിർ ആയിരുന്നില്ല അത്. മുഖമാകെ നീരുവന്നു വീർത്തിരുന്നു. മൂക്കിന്റെ അറ്റത്ത് ഒന്നുരണ്ടു തുള്ളി ഉണങ്ങിയ ചോര. മൊത്തത്തിൽ ബൽബിർ നനഞ്ഞ ഒരു പഞ്ഞിക്കെട്ടുപോലെയായിരുന്നു. നിൽക്കാൻ ബൽബിർ പ്രയാസപ്പെട്ടു. എനിക്കയാളെ താങ്ങാൻ ധൈര്യമുണ്ടായില്ല. അയാളെ സഹായിച്ചാൽ, അതെത്ര എളിയതായാലും, ദുർവ്യാഖ്യാനം ചെയ്യപ്പെടാം.

"കേസന്വേഷണം തീരുംവരെ നീ സ്ഥലം വിട്ടുപോകരുത്." പോലീസ് ഓഫീസർ ബൽബിറിന് മുന്നറിയിപ്പു നൽകി.

"ജീ ഹാം."

ഓട്ടോയിലേക്ക് കയറുമ്പോൾ ബൽബിർ വേദനകൊണ്ട് ഞരങ്ങി.

താമസക്കാർ പിരിവെടുത്ത് ബൽബിറിനെ ഡോക്ടറെ കാണിച്ചു. വേദനസംഹാരികൾ ഉൾപ്പെടെ ഒന്നോ രണ്ടോ ഓയിന്റ്മെന്റുകൾ ഡോക്ടർ കുറിച്ചുകൊടുത്തു. താമസക്കാരിലാരോ ബൽബിറിന് രാത്രിഭക്ഷണം കൊണ്ടുപോയിക്കൊടുത്തു. ബൽബിർ അതു തൊട്ടതേയില്ല. അയാൾക്കതു കഴിക്കാനാവുമായിരുന്നില്ല. അയാൾ ഒരു മുരട വെള്ളം കുടുകുടാ കുടിച്ചു.

പിറ്റേന്ന് പോലീസ് ഓഫീസറും അമിതവണ്ണം കാരണം നടക്കാൻ പ്രയാസപ്പെട്ടുകൊണ്ടിരുന്ന ഒരു പോലീസുകാരനും ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയിൽ എത്തി. പരിസരമാകെ കണ്ണോടിക്കുന്നതിനിടയിൽ തടിയൻ പോലീസ് ബൽബിറിനെ ലാത്തികൊണ്ട് ഒന്നു തോണ്ടി. പരാതിക്കാരനോട് പോലീസ് ഓഫീസർ പറഞ്ഞു:

"കേസ് അന്വേഷിക്കുന്നുണ്ട്. പ്രതിയെ ഉടനെ ഞങ്ങൾ പിടികൂടും."

പരാതിക്കാരനെ അയാൾ താമസിക്കുന്ന ഫ്ലാറ്റിലേക്ക് പോലീസ് ഓഫീസർ വിളിച്ചുകൊണ്ടുപോയി. അല്പം കഴിഞ്ഞ് താഴേക്കിറങ്ങിവന്നപ്പോൾ ഓഫീസറുടെ പോക്കറ്റ് നേരത്തേ കണ്ടതിനെക്കാൾ വീർത്തിരുന്നു.

"ക്യാ സമാചാർ ഹേ, മേനൺ സാബ്?" എന്നോട് പോലീസ് ഓഫീസർ കുശലം ചോദിച്ചു.

"ഠീക് ഹേ സാബ്," വിനയപൂർവം ഞാൻ പറഞ്ഞു.

പോലീസ് ഓഫീസറെക്കണ്ട് പേടിച്ചുവിറച്ച് കൈകൂപ്പിക്കൊണ്ടു നിൽക്കുകയായിരുന്നു ബൽബിർ. പോലീസ് ഓഫീസറും അനുഗാമിയും ഗേറ്റുകടന്ന് പുറത്തേക്കു പോയി. എന്നിട്ടും കൈകൾ പഴയ നിലയിലാക്കാൻ മറന്നുനിൽക്കുകയാണ് ബൽബിർ.

"അവർ പോയി. കൈ താഴ്ത്ത്," ഞാൻ പറഞ്ഞു.

ബൽബിർ കൈ താഴ്ത്തി.

തിങ്കളാഴ്ച ഉച്ചകഴിഞ്ഞ സമയത്ത് മേലുദ്യോഗസ്ഥന് അടിയന്തരമായി സമർപ്പിക്കേണ്ട ഒരു റിപ്പോർട്ട് തയ്യാറാക്കുന്ന തിരക്കിലായിരുന്നു ഞാൻ. അപ്പോഴാണ് പോലീസ് ഓഫീസറുടെ വിളി വന്നത്.

"ഹലോ, മേനൺ സാബ്."

"നമസ്കാർ സാബ്," ഞാൻ പ്രതിവചിച്ചു.

"വൈകീട്ട് നിങ്ങൾ വീട്ടിലുണ്ടാകുമോ?"

"ഉണ്ടാകും."

വൈകീട്ട് പോലീസ് ഓഫീസർ ഫ്ലാറ്റിൽ വന്നു. ആദരത്തോടെ ഞാൻ ഉള്ളിലേക്ക് ക്ഷണിച്ചു. ഇരിക്കാൻ കസേര നീക്കിയിട്ടു. കപ്പിൽ ചായ പകർന്ന് ടീപ്പോയിയിൽ വച്ചുകൊടുത്തു. ഒരു പ്ലേറ്റിൽ ബിസ്കറ്റും.

"അവനെ സൂക്ഷിക്കണം," പോലീസ് ഓഫീസർ ബൽബിറിനെ ഉദ്ദേശിച്ചു പറഞ്ഞു: "രക്ഷപ്പെടാൻ അവൻ പലതും പറഞ്ഞെന്നിരിക്കും. ചിലപ്പോൾ മേനൺ സാബ് മോഷ്ടിക്കാൻ കൂട്ടുനിന്നുവെന്നു പറഞ്ഞേക്കാം. അങ്ങനെ അവൻ പറഞ്ഞാൽ ഞങ്ങൾക്ക് നിങ്ങളെ ചോദ്യം ചെയ്യാതിരിക്കാനാവില്ല. ചോർ ലോഗ് ഹേ. ഇവന്മാർക്ക് ദാഹിച്ചാൽ വെള്ളം കൊടുത്തുപോകരുത്."

ഭീതിയുടെ ഒരിടിവാൾ എന്റെ മനസ്സിലൂടെ പുളഞ്ഞുപോയി.

പോലീസ് ഓഫീസർ ഒരു വിവാഹക്ഷണപത്രിക നേർക്കു നീട്ടി.

"മകളുടെ കല്യാണമാണ് അടുത്ത മാസം. രാഷ്ട്രീയക്കാരും പൗരപ്രമുഖരുമൊക്കെ പങ്കുകൊള്ളും. മേനൺ സാബ് വരണം. ഇക്കാലത്ത് ഒരു പെൺകുട്ടിയുടെ വിവാഹം നടത്തുന്നതിന് എന്തുമാത്രം ചെലവാണ്. പിന്നെ, മേനൺ സാബിനെപ്പോലെ വലിയ മനസ്സുള്ളവർ നല്ലൊരു തുക സമ്മാനമായി തരുമെന്നാണ് വിചാരിക്കുന്നത്. അതൊക്കെ ഓരോരുത്തരുടെ ഇഷ്ടം. നിർബന്ധിക്കാൻ പറ്റില്ലല്ലോ."

പോലീസ് ഓഫീസർ എഴുന്നേറ്റ് വാതിലിനടുത്തേക്കു നടന്നു. പിന്നെ തിരിഞ്ഞുനിന്നിട്ടു പറഞ്ഞു:

"മേനൺ സാബ്, എനിക്കു തൽക്കാലം അയ്യായിരം രൂപയുടെ ഒരത്യാവശ്യം വന്നിരിക്കുന്നു. നിങ്ങൾക്കിന്നു ശമ്പളം കിട്ടിയിരിക്കുമല്ലോ. അയ്യായിരം നിങ്ങളെനിക്കു കടമായിട്ടു തരണം. വൈകാതെ തിരിച്ചുതരാം."

ബാങ്ക് അക്കൗണ്ടിലേക്ക് പോയിരുന്ന ശമ്പളത്തിൽനിന്ന് ആവശ്യത്തിനു കുറച്ചു പണം എ.ടി.എമ്മിൽനിന്ന് പിൻവലിച്ചിരുന്നു. ചോദിക്കുന്നത് പോലീസ് ഓഫീസറാണ്. കൊടുക്കാതിരിക്കാൻ വയ്യ.

പോലീസ് ഓഫീസർ പോക്കറ്റിൽനിന്ന് സിഗരറ്റുകൂട് പുറത്തേക്കെടുത്തു. തുറന്നപ്പോഴാണ് അതിൽ സിഗരറ്റൊന്നും ബാക്കിയില്ലെന്നറിയുന്നത്.

"മേനൺ സാബ് സിഗരറ്റ് വലിക്കുമോ?"

"ഇല്ല."

"എനിക്കൊന്നു പുകയ്ക്കണമായിരുന്നു," പോലീസ് ഓഫീസർ പറഞ്ഞു.

അടുത്തുള്ള കടയിൽപോയി സിഗരറ്റ് വാങ്ങി വരാൻ ബൽബിറിനോട് ഞാൻ പറഞ്ഞു. കാശുകൊടുക്കാൻ ബാഗ് തുറക്കുമ്പോൾ പോലീസ് ഓഫീസർ ഉപചാരം പറഞ്ഞു:

"മേനൺ സാബ്, കാശ് ഞാൻ കൊടുക്കാം."

അദ്ദേഹം പഴ്സ് എടുക്കാൻ ഭാവിച്ചു.

"വേണ്ട സാബ്. ഞാൻ കൊടുത്തോളാം."

"അഞ്ചു പായ്ക്കറ്റ് വാങ്ങിച്ചോ. ഇടയ്ക്കിടെ കടയിൽ പോയി വാങ്ങാൻ പറ്റിയെന്നു വരില്ല."

മുന്തിയ വിലയാണ് പോലീസ് ഓഫീസർ വലിക്കുന്ന സിഗരറ്റിന്. ബൽബിർ സിഗരറ്റ് വാങ്ങിവന്നു. അത് പോലീസ് ഓഫീസറുടെ മുന്നിൽ വെച്ചിട്ട് ബഹുമാനത്തോടെ അദ്ദേഹത്തെ വണങ്ങി.

പോലീസ് ഓഫീസർ പുറത്തേക്കിറങ്ങി. പരാതിക്കാരൻ അവിടെ ചുറ്റിപ്പറ്റി നിൽപ്പുണ്ടായിരുന്നു. അയാളെ കണ്ടപ്പോൾ പോലീസ് ഓഫീസർ പറഞ്ഞു:

"അന്വേഷണം നടക്കുന്നുണ്ട്. ഞങ്ങൾ താമസിയാതെ കള്ളനെ കുരുക്കിയിരിക്കും."

അന്വേഷണത്തിൽ പുരോഗതിയുണ്ടായില്ലെങ്കിലും പോലീസുകാർ ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയിൽ ഇടയ്ക്കിടെ വന്നുപോയി. ഓരോ തവണ അവർ വന്നുപോകുമ്പോഴും പരാതിക്കാരന്റെ കീശ മെലിഞ്ഞുവന്നു.

ബൈക്ക് ഇരപ്പിച്ചുകൊണ്ട് വേറൊരു ദിവസം പോലീസ് ഓഫീസർ പരാതിക്കാരനെ കാണാൻ എത്തി. അയാൾ സ്ഥലത്തില്ലായിരുന്നു. പോലീസ് ഓഫീസർ എന്റെ ഫ്ലാറ്റിലെത്തി.

"മകളുടെ കല്യാണം ക്ഷണിക്കാൻ കുറച്ചു ദൂരെയുള്ള ബന്ധുവീട്ടിൽ പോകാനിറങ്ങിയതാണ് ഞാൻ. പെട്രോൾ തീർന്നു. പഴ്സ് എടുക്കാൻ മറന്നുംപോയി. കാശും എ.ടി.എം. കാർഡും അതിലാണ്. മേനൺ സാബ് എന്റെ കൂടെ അടുത്തുള്ള പെട്രോൾ പമ്പുവരെ വന്ന് പെട്രോൾ അടിച്ചുതരണം. കണക്കൊന്നും ഞാൻ മറന്നിട്ടില്ല. എല്ലാംകൂട്ടി ഒരുമിച്ചു തരാം."

പരാതിക്കാരനെ ഉദ്ദേശിച്ച് പിന്നെ പറഞ്ഞു: "അയാൾ അവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കില്ലായിരുന്നു."

എനിക്ക് പോലീസ് ഓഫീസറോട് കടുത്ത അമർഷം തോന്നി. എങ്കിലും പറഞ്ഞതിങ്ങനെയാണ്:

"അതിനെന്താ സാബ്, പെട്രോൾ അടിച്ചുതരാമല്ലോ."

ഞാൻ ബൈക്കിനുപിന്നിൽ കയറിയിരുന്നു. അത് കുതിരയുടെ വേഗത്തിൽ പെട്രോൾ പമ്പിലേക്ക് കുതികൊണ്ടു. ഇന്ധനം നിറച്ചുകഴിഞ്ഞപ്പോൾ പോലീസ് ഓഫീസറുടെ വായിൽനിന്ന് നന്ദിവാക്കുകൾ ഉതിർന്നുവീണു:

"ബഹുത് മെഹർബാനി, മേനൺ സാബ്."

വൈകീട്ട് പരാതിക്കാരൻ എന്നെ കണ്ടപ്പോൾ പറഞ്ഞു:

"ഞാൻ പോലീസ് സ്റ്റേഷനിൽ പോയിരുന്നു."

"കേസിന്റെ തെളിവ് വല്ലതും...?"

"മിസ്റ്റർ മേനോൻ, ഞാൻ പരാതി പിൻവലിക്കാൻ പോയതാണ്. തുടരാൻ എനിക്ക് താല്പര്യമില്ലെന്ന് എഴുതിക്കൊടുത്തു."

"എന്തുകൊണ്ട് എന്നു ചോദിച്ചില്ലേ?"

"ചോദിച്ചു. പിന്നെന്തിന് പരാതി തന്നു എന്നായി. എന്നെ കുറെ വിരട്ടി. അപ്പോഴെല്ലാം ആ ഓഫീസറുടെ കണ്ണ് എന്റെ പോക്കറ്റിലായിരുന്നു."

പരാതിക്കാരൻ തുടർന്നു:

"നഷ്ടപ്പെട്ടതൊന്നും തിരികെ കിട്ടാൻ പോകുന്നില്ല. ഇടയ്ക്കെല്ലാം കാശു ചോരുന്നതു മിച്ചം. അതിൽ ഭേദം ഒറ്റയടിക്ക് ഒരു തുക പോലീസിനു കൊടുത്ത് പരാതി പിൻവലിക്കുന്നതാണെന്നു തോന്നി."

പരാതിക്കാരന്റെ മുഖത്തേക്കു നോക്കി എനിക്കു പുഞ്ചിരിക്കാനേ ആയുള്ളൂ.

ചാളിലേതു കുടുസ്സുമുറിയായിരുന്നെങ്കിലും സുരക്ഷിതത്വത്തിന് ഒട്ടും കുറവില്ലായിരുന്നു. നെടുനീളത്തിൽ കിടന്ന ആ ചാളിൽ ആറുമുറികളായിരുന്നു. ഏതെങ്കിലും മുറിയിൽനിന്ന് ചില്ലറ സാധനംപോലും മോഷണം പോയതായി പരാതി ഉയർന്നിട്ടില്ല. കതകുകൾക്ക് തീരെ അടച്ചുറപ്പില്ലായിരുന്നു. ബലമായി ഒന്നുതള്ളിയാൽ അവ തുറക്കും. ആളില്ലാനേരം നോക്കി കുടുംബമായി കഴിയുന്നവരുടെ മുറികളിൽ കയറി കള്ളന്മാർ ഒരു തരി പൊന്നോ പണമോ കൊണ്ടുപോയതായി ചരിത്രമില്ല.

ദീപാവലി നാളിനു മുന്നേതന്നെ ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റി പലവർണത്തിലുള്ള വൈദ്യുതദീപമാലകളാൽ അലംകൃതമായി. ഫ്ലാറ്റുകളുടെ മുന്നിൽ നക്ഷത്രദീപങ്ങൾ തിളങ്ങി. പടക്കങ്ങളും അമിട്ടുകളും പൊട്ടിത്തുടങ്ങി. എങ്ങും ആഹ്ലാദാരവങ്ങൾ.

ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയിൽ അന്ന് ഒരു മോഷണംകൂടി നടന്നു. ഇടയ്ക്കെപ്പോഴോ മറ്റൊരു ഫ്ലാറ്റിൽനിന്ന് സാമാന്യം വിലമതിക്കുന്ന ഒരു റിസ്റ്റ് വാച്ച് കളവുപോയതായി കേട്ടിരുന്നു. അതേക്കുറിച്ച് പോലീസിൽ ആരും പരാതിയൊന്നും ബോധിപ്പിച്ചില്ല. ഇപ്പോൾ നടന്ന മോഷണത്തിൽ കാണാതായിരിക്കുന്നത് ആദ്യത്തെപ്പോലെ സ്വർണപ്പണ്ടങ്ങളും പണവുമാണ്. മോഷണവിവരം ചെവിയോടുചെവി എത്തി. പോലീസിൽ പരാതിപ്പെടുന്നില്ലേ എന്ന് കളവുപോയ മുതലിന്റെ ഉടമയോട് എല്ലാവരും ചോദിച്ചു. പരാതി കൊടുക്കണോ വേണ്ടയോ എന്ന ആലോചനയിൽ അയാൾ ദീർഘനേരം മുഴുകി. ഒടുവിൽ പരാതി കൊടുക്കാൻ തീരുമാനിച്ച് അയാൾ പോലീസ് സ്റ്റേഷനിലേക്കു പോയപ്പോൾ ബൽബിർ നടുങ്ങി. പോലീസുകാർ വീണ്ടും തന്നെ പിടിച്ചുകൊണ്ടുപോകുന്നതും ഭേദ്യംചെയ്യുന്നതും മനസ്സിൽക്കണ്ട് അയാൾ കിടുങ്ങിവിറച്ചു.

പോലീസുകാരെത്തി ബൽബിറിനെ തിരക്കി. അയാൾ അവിടെയെങ്ങുമില്ലായിരുന്നു. പരിസരം മുഴുവൻ അവർ അരിച്ചുപെറുക്കി. ബൽബിറിനെ കണ്ടുകിട്ടിയില്ല.

"ചോർ, അവൻ ഓടിപ്പോയിരിക്കുന്നു," പോലീസ് ഓഫീസർ മുറുമുറുത്തു. പിന്നെ എന്റെ നേർക്കു തിരിഞ്ഞു: "മേനൺ, നിങ്ങൾക്കറിയുമോ അവൻ എവിടെപ്പോയെന്ന്?"

"അറിഞ്ഞുകൂടാ സാബ്."

"നിങ്ങൾക്കറിയാം, മേനൺ. നിങ്ങൾ പറയാത്തതാണ്."

"സാബ്, സത്യമാണ് ഞാൻ പറഞ്ഞത്. എനിക്കറിയില്ല."

പോലീസ് ഓഫീസറുടെ ഭാവം മാറി. പരുഷമായ ശബ്ദത്തിൽ ഓഫീസർ കല്പിച്ചു:

"മിസ്റ്റർ മേനൺ, നിങ്ങൾ സ്റ്റേഷനിലേക്ക് വരണം. നിങ്ങളെ ഞങ്ങൾക്ക് വിശദമായി ചോദ്യം ചെയ്യണം."

പോലീസുകാർ അവരുടെ വാഹനത്തിലേക്ക് എന്നെ ബലമായി പിടിച്ചുകയറ്റി.

എനിക്കെന്തു സംഭവിച്ചു എന്നറിയാൻ ഞാൻ പോലീസ് സ്റ്റേഷനിൽനിന്നു വരുന്നതും കാത്ത് ഇരിക്കുകയായിരുന്നു സൊസൈറ്റിയിലുള്ളവർ. അവരുടെ അന്വേഷണങ്ങൾക്കെല്ലാം മറുപടി നൽകുന്നത് പ്രയാസകരമായിരുന്നു.

"പോലിസുകാർ തിരിച്ചും മറിച്ചും ചോദ്യം ചോദിച്ചിട്ട് വിട്ടയച്ചു," ഞാൻ ഒഴുക്കൻ മട്ടിൽ പറഞ്ഞു. എന്നാൽ, കീശയിലെ പണം ചോർന്നു എന്ന് ആരോടും വെളിപ്പെടുത്തിയില്ല.

"നിങ്ങൾ ഈ സൊസൈറ്റിയിൽ താമസമാക്കിയതിനുപിന്നെയാണ് നിത്യസംഭവംപോലെ മോഷണം നടക്കുന്നത്. ഇനി അടുത്തത് ഏതു ഫ്ലാറ്റിൽനിന്നാണാവോ? ഞങ്ങളെല്ലാം ഇവിടെ കൊല്ലങ്ങളായി താമസിക്കുന്നു. ഇതുവരെ ഒരു പ്രശ്നവും ഉണ്ടായിട്ടില്ല." അയലത്തെ ഫ്ലാറ്റുടമയാണ്. എന്നോടുള്ള അയാളുടെ സമീപനത്തിൽ സംശയത്തിന്റെ ദുർഗന്ധം ഞാൻ മണത്തു.

എല്ലാവരുടെയും കണ്ണുകൾ എന്നെ ചൂഴ്ന്നുകൊണ്ടിരുന്നു. കുട്ടികൾപോലും എന്നെ പന്തിയല്ലാത്ത മട്ടിൽ നോക്കി.

കെട്ടിടത്തിനു കാവലായി സൊസൈറ്റിയുടെ സെക്രട്ടറി കാഴ്ചയിൽ സാധുവെന്നു തോന്നുന്ന മറ്റൊരു ഗൂർഖയെ നിയമിച്ചു. അപ്പോഴേ ഞാൻ നിശ്ചയിച്ചു: ഇയാളോട് ഞാൻ ലോഹ്യം വെക്കില്ല. അനുഭവംവച്ച് നാളെ ദോഷകരമായി ആ ബന്ധം എന്നെ ബാധിക്കാൻ മതി. എന്നാൽക്കൂടി എനിക്കെന്റെ സ്വഭാവംവച്ച് അയാളോട് വർത്തമാനം പറയാതിരിക്കാനും അടുക്കാതിരിക്കാനും ആകില്ല. പാവപ്പെട്ടവരോട് ദയയും സഹാനുഭൂതിയും തോന്നാറുള്ള എനിക്ക് സ്വസ്ഥമായി ജീവിക്കാൻ ഹിന്ദുസ്ഥാൻ ഹൗസിങ് സൊസൈറ്റിയിലെ അന്തരീക്ഷം പറ്റിയതല്ലെന്നു തോന്നിത്തുടങ്ങിയിരുന്നു.

ചാളിൽ ഞാൻ താമസിച്ച മുറി ഇപ്പോഴും പൂട്ടിത്തന്നെ കിടക്കുകയാണെന്നറിഞ്ഞു. ആ മുറിയിലേക്ക് മടങ്ങിപ്പോയാലോ എന്ന ചിന്തയിൽ ഞാൻ ആണ്ടു. കൃത്യമായ രൂപമില്ലാത്ത ആ മുറി എന്നെ അവിടേക്ക് വിളിക്കുകയാണെന്നു തോന്നി. എനിക്കവിടെ സ്വസ്ഥമായ ഒരു ജീവിതം ഉറപ്പാണ്.

ചാളിലേക്ക് മാറാൻ ഞാൻ തീരുമാനിച്ചു. ഉടമസ്ഥനെ കണ്ട് സംസാരിച്ച് താക്കോൽ വാങ്ങി.

ഫ്ലാറ്റിന്റെ ബാൽക്കണിയിൽ റോഡിന് അഭിമുഖമായി 'ഫ്ലാറ്റ് ഫോർ സെയിൽ' എന്നെഴുതിയ ഒരു ബോർഡ് തൂക്കി. ബന്ധപ്പെടേണ്ട നമ്പർ മുഴുത്ത അക്കങ്ങളിലായതിനാൽ അതിൽ ശ്രദ്ധ പതിയാതിരിക്കില്ല.


അത്യാവശ്യം വീട്ടുപകരണങ്ങൾ മാത്രം ചാളിലേക്ക് കൊണ്ടുവന്നു. മുറിയുടെ ചുമരുകളിലെ കുമ്മായം കുറെക്കൂടി അടർന്നുവീണിരുന്നു. മേൽക്കൂരയിലെ ആസ്ബസ്റ്റോസിൽനിന്ന് ചെതമ്പലുകൾ അവിടവിടെ വീണുകിടന്നു. പഴക്കച്ചൂര് മൂക്കിലേക്ക് അടിച്ചുകയറി. മാറാല തട്ടിക്കളഞ്ഞ് തറതൂത്ത് വെടിപ്പാക്കി നീണ്ടുനിവർന്നുകിടന്നപ്പോൾ ഒരു വെള്ളരിപ്രാവ് ഉള്ളിലിരുന്ന് കുറുകി. ■

കവിത

രാജൻ കൈലാസ്



# പാതിയുടഞ്ഞൊരു ബുദ്ധൻ




കരുമാടിയിലെ കുട്ടൻ,
പാതിയുടഞ്ഞൊരു ബുദ്ധൻ,
നൂറ്റാണ്ടുകളായ് തോട്ടിൽ,ചെളിയിൽ
നിദ്രയിലാണ്ടു കിടന്നു.
ബ്രിസ്റ്റോ*യെന്നൊരു സായിപ്പല്ലോ
പൊക്കിയെടുത്തു നമുക്കായ്.
കണ്ണുമടച്ചു തപസ്സാണിന്നും
ഉള്ളിലെയുണ്മകൾ തേടി,
മെലിഞ്ഞു കറുത്തൊരു
മെയ്യിൽ, മുഖത്തും
സൂര്യനുദിച്ചേ നിൽപ്പൂ...
തൊഴുതൂ ഞാനും മുന്നിലിരുന്നൂ
എന്നിലെയെന്നെത്തേടി...
മൗനച്ചിരിയാലെന്നോടോതി
‘ഞാനും നീയുമിതൊന്നേ.’
ഇടതുവശം പോയെങ്കിലുമെന്നിൽ
ഹൃദയമിടിപ്പുണ്ടിന്നും.
ഒരുനാളെന്നെ തല്ലിയുടച്ചവർ
നിന്നെത്തേടിയുമെത്തും.
‘കരുതലിൽ നിന്നെക്കാക്കുക നിത്യം’
പുതുയുഗബുദ്ധൻ ചൊല്ലി.
കണ്ണുകൾ രണ്ടുമടച്ചൂ ഞാനും
മെയ്യില്ലാത്തവനായി,
എന്നുടെയുള്ളിന്നുള്ളിലുമൊരു ചെറു
ബോധസ്സൂര്യനുദിച്ചൂ....
ആയിരമർക്കകരങ്ങളിലെന്നെ
കോരിയെടുത്തൂ, ബുദ്ധൻ.

---

*റോബർട്ട് ബ്രിസ്റ്റോ: ഈ പ്രതിമ തോട്ടിൽനിന്നു കണ്ടെടുത്ത ബ്രിട്ടീഷ് എൻജിനീയർ.*

**അധികാരത്തിന്റെ ദന്തഗോപുരങ്ങളിലിരുന്ന് അജയ്യതയുടെ മിഥ്യകൾ മെനയുന്നവർ പലപ്പോഴും ചരിത്രത്തിന്റെ ചുവരെഴുത്തുകൾ കാണാറില്ല. തെരുവിലിറങ്ങിയ യൗവനങ്ങളും പ്രതിരോധത്തിന്റെ കനൽകെടാത്ത കർഷകരും വിളിച്ചു പറയുന്നത് ആസന്നമായ ഒരു രാഷ്ട്രീയപതനത്തെക്കുറിച്ചാണ്.**

സമകാലികം



എൻ.പി. ചെക്കുട്ടി

# വഴിപിഴയ്ക്കുന്ന മോദിസർക്കാർ

നരേന്ദ്രമോദി സർക്കാരിനു മുന്നിൽ പ്രതിസന്ധികൾ ഒന്നൊന്നായി ഉരുണ്ടുകൂടുകയാണ്. ഈ സർക്കാർ അഞ്ചുവർഷം തികയ്ക്കുമെന്ന് പ്രതീക്ഷിക്കാൻ വഴിയില്ല. കാരണം, മുന്നോട്ടുപോകാനുള്ള വഴികൾ പൂർണമായും തടയുന്ന ഗുരുതരമായ പ്രതിസന്ധികളാണ് സർക്കാരിപ്പോൾ നേരിടുന്നത്. അവയ്ക്കു പരിഹാരം കാണാനുള്ള മാർഗങ്ങളും സർക്കാരിനു മുന്നിലില്ല.

രണ്ടു കാര്യങ്ങൾ പരിഗണിക്കുക: ഒന്നാമത്, ജന്തർമന്തറിൽ തടിച്ചുകൂടിയ യുവജനങ്ങൾ. അവർ അങ്ങേയറ്റം അസംതൃപ്തരാണ്. എന്തുകൊണ്ടാണ് ഇന്ത്യയിലെ മധ്യവർഗ യുവജനങ്ങൾ മെച്ചപ്പെട്ട തൊഴിലുകൾ തേടി ജീവിതം ഭദ്രമാക്കുവാൻ ശ്രമിക്കുന്നതിനു പകരം തെരുവിൽ സർക്കാർവിരുദ്ധ പ്രക്ഷോഭങ്ങളിൽ രാപകൽ കഴിച്ചുകൂട്ടിയത്? എന്താണ് അവരെ ഇങ്ങനെ പ്രകോപിതരാക്കിയത്?

രണ്ടാമത്, അയോധ്യയിലെ അമ്പലക്കൊള്ള സംഘപരിവാറിനുള്ളിൽ വലിയ വിള്ളലാണ് ഉണ്ടാക്കിയിരിക്കുന്നത്. പതിറ്റാണ്ടുകളായി അവർ കെട്ടി



പ്പൊക്കിക്കൊണ്ടുവന്ന അജണ്ടകളാണ് അവിടെ തകിടംമറിയുന്നത്. അതിന്റെ രാഷ്ട്രീയാഘാതം കടുത്തതായിരിക്കും. കാരണം, അതൊരു സാമ്പത്തികത്തട്ടിപ്പു മാത്രമല്ല; മറിച്ച്, രാമക്ഷേത്ര സങ്കല്പത്തിനു നേരേയുള്ള വിശ്വാസവഞ്ചന കൂടിയാണ്. അതിന്റെ ഉത്തരവാദിത്വത്തിൽനിന്നു മോദിക്കും സർക്കാരിനും ഒഴിഞ്ഞുമാറാൻ കഴിയില്ല. കാരണം, ക്ഷേത്രനിർമാണത്തിന്റെ മുഴുവൻ ക്രെഡിറ്റും ഏറ്റെടുക്കാൻ നേരത്തെ വലിയ ഉത്സാഹം കാണിച്ചത് അദ്ദേഹമാണ്. സംഗതികൾ കുഴപ്പത്തിലേക്കു നീങ്ങുമ്പോൾ കൈകഴുകി ഒഴിയാൻ പരിവാർ നേതൃത്വമോ പാർട്ടിയിലെ എതിരാളികളോ മോദിയെ അനുവദിക്കുകയില്ല.

കഴിഞ്ഞ വർഷങ്ങളിൽ കർഷക സമരംപോലെ ശക്തമായ നിരവധി ജനകീയ പ്രക്ഷോഭങ്ങളെ സർക്കാരിനു നേരിടേണ്ടതായി വന്നിരുന്നു. പഞ്ചാബ്-ഹരിയാന പ്രദേശങ്ങളിൽനിന്നുള്ള കർഷകർ ട്രക്കുകളിലും ട്രാക്ടറുകളിലും ഡൽഹിയിലെത്തി നഗരം ഉപരോധിച്ച നാളുകൾ അധികം അകലെയല്ല. ഒരു കാരണവശാലും പിൻവാങ്ങുകയില്ല എന്ന സന്ദേശമാണ് അന്നു കർഷകർ നൽകിയത്. അവരുടെ കോപം പ്രധാനമായും ഉദ്ദീപിപ്പിച്ചത് സർക്കാർ കൊണ്ടുവരാൻ ശ്രമിച്ച കാർഷിക നിയമങ്ങളായിരുന്നു. കോൺഗ്രസ് ഭരണകാലത്ത് ന്യായമായ കാർഷികോല്പന്ന വില ഉറപ്പുവരുത്താനും ധാന്യവിഭവങ്ങൾ കർഷകരിൽനിന്നു സംഭരിക്കാനുമായി ഏർപ്പെടുത്തിയ സർക്കാർ നിയന്ത്രിത 'മണ്ഡി' സംവിധാനം ഒഴിവാക്കി പകരം സ്വകാര്യമേഖലയ്ക്ക് കാർഷികോല്പന്ന വിപണി പൂർണമായും തുറന്നുകൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിയമനിർമാണമാണ് അന്നു സർക്കാർ നടപ്പിലാക്കിയത്. കാർഷികമേഖലയിൽ ഇന്ത്യൻ-വിദേശ കമ്പനികൾക്ക് പൂർണമായ ആധിപത്യം ഉറപ്പുവരുത്താനാണ് മോദി സർക്കാർ ശ്രമിച്ചത്.

അതു കർഷകർക്കിടയിൽ മാത്രമല്ല, സംഘപരിവാറിനെ പിന്തുണച്ച മറ്റു പല സാമൂഹിക വിഭാഗങ്ങൾക്കിടയിലും കടുത്ത ഉത്കണ്ഠയും പ്രതിഷേധവും ഉയർത്തിയിരുന്നു. സ്വദേശി ജാഗരൺ മഞ്ച് അടക്കമുള്ള പല സംഘടനകളും ഈ നീക്കങ്ങളെക്കുറിച്ച് ഉത്കണ്ഠ പുലർത്തി. എന്നാൽ, സർക്കാർ അത് അവഗണിച്ചു. ഒടുവിൽ പ്രക്ഷോഭം കടുത്തപ്പോൾ പിൻവാങ്ങുകയല്ലാതെ മറ്റൊരു വഴിയും മോദിക്കു മുന്നിൽ ഉണ്ടായിരുന്നില്ല. അങ്ങനെയാണ് കർഷകർ താത്കാലികമായി സമരരംഗത്തുനിന്നു പിൻവാങ്ങിയത്. സമീപകാലത്ത് ഇന്ത്യ വിവിധ രാജ്യങ്ങളുമായി ഒപ്പുവെച്ചുകൊണ്ടിരിക്കുന്ന സ്വതന്ത്ര വ്യാപാര ഉടമ്പടികളുടെ പ്രത്യാഘാതം എങ്ങനെയാണ് ഇന്ത്യൻ കാർഷികമേഖലയിൽ പ്രതിഫലിക്കുകയെന്ന് ഉറപ്പില്ല. പക്ഷേ, വിപണി തുറന്നിടുമ്പോൾ വിദേശ കാർഷികോല്പന്നങ്ങൾ വൻതോതിൽ ഇന്ത്യൻ വിപണിയിൽ പ്രവേശിക്കും. അത് ആഭ്യന്തര വിപണിവിലയെ സ്വാധീനിക്കും. അതിന്റെ ആഘാതത്തിൽനിന്ന് ഇന്ത്യൻ കാർഷികവിപണിയെ സംരക്ഷിച്ചുനിർത്താൻ സർക്കാരിനു കഴിയുമോ എന്നു കണ്ടറിയണം. വിപണിയിൽ ആഭ്യന്തരകർഷകർക്കു തിരിച്ചടിയേറ്റാൽ അവർ വീണ്ടും പ്രക്ഷോഭത്തിലിറങ്ങും എന്നുറപ്പാണ്. കാരണം, ഒരുതവണ തങ്ങളുടെ സംഘടിതശക്തി തിരിച്ചറിഞ്ഞ ഒരു സമൂഹത്തെ പിന്നീട് അതിൽനിന്നു പിന്തിരിപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല.

യുവജനപ്രക്ഷോഭവും അത്തരത്തിലുള്ള ദീർഘകാല പ്രത്യാഘാതങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാശക്തിയെയാണ് കെട്ടഴിച്ചുവിട്ടത്. രാജ്യം അവലംബിച്ച നിയോലിബറൽ സാമ്പത്തികനയങ്ങൾ അവർക്കുമുന്നിൽ വലിയ സ്വപ്നങ്ങളാണ് വിതറിയത്. എന്നാൽ, വർഷങ്ങൾ നീണ്ട പഠനത്തിനും കടുത്ത മത്സരപരീക്ഷകൾക്കും ശേഷം അവർ കാണുന്നത് അഴിമതിയിലും കെടുകാര്യസ്ഥതയിലും മുങ്ങിയ ഒരു സംവിധാനത്തെയാണ്. തങ്ങൾ പ്രതീക്ഷിച്ച



▶ആക്ടിവിസ്റ്റ് സോനം വാങ്ചുക്ക്, കോക്രോച്ച് ജനതാപാർട്ടി സ്ഥാപകൻ അഭിജീത് ദീപ്കെ

**മത്സരപരീക്ഷകളുടെ വിശ്വാസ്യത മാത്രമല്ല ഈ സംഭവങ്ങളിൽ നഷ്ടമായത്; മറിച്ച്, അതിനെ നിയന്ത്രിക്കുന്ന സർക്കാരിന്റെതന്നെ വിശ്വാസ്യതയാണ്.**

സുരക്ഷിതവും സുരഭിലവുമായ ഭാവി വെറുമൊരു ആകാശകുസുമമായി മാറിയിരിക്കുന്നു. മത്സരപരീക്ഷകളുടെ വിശ്വാസ്യത മാത്രമല്ല ഈ സംഭവങ്ങളിൽ നഷ്ടമായത്; മറിച്ച്, അതിനെ നിയന്ത്രിക്കുന്ന സർക്കാരിന്റെതന്നെ വിശ്വാസ്യതയാണ്. അതിനാലാണ് വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി അവർ ആവശ്യപ്പെട്ടത്. ഈ തകർച്ചയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറില്ല എന്നതുകൊണ്ടു മാത്രമാണ് സർക്കാർ അതിനു തയ്യാറാകാതിരിക്കുന്നത്. അതിനാൽ യുവജനങ്ങൾക്കിടയിൽ സർക്കാരിന്റെ വിശ്വാസ്യത തിരിച്ചുപിടിക്കൽ മോദിയെ സംബന്ധിച്ച് എളുപ്പമല്ല.

നേരത്തെ ഉയർന്നുവന്ന മറ്റു പ്രക്ഷോഭങ്ങളിൽനിന്നും പ്രതിസന്ധി

കളിൽനിന്നും തികച്ചും വ്യത്യസ്തമായ പ്രശ്നങ്ങളാണ് ഇന്നു മോദി നേരിടുന്നത്. പൗരത്വസമരം പോലുള്ള പ്രക്ഷോഭങ്ങളെ നേരിടാൻ സാമൂഹികവിഭജനത്തിന്റെയും വർഗീയതയുടെയും മാർഗങ്ങളാണ് മോദിസർക്കാർ പ്രയോഗിച്ചത്. അർബൻനക്സലുകളും മുസ്ലിംഭീകരരും കൈകോർത്ത് നാടിനെ അട്ടിമറിക്കാൻ നീക്കംതുടങ്ങി എന്നായിരുന്നു അന്നൊക്കെയുള്ള വായ്ത്താരി. പലരെയും ദീർഘകാലത്തേക്കു ജയിലുകളിൽ പാർപ്പിച്ചും മുഖ്യധാരാ മാധ്യമങ്ങളെ വരുതിയിലാക്കി വിമർശകർക്കെതിരെ നുണപ്രചാരണം സംഘടിപ്പിച്ചും അന്നു രക്ഷപ്പെടാൻ സർക്കാരിനു കഴിഞ്ഞു. കാരണം, പ്രക്ഷോഭകരിൽ പലരും മുസ്ലിം നാമധാരികളായിരുന്നു.

എന്നാൽ, അത്തരം വ്യാജപ്രചാരണങ്ങളുടെ സംരക്ഷണം ഇനി മോദിക്കും കൂട്ടർക്കും ലഭ്യമാകില്ല. ഇത്രയുംകാലം അവരുടെ ഭരണത്തിനു പിന്തുണനൽകിയ അതേ സാമൂഹികവിഭാഗങ്ങൾതന്നെയാണ് ഇന്നു പ്രക്ഷോഭരംഗത്തു കാണപ്പെടുന്നത്. തെരുവിൽ പോരടിക്കുന്ന കർഷകരും യുവജനങ്ങളും വരുന്നത് ഇന്ത്യയിലെ ഇടത്തരം-മധ്യവർഗ കുടുംബങ്ങളിൽനിന്നാണ്. അവരെ ദേശവിരുദ്ധരാക്കി ചിത്രീകരിച്ച് രക്ഷപ്പെട്ടുപോകാൻ മോദിക്കു പ്രയാസമുണ്ട്.

എന്തുകൊണ്ട് മോദിസർക്കാർ ഇങ്ങനെയൊരു കൊടും പ്രതിസന്ധിയിൽ ചെന്നെത്തി? അതിനുള്ള പ്രധാന ഉത്തരവാദികൾ സർക്കാരിന്റെ നയങ്ങളും സമീപനങ്ങളും നിശ്ചയിച്ച സംഘപരിവാർ ശക്തികൾതന്നെയാണ്. ഒരു ഭാഗത്ത് ഹിന്ദുത്വ വർഗീയ രാഷ്ട്രീയവും മറുഭാഗത്ത് ആഗോള ഫിനാൻസ് മൂലധന താല്പര്യങ്ങളും കൂടിക്കലർന്ന ഒരു പൊതുധാരയാണ് മോദി സർക്കാരിന്റെ പിന്നിലെ യഥാർഥ ചാലകശക്തിയായി കാണപ്പെട്ടിരുന്നത്. അതിന്റെ പ്രധാന ഗുണഭോക്താക്കൾ ഗുജറാത്ത് ആസ്ഥാനമായ വൻകിട ഇന്ത്യൻ കോർപ്പറേറ്റ് കമ്പനികളായിരുന്നു. അദാനിയുടെ മിന്നൽവേഗത്തിലുള്ള വളർച്ചയെന്നത് അതിന്റെ കൃത്യമായ സൂചനയായിരുന്നു. അദാനിയും ഗുജറാത്തി കോർപ്പറേറ്റ് സഖ്യവും മുന്നേറിയപ്പോൾ അതിന്റെ ആഘാതം ഏറ്റുവാങ്ങിയത് കർഷകരും മറ്റു സാധാരണക്കാരും മാത്രമല്ല. സർക്കാരിന്റെ പ്രത്യേക സൗജന്യങ്ങൾ ലഭിക്കാതെപോയ മറ്റു കോർപ്പറേറ്റ് കമ്പനികൾക്കും പല തരത്തിലുള്ള പ്രതിസന്ധികളെ നേരിടേണ്ടിവന്നു.




അതിനാൽ നിലവിലെ സാഹചര്യം തൊണ്ണൂറുകളിലെ ഇന്ത്യൻ രാഷ്ട്രീയാവസ്ഥയെ പലനിലയിൽ ഓർമിപ്പിക്കുന്നുണ്ട്. ഗുജറാത്തിലെ അംബാനികളും മുംബൈയിലെ വാഡിയ കമ്പനിയും തമ്മിലുള്ള കോർപ്പറേറ്റ് യുദ്ധമാണ് രാജീവ് ഗാന്ധിയുടെ സർക്കാരിനെതിരെയുള്ള കലാപമായി പിന്നീടു വികസിച്ചത്. അന്നു രാജീവ് ഭരണത്തിന്റെ തകർച്ചയ്ക്കു കാരണമായ പ്രധാന വിഷയം മന്ത്രിസഭയിൽ പ്രധാനിയായിരുന്ന വി.പി. സിങ്ങിന്റെ രാജിയായിരുന്നു. വി.പി. സിങ് ഉത്തർപ്രദേശിൽനിന്നുള്ള നേതാവായിരുന്നു. അതിനുപിന്നിൽ പ്രവർത്തിച്ചതാകട്ടെ, സംഘപരിവാറിലെ ഒരു ബുദ്ധിജീവി വിഭാഗവും. അന്ന് ആർ.എസ്.എസിന്റെ ചാവേർ പടയാളികളായി രംഗത്തുവന്ന അരുൺ ഷൂരിയെപ്പോലുള്ളവർ ഇന്നു മോദിയുടെ കടുത്ത എതിരാളികളാണ്. മോദിയുടെ പ്രതിസന്ധികൾ ഫലപ്രദമായി ചൂഷണം ചെയ്യാൻ ശേഷിയും പരിചയവുമുള്ള ഒരു സംഘം സംഘപരിവാറിന്റെ അകത്തളങ്ങളിൽത്തന്നെ വിഹരിക്കുന്നുണ്ട് എന്നതും വസ്തുതയാണ്.

അതിന്റെ ഏറ്റവും പ്രധാന ലക്ഷണമാണ് അയോധ്യാ ക്ഷേത്രവിഷയത്തിൽ സംഘപരിവാറിനുള്ളിൽത്തന്നെ കാണപ്പെടുന്ന ഭിന്നനിലപാടുകൾ. ഉത്തർപ്രദേശാണ് ഇത്തവണയും അസ്വസ്ഥതകളുടെ പ്രഭവകേന്ദ്രം. യു.പി. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രത്യേക അന്വേഷണ ഏജൻസിയെ വച്ച് അന്വേഷണം നടത്തുന്നത് അമ്പലത്തിലെ ഭണ്ഡാരക്കൊള്ളയെക്കുറിച്ചു മാത്രമല്ല; ക്ഷേത്രനിർമാണം അടക്കം അഞ്ചുകൊല്ലമായി നടക്കുന്ന തട്ടിപ്പുകൾ ഒന്നടങ്കം അന്വേഷിക്കാനാണ് പ്രത്യേക അന്വേഷണ സംഘത്തിനു നൽകിയ നിർദേശം. അതായത്, മോദിയുടെ പ്രത്യേക താല്പര്യപ്രകാരം അദ്ദേഹത്തിന്റെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും ഗുജറാത്ത് കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ നൃപേന്ദ്ര മിശ്രയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ കൂടി പരിശോധനാവിധേയമാക്കാനാണ് ആദിത്യനാഥിന്റെ നീക്കം.

അതൊരു ഏറ്റുമുട്ടലിന്റെ സൂചനയാണ്. മുൻകാലത്തെപ്പോലെ ഗുജറാത്തും ഉത്തർപ്രദേശും തമ്മിൽ അധികാരനിയന്ത്രണത്തിനായി നേർക്കുനേർ വരുന്ന സാഹചര്യം. ഗുജറാത്ത് കേന്ദ്രീകരിച്ചുള്ള സംഘമാണ് ഇത്രയും കാലം ഇന്ത്യയെ നിയന്ത്രിച്ചത്. എന്നാൽ, ചരിത്രത്തിൽ ഉത്തർപ്രദേശാണ് എന്നും ഇന്ത്യൻ ഭരണകൂടത്തെ നിയന്ത്രിച്ചിട്ടുള്ളത്. ഭരണനിയന്ത്രണം തിരിച്ചുപിടിക്കാനുള്ള സാധ്യതകൾ അവർ മുന്നിൽക്കാണുന്നു. അതിനായി വേണ്ടിവന്നാൽ മോദി ഭരണത്തെ വെട്ടിവീഴ്ത്താനും അവർ മടിക്കുകയില്ല എന്നതും ഉറപ്പാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ സീറ്റുകൾ ഏറ്റവും കൂടുതൽ നഷ്ടമായത് യു.പി.യിലായിരുന്നു. അതൊരു ബോധപൂർവമായ അട്ടിമറിനീക്കത്തിന്റെ ഭാഗമായിരുന്നു എന്ന അടക്കംപറച്ചിൽ ബി.ജെ.പി.യുടെ അകത്തളങ്ങളിൽത്തന്നെ കേട്ടിരുന്നു. അത്തരം ആഭ്യന്തരയുദ്ധങ്ങൾ ഇനിയുള്ള നാളുകളിൽ പരസ്യയുദ്ധങ്ങളായിത്തന്നെ പുറത്തുവരും. കാരണം, മോദിയെ മാറ്റാതെ യോഗിക്ക് ഇന്ത്യയുടെ നിയന്ത്രണം പിടിച്ചെടുക്കാനാവില്ല. ■

കവിത

കരീം അരിയന്നൂർ



# ഗന്ധം




ഞാൻ അറിയാതെ നീ
ജനൽപ്പാളികളിൽ
എത്തിനോക്കുന്നുണ്ടോ
നിഴൽ വെളിച്ചമായ്.

നറുമണം തിരഞ്ഞ് നീ
ശ്വാസത്തിൽച്ചേരുന്നു
മൗനം മുറിയുന്ന
ഇരുള് ഭയക്കാതെ.

വെളിച്ചദാഹത്താൽ
പിടയും ഇരുട്ടിൽ
ഗന്ധമായ് വാഴുന്നു.
പറയാത്ത വാക്കിൽ
ഉള്ളിൽ നിശ്ശബ്ദമായ്,
നിഴലിൽ വീഴുമ്പോൾ

നീയെന്നെത്തേടും
പ്രണയസാമീപ്യം.
പാദത്തെ പുണരാൻ
രൂപം മാറിയൊരു
അരുവി മത്സ്യമായ്
ജല ഗന്ധസ്പർശം.

നീയുണ്ടായിരുന്നു
ആരും അറിയാതെ
മനുഷ്യകുലത്തിൻ
പിറവിക്കു മുന്നെ
മറ്റുള്ളവർക്കൊന്നും
ഗോചരമല്ലാതെ

എത്ര കാലമായ് നീ
പിറകിലെപ്പോഴും
നിനക്ക് വേവലാതി,
അശുദ്ധി നിറഞ്ഞ
ഇടങ്ങൾ, ഇരുളും
വെളിച്ചവും ചേരും
സമയത്ത് ഗന്ധമായ്
വന്ന് ഇരുട്ടിൽ പുൽകാൻ.



സെഡ്രിക് പ്രകാശ്

# വിപ്ലവത്തിന്റെ കാൽപ്പെരുമാറ്റം

**അധികാരത്തിന്റെ കോട്ടകൊത്തളങ്ങളെ വിറപ്പിച്ചുകൊണ്ട് ഇന്ത്യൻ യുവത തെരുവിലിറങ്ങുമ്പോൾ, അതൊരു പുതുചരിത്രത്തിന്റെ പിറവിയാകുന്നു. അഴിമതിക്കും വിദ്വേഷരാഷ്ട്രീയത്തിനുമെതിരെ രാജ്യത്തുടനീളം ആഞ്ഞടിക്കുന്ന വിദ്യാർഥിപ്രക്ഷോഭങ്ങളുടെ ഉൾപ്പൊരുളുകളിലൂടെ...**

തെരുവുകളിൽ അലയടിച്ച വിദ്യാർഥി-യുവജന പ്രക്ഷോഭങ്ങളുടെ പൊള്ളുന്ന ചൂടിൽ, ഒടുവിൽ ജൂലൈ ഇരുപത്തിയഞ്ചിന് ഉച്ചതിരിഞ്ഞ് വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജിവച്ചൊഴിയുമ്പോൾ അതു കേവലമൊരു അധികാരമാറ്റമായിരുന്നില്ല; മറിച്ച്, വ്യവസ്ഥിതിക്കെതിരായ ജനകീയമുന്നേറ്റത്തിന്റെ അനിവാര്യമായ ആദ്യവിജയമായിരുന്നു. അധികാരത്തിന്റെ ഇടനാഴികളിൽ കോർപ്പറേറ്റുകൾക്കും വലതുപക്ഷ സംഘടനകൾക്കും വേണ്ടി കോടിക്കണക്കിനു രൂപ ഒഴുക്കിയ ഒരു ഭരണാധികാരിയുടെ പതനം, വരാനിരിക്കുന്ന വലിയ മാറ്റങ്ങളുടെ തുടക്കം മാത്രമാണ്. മഞ്ഞുമലയുടെ ഒരറ്റം മാത്രം.

എന്നാൽ, എരിതീയിൽനിന്ന് വറചട്ടിയിലേക്കുള്ള പതനമാണോ ഈ മാറ്റം? പ്രധാന്റെ പിൻഗാമിയായി മറ്റൊരു തീവ്ര ഹിന്ദുത്വവാദിയായ പ്രഹ്ലാദ് ജോഷി അവരോധിക്കപ്പെടുമ്പോൾ, അതു നിലവിലുള്ള പ്രതിസന്ധികൾക്ക് യാതൊരുവിധ പരിഹാരവുമാകുന്നില്ല. യുദ്ധമുഖത്ത് കുടുങ്ങിപ്പോയ മെഡിക്കൽ വിദ്യാർഥികളെക്കുറിച്ച് അങ്ങേയറ്റം നിരുത്തരവാദപരമായി പ്രതികരിക്കുകയും, ബിൽക്കിസ് ബാനു കേസിലെ കൊടുംകുറ്റവാളികളുടെ മോചനത്തെപ്പോലും നിർലജ്ജം ന്യായീകരിക്കുകയുംചെയ്ത ഒരാൾ, ഇന്ത്യയുടെ വിദ്യാഭ്യാസത്തിന്റെ അമരത്തെത്തുന്നത് ജനാധിപത്യത്തോടുള്ള കടുത്ത വെല്ലുവിളിയാണ്.

തെരുവുകളിലേക്കൊഴുകിയിറങ്ങിയ യൗവനത്തിന്റെ ശബ്ദം അങ്ങേയറ്റം സ്പഷ്ടവും പ്രകമ്പനം കൊള്ളിക്കുന്നതുമായിരുന്നു. ഫാസിസത്തിന്റെ വിദ്വേഷരാഷ്ട്രീയത്തിനോ സങ്കുചിതത്വത്തിനോ തങ്ങളുടെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും റദ്ദ് ചെയ്യാനാകില്ലെന്ന് അവർ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾ മായ്ച്ചുകളഞ്ഞുകൊണ്ട്, ഭരണഘടന നെഞ്ചോടുചേർത്ത് അവർ വിളിച്ചുപറഞ്ഞു: "നാം ഒന്നാണ്, നാം അതിജീവിക്കുകതന്നെചെയ്യും". വഞ്ചനയുടെ രാഷ്ട്രീയതന്ത്രങ്ങൾക്കുമുന്നിൽ മുട്ടുമടക്കാത്ത ഒരു പുതുതലമുറയുടെ ഉയിർത്തെഴുന്നേൽപ്പായിരുന്നു ആ കാഴ്ച.




"വർഷങ്ങൾക്കുശേഷം ആദ്യമായി, ഒരു ഇന്ത്യക്കാരിയായിരിക്കുന്നതിൽ വലിയ അഭിമാനം തോന്നുന്നു..." അരുന്ധതി റോയ് 'ദി വയറി'ൽ നിരീക്ഷിച്ചതുപോലെ, പ്രതീക്ഷകൾ അസ്തമിച്ചുവെന്നു കരുതിയ ഒരു ചരിത്രസന്ധിയിലാണ് അവർ ഒഴുകിയെത്തിയത്. നിരായുധരും എന്നാൽ, വ്യവസ്ഥിതിക്ക് അങ്ങേയറ്റം അപകടകാരികളുമായ യുവജനങ്ങൾ തലസ്ഥാന നഗരിയെ അക്ഷരാർഥത്തിൽ പിടിച്ചുകുലുക്കി. തങ്ങളുടെ മാതാപിതാക്കൾ അടിയറവുവച്ച പൗരാവകാശങ്ങൾ തിരിച്ചുപിടിക്കാൻ, കരിഞ്ഞുപോകുന്ന തങ്ങളുടെ ഭാവിയെ സംരക്ഷിക്കാൻ അവർ സകല പ്രതിബന്ധങ്ങളെയും വകഞ്ഞുമാറ്റി ഒഴുകിയെത്തുകയായിരുന്നു.

അഹമ്മദാബാദ് മുതൽ ഡൽഹി വരെ, ഗ്രാമങ്ങളെന്നോ നഗരങ്ങളെന്നോ



വ്യത്യാസമില്ലാതെ ഒരു രാജ്യം മുഴുവൻ തെരുവിലിറങ്ങുന്ന അവിശ്വസനീയമായ കാഴ്ചയാണ് പിന്നീട് ലോകം കണ്ടത്. വിലയ്ക്കെടുത്ത ആൾക്കൂട്ടമായിരുന്നില്ല അത്; മറിച്ച്, വിദ്യാഭ്യാസസമ്പ്രദായത്തിന്റെ തകർച്ചയിലും നീറ്റ് പരീക്ഷാ വിവാദങ്ങളിലും മനംനൊന്ത് ജീവനൊടുക്കിയ വിദ്യാർഥികൾക്കുവേണ്ടിയുള്ള, സ്വാഭാവികമായ ഒരു പൊട്ടിത്തെറിയായിരുന്നു. സമീപകാലത്ത് ശ്രീലങ്കയിലും നേപ്പാളിലും കണ്ടതുപോലെ, ഒരു 'ഇന്ത്യൻ വസന്ത'ത്തിന്റെ ഉണർവുകൾ അതിൽ ദൃശ്യമായിരുന്നു. ഗുജറാത്ത് സർവകലാശാലയ്ക്കുമുന്നിൽ സായുധരായ പോലീസിനെ നോക്കുകുത്തിയാക്കി പാട്ടുപാടി നടന്ന വിദ്യാർഥികൾ, 1974-ലെ നവനിർമാൺ പ്രക്ഷോഭത്തിന്റെ സ്മരണകളെയാണ് തിരികെക്കൊണ്ടുവന്നത്.

"ഭാവിതലമുറയുടെ യഥാർഥ സൂക്ഷിപ്പുകാർ തങ്ങളാണെന്നു രാജ്യത്തെ യുവാക്കൾ തെളിയിക്കുന്ന മഹത്തായ നിമിഷങ്ങളാണിത്," എന്ന് പ്രതാപ് ഭാനു മേത്ത ചൂണ്ടിക്കാണിക്കുന്നുണ്ട്. സർവാധിപത്യവും വർഗീയതയും ഭയവും മാത്രം ബാക്കിവച്ച മുതിർന്ന തലമുറയാൽ വഞ്ചിക്കപ്പെട്ട യുവത്വം തങ്ങളുടെ ഭാവി സ്വന്തം കൈകളിലെടുത്തിരിക്കുന്നു. സമ്പൂർണ അധികാരമെന്ന ഭരണകൂടത്തിന്റെ മിഥ്യാബോധത്തെ അവർ പരിഹാസ്യമാംവിധം തകർത്തുകളഞ്ഞു.

മുംബൈയിലെ ശിവാജി പാർക്കിൽ, പോലീസ് കസ്റ്റഡിയിലെടുത്ത യുവാക്കളെ നിറച്ച വാനിനുമുന്നിൽ ഒറ്റയ്ക്ക് നിലയുറപ്പിച്ച റിയ ആഹിർ എന്ന പെൺകുട്ടി ഈ യുവമുന്നേറ്റത്തിന്റെ ധീരമായ പ്രതീകമാണ്. ഭരണകൂടത്തിന് നിരന്തരം സ്തുതിപാടിയ, എല്ലാം വിലയ്ക്കുവാങ്ങപ്പെട്ട ഗോദി മീഡിയകൾക്കുപോലും ഒടുവിൽ ഈ ജനകീയ യാഥാർഥ്യത്തിനുമുന്നിൽ കണ്ണടയ്ക്കാനായില്ല. 'ദി ഗാർഡിയൻ' വിശകലനം ചെയ്തതുപോലെ, വ്യാജ വാർത്തകളിലൂടെയും വിദ്വേഷ പ്രചാരണങ്ങളിലൂടെയും ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിച്ച മുഖ്യധാരാ മാധ്യമങ്ങളെ സോഷ്യൽമീഡിയയിലൂടെ യുവാക്കൾ തുറന്നുകാട്ടി. സ്വേച്ഛാധിപതികൾക്ക് മാധ്യമങ്ങളുടെ മൗനത്തെ വിലയ്ക്കുവാങ്ങാനാകാം, എന്നാൽ ജനങ്ങളുടെ ചോദ്യങ്ങളെ തടയാനാകില്ലെന്ന് കാലം തെളിയിക്കുന്നു.

ജൂലൈ ഇരുപതിലെ 'സൻസദ് ചലോ' മാർച്ച് സമീപകാല ചരിത്രത്തിലെതന്നെ ഒരു സുപ്രധാന വഴിത്തിരിവായിരുന്നു. ഭരണകൂടം വലിയ പരിഭ്രാന്തിയോടെയാണ് ഈ ജനമുന്നേറ്റത്തെ നേരിട്ടത്. ലാത്തിച്ചാർജും പെല്ലറ്റ് ഗണ്ണുകളും ഉപയോഗിച്ച് അവർ പ്രക്ഷോഭകാരികളെ വേട്ടയാടി. എന്നാൽ, സമാധാനപരമായി പ്രതിഷേധിക്കാനുള്ള പൗരന്റെ മൗലികാവകാശത്തെ സുപ്രീംകോടതിക്കുപോലും അടിവരയിട്ട് ഉറപ്പിക്കേണ്ടിവന്നു. സുപ്രീംകോടതി ജസ്റ്റിസ് ഉജ്ജൽ ഭുയാൻ ഒരു സ്മാരക പ്രഭാഷണത്തിൽ ഓർമിപ്പിച്ചതുപോലെ, വിയോജിക്കാനുള്ള അവകാശമാണ് ജനാധിപത്യത്തിന്റെ ജീവവായു. ചുരുങ്ങിക്കൊണ്ടിരിക്കുന്ന ജനാധിപത്യ ഇടങ്ങളെ വീണ്ടെടുക്കാനുള്ള ജീവൻമരണ പോരാട്ടമാണ് ഇപ്പോൾ കാമ്പസുകളിലും തെരുവുകളിലും നടക്കുന്നത്.

ഇത് കേവലം വിദ്യാഭ്യാസ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരം മാത്രമല്ല, രാജ്യത്തെ ഗ്രസിച്ച അഴിമതിയുടെ വേരുകൾ തേടിയുള്ള യാത്ര കൂടിയാണിത്. നോട്ടുനിരോധനം, ഇലക്ടറൽ ബോണ്ടുകൾ, പി.എം കെയേഴ്സ് ഫണ്ട് മുതൽ ഉന്നതങ്ങളിൽ നടക്കുന്ന വൻ അഴിമതികൾ വരെ ഇനി വിട്ടുവീഴ്ചയില്ലാതെ ചോദ്യംചെയ്യപ്പെടും. പൗരന്റെ വോട്ടവകാശത്തെപ്പോലും അട്ടിമറിക്കുന്ന ഇ.വി.എം കൃത്രിമത്വങ്ങൾക്കെതിരെ ഇനി ശക്തമായ പോരാട്ടമായിരിക്കും നടക്കുക. തടവിലാക്കപ്പെട്ട വിദ്യാർഥികളെ ഉപാധികളില്ലാതെ വിട്ടയക്കണമെന്നും, കള്ളക്കേസുകൾ പിൻവലിക്കണമെന്നുമുള്ള പ്രക്ഷോഭകാരികളുടെ അന്ത്യശാസനം ഭരണകൂടത്തിന്റെ നെഞ്ചിലേക്കാണ് തറയ്ക്കുന്നത്.

ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കാൻ ഇനി സമയമില്ല. ഫ്രഞ്ച് വിപ്ലവം മുതൽ ക്വിറ്റ് ഇന്ത്യാ സമരം വരെയുള്ള ഓർമകൾ ഈ തെരുവുകൾക്ക് കരുത്തേകുന്നുണ്ട്. അതെ, വിപ്ലവം അതിന്റെ അനിവാര്യമായ പ്രയാണം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനിയൊരു പിന്മാറ്റമില്ല. ■

*(ലേഖകൻ, അറിയപ്പെടുന്ന മനുഷ്യാവകാശ, സമാധാന പ്രവർത്തകനും എഴുത്തുകാരനുമാണ്.)*

ഡിജിറ്റൽ ലോകം | ബഷീർ പേങ്ങാട്ടിരി



# വിരൽത്തുമ്പിലെ ലോകം ഹൃദയങ്ങൾക്കിടയിലെ മരുഭ്രമി

വിദൂരതകളെ വിരൽത്തുമ്പുകളിലേക്ക് ആവാഹിച്ചെടുത്തുവെന്ന് അഹങ്കരിക്കുന്ന ഒരു കാലം, മനുഷ്യഹൃദയങ്ങൾക്കിടയിൽ എത്രമേൽ വിജനമായൊരു പെരുമണൽക്കാടാണ് തീർത്തിരിക്കുന്നതെന്ന നടുക്കുന്ന തിരിച്ചറിവാണ് ഈ ലേഖനം. ബാഹ്യമായ സമ്പർക്കങ്ങളുടെ വേഗവും വ്യാപ്തിയും വർധിക്കുമ്പോഴും, ഉള്ളിന്റെയുള്ളിൽ മനുഷ്യൻ മുമ്പെന്നത്തെക്കാളും വലിയ ഏകാന്തതകളിലേക്ക് ഊർന്നിറങ്ങുന്നതിന്റെ സങ്കടകരമായ വൈരുധ്യത്തെ ഇത് അടയാളപ്പെടുത്തുന്നു.



മനുഷ്യന്റെ പരിണാമചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തത്ര വേഗത്തിലും സങ്കീർണതയിലും നാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ആധുനികസമൂഹം കടന്നുപോകുന്നത്. ഭൂമിശാസ്ത്രപരമായ അതിരുകൾ പൂർണമായും മാഞ്ഞുപോയിരിക്കുന്നു എന്നുതന്നെ പറയാം. ഭൂഖണ്ഡങ്ങൾക്ക് കുറുകെ, ആയിരക്കണക്കിന് കിലോമീറ്ററുകൾക്കപ്പുറം ഇരിക്കുന്ന ഒരാളോട് മുഖത്തോടുമുഖം നോക്കി സംസാരിക്കാനോ, ലോകത്തിന്റെ ഏതോ കോണിൽ നടക്കുന്ന ഒരു ചെറിയ സംഭവം തത്സമയം കാണാനോ നമുക്കിന്ന് നിമിഷങ്ങളുടെ ദൈർഘ്യംപോലും ആവശ്യമില്ല.

മനുഷ്യൻ ഒരു സാമൂഹികജീവിയാണ് എന്ന അടിസ്ഥാന യാഥാർഥ്യത്തിൽനിന്നാണ് സകല നാഗരികതകളും വളർന്നുവന്നത്. പുരാതനകാലത്തെ വേട്ടയാടൽ സമൂഹങ്ങൾ മുതൽ ആധുനിക നഗരങ്ങൾ വരെ മനുഷ്യന്റെ നിലനില്പ് പരസ്പരമുള്ള സഹകരണത്തിലും ആശയവിനിമയത്തിലുമാണ് അടിസ്ഥാനപ്പെടുത്തിയിരുന്നത്. ആദിമമനുഷ്യർ ഒരുമിച്ചുജീവിച്ചത് കേവലം സന്തോഷത്തിനുവേണ്ടി മാത്രമായിരുന്നില്ല, മറിച്ച്, അവരുടെ അതിജീവനത്തിന് ആ കൂട്ടായ്മ അത്യന്താപേക്ഷിതമായിരുന്നു. പരസ്പരം കാണുകയും സ്പർശിക്കുകയും ശബ്ദങ്ങൾ കേൾക്കുകയും ചെയ്യുന്നതിലൂടെ രൂപപ്പെട്ട ആ ജീവശാസ്ത്രപരമായ ബന്ധമാണ് മനുഷ്യനെ ഭൂമിയിലെ ഏറ്റവും കരുത്തുറ്റ വർഗമാക്കി മാറ്റിയത്. എന്നാൽ, ഇന്ന് ആ ബന്ധങ്ങളുടെ സ്വഭാവം സമൂലമായി മാറിയിരിക്കുന്നു.

**ഒരു സ്ക്രീനിനു പിന്നിലിരുന്ന് ലോകത്തെ മുഴുവൻ കാണാൻ കഴിയുന്നുണ്ടെങ്കിലും, തൊട്ടടുത്തിരിക്കുന്ന മനുഷ്യന്റെ മുഖത്തേക്ക് നോക്കാനോ അവരുടെ വികാരങ്ങൾ മനസ്സിലാക്കാനോ പലർക്കും കഴിയുന്നില്ല. വിരൽത്തുമ്പിൽ ഒരു വലിയ ലോകം തുറന്നുവയ്ക്കുമ്പോഴും, മനുഷ്യരുടെ ഹൃദയങ്ങൾക്കിടയിൽ ഒരു വലിയ മരുഭൂമി രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. വരണ്ട, നിർജീവമായ ഈ മരുഭൂമിയിൽ യഥാർഥ സ്നേഹത്തിനോ വൈകാരികമായ അടുപ്പത്തിനോ സ്ഥാനമില്ലാതായിരിക്കുന്നു.**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഈ മൂന്നാം ദശകത്തിൽ, സ്മാർട്ട്ഫോണും ഇന്റർനെറ്റും കേവലം ആശയവിനിമയ ഉപാധികൾ എന്നതിലുപരി നമ്മുടെ ശരീരത്തിന്റെ തന്നെ അവിഭാജ്യ ഭാഗമായി മാറിക്കഴിഞ്ഞു. ഒരു ദിവസം തുടങ്ങുന്നതും അവസാനിക്കുന്നതും തിളങ്ങുന്ന സ്ക്രീനിലേക്കുള്ള നോട്ടത്തിലൂടെയാണ്. വിരൽത്തുമ്പിൽ ലോകത്തെ മുഴുവൻ എത്തിക്കുന്ന ഈ സാങ്കേതികവിദ്യ മനുഷ്യനു നൽകിയ സൗകര്യങ്ങൾ ചെറുതല്ല. അറിവിന്റെ വലിയൊരു ലോകം, എവിടെയും എപ്പോഴും ആരുമായും ബന്ധപ്പെടാനുള്ള അവസരം എന്നിവയെല്ലാം ഈ മാറ്റത്തിന്റെ അനുകൂല വശങ്ങളാണ്. എന്നാൽ, ഈ 'അമിത ബന്ധിത' (Hyper-connected) അവസ്ഥയ്ക്കുള്ളിൽ വളരെ ഭയാനകമായ, വലിയൊരു വൈരുധ്യം ഒളിഞ്ഞിരിപ്പുണ്ട്. നാം മുൻപെങ്ങുമില്ലാത്തവിധം ബാഹ്യമായി ബന്ധപ്പെട്ടിരിക്കുമ്പോൾത്തന്നെ, ആന്തരികമായി അതിവേഗം ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നതാണ് ആ വലിയ വൈരുധ്യം.

മനുഷ്യപരിണാമം നടന്നത് ആഫ്രിക്കൻ സവാനകളിലെ തുറസ്സായ പ്രദേശങ്ങളിലാണ്. ലക്ഷക്കണക്കിന് വർഷങ്ങൾ കൊണ്ട് രൂപപ്പെട്ട നമ്മുടെ തലച്ചോറും ശരീരവും പാകപ്പെട്ടിരിക്കുന്നത് ആ പഴയ ചുറ്റുപാടുകളിൽ പരസ്പരം ആശ്രയിച്ചു ജീവിക്കാനാണ്. എന്നാൽ, ഇന്ന്, സവാനയിലെ ആ പഴയ ശരീരവും തലച്ചോറും വച്ചുകൊണ്ട് നാം ജീവിക്കുന്നത് അതിസങ്കീർണമായ ഒരു ഡിജിറ്റൽലോകത്താണ്. ഈ വലിയ മാറ്റത്തെ ഉൾക്കൊള്ളാൻ നമ്മുടെ ജീവശാസ്ത്രപരമായ സംവിധാനങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ആദിമകാലത്ത് മറ്റുള്ളവരുമായി ശാരീരികമായി ചേർന്നു നിൽക്കുമ്പോൾ തലച്ചോറിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന സുരക്ഷിതത്വത്തിന്റെയും സന്തോഷത്തിന്റെയും രാസവസ്തുക്കൾ, ഇന്നു വെറുമൊരു ഡിജിറ്റൽ നോട്ടിഫിക്കേഷൻ കാണുമ്പോൾ കൃത്രിമമായി ഉല്പാദിപ്പിക്കപ്പെടാൻ നിർബന്ധിതമാകുന്നു. ഈ പരിണാമപരമായ പൊരുത്തക്കേടാണ് ആധുനികമനുഷ്യൻ അനുഭവിക്കുന്ന അടിസ്ഥാനപരമായ ഏകാന്തതയുടെ പ്രധാന കാരണം.





## ഡിജിറ്റൽ മരുഭ്രമികൾ

സാങ്കേതികവിദ്യയുടെ ഈ കുതിച്ചുചാട്ടം മനുഷ്യന്റെ സ്വാഭാവികമായ സാമൂഹിക ഇടപഴകലുകളെ ഒരു ഡിജിറ്റൽ സ്ക്രീനിലേക്ക് ചുരുക്കിയിരിക്കുന്നു. മുമ്പ് മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ അളന്നിരുന്നത് അവർ ഒരുമിച്ച് ചെലവഴിച്ച സമയത്തിന്റെയും പങ്കുവച്ച അനുഭവങ്ങളുടെയും വൈകാരികമായ അടുപ്പത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു. എന്നാൽ, ഇന്നു ബന്ധങ്ങളുടെ ആഴം നിർണയിക്കപ്പെടുന്നത് അയയ്ക്കുന്ന സന്ദേശങ്ങളുടെ എണ്ണത്തിലും സമൂഹമാധ്യമങ്ങളിലെ പരസ്പരമുള്ള പ്രതികരണങ്ങളിലും മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഒരു സ്ക്രീനിനു പിന്നിലിരുന്ന് ലോകത്തെ മുഴുവൻ കാണാൻ കഴിയുന്നുണ്ടെങ്കിലും, തൊട്ടടുത്തിരിക്കുന്ന മനുഷ്യന്റെ മുഖത്തേക്ക് നോക്കാനോ അവരുടെ വികാരങ്ങൾ മനസ്സിലാക്കാനോ പലർക്കും കഴിയുന്നില്ല. വിരൽത്തുമ്പിൽ ഒരു വലിയ ലോകം തുറന്നുവയ്ക്കുമ്പോഴും, മനുഷ്യരുടെ ഹൃദയങ്ങൾക്കിടയിൽ ഒരു വലിയ മരുഭൂമി രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. വരണ്ട, നിർജീവമായ ഈ മരുഭൂമിയിൽ യഥാർഥ സ്നേഹത്തിനോ വൈകാരികമായ അടുപ്പത്തിനോ സ്ഥാനമില്ലാതായിരിക്കുന്നു.

ആശയവിനിമയത്തിന്റെ വേഗം കൂടിയപ്പോൾ അതിന്റെ ആഴം കുറഞ്ഞുപോയി എന്നതാണ് ഇതിലെ ഏറ്റവും വലിയ ദുരന്തം. നൂറുകണക്കിനാളുകളോട് ഒരേസമയം സംസാരിക്കാൻ കഴിയുന്ന ഒരു വ്യക്തിക്ക്, തന്റെ ഏറ്റവും അടുത്ത സുഹൃത്തിനോടോ ജീവിതപങ്കാളിയോടോ മനസ്സുതുറന്ന് പത്തുമിനിറ്റ് സംസാരിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. നമ്മുടെ തലച്ചോറുകൾ ഈ പുതിയ ഡിജിറ്റൽ പരിസ്ഥിതിയോട് പൂർണമായും പൊരുത്തപ്പെട്ടിട്ടില്ല. ജീവശാസ്ത്രപരമായി നാം ഇപ്പോഴും യഥാർഥലോകത്തിലെ മനുഷ്യരെയും അവരുടെ വൈകാരികപ്രകടനങ്ങളെയും ആവശ്യപ്പെടുന്നവരാണ്. എന്നാൽ, അതിനുപകരം കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന ഡിജിറ്റൽ വികാരങ്ങൾക്ക് നാം അടിമപ്പെടുന്നു. വിരൽത്തുമ്പിലെ ഈ ലോകം യഥാർഥത്തിൽ നമ്മെ പരസ്പരം അടുപ്പിക്കുകയാണോ അതോ നമുക്കിടയിൽ അദൃശ്യമായ വലിയ മതിലുകൾ തീർക്കുകയാണോ എന്ന ഗൗരവമായ ചോദ്യമാണ് ഇവിടെ ഉയർന്നുവരുന്നത്.

ഒരു സായാഹ്നത്തിൽ ഏതെങ്കിലും പാർക്കിലോ കഫേയിലോ പോയി നിരീക്ഷിച്ചാൽ ഈ വൈരുധ്യം വളരെ കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. ശാരീരികമായി അടുത്തടുത്തിരിക്കുന്ന സുഹൃത്തുക്കളോ കുടുംബാംഗങ്ങളോപോലും തങ്ങളുടെ ശ്രദ്ധ മുഴുവൻ കൈയിലിരിക്കുന്ന തിളങ്ങുന്ന സ്ക്രീനുകളിലേക്ക് ചുരുക്കിയിരിക്കുന്നത് ഇന്നത്തെ സ്ഥിരം കാഴ്ചയാണ്. ഒരേ മേശയ്ക്ക് ചുറ്റുമിരുന്നു വർത്തമാനം പറയേണ്ടവർ, മറ്റാരോ അയച്ച മെസേജുകൾക്കും അൽഗോരിതം നൽകുന്ന റീലുകൾക്കും പിന്നാലെയാണ് സഞ്ചരിക്കുന്നത്. പരസ്പരം സംസാരിക്കുന്നതിനെക്കാൾ അവർക്ക് പ്രധാനം തങ്ങളുടെ വെർച്വൽ ലോകത്തെ അപ്ഡേറ്റുകളാണ്. ഇതു കേവലം ഒരു പുതിയ ശീലമല്ല, മറിച്ച്, ആധുനികമനുഷ്യന്റെ സാമൂഹികജീവിതത്തിന്റെ പരിതാപകരമായ ഒരു പരിച്ഛേദമാണ്.

മനുഷ്യൻ എക്കാലത്തും കൂട്ടമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ജീവിയാണെങ്കിലും, ഇന്നത്തെ ഈ ആൾക്കൂട്ടങ്ങൾ തികച്ചും ഏകാന്തമാണ്. ഓരോരുത്തരും തങ്ങളുടേതായ ചെറിയ സ്ക്രീനുകൾക്കുള്ളിലെ വലിയ ലോകത്ത് തനിച്ചാണ് യാത്ര ചെയ്യുന്നത്. തൊട്ടടുത്തിരിക്കുന്ന മനുഷ്യരുടെ സാന്നിധ്യം പോലും പലർക്കും അനുഭവപ്പെടുന്നില്ല.

സോഷ്യൽ മീഡിയ യഥാർഥത്തിൽ രൂപകല്പന ചെയ്യപ്പെട്ടത് ലോകത്തിന്റെ നാനാഭാഗത്തുമുള്ള മനുഷ്യരെ തമ്മിൽ എളുപ്പത്തിൽ ബന്ധിപ്പിക്കാനായിരുന്നു. എന്നാൽ, ഇന്ന് 'സോഷ്യൽ' എന്ന വാക്കിന്റെ അർഥംതന്നെ പൂർണമായും മാറിപ്പോയിരിക്കുന്നു. പരസ്പരമുള്ള ആശയവിനിമയത്തെക്കാൾ

ഉപരി, സ്വന്തം അസ്തിത്വം മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയായി മാത്രമായി അതു ചുരുങ്ങി. തങ്ങൾ എത്രത്തോളം സന്തുഷ്ടരാണെന്നും, തങ്ങളുടെ ജീവിതം എത്രത്തോളം വർണാഭമാണെന്നും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള നിരന്തരമായ ഒരു ഓട്ടപ്പാച്ചിലാണിത്. ഇവിടെ യഥാർഥവികാരങ്ങൾക്കും സത്യസന്ധമായ സംഭാഷണങ്ങൾക്കും വലിയ സ്ഥാനമില്ല. ഓരോ പോസ്റ്റും, ഓരോ ചിത്രവും വളരെ കൃത്യമായി എഡിറ്റ് ചെയ്യപ്പെട്ടതും ഒരു പ്രത്യേക പ്രതികരണം പ്രതീക്ഷിച്ച് രൂപകല്പന ചെയ്യപ്പെട്ടതുമാണ്. ഈ പ്രകടനപരത മനുഷ്യർ തമ്മിലുള്ള സ്വാഭാവിക ബന്ധങ്ങളുടെ അടിത്തറ തോണ്ടുകയാണ് ചെയ്യുന്നത്.

ആയിരക്കണക്കിന് 'ഡിജിറ്റൽ സുഹൃത്തുക്കളും' നൂറുകണക്കിന് 'ലൈക്കുകളും' ഉണ്ടെങ്കിലും, മനസ്സ് തുറന്ന് ഒന്നു സംസാരിക്കാൻ തോന്നുന്ന നിമിഷം ഈ ആൾക്കൂട്ടത്തിനിടയിൽ നാം സ്വയം ഒറ്റപ്പെട്ടുപോകുന്നു എന്നതാണ് ഏറ്റവും ഭയാനകമായ സത്യം. നമ്മുടെ സങ്കടങ്ങളോ ആശങ്കകളോ ഭയങ്ങളോ പങ്കുവയ്ക്കാൻ ഈ ഡിജിറ്റൽ സുഹൃത്തുക്കൾ പലപ്പോഴും പര്യാപ്തമാകുന്നില്ല. കാരണം, ആ ബന്ധങ്ങൾക്ക് യാതൊരു ആഴവുമില്ല. അവ കേവലം ഇന്റർനെറ്റ് കണക്ഷന്റെയും സ്ക്രീനുകളുടെയും പിൻബലത്തിൽ മാത്രം നിലനിൽക്കുന്ന ഉപരിപ്ലവമായ പരിചയങ്ങൾ മാത്രമാണ്. ഒരു വ്യക്തിക്ക് മാനസികമായ പിന്തുണ ആവശ്യമുള്ള സമയത്ത്, ഒരു ഇമോജിക്കോ കമന്റിനോ ഒരിക്കലും ഒരു മനുഷ്യന്റെ സ്പർശനത്തിനോ സാന്ത്വനത്തിനോ പകരമാകാൻ കഴിയില്ല. ഈ യാഥാർഥ്യം തിരിച്ചറിയുമ്പോഴാണ് പലരും കടുത്ത നൈരാശ്യത്തിലേക്കും വിഷാദത്തിലേക്കും വീണുപോകുന്നത്.




**മനുഷ്യൻ എക്കാലത്തും കൂട്ടമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ജീവിയാണെങ്കിലും, ഇന്നത്തെ ഈ ആൾക്കൂട്ടങ്ങൾ തികച്ചും ഏകാന്തമാണ്. ഓരോരുത്തരും തങ്ങളുടേതായ ചെറിയ സ്ക്രീനുകൾക്കുള്ളിലെ വലിയ ലോകത്ത് തനിച്ചാണ് യാത്ര ചെയ്യുന്നത്.**

സ്വാഭാവികമായ സാമൂഹിക ചുറ്റുപാടുകളിൽനിന്ന് മനുഷ്യൻ അകലുമ്പോൾ, അത് അവരിലെ സഹാനുഭൂതിയെയും (Empathy) പ്രതികൂലമായി ബാധിക്കുന്നു. മുന്നിൽ നിൽക്കുന്ന മനുഷ്യന്റെ മുഖഭാവങ്ങൾ വായിച്ചെടുക്കാനോ, അവരുടെ ശബ്ദത്തിലെ വ്യതിയാനങ്ങൾ മനസ്സിലാക്കാനോ ഉള്ള കഴിവ് ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാം എഴുതപ്പെട്ട സന്ദേശങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും മാത്രം കൈമാറ്റം ചെയ്യപ്പെടുമ്പോൾ, മനുഷ്യബന്ധങ്ങളിലെ ആഴവും അർഥവും ചോർന്നുപോകുന്നു. ഒരുകാലത്ത് മനുഷ്യർ തങ്ങളുടെ ദുഃഖങ്ങളും സന്തോഷങ്ങളും നേരിട്ടു പങ്കുവച്ച് ആശ്വാസം കണ്ടെത്തിയിരുന്നെങ്കിൽ, ഇന്നത് ഡിജിറ്റൽ ഇടങ്ങളിലെ വെറും പ്രഹസനങ്ങളായി മാറിയിരിക്കുന്നു. പരസ്പരം നോക്കാതെയും ചിരിക്കാതെയും ജീവിക്കുന്ന ഈ ഏകാന്തമായ ആൾക്കൂട്ടങ്ങൾക്കിടയിൽ, മനുഷ്യർ കൂടുതൽ കൂടുതൽ ഒറ്റപ്പെട്ട ദ്വീപുകളായി മാറുകയാണ്.

## അൽഗോരിതങ്ങൾ നൽകുന്ന ലഹരി

നമ്മുടെ തലച്ചോറിലെ 'ഡോപമിൻ' (Dopamine) എന്ന നാഡീപ്രേഷകവുമായി (Neurotransmitter) ബന്ധപ്പെട്ടാണ് ഡിജിറ്റൽലോകത്തെ ഏറ്റവും വലിയ കെണി ഒരുക്കിയിരിക്കുന്നത്. മനുഷ്യന്റെ പരിണാമപ്രക്രിയയിൽ അതിജീവനത്തിനു സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ് ഡോപമിൻ. ഭക്ഷണം കഴിക്കുമ്പോഴോ, പുതിയ കാര്യങ്ങൾ പഠിക്കുമ്പോഴോ, സാമൂഹികമായി ഇടപഴകുമ്പോഴോ തലച്ചോറ് ഈ രാസവസ്തു ഉല്പാദിപ്പിക്കുകയും നമുക്ക് അതിലൂടെ സന്തോഷവും സംതൃപ്തിയും ലഭിക്കുകയും ചെയ്യുന്നു. ഈ സ്വാഭാവികമായ പ്രതിഭാസത്തെ വളരെ കൃത്യമായി ചൂഷണംചെയ്യുന്ന രീതിയിലാണ് ഇന്നത്തെ സോഷ്യൽമീഡിയ അൽഗോരിതങ്ങൾ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ തവണ ഫോൺ പരിശോധിക്കുമ്പോഴും, ഒരു പുതിയ ലൈക്ക് ലഭിക്കുമ്പോഴും, ഒരു കമന്റ് വരുമ്പോഴും നമ്മുടെ തലച്ചോറിലേക്ക് ഡോപമിൻ ഇരച്ചുകയറുന്നു. ഒരു ലഹരിമരുന്ന് ഉപയോഗിക്കുമ്പോൾ തലച്ചോറിലുണ്ടാകുന്ന അതേ രാസമാറ്റങ്ങൾതന്നെയാണ് ഈ ഡിജിറ്റൽ ഇടപെടലുകളിലൂടെയും സംഭവിക്കുന്നത്. ഈ താത്കാലികമായ സന്തോഷം വീണ്ടുംവീണ്ടും അനുഭവിക്കാനുള്ള അദമ്യമായ ആഗ്രഹമാണ് നമ്മെ നിരന്തരം സ്ക്രീനുകളിലേക്ക് വലിച്ചടുപ്പിക്കുന്നത്.

മനഃശാസ്ത്രജ്ഞർ ഈ അവസ്ഥയെ 'വാലിഡേഷൻ ട്രാപ്പ്' (Validation Trap) അഥവാ അംഗീകാരത്തിനായുള്ള കെണി എന്നാണ് വിശേഷിപ്പിക്കുന്നത്. സ്വന്തം അസ്തിത്വത്തിനും മൂല്യത്തിനും മറ്റുള്ളവരുടെ സാക്ഷ്യപത്രം നിരന്തരം ആവശ്യമായി വരുന്ന ഒരു മാനസികാവസ്ഥയാണിത്. താൻ പോസ്റ്റ് ചെയ്യുന്ന ചിത്രത്തിനോ ആശയത്തിനോ ലഭിക്കുന്ന ലൈക്കുകളുടെയും ഷെയറുകളുടെയും എണ്ണമാണ് തന്റെ വ്യക്തിത്വത്തിന്റെ അളവുകോൽ എന്ന് ആധുനിക മനുഷ്യൻ അബോധപൂർവമായി വിശ്വസിക്കാൻ തുടങ്ങുന്നു. മറ്റുള്ളവരുടെ അംഗീകാരത്തിനായി മാത്രം ജീവിക്കുന്ന ഒരു പരിതാപകരമായ അവസ്ഥയിലേക്ക് ഇതു വ്യക്തികളെ നയിക്കുന്നു. യഥാർഥജീവിതത്തിലെ നേട്ടങ്ങളെക്കാൾ ഡിജിറ്റൽലോകത്തെ സ്വീകാര്യതയ്ക്ക് പ്രാധാന്യംനൽകുന്ന ഒരു തലമുറ ഇവിടെ വാർത്തെടുക്കപ്പെടുകയാണ്. സാങ്കേതികവിദ്യാഭീമന്മാർ വളരെ ആസൂത്രിതമായാണ് മനുഷ്യന്റെ ഈ മനഃശാസ്ത്രപരമായ ദൗർബല്യത്തെ തങ്ങളുടെ സാമ്പത്തിക ലാഭത്തിനായി ഉപയോഗിക്കുന്നത്.

ഈ അംഗീകാരം ലഭിക്കാതെ വരുമ്പോൾ ഉണ്ടാകുന്ന മാനസികത്തകർച്ച വളരെ വലുതാണ്. പ്രതീക്ഷിച്ചത്ര ലൈക്കുകൾ ലഭിക്കാതെ വരുമ്പോഴോ, മറ്റൊരാളുമായി താരതമ്യംചെയ്യുമ്പോൾ താൻ പിന്നിലാണെന്നു തോന്നുമ്പോഴോ കടുത്ത നിരാശയും ഉത്കണ്ഠയും വ്യക്തികളെ വേട്ടയാടുന്നു. ഇത് അവരെ കൂടുതൽ ഏകാന്തതയിലേക്കും വിഷാദത്തിലേക്കും തള്ളിവിടുന്നു. വെർച്വൽ ലോകത്തെ സ്വീകാര്യതയ്ക്കുവേണ്ടി യഥാർഥ ലോകത്തെ ബന്ധങ്ങളെ ബലികഴിക്കുന്ന ഈ പ്രവണത ആത്യന്തികമായി മനുഷ്യനെ വലിയൊരു ശൂന്യതയിലാണ് കൊണ്ടെത്തിക്കുന്നത്. തന്റെ സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവെക്കാൻ ആയിരക്കണക്കിന് ഡിജിറ്റൽ സുഹൃത്തുക്കൾ ഉണ്ടെന്ന് വിശ്വസിക്കുമ്പോഴും, യഥാർഥ ജീവിതത്തിൽ ഒരു പ്രതിസന്ധി വരുമ്പോൾ താൻ തീർത്തും ഒറ്റയ്ക്കാണെന്ന സത്യം തിരിച്ചറിയുന്നത് പലപ്പോഴും വലിയ മാനസികാഘാതങ്ങൾ സൃഷ്ടിക്കുന്നു.

സോഷ്യൽ മീഡിയ സൃഷ്ടിക്കുന്ന മറ്റൊരു ഗുരുതരമായ പ്രശ്നം നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവിനെ (Attention span) അതു ക്രമാതീതമായി നശിപ്പിക്കുന്നു എന്നതാണ്. ദീർഘനേരം ഒരിടത്തിരുന്ന് ഒരാളോട് സംസാരിക്കാനോ, ഒരു പുസ്തകം ആഴത്തിൽ വായിക്കാനോ, പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനോ ഉള്ള ക്ഷമ ഇന്ന് പലർക്കും പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. സെക്കൻഡുകൾ മാത്രം നീണ്ടുനിൽക്കുന്ന ദൃശ്യങ്ങളിലൂടെയും റീലുകളിലൂടെയും നമ്മുടെ തലച്ചോറ് ദ്രുതഗതിയിലുള്ള സംതൃപ്തി (Instant gratification) തേടാൻ ശീലിച്ചിരിക്കുന്നു. പത്തോ പതിനഞ്ചോ സെക്കൻഡുകൾക്കുള്ളിൽ അടുത്ത വിനോദത്തിലേക്കു മാറുന്ന ഈ ശീലം, ആഴത്തിലുള്ള ചിന്തകളെയും വിശകലനശേഷിയെയും ഇല്ലാതാക്കുന്നു. സമയമെടുത്ത് വളർത്തിയെടുക്കേണ്ടതും, പരസ്പരധാരണയിൽ നിലനിൽക്കേണ്ടതുമായ ആഴമുള്ള ബന്ധങ്ങൾ കെട്ടിപ്പടുക്കാൻ ആവശ്യമായ ക്ഷമ നമുക്ക് നഷ്ടമാകുന്നത് ഈ ദ്രുതഗതിയിലുള്ള ഡിജിറ്റൽ ഉപഭോഗം കൊണ്ടാണ്. മനുഷ്യബന്ധങ്ങൾ എന്നത് കേവലം ഒരു ക്ലിക്കിലോ സ്വൈപ്പിലോ ഒതുങ്ങുന്ന ഒന്നല്ല, അതിന് സമയവും ശ്രദ്ധയും വൈകാരികമായ നിക്ഷേപവും അനിവാര്യമാണ് എന്നു നാം നിരന്തരം മറന്നുപോകുന്നു.

സോഷ്യൽമീഡിയ മനുഷ്യരിലെ മാനസികാരോഗ്യത്തിൽ ഏല്പിക്കുന്ന ഏറ്റവും വലിയ ആഘാതങ്ങളിലൊന്ന് മിഥ്യയായ താരതമ്യങ്ങളുടെ ഒരു ലോകം സൃഷ്ടിക്കുന്നു എന്നതാണ്. മറ്റുള്ളവരുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങൾ മാത്രം വളരെ കൃത്യമായി എഡിറ്റ് ചെയ്ത് പ്രദർശിപ്പിക്കുന്ന ഒരിടമായി ഈ ഡിജിറ്റൽലോകം മാറിയിരിക്കുന്നു. ഒരാളുടെ യഥാർഥജീവിതം എന്നത് സന്തോഷങ്ങളും സങ്കടങ്ങളും പരാജയങ്ങളും വിജയങ്ങളും നിറഞ്ഞുനിൽക്കുന്ന സമ്മിശ്രമായ ഒന്നാണ്. എന്നാൽ, സോഷ്യൽമീഡിയയിലെ ചിത്രങ്ങൾ ഈ യാഥാർഥ്യത്തെ പൂർണമായും മറച്ചുവയ്ക്കുന്നു. മികച്ച വെളിച്ചത്തിലും പശ്ചാത്തലത്തിലും എടുത്ത, ഫിൽറ്ററുകൾ ഉപയോഗിച്ച് കൂടുതൽ മനോഹരമാക്കിയ ചിത്രങ്ങൾ മാത്രമാണ് അവിടെ നിരന്തരം കാണാൻ കഴിയുക. ഈ കൃത്രിമമായ പൂർണത കാണുന്ന സാധാരണ മനുഷ്യൻ, തന്റെ സ്വന്തം ജീവിതത്തിലെ സാധാരണത്വങ്ങളെയും സ്വാഭാവികമായ പോരായ്മകളെയും ഓർത്ത് വല്ലാതെ നിരാശപ്പെടാൻ തുടങ്ങുന്നു. സോഷ്യൽമീഡിയയിലെ ഈ



ആകർഷകമായ പ്രകടനങ്ങൾ ഒരിക്കലും ഒരു മനുഷ്യന്റെ സമ്പൂർണമായ ജീവിതമല്ല എന്ന ലളിതമായ യുക്തിപോലും ഇത്തരം നിമിഷങ്ങളിൽ പലപ്പോഴും നാം മറന്നുപോകുന്നു.

സഹജീവികളുമായി സ്വയം താരതമ്യംചെയ്യുക എന്നത് മനുഷ്യന്റെ ഒരു സ്വാഭാവിക പ്രവണതയാണ്. എന്നാൽ, മുൻകാലങ്ങളിൽ ഈ താരതമ്യം നടന്നിരുന്നത് സ്വന്തം ചുറ്റുപാടുകളിലോ അടുത്ത സുഹൃദ്‌വലയത്തിലോ ഉള്ള വളരെ കുറച്ചുപേരുമായി മാത്രമായിരുന്നു. ഇന്നത് ലോകത്തിന്റെ നാനാഭാഗത്തുമുള്ള, ഒരുപക്ഷേ, നാം ഒരിക്കലും നേരിൽ കാണാൻ സാധ്യതയില്ലാത്ത ആയിരക്കണക്കിന് ആളുകളുമായാണ് നടക്കുന്നത്. മറ്റൊരാളുടെ ആഡംബരപൂർണമായ വിദേശയാത്രയോ, പുതിയ വീടോ, വിലയേറിയ വാഹനങ്ങളോ ദിവസവും സ്ക്രീനിൽ കാണുമ്പോൾ, സ്വന്തം ജീവിതം തീർത്തും വിരസവും പരാജയവുമാണെന്ന തോന്നൽ വ്യക്തികളിൽ അതിശക്തമായി ഉളവാക്കുന്നു. താൻ ജീവിതത്തിൽ കാര്യമായി ഒന്നും നേടിയിട്ടില്ലെന്നും, മറ്റെല്ലാവരും തന്നെക്കാൾ വളരെ മുന്നിലാണെന്നുമുള്ള ഒരു അപകർഷബോധം ഇതു നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. തന്റെ കൈയിലുള്ള സൗകര്യങ്ങളിൽ സന്തോഷം കണ്ടെത്താൻ കഴിയാത്തവിധം മനുഷ്യന്റെ ചിന്തകളെയും മനസ്സിനെയും ഈ താരതമ്യങ്ങൾ അന്ധമാക്കി മാറ്റുകയാണ്.

ഈ നിരന്തരമായ താരതമ്യങ്ങൾ മനുഷ്യനെ കൊണ്ടെത്തിക്കുന്നത് 'ഫോമോ' (FOMO – Fear Of Missing Out) എന്ന ഭയാനകമായ മാനസികാവസ്ഥയിലേക്കാണ്. മറ്റെല്ലാവരും ജീവിതം ആഘോഷിക്കുമ്പോൾ താൻ മാത്രം അതിൽ നിന്നൊക്കെ പുറത്തായിപ്പോകുന്നുണ്ടോ എന്ന നിരന്തരമായ ഉത്കണ്ഠയാണിത്. സുഹൃത്തുക്കൾ ഒത്തുകൂടുന്നതിന്റെയോ യാത്രപോകുന്നതിന്റെയോ ചിത്രങ്ങൾ കാണുമ്പോൾ, അവിടെ താൻ ഇല്ലല്ലോ എന്ന ചിന്ത വലിയ മാനസികസംഘർഷങ്ങൾക്ക് കാരണമാകുന്നു. ഈ ഭയംമൂലം പലരും തങ്ങൾക്ക് യഥാർഥത്തിൽ വലിയ താല്പര്യമില്ലാത്ത കാര്യങ്ങൾ ചെയ്യാൻപോലും നിർബന്ധിതരാകുന്നു. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ വേണ്ടി മാത്രം സാമ്പത്തികശേഷിക്ക് അപ്പുറമുള്ള യാത്രകൾ പോകുന്നവരും, വിലയേറിയ വസ്ത്രങ്ങൾ വാങ്ങുന്നവരും ഇന്നത്തെ സമൂഹത്തിൽ വർധിച്ചുവരികയാണ്. മറ്റുള്ളവരെക്കാൾ പിന്നിലായിപ്പോകുമോ എന്ന ഈ ഭയം വ്യക്തികളെ സ്വയം ഉൾവലിയാനും, സ്വന്തം ജീവിതത്തിലെ സമാധാനം പൂർണമായും നശിപ്പിക്കാനും പ്രേരിപ്പിക്കുന്നു.

പുറത്തു കാണുന്ന ഈ വലിയ തിളക്കങ്ങൾക്കും ആഘോഷങ്ങൾക്കും അപ്പുറം വളരെ ഇരുളടഞ്ഞ ഒരു മാനസികാവസ്ഥയിലേക്ക് പലരും അറിയാതെ വഴുതിവീഴുന്നത് ഇവിടെയാണ്. ഡിജിറ്റൽലോകത്ത് മറ്റുള്ളവരുടെ സന്തോഷങ്ങൾ കണ്ട് സ്വന്തം ജീവിതത്തെയും ചുറ്റുപാടുകളെയും വെറുക്കാൻ തുടങ്ങുന്ന ഒരു തലമുറയാണ് ഇന്നു വളർന്നുവരുന്നത്. ഈ നിരന്തരമായ അസംതൃപ്തി വിഷാദരോഗത്തിലേക്കും കടുത്ത ഉത്കണ്ഠയിലേക്കും നയിക്കുന്നു. യഥാർഥജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളെ യുക്തിസഹമായി നേരിടുന്നതിനുപകരം, ഈ ഡിജിറ്റൽമിഥ്യകളിൽ അഭയംപ്രാപിക്കാൻ ശ്രമിക്കുന്നത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയേ ഉള്ളൂ. സ്ക്രീനിലെ ഈ തിളക്കം ഒരിക്കലും ശാശ്വതമായ സന്തോഷം നൽകില്ലെന്നും, അതു മറ്റുള്ളവർ ബോധപൂർവം സൃഷ്ടിച്ചെടുക്കുന്ന വെറുമൊരു കാഴ്ച മാത്രമാണെന്നുമുള്ള തിരിച്ചറിവാണ് ഈ താരതമ്യങ്ങളുടെ ലോകത്തുനിന്ന് രക്ഷനേടാനുള്ള പ്രധാന പോംവഴി.

## ഡിജിറ്റൽ ഡീറ്റോക്സ്

ഈ ഡിജിറ്റൽ തടവറയിൽനിന്ന് നമുക്ക് എങ്ങനെ ശാശ്വതമായ ഒരു മോചനം നേടാം എന്നത് ആധുനിക കാലത്തെ ഏറ്റവും വലിയ വെല്ലുവിളിയാണ്. ഇന്നത്തെ ലോകത്ത് സാങ്കേതികവിദ്യ പൂർണമായും ഒഴിവാക്കി ജീവിക്കുക എന്നത് പ്രായോഗികമായ ഒരു കാര്യമല്ല. ജോലിക്കും പഠനത്തിനും മറ്റു ദൈനംദിന ആവശ്യങ്ങൾക്കും ഇന്റർനെറ്റും സ്മാർട്ട്ഫോണും അനിവാര്യമായി മാറിയിരിക്കുന്നു. എന്നാൽ, സാങ്കേതികവിദ്യയുടെ അടിമയാകുന്നതിനുപകരം അതിനെ വെറുമൊരു ഉപകരണം മാത്രമായി കാണാൻ നമുക്ക് സാധിക്കണം. നമ്മളായിരിക്കണം നമ്മുടെ ഉപകരണങ്ങളെ നിയന്ത്രിക്കേണ്ടത്, മറിച്ച്, അവ നമ്മെ നിയന്ത്രിക്കുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ബോധപൂർവമായ ചില ഇടപെടലുകളിലൂടെ മാത്രമേ നഷ്ടപ്പെട്ടുപോയ നമ്മുടെ സമയവും സമാധാനവും മനുഷ്യബന്ധങ്ങളും തിരിച്ചുപിടിക്കാൻ സാധിക്കുകയുള്ളൂ.

അതിനായി ആദ്യം വേണ്ടത് നമ്മുടെ സ്വന്തം ഡിജിറ്റൽ ശീലങ്ങളെക്കുറിച്ച് വ്യക്തമായ ബോധമുണ്ടാകുക എന്നതാണ്. ജീവിതത്തിന് യഥാർഥത്തിൽ മൂല്യം നൽകുന്ന കാര്യങ്ങൾക്കായി മാത്രം സ്ക്രീൻ ഉപയോഗിക്കുന്ന ഡിജിറ്റൽ മിനിമലിസം എന്ന ആശയം നാം ശീലമാക്കേണ്ടതുണ്ട്. നിരന്തരമായി വരുന്ന അനാവശ്യ നോട്ടിഫിക്കേഷനുകൾ ഓഫാക്കി വയ്ക്കുന്നതുതന്നെ നമ്മുടെ ശ്രദ്ധ വ്യതിചലിക്കാതിരിക്കാൻ വലിയൊരു പരിധിവരെ സഹായിക്കും. ഓരോതവണ ഫോൺ ശബ്ദിക്കുമ്പോഴും അത് എടുത്തുനോക്കാനുള്ള നമ്മുടെ ത്വരയെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ, നഷ്ടപ്പെടുന്ന നമ്മുടെ വിലപ്പെട്ട സമയവും ഊർജവും ഒരു വലിയ അളവുവരെ സംരക്ഷിക്കാനാകും. ഇന്റർനെറ്റിലെ അനന്തമായ വിവരങ്ങളുടെ കുത്തൊഴുക്കിൽനിന്ന് ആവശ്യമുള്ളതുമാത്രം തിരഞ്ഞെടുക്കാനും ബാക്കിയുള്ളവയെ അവഗണിക്കാനുമുള്ള ഒരു മാനസികാവസ്ഥ നാം ബോധപൂർവം വളർത്തിയെടുക്കേണ്ടതുണ്ട്. നമ്മുടേതുമാത്രമായ സ്വകാര്യസമയം സ്ക്രീനുകൾക്കു വിട്ടുകൊടുക്കാതെ തിരിച്ചുപിടിക്കുക എന്നതാണ് ഈ മാറ്റത്തിന്റെ ആദ്യപടി.

പ്രിയപ്പെട്ടവരോടൊപ്പം ഇരിക്കുമ്പോഴെങ്കിലും ഫോൺ മാറ്റിവച്ച് പൂർണമായും അവർക്ക് ശ്രദ്ധ നൽകുക എന്നത് ബന്ധങ്ങളുടെ ഊഷ്മളത നിലനിറുത്താൻ അത്യന്താപേക്ഷിതമാണ്. ഒരു സ്ക്രീനിലൂടെ അയയ്ക്കുന്ന ആയിരം ഇമോജികളെക്കാൾ എത്രയോ മടങ്ങ് ഹൃദ്യവും ആഴവുമുള്ളതാണ് ഒരാളുടെ കണ്ണുകളിൽ നോക്കിയുള്ള ഒരു ചെറിയ ചിരിയോ, ആത്മാർഥതയുള്ള ഒരു വാക്കോ എന്നു നാം തിരിച്ചറിയണം. കൂടെയുള്ള മനുഷ്യരുടെ സാന്നിധ്യം പൂർണമായി അനുഭവിച്ചറിയാനും, അവരുടെ സംസാരത്തിന് കാതോർക്കാനും നാം തയ്യാറാകണം. അത്തരം നിമിഷങ്ങളാണ് പരസ്പരമുള്ള വിശ്വാസവും സ്നേഹവും ഊട്ടിയുറപ്പിക്കുന്നത്. അവിടെ ഫോണുകൾക്കോ മറ്റു ഡിജിറ്റൽ ഉപകരണങ്ങൾക്കോ യാതൊരു സ്ഥാനവും ഉണ്ടാകാൻ പാടില്ല.

ഇതിനെല്ലാം പുറമേ, ആഴ്ചയിലൊരിക്കലോ ദിവസത്തിൽ കുറച്ചു നേരമോ ഇന്റർനെറ്റിൽനിന്നും സോഷ്യൽ മീഡിയയിൽനിന്നും പൂർണമായും വിട്ടുനിൽക്കുന്ന ഒരു 'ഡിജിറ്റൽ ഡീറ്റോക്സ്' ശീലമാക്കുന്നത് മാനസികാരോഗ്യം മെച്ചപ്പെടുത്താൻ ഏറെ സഹായിക്കും. ഈ സമയങ്ങളിൽ ശാസ്ത്രീയവും വൈജ്ഞാനികവുമായ പുസ്തകങ്ങൾ വായിക്കാനോ, പ്രകൃതിയുമായി സംവദിക്കാനോ, അല്ലെങ്കിൽ സ്വന്തം ചിന്തകളിലേക്കുതന്നെ ഇറങ്ങിച്ചെല്ലാനോ സാധിക്കണം. നിരന്തരമായ ഡിജിറ്റൽ ബഹളങ്ങളിൽനിന്ന് മാറിനിൽക്കുമ്പോൾ ലഭിക്കുന്ന ആ നിശ്ശബ്ദത നമ്മുടെ തലച്ചോറിന് വലിയൊരു വിശ്രമവും ഉന്മേഷവും നൽകും. ഇത്തരമൊരു വിച്ഛേദിക്കലിലൂടെ മാത്രമേ യഥാർഥലോകവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ദൃഢമാക്കാൻ കഴിയുകയുള്ളൂ.

യുക്തിബോധവും സ്വതന്ത്രചിന്താഗതിയുമുള്ള ഒരു സമൂഹത്തിനു മാത്രമേ ഇത്തരം ഗുണപരമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും പ്രായോഗികമാക്കാനും സാധിക്കൂ. അന്ധമായി ഡിജിറ്റൽ ട്രെൻഡുകളെയും ജനക്കൂട്ടത്തെയും പിന്തുടരുന്നതിനുപകരം, നമ്മുടെ ഓരോ പ്രവൃത്തിയും നമ്മുടെ മനസ്സിനെയും ചുറ്റുപാടിനെയും എങ്ങനെ ബാധിക്കുന്നു എന്നു ശാസ്ത്രീയമായും യുക്തിസഹമായും വിശകലനംചെയ്യാൻ നമുക്കു കഴിയണം. ഏതൊരു പുതിയ സാങ്കേതികവിദ്യയെയും അന്ധമായി പുൽകുന്നതിനുപകരം, അതിന്റെ ദോഷവശങ്ങളെക്കുറിച്ചുകൂടി ബോധവാന്മാരായിരിക്കുക എന്നത് ഓരോ വ്യക്തിയുടെയും കടമയാണ്. യുക്തിക്ക് നിരക്കാത്ത താരതമ്യങ്ങളിൽനിന്നും, കൃത്രിമമായ അംഗീകാരങ്ങൾക്കായുള്ള ഓട്ടത്തിൽനിന്നും മാറിനിന്ന് യാഥാർഥ്യബോധത്തോടെ ജീവിതത്തെ സമീപിക്കാൻ നാം തയ്യാറാകേണ്ടതുണ്ട്.

സോഷ്യൽമീഡിയ ഒരു ജനാലയായിരിക്കണം, നമ്മുടെ ലോകം മുഴുവനുമായി ഒരിക്കലും അതു മാറരുത്. ആ ജനാലയിലൂടെ നമുക്ക് പുറംലോകത്തെ കാണാം, പുതിയ അറിവുകൾ നേടാം, ദൂരെയുള്ളവരുമായി ബന്ധങ്ങൾ നിലനിറുത്താം. പക്ഷേ, വാതിലുകൾ തുറന്ന് പുറത്തിറങ്ങി മനുഷ്യരെ നേരിട്ടുകാണുമ്പോഴും, പ്രകൃതിയുടെ സ്പർശനം അറിയുമ്പോഴുമാണ് ജീവിതം കൂടുതൽ അർഥവത്താകുന്നത്. സ്ക്രീനുകളിലെ കൃത്രിമ വെളിച്ചങ്ങൾ അണയുമ്പോൾ മാത്രം തെളിയുന്ന ആ യഥാർഥവെളിച്ചമാണ് നമ്മുടെ ജീവിതത്തെ മനോഹരമാക്കുന്നത്. നമുക്കു ചുറ്റുമുള്ള മനുഷ്യരിലേക്ക്, അവരുടെ ഊഷ്മളമായ സ്പർശനങ്ങളിലേക്ക്, മരുഭൂമിയില്ലാത്ത യഥാർഥ ഹൃദയബന്ധങ്ങളിലേക്ക് നമുക്കു മടങ്ങാം. അവിടെയാണ് മനുഷ്യന്റെ യഥാർഥ അതിജീവനം കുടികൊള്ളുന്നത്. ■



ഡോ. എം. എസ്. പോൾ

# കാലത്തിന്റെ സൂക്ഷ്മവായന രവിവർമ തമ്പുരാന്റെ സർഗസഞ്ചാരങ്ങൾ

**കാലം അതിന്റെ സൂക്ഷ്മമായ അടയാളങ്ങൾ അവശേഷിപ്പിക്കുന്നത് മികച്ച കലാനിർമിതികളിലൂടെയാണ്. കേവലമായ ചരിത്രാഖ്യാനങ്ങൾക്കപ്പുറം, ഒരു ജനതയുടെ മാനസികവ്യാപാരങ്ങളെയും സാമൂഹികപരിണാമങ്ങളെയും സംവേദനാത്മകമായി അടയാളപ്പെടുത്താൻ സാഹിത്യത്തിന് കഴിയുന്നു. അരനൂറ്റാണ്ടിലേറെയായി മലയാളത്തിന്റെ സർഗമണ്ഡലത്തിൽ സജീവമായുള്ള രവിവർമ തമ്പുരാന്റെ രചനാലോകം അത്തരമൊരു കാലസാക്ഷ്യമാണ്.**

മലയാളസാഹിത്യത്തിൽ അരനൂറ്റാണ്ടുകാലമായി സജീവമായി ഇടപെടുന്ന ഒരു എഴുത്തുകാരനാണ് രവിവർമ തമ്പുരാൻ. തന്റേതായ സവിശേഷസാന്നിധ്യം ഈ രംഗത്ത് അദ്ദേഹം ഉറപ്പിച്ചിട്ടുണ്ടെന്നുവേണം കരുതാൻ. ഏഴിലധികം ചെറുകഥാസമാഹാരങ്ങളും നിരവധിയേറെ നോവലുകളും രചിച്ച അദ്ദേഹം തനത് ആഖ്യാനശൈലിയും സവിശേഷപ്രമേയങ്ങളും സ്വീകരിച്ചുകൊണ്ടാണ് സ്വന്തമായൊരിടം നേടിയെടുത്തത്. പത്രപ്രവർത്തകന്റെ സൂക്ഷ്മദൃഷ്ടിയിലൂടെ സമൂഹത്തെ അപനിർമിക്കുന്ന എഴുത്തുകാരുടെ നിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. എന്നിരുന്നാലും, ചില അപ്രിയസത്യങ്ങൾ ധൈര്യപൂർവം തന്റെ രചനകളിലൂടെ വിളിച്ചുപറയാൻ അദ്ദേഹത്തിനു കഴിയുന്നുണ്ട്.

ആഖ്യാനപരമായ പുതുമകളാണ് രവിവർമ തമ്പുരാന്റെ കഥാലോകത്തെ വ്യത്യസ്തമാക്കുന്നത്. എന്നാൽ, അദ്ദേഹത്തിന്റെ നോവലുകളിലാണ് തികഞ്ഞ സാമൂഹികനിരീക്ഷണം കടന്നുവരുന്നത്. 'ഭയങ്കരാമുടി' എന്ന നോവലിൽ അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന ചില കാര്യങ്ങൾ പിൽക്കാല കേരളത്തിൽ യാഥാർഥ്യമാകുന്നുണ്ട്. വർഗീയതയും മതതീവ്രവാദവും പുറമേയ്ക്കൊരു മുഖം പ്രദർശിപ്പിച്ചുകൊണ്ട്, മറ്റൊരു മുഖം തന്ത്രപരമായി ഒളിപ്പിച്ചുവയ്ക്കുന്നതിന്റെ ഭീകരത ഈ നോവൽ വരച്ചുകാട്ടുന്നു. ഈ നോവലിന്റെ തുടർച്ചയായി 'മുടിപ്പേച്ച്', 'ഇരുമുടി' എന്നിങ്ങനെ രണ്ടു നോവലുകൾകൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. കേരളീയസമൂഹത്തിൽ അതിവേഗം സംക്രമിക്കപ്പെട്ട മത-വർഗീയ ചിന്തകളുടെ സൂക്ഷ്മാഖ്യാനങ്ങളാണ്






▶രവിവർമ തമ്പുരാൻ

ഈ നോവൽത്രയത്തിന്റെ ഇതിവൃത്തം. ഒന്നിലാരംഭിച്ച് മൂന്നു നോവലുകളിലേക്ക് പടരുന്ന ഈ ആഖ്യാനസമ്പ്രദായം ഇതിഹാസതുല്യമായ ഒരു സമീപനമാണ്. മഹാരഥന്മാരായ പല നോവലിസ്റ്റുകളും ഈ സമീപനരീതി പിന്തുടർന്നിട്ടുണ്ട്. ബംഗാളി നോവലിസ്റ്റ് ബിഭൂതിഭൂഷൺ ബന്ദ്യോപാധ്യായ ഇത്തരമൊരു സമീപനം സ്വീകരിച്ചിട്ടുണ്ട്; അത് 'അപുത്രയം' എന്ന പേരിൽ പ്രസിദ്ധമാണ്. നിള പശ്ചാത്തലമാകുന്ന എം.ടി.

വാസുദേവൻ നായരുടെ 'നാലുകെട്ട്', 'അസുരവിത്ത്', 'കാലം' എന്നീ നോവലുകളും ഈ ഗണത്തിൽപ്പെടുത്താവുന്നതാണ്.

കേരളചരിത്രനിർമിതിയിൽ നാം പിന്തുടർന്നുപോന്ന ചില മുൻധാരണകളും, കേരളീയ നവോത്ഥാനത്തെ സംബന്ധിച്ച് നിലനിൽക്കുന്ന ബോധ്യങ്ങളും രവിവർമ തമ്പുരാന്റെ ഈ നോവൽത്രയത്തിൽ സജീവചർച്ചയാകുന്നുണ്ട്. ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടിയുള്ള രചനാശൈലിയിലൂടെ സമകാലിക സാമൂഹികജീർണതകളെ പരിഹസിക്കുന്ന രീതി 'ഭയങ്കരാമുടി'യിലുണ്ട്. പുരോഗമനവാദത്തിന്റെ മറവിൽ തങ്ങളുടെ നിക്ഷിപ്തതാത്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നവർ നാടിനെ കലാപഭൂമിയാക്കി മാറ്റുന്നു. മനുഷ്യാവകാശം, ലൈംഗികസ്വാതന്ത്ര്യം, പരിസ്ഥിതിപ്രവർത്തനം എന്നിങ്ങനെയുള്ള നവസാമൂഹിക പ്രസ്ഥാനങ്ങളുടെ മറവിൽ സ്വകാര്യ അജണ്ടകൾ നടപ്പിലാക്കുന്ന തീവ്രവാദസംഘടനകൾ കേരളത്തിൽ ആഴത്തിൽ വേരാഴ്ത്തിയിരിക്കുന്നുവെന്ന യാഥാർഥ്യം 'ഭയങ്കരാമുടി' തുറന്നുകാട്ടുന്നു.

"ഭയങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ ചെറിയ ഭയം വലിയ ഭയത്തിന് കീഴടങ്ങാൻ നിർബന്ധിതമാകും; പക്ഷേ, അപ്പോഴേക്കും ശൂന്യമായിത്തീരുന്ന സ്വച്ഛജീവിതങ്ങളുടെ മേലേക്ക് നാടൊരു ഭയങ്കരാമുടിയായി വളർന്നുവന്നിട്ടുണ്ടാകാം"




**കേരളീയസമൂഹത്തിൽ അതിവേഗം സംക്രമിക്കപ്പെട്ട മത-വർഗീയ ചിന്തകളുടെ സൂക്ഷ്മാഖ്യാനങ്ങളാണ് ഈ നോവൽത്രയത്തിന്റെ ഇതിവൃത്തം. ഒന്നിലാരംഭിച്ച് മൂന്നു നോവലുകളിലേക്ക് പടരുന്ന ഈ ആഖ്യാനസമ്പ്രദായം ഇതിഹാസതുല്യമായ ഒരു സമീപനമാണ്.**

എന്നൊരു മുന്നറിയിപ്പ് ഈ നോവൽ നൽകുന്നുണ്ട്. ഇവയൊക്കെ പിന്നീട് കേരളീയസമൂഹത്തിൽ യാഥാർഥ്യമായിത്തീർന്നു എന്നത് നോവലിസ്റ്റിന്റെ ദീർഘദർശനത്തിന് ഉദാഹരണം കൂടിയാണ്. ഈ നോവലിന്റെ തുടർച്ചയായ 'മുടിപ്പേച്ചി'ലാകട്ടെ, കുറച്ചു വ്യക്തികളുടെമാത്രം ജീവിതത്തിൽ സംഭവിക്കുന്ന വിഷയങ്ങളെ കേരളത്തിന്റെ നവോത്ഥാനചരിത്രവുമായും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ചരിത്രവുമായും ബന്ധപ്പെടുത്തുന്നു. കുറച്ചുമാത്രം കഥാപാത്രങ്ങളുള്ള ഈ നോവലിലേക്ക് കടന്നുവരുന്നത് എണ്ണമറ്റ ചരിത്രസംഭവങ്ങളും ചരിത്രപുരുഷന്മാരുമാണ്. ഒരു തകർന്ന ഇല്ലത്തിൽ തുടങ്ങി, നൂറ്റാണ്ടുകളുടെ കേരളചരിത്രത്തിലൂടെയുള്ള ഒരു സമയസഞ്ചാരമായി ഈ നോവൽ മാറുന്നു. 'ഇരുമുടി' എന്ന നോവലിൽ സമകാലിക കേരളരാഷ്ട്രീയത്തിലെ ഉപജാപങ്ങളാണ് പ്രമേയമാകുന്നത്. അടുത്തകാലത്തുനടന്ന ആചാരലംഘനത്തിന്റെ പശ്ചാത്തലത്തിൽ ശബരിമലയുടെ ചരിത്രവും കേരളത്തിന്റെ മാനവികതയുടെയും മതമൈത്രിയുടെയും പാരമ്പര്യവും ഈ നോവലിന്റെ ഭാഗമാകുന്നു. അയ്യപ്പസങ്കല്പത്തിലെ പരിപാവനത്വവും, മതാതീതമായ മാനവികത എന്ന അയ്യപ്പദർശനവും നോവലിന്റെ അന്തർധാരയാണ്.

സവിശേഷമായ ആഖ്യാനരീതികൾ, ഫാന്റസി, മാജിക്കൽ റിയലിസം, ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്നിവ ഈ നോവൽത്രയത്തെ വ്യത്യസ്തമാക്കുന്നുണ്ടെങ്കിലും, ഇവയിൽ ചർച്ചചെയ്യപ്പെടുന്ന രാഷ്ട്രീയമാണ് ഈ രചനകളെ ചരിത്രത്തോടും സമകാലികതയോടും ബന്ധിപ്പിക്കുന്നത്.

'പൂജ്യം', 'ശയ്യാനുകമ്പ', 'ഓർമനിരോധനം' എന്നീ നോവലുകൾ അവയുടെ വ്യത്യസ്തമായ പ്രമേയങ്ങൾ കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. പൊതുവെ ഉത്തരാധുനിക നോവലിസ്റ്റുകൾ ആഖ്യാനപരമായ പുതുമകളിൽ മാത്രം അഭിരമിക്കുമ്പോൾ, പ്രമേയത്തിന്റെ സാമൂഹികപ്രാധാന്യത്തിലും ആഖ്യാനത്തിന്റെ പുതുമയിലും ഒരേപോലെ ശ്രദ്ധപതിപ്പിക്കാൻ രവിവർമ തമ്പുരാന് കഴിയുന്നുണ്ട്. റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കാലത്ത് അതിരുകളില്ലാത്ത ഒരു സാകല്യദർശനമാണ് 'പൂജ്യം' എന്ന നോവൽ മുന്നോട്ടുവയ്ക്കുന്നത്. മിഡ്ലൈഫ് ക്രൈസിസ് (Midlife crisis) അഥവാ മധ്യവയസ്കരുടെ പ്രതിസന്ധി എന്ന വിഷയം ആദ്യമായി മലയാളത്തിൽ ചർച്ചചെയ്യുന്ന നോവൽകൂടിയാണിത്. ആനന്ദ് വർഗീസ് എന്ന വില്ലേജ് ഓഫീസറുടെയും, ചുംബനസമരത്തിനിടയിൽ അയാൾ പരിചയപ്പെട്ട അക്ഷരാമേനോൻ എന്ന കൗമാരക്കാരിയുടെയും ജീവിതമാണ് ഇതിൽ ആവിഷ്കരിക്കുന്നത്. അവർ തമ്മിലുള്ള അസാധാരണ ബന്ധത്തിന്റെയും അതിന്റെ പരിണിതികളുടെയും കഥയാണിത്. ഓർമകൾ പ്രധാന പ്രമേയമാകുന്ന നോവലാണ് 'ഓർമനിരോധനം'. ബുള്ളറ്റ് യാത്രികയായ ആഷയുടെ യാത്രയിൽ തുടങ്ങുന്ന ഈ നോവൽ വളരെ ഗൗരവമുള്ള വിഷയങ്ങളിലേക്കാണ് കടന്നുചെല്ലുന്നത്.

അൻപതുകൊല്ലത്തെ എഴുത്തുജീവിതം ഒരു ചെറിയ കാര്യമല്ല. ഒരു ആഖ്യാതാവ് ഈ കാലയളവിൽ നേരിടുന്ന പ്രതിസന്ധികൾ, വിവിധ ഭാവുകത്വങ്ങളോടുള്ള കലാപങ്ങൾ, വിപണി, സാഹിത്യവേദികൾ, അന്തർസംഘർഷങ്ങൾ, സർഗാത്മകമല്ലാത്തിടങ്ങളിലെ ഇടപെടലുകൾ എന്നിവയെല്ലാം അയാളുടെ എഴുത്തിനെ സ്വാധീനിക്കാറുണ്ട്. എന്നാൽ, ഇവയെല്ലാം അതിജീവിച്ചുകൊണ്ട് നിരന്തരം പുതുമയാർജിക്കുകയാണ് രവിവർമ തമ്പുരാൻ എന്ന എഴുത്തുകാരൻ. ■

സാമൂഹികം | ഡോ. ആന്റണി പാലക്കൽ



# കേരളമോഡൽ ആഘോഷിക്കപ്പെട്ട അസംബന്ധങ്ങളുടെ സാമൂഹികശാസ്ത്രം

അക്കങ്ങളുടെ മായാജാലത്തിൽ അഭിരമിക്കുന്ന ഒരു സമൂഹത്തോട്, നിങ്ങളുടെ വികസനം വെറുമൊരു അസംബന്ധമാണെന്ന് വിളിച്ചുപറയാൻ അസാമാന്യമായ ധൈര്യം വേണം. പ്രഫ. ടി. കെ. ഉമ്മൻ ചെയ്യുന്നത് ആ ധീരമായ പൊളിച്ചെഴുത്താണ്. കേരള മോഡൽ എന്ന മിഥ്യയെയും അതിനുപിന്നിലെ പാർട്ടി മേധാവിത്വത്തെയും വസ്തുതകളുടെ വെളിച്ചത്തിൽ വിചാരണചെയ്യുകയാണീ ലേഖനം.




കേരളത്തിന്റെ വികസനത്തെക്കുറിച്ചുള്ള ചർച്ചകളിൽ സജീവമായി ഉയർന്നുവരുന്ന ഒരു പ്രയോഗമാണ് 'കേരള മോഡൽ' വികസനം. കേരളമോഡൽ വികസനത്തെ അടിസ്ഥാനമാക്കിയുള്ള അവകാശവാദങ്ങളും തർക്കവിതർക്കങ്ങളും കൊണ്ടു മുഖരിതമാണ് കേരളത്തിന്റെ വികസനത്തെക്കുറിച്ച് ഇവിടെ നടക്കുന്ന മിക്ക അക്കാദമിക്-ആക്ടിവിസ്റ്റ് വ്യവഹാരങ്ങളും. ലോകമെമ്പാടുമുള്ള വികസന സാമ്പത്തികശാസ്ത്രജ്ഞരും നയരൂപീകരണ വിദഗ്ധരും ഒരുകാലത്ത് വിസ്മയത്തോടെ നോക്കിക്കണ്ട ഒന്നാണ് കേരള മോഡൽ. കുറഞ്ഞ പ്രതിശീർഷ വരുമാനത്തിലും വികസിതരാജ്യങ്ങളോട് കിടപിടിക്കുന്ന ആരോഗ്യ-വിദ്യാഭ്യാസ സൂചികകൾ കൈവരിക്കാൻ കേരളത്തിന് എങ്ങനെ സാധിച്ചു എന്നത് അമർത്യാസെൻ മുതൽ റിച്ചാർഡ് ഫ്രാങ്കി വരെയുള്ളവർ അദ്ഭുതത്തോടെ ചർച്ചചെയ്തിട്ടുണ്ട്.




കേരളസർക്കാർ സംഘടിപ്പിച്ച ഒരു സെമിനാറിൽ "കേരള മോഡൽ ഒരു അസംബന്ധമാണ്" എന്നു പ്രഫസർ ഉമ്മൻ തുറന്നടിച്ചപ്പോൾ അതു പലരെയും ഞെട്ടിച്ചു. സർക്കാരിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സാണ് സെമിനാർ സംഘടിപ്പിച്ചത്. 'State and Society in South India' എന്നതായിരുന്നു സെമിനാറിന്റെ പ്രമേയം. മുഖ്യപ്രഭാഷണം ചെയ്തത് പ്രഫസർ ഉമ്മനായിരുന്നു. കേരളത്തിൽ ഒരു കേരളമോഡൽ വികസനം നടന്നിട്ടുണ്ടെന്നും സി.പി.എമ്മിന്റെ നേതൃത്വത്തിലുള്ള കൂട്ടുകക്ഷി ഭരണമാണ് അതിനു കാരണമായതെന്നുമായിരുന്നു, വേദിയിലിരുന്ന മന്ത്രിമാരടക്കമുള്ളവർ അന്നവിടെ പ്രസംഗിച്ചത്. പക്ഷേ, അവരിൽനിന്നൊക്കെ വ്യത്യസ്തമായി ഉമ്മൻ നടത്തിയ പ്രസ്താവനയ്ക്കുപിന്നിൽ കൃത്യമായ സാമൂഹികശാസ്ത്രപരമായ കാരണങ്ങളുണ്ടായിരുന്നു. വികസനത്തെ കേവലം സ്ഥിതിവിവരക്കണക്കുകൾക്കപ്പുറം മനുഷ്യന്റെ അന്തസ്സിനോടും സ്വതന്ത്ര ഇച്ഛയോടും ചേർത്തുവായിക്കണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

## വികസനത്തിന്റെ അളവുകോലുകൾ

വികസനത്തെക്കുറിച്ചുള്ള പരമ്പരാഗതമായ ധാരണകളെ തിരുത്തിക്കുറിക്കുന്ന ഒന്നാണ് ഉമ്മൻ മുന്നോട്ടുവച്ച 'ത്രിമാന വികസന ചട്ടക്കൂട്'. 'മാനവിക വികസന സൂചിക' (Human Development Index – HDI) എന്നത് ഒരു സമൂഹത്തിന്റെ ഭൗതികവും സാമൂഹികവുമായ നേട്ടങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, ആയുർദൈർഘ്യം എന്നിവയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഈ സൂചികയിൽ നമ്മെ മുൻപന്തിയിൽ എത്തിച്ചു. എന്നാൽ, വികസനം എന്നത് കേവലം ഈ കണക്കുകളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. ഇതിനോടൊപ്പംതന്നെ പരിഗണിക്കേണ്ട സുപ്രധാനമായ മറ്റൊരു ഘടകമാണ് 'മാനവിക സ്വാതന്ത്ര്യ സൂചിക' (Human Freedom Index). പൗരാവകാശങ്ങൾ, രാഷ്ട്രീയസ്വാതന്ത്ര്യം, വ്യക്തിപരമായ സ്വയംഭരണം എന്നിവ ഒരു പൗരന് എത്രത്തോളം ലഭ്യമാകുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ഒരു സമൂഹത്തിന്റെ ജനാധിപത്യപരമായ കരുത്ത് അളക്കേണ്ടത്.


▶പ്രഫ.ടി.കെ.ഉമ്മൻ

എന്നാൽ, ഈ രണ്ടു സൂചികകൾക്കുമപ്പുറം ഒരു സമൂഹത്തിന്റെ ആന്തരികമായ തകർച്ചയെ അളക്കാൻ 'മാനവിക ദുരിതസൂചിക' (Human Distress Profile) എന്ന മാനദണ്ഡം കൂടി ഉപയോഗിക്കുന്നു. ആത്മഹത്യ, കുറ്റകൃത്യങ്ങൾ, മദ്യപാനം, ലഹരി ഉപയോഗം, കുടുംബശൈഥില്യം, തൊഴിലില്ലായ്മ തുടങ്ങിയ സാമൂഹികരോഗങ്ങളുടെ ആഴമാണ് ഈ സൂചിക വെളിപ്പെടുത്തുന്നത്. ഒരു സമൂഹം യഥാർഥത്തിൽ വികസിതമാണെന്ന് അവകാശപ്പെടണമെങ്കിൽ ഉയർന്ന മാനവിക വികസനസൂചികയും, പരമാവധി മാനവിക സ്വാതന്ത്ര്യ സൂചികയോടൊപ്പം തന്നെ മാനവിക ദുരിതസൂചിക ഏറ്റവും കുറഞ്ഞ നിലയിലായിരിക്കുകയും വേണം. വികസനത്തിന്റെ ഈ മൂന്നുതലങ്ങളും ഒത്തുചേരുമ്പോൾ മാത്രമേ പൗരന് ഗുണമേന്മയുള്ള ഒരു ജീവിതം സാധ്യമാകൂ.

ഈ മാനദണ്ഡങ്ങൾ വച്ച് കേരളത്തിന്റെ അവസ്ഥ പരിശോധിക്കുമ്പോഴാണ് 'കേരള മോഡൽ' എന്ന പുകഴ്പെറ്റ സങ്കല്പം ചോദ്യംചെയ്യപ്പെടുന്നത്. മാനവിക വികസനസൂചികയുടെ കാര്യത്തിൽ കേരളം അന്താരാഷ്ട്ര നിലവാരത്തിൽ നിൽക്കുമ്പോഴും, മാനവിക ദുരിതസൂചികയിൽ നാം വിപരീത ദിശയിലാണ് സഞ്ചരിക്കുന്നത്.മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ആത്മഹത്യാനിരക്കും മാനസികസമ്മർദവും ഭയാനകമായ രീതിയിൽ കൂടുതലാണ്. കുടുംബബന്ധങ്ങളിലെ തകർച്ചയും മദ്യപാനത്തിന്റെ അതിപ്രസരവും കുറ്റകൃത്യങ്ങളുടെ വർധനവും വിരൽചൂണ്ടുന്നത് കേരളീയസമൂഹത്തിന്റെ ആന്തരികമായ അശാന്തിയിലേക്കാണ്.

വിദ്യാഭ്യാസവും ആരോഗ്യവും മെച്ചപ്പെട്ടതുകൊണ്ടുമാത്രം ഒരു സമൂഹം സമാധാനപൂർണമാകണമെന്നില്ല എന്ന യാഥാർഥ്യമാണ് ഇവിടെ വെളിപ്പെടുന്നത്. അതുകൊണ്ടു

തന്നെ, ഉയർന്ന ഭൗതികനേട്ടങ്ങൾക്കിടയിലും വിട്ടുമാറാത്ത സാമൂഹികദുരിതങ്ങൾ പേറുന്ന ഈ അവസ്ഥയെ ഒരു 'മാതൃക' എന്നു വിശേഷിപ്പിക്കുന്നത് അസംബന്ധമാണ്. പകരം, സവിശേഷമായ നേട്ടങ്ങളും അതിലേറെ സങ്കീർണ മായ പോരായ്മകളും ഒത്തുചേരുന്ന കേരളത്തിന്റെ ഈ അവസ്ഥയെ 'കേരള അപവാദം' (Kerala Exception) എന്നു വിളിക്കാനാണ് ഉമ്മൻ താല്പര്യപ്പെടുന്നത്. വികസനനയങ്ങൾ രൂപവൽക്കരിക്കുമ്പോൾ കേവലം അക്കങ്ങൾക്കപ്പുറം മനുഷ്യന്റെ മനഃശാസ്ത്രപരവും സാമൂഹികവുമായ ക്ഷേമത്തിന് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ നിരീക്ഷണം വിരൽചൂണ്ടുന്നത്.

## ഇടതുപക്ഷവും കേരള മോഡലും

കേരള മോഡൽ വികസനം ഇടതുപക്ഷ ഭരണകൂടങ്ങളുടെ മാത്രം സംഭാവനയാണെന്ന രാഷ്ട്രീയ പ്രചാരണത്തെ ഉമ്മൻ ഖണ്ഡിക്കുന്നുണ്ട്. അദ്ദേഹം ചോദിക്കുന്ന ലളിതമായ ചോദ്യം ഇതാണ്: "ഇടതുപക്ഷം ദീർഘകാലം ഭരിച്ച ബംഗാളിലും ത്രിപുരയിലും എന്തുകൊണ്ട് ഈ കേരള മോഡൽ ഉണ്ടായില്ല?" ബംഗാളിൽ 1977 മുതൽ നടന്ന ശക്തമായ ഇടതുഭരണം കേരളത്തെക്കാൾ മികച്ച സാമൂഹികമാറ്റം അവിടെ കൊണ്ടുവരേണ്ടതായിരുന്നു. എന്നാൽ, യാഥാർഥ്യം നേരെ വിപരീതമാണ്. തമിഴ്നാടാകട്ടെ, ദീർഘകാലം ദ്രാവിഡകക്ഷികൾ ഭരിച്ചിട്ടും പല വികസനസൂചികകളിലും കേരളത്തിനൊപ്പമെത്തുന്നു. അപ്പോൾ, മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ഭരണമാണ് കേരള മോഡൽ വികസനം സാധ്യമാക്കിയതെന്ന വാദത്തിൽ യുക്തിയില്ല. പാർട്ടിയുടെ പക്ഷംപിടിച്ച് ഇതേക്കുറിച്ച് ആവേശപൂർവം വാദിക്കാമെങ്കിലും ആ വാദം നിലനിൽക്കുകയില്ല.

കേരളത്തിന്റെ സാമൂഹികവികാസത്തെയും വികസന ചരിത്രത്തെയും വിശകലനംചെയ്യുമ്പോൾ, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് ഈ ഭൂപ്രദേശത്തെ വേറിട്ടുനിറുത്തുന്ന സവിശേഷമായ ചില ഘടകങ്ങൾ കാണാം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിന്റെ ഭാഷാപരമായ സജാതീയതയാണ്. ഒരേ ഭാഷ സംസാരിക്കുന്നവർ എന്ന നിലയിലുള്ള ഐക്യം ആശയവിനിമയത്തെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളെയും അതിവേഗം ജനകീയമാക്കാൻ സഹായിച്ചു. ഈ ഭാഷാപരമായ ഏകത്വം കേരളീയരെ ഒരു പൊതുസ്വത്വത്തിലേക്ക് നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ് കേരളത്തിലെ മതപരമായ വൈവിധ്യവും അവ തമ്മിലുള്ള ആരോഗ്യകരമായ സംയോജനവും. ഭാഷാപരമായി കേരളീയർ സജാതീയരാണെങ്കിലും മതപരമായി വളരെ വൈവിധ്യമുള്ളവരാണ്. ഇവിടത്തെ ക്രിസ്ത്യാനികൾക്ക് പൂർവ കൊളോണിയൽ പാരമ്പര്യവും മുസ്ലീങ്ങൾക്ക് പൂർവ അധിനിവേശ പാരമ്പര്യവുമാണുള്ളതെങ്കിലും വടക്കേ ഇന്ത്യയിലെ സാഹചര്യത്തിൽനിന്നു തീർത്തും വ്യത്യസ്തമായി, ഇവിടെ ഈ രണ്ടുകൂട്ടരും കൊളോണിയലിസത്തിന്റെയും അധിനിവേശത്തിന്റെയും വൈദേശികഭാണ്ഡം കൊണ്ടുനടക്കുന്നില്ല. മാത്രമല്ല, അവർ വൈദേശിക വേരുകളെ ഒരഭിമാനമായി കരുതുകയും ചെയ്യുന്നില്ല. അതിനാൽ, കേരളത്തിന്റെ വികസനപ്രക്രിയയിൽ അവർക്ക് സഹജമായി പങ്കാളികളാകാനും അതിന്റെ സദ്ഫലങ്ങൾ അനുഭവിക്കാനും സാധിക്കുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ വരവോടെ ആരംഭിച്ച വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ കേരളത്തിൽ വലിയൊരു മാറ്റത്തിന് തിരികൊളുത്തി. മിഷനറിമാർ തുടങ്ങിവച്ച ഈ പാത പിന്തുടർന്ന് നായർ, ഈഴവ, മുസ്ലിം തുടങ്ങിയ സാമുദായികസംഘടനകൾ മത്സരബുദ്ധിയോടെ ഈ മേഖലകളിലേക്കു കടന്നുവന്നത് കേരളത്തെ ഒരു ജ്ഞാനസമൂഹമാക്കി മാറ്റുന്നതിൽ നിർണായകമായി.

കേരളത്തിൽ കാണാൻ കഴിയുന്ന സവിശേഷമായ സാമുദായിക സമവാക്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നായന്മാരാണ് കേരളത്തിലെ പ്രബല സമുദായമെങ്കിലും ഈഴവരും മുസ്ലിങ്ങളും ക്രിസ്ത്യാനികളും എണ്ണംകൊണ്ടും സ്വാധീനംകൊണ്ടും നായന്മാർക്കൊപ്പം ശക്തരാണ്. ഈ നാലുകൂട്ടരും ഏതാണ്ട് ഒരേപോലെ ആധിപത്യമുള്ള വിഭാഗങ്ങളാണെന്നു പറയാം. മാത്രവുമല്ല, ഈ സമുദായങ്ങളിലെല്ലാം രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക മേഖലകളിൽ ഒരു മേലാള വിഭാഗവും ഉടലെടുത്തിട്ടുണ്ട്. ഈയൊരു ചുറ്റുപാട് സഹജമായ ഒരു സാമൂഹിക സന്തുലിതാവസ്ഥ കേരളത്തിൽ നിലനിറുത്തുന്നുണ്ട്. ഇത്തരത്തിലൊരു സാമൂഹികചുറ്റുപാടിൽ സാമുദായിക സംഘർഷങ്ങൾക്കുള്ള സാധ്യത കുറവാണെന്നു മാത്രമല്ല അനുരഞ്ജനത്തിനുള്ള സാധ്യത കൂടുകയും ചെയ്യും.

കേരളത്തിന്റെ ജാതിഘടനയിലുണ്ടായ ഒരു പ്രത്യേകതയും ഇവിടത്തെ സാമ്പത്തികവികാസത്തെ സ്വാധീനിച്ചിട്ടുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കാണപ്പെടുന്ന 'വൈശ്യ' വിഭാഗത്തിന്റെ അഭാവം കേരളത്തിലെ കച്ചവട-വ്യവസായ മേഖലകളിൽ വലിയൊരു മാറ്റമുണ്ടാക്കി. കച്ചവടം ഒരു പ്രത്യേക ജാതിയുടെ മാത്രം കുത്തകയല്ലാതിരുന്നതിനാൽ നായന്മാരും ഈഴവരും മുസ്ലിങ്ങളുമെല്ലാം ഒരേപോലെ ഈ രംഗത്ത് സജീവമായി. ഇതു തൊഴിൽമേഖലകളിൽ ജാതിരഹിതമായ ഒരു സംരംഭകത്വ സംസ്കാരം വളർത്താൻ സഹായിച്ചു.



ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നോക്കിയാൽ കേരളത്തിലെ ഗ്രാമ-നഗര നൈരന്തര്യങ്ങൾ എടുത്തു പറയേണ്ടതാണ്. വടക്കേ ഇന്ത്യയിൽ കാണുന്നതുപോലെ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വിവേചനപരമായ വിടവ് കേരളത്തിലില്ല. ഒരു നഗരം അവസാനിക്കുന്നിടത്ത് മറ്റൊരു ഗ്രാമം തുടങ്ങുന്നില്ല, മറിച്ച്, അവ പരസ്പരം ലയിച്ചു കിടക്കുന്നു. ഇതു വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാ പ്രദേശങ്ങളിലേക്കും ഒരുപോലെ എത്താൻ കാരണമായി. മലയാളികളുടെ സ്ഥലസംബന്ധമായ ചലനാത്മകതയാണ് കേരളത്തിന്റെ മറ്റൊരു വികസനഘടകം. ഇന്ത്യയുടെ ഇതരദേശങ്ങളിലും മറുനാടുകളിലും കുടിയേറിപ്പാർക്കാൻ മലയാളികൾക്ക് അസാമാന്യ കഴിവാണ്. ലോകത്തിന്റെ ഏതു കോണിലുംപോയി അധ്വാനിക്കാനും അവിടത്തെ സമ്പാദ്യം നാട്ടിലേക്ക് അയയ്ക്കാനുമുള്ള മലയാളിയുടെ താല്പര്യം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിറുത്തുന്ന പ്രധാന ഘടകമാണ് എന്നതും ശ്രദ്ധേയമാണ്.

വാർത്താമാധ്യമങ്ങളുടെ സാർവത്രികമായ പ്രചാരമാണ് കേരളീയരെ സാമൂഹികമായി ബോധവാന്മാരാക്കിയ മറ്റൊരു ഘടകം. പണ്ടുമുതലേയുള്ള അച്ചടിമാധ്യമങ്ങളുടെ സ്വാധീനവും പിന്നീടുവന്ന ദൃശ്യ-ഡിജിറ്റൽ മാധ്യമങ്ങളുടെ വളർച്ചയും മലയാളിയുടെ ചിന്താഗതിയെ ആധുനികവൽക്കരിച്ചു. കേരളത്തിന്റെ രാഷ്ട്രീയ കാലാവസ്ഥയിലെ സന്തുലിതാവസ്ഥയും ശ്രദ്ധേയമാണ്. ഇടതു-വലതു മുന്നണികൾ മാറിമാറി അധികാരത്തിൽ വരുന്നത് ഭരണകൂടത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്വം വർധിപ്പിക്കുകയും ജനാധിപത്യപരമായ കെട്ടുറപ്പിന് കരുത്തേകുകയും ചെയ്തു.

ഏറ്റവും പ്രധാനപ്പെട്ട വസ്തുത, കേരളം പ്രസ്ഥാനങ്ങൾക്ക് എക്കാലവും വളക്കൂറുള്ള ഒരു മണ്ണായിരുന്നു എന്നതാണ്. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇവിടത്തെ പിന്നാക്ക ജാതിയിൽപ്പെട്ടവർ നടത്തിയ ചെറുത്തുനിൽപ്പുകളാണ് പിന്നീട് കേരളീയർക്ക് വർഗപരമായി സംഘടിക്കുന്നതിനുള്ള വഴിയൊരുക്കിയത്. സാക്ഷരത, ലൈബ്രറി, ശാസ്ത്രബോധം എന്നിവയുടെ വ്യാപനത്തിനായി ഉടലെടുത്ത പ്രസ്ഥാനങ്ങൾ, ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനമെന്നു വിശേഷിപ്പിക്കാവുന്ന സൈലന്റ് വാലി പദ്ധതിക്കെതിരെയുള്ള ചെറുത്തുനിൽപ്പ് എന്നിവ എടുത്തുപറയേണ്ടതുണ്ട്. അതുപോലെ പിന്നാക്കജാതിയിൽപ്പെട്ട സ്ത്രീകളുടെ മാറുമറയ്ക്കുന്നതിനും പിന്നാക്കജാതിയിലുള്ള പുരുഷന്മാർക്ക് മീശ വയ്ക്കുന്നതിനും കർഷകത്തൊഴിലാളികൾക്ക് കുടികിടക്കുന്നതിനുമൊക്കെയുള്ള അവകാശങ്ങൾ കേരളത്തിൽ നേടിയെടുത്തത് സംഘടിച്ചും സമരംചെയ്തുകൊണ്ടുമാണ് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം വൈവിധ്യമാർന്ന ഘടകങ്ങളുടെ സമന്വയമാണ് കേരളത്തെ ഒരു 'അപവാദമായി' ലോകത്തിനു മുന്നിൽ പ്രതിഷ്ഠിക്കുന്നത്.

## പാർട്ടികളുടെ സർവാധിപത്യം

ഇത്തരത്തിൽ സാമൂഹികശാസ്ത്രം നിഷ്കർഷിക്കുന്ന വസ്തുനിഷ്ഠതയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ കേരളമോഡൽ എന്നത് ഒരു ഭാവനാസൃഷ്ടിയാണെന്നു മനസ്സിലാക്കാം. സാമൂഹികശാസ്ത്രം പ്രത്യയശാസ്ത്ര പ്രചരണത്തിനായി ഉപയോഗപ്പെടുത്താനുള്ളതല്ല; സമൂഹത്തോട് പ്രതിജ്ഞാബദ്ധനായ ഒരു സാമൂഹിക ശാസ്ത്രജ്ഞന് വിശകലനത്തിന്റെ വെളിച്ചത്തിൽ മാത്രമേ കാര്യങ്ങൾ പറയാൻ കഴിയൂ. നയരൂപവൽക്കരണത്തിന് കൂടുതൽ ആവശ്യമായിട്ടുള്ളതും അതുതന്നെയാണ്.

പ്രഫസർ ഉമ്മന്റെ ഏറ്റവും ശക്തമായ വിമർശനം കേരളത്തിലെ കക്ഷിരാഷ്ട്രീയാധിപത്യത്തിനെതിരെയാണ്. "പാർട്ടികളുടെ സർവാധിപത്യത്തിന്റെ പിടിയിലായിപ്പോയി നമ്മുടെ നാട്" എന്നദ്ദേഹം വിലപിക്കുന്നു. ഒരു പാർട്ടി പ്രവർത്തകനല്ലെങ്കിൽ ഇവിടെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. വ്യക്തികളുടെ സ്വത്വം ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിയുടെ വാലുമായി കൂട്ടിക്കെട്ടേണ്ട ഗതികേടാണ് (Hyphenated Identity) ഇന്നുള്ളത്. ഈ 'ഫാസിസ്റ്റ്' അന്തരീക്ഷത്തിൽ സ്വതന്ത്രമായ സാമൂഹികശാസ്ത്ര പഠനങ്ങൾക്ക് ഇടമില്ല. പാർട്ടിക്കും നേതാക്കൾക്കും സ്തുതി പാടിയാൽ മാത്രമേ ആസൂത്രണബോർഡിലും വൈസ്ചാൻസലർ കസേരകളിലും അക്കാദമിക സമിതികളിലുമൊക്കെ കയറിക്കൂടാൻ കഴിയൂ എന്ന അവസ്ഥ ജനാധിപത്യത്തിന് ഭൂഷണമല്ല.

കേരളമോഡലിനെ തള്ളിക്കളയുകയല്ല, മറിച്ച്, അതിന്റെ പരിമിതികളെ തിരിച്ചറിഞ്ഞ് തിരുത്തുവാനുള്ള ആഹ്വാനമാണിത്. ഗൾഫ് പണത്തെയും ഉപഭോഗസംസ്കാരത്തെയും മാത്രം ആശ്രയിച്ചുപോകുന്ന ഒരു സമ്പദ്‌വ്യവസ്ഥ ദീർഘകാലം നിലനിൽക്കില്ല. ഉയർന്ന മാനവിക വികസനസൂചിക മാത്രം പോരാ, ഭൗതിക ക്ഷേമത്തോടൊപ്പം മാനസികക്ഷേമവും (Mental Well-being) സാമൂഹികസമാധാനവും ഉറപ്പാക്കുന്ന ഒരു പുതിയ വികസനസംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. വികസനം എന്നത് കേവലം അക്കങ്ങളല്ല, അതു മനുഷ്യന്റെ അന്തസ്സും സ്വാതന്ത്ര്യവും മനുഷ്യനായി ജീവിക്കുവാനുള്ള അടിസ്ഥാനസാഹചര്യങ്ങളുമാണ് എന്നതാണ് കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ഇവിടെ വികസ്വരമാകുന്ന സാമൂഹികപാഠം. ■

*(ലേഖകൻ, കേരള സർവകലാശാല സോഷ്യോളജി വകുപ്പ് മുൻ പ്രഫസറും മേധാവിയുമാണ്.)*



റിപ്പോർട്ട് | എഴുത്ത് ഡെസ്ക്

# അഴിമതിയുടെ ഇരുൾനീക്കാൻ 'പ്രോജക്ട് സീറോ'

നീതിക്കുവേണ്ടി കാത്തുനിൽക്കുന്ന സാധാരണക്കാരന്റെ നെടുവീർപ്പുകൾ വീണടിഞ്ഞ അധികാരസിരാകേന്ദ്രങ്ങൾ... അവിടെ, അഴിമതിയുടെയും നിസ്സംഗതയുടെയും മാറാലപിടിച്ച ഫയൽക്കൂമ്പാരങ്ങൾക്കിടയിൽനിന്ന് പ്രതീക്ഷയുടെ ഒരു ഇളംതെന്നൽ വീശുകയാണോ? വ്യവസ്ഥിതിയുടെ ജീർണതകൾക്കുനേരെ നോക്കി നിസ്സഹായരാകാൻ ഇനി ഞങ്ങൾ തയ്യാറല്ലെന്ന പ്രഖ്യാപനവുമായി നാളെയുടെ അവകാശികളായ യുവത ഉണരുകയാണ്. അഴിമതിയുടെ കൂരിരുട്ടിനെ വകഞ്ഞുമാറ്റാൻ, അവർ 'വിജിലൻസ് കമാൻഡോ'കളായി കാവലിനിറങ്ങുന്നു.

കാലങ്ങളായി നമ്മുടെ സർക്കാർ ഓഫീസുകളുടെ ഇടനാഴികളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾക്ക് ഒരു ഗന്ധമുണ്ട്; സാധാരണക്കാരന്റെ കണ്ണീരിന്റെയും നിസ്സഹായതയുടെയും അതിലുപരി വ്യവസ്ഥിതിയെ ഗ്രസിച്ച അഴിമതിയുടെയും ഗന്ധം. ആത്മാഭിമാനത്തോടെ ഒരു പൗരന് സർക്കാർ ഓഫീസിൽ കയറിച്ചെല്ലാനും തനിക്കവകാശപ്പെട്ട സേവനം നേടിയെടുക്കാനും ഇനിയും എത്രകാലം കാത്തിരിക്കണം? ഈ ചോദ്യത്തിനുള്ള കൃത്യമായ മറുപടിയും ഒരു തിരുത്തൽ പ്രക്രിയയുമാണ് ഇപ്പോൾ ഭരണസിരാകേന്ദ്രങ്ങളിൽനിന്നുയരുന്നത്. സംസ്ഥാനത്തെ പൂർണമായും അഴിമതി വിമുക്തമാക്കുകയെന്ന വലിയ ലക്ഷ്യത്തോടെ സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ തുടക്കമിട്ടിരിക്കുന്ന 'പ്രോജക്ട് സീറോ' അത്തരത്തിലൊരു ഭരണഘടനാപരമായ സ്വപ്നസാക്ഷാത്കാരമാണ്.

## യൗവനം ഏറ്റെടുക്കുന്ന പോരാട്ടം

അഴിമതിക്കെതിരെയുള്ള പോരാട്ടം കേവലം ഉദ്യോഗസ്ഥരുടെയോ അന്വേഷണ ഏജൻസികളുടെയോ മാത്രം ബാധ്യതയല്ല. സമൂഹത്തിന്റെ സിരകളിൽ പുതിയ ചോരയായി തിളയ്ക്കുന്ന യൗവനത്തെയാണ് സർക്കാർ ഈ ശുദ്ധീകരണ പ്രക്രിയയ്ക്കായി കൂട്ടുപിടിക്കുന്നത്. ആഭ്യന്തര, വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല തിരുവനന്തപുരം ലൊയോള സ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത 'പ്രോജക്ട് സീറോ'യുടെ കാതലും ഈ യുവജന പങ്കാളിത്തമാണ്.

ക്യാമ്പസുകളിൽനിന്ന് അഴിമതിക്കെതിരെ ഒരു ജനകീയസേന ഉണരുകയാണ്. വിവിധ കോളെജുകളിലെയും




►സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പാക്കുന്ന 'പ്രോജക്ട് സീറോ' പദ്ധതിയുടെ വിജിലൻസ് കമാൻഡോ യുവജന ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിൽനിന്ന്.

സ്കൂളുകളിലെയും വിദ്യാർഥികളെ ഉൾപ്പെടുത്തി രൂപവൽക്കരിക്കുന്ന 'വിജിലൻസ് കമാൻഡോ' എന്ന ആശയം അഴിമതിക്കെതിരായ പ്രതിരോധത്തിന്റെ പുതിയ മുഖമാകുന്നു. ചടങ്ങിൽ, യുവതയുടെ പ്രിയതാരം നിവിൻ പോളി സംസ്ഥാനത്തെ ആദ്യത്തെ 'വിജിലൻസ് കമാൻഡോ' ആയി മന്ത്രിയിൽനിന്ന് ബാഡ്ജ് ഏറ്റുവാങ്ങിയത് കേവലമൊരു പ്രതീകാത്മക ചടങ്ങ് മാത്രമായിരുന്നില്ല. നിവിൻ പോളി ചൊല്ലിക്കൊടുത്ത യൂത്ത് ഇന്റഗ്രിറ്റി പ്രതിജ്ഞ ഏറ്റുചൊല്ലിയ വിദ്യാർഥികൾ, വരാനിരിക്കുന്ന ഒരു വലിയ മാറ്റത്തിന്റെ കാവലാളുകളാവുകയാണ്.

> **നിയമവിരുദ്ധമായി നേടിയെടുത്ത ഉത്തരവുകളും, കൈക്കൂലി നൽകി കാര്യം സാധിച്ചെടുത്ത ഫയലുകളും വീണ്ടും തുറന്നു പരിശോധിക്കുമെന്നും അവ റദ്ദാക്കുമെന്നുമുള്ള പ്രഖ്യാപനം അഴിമതിക്കാർക്കുള്ള ശക്തമായ താക്കീതാണ്.**




## കൈക്കൂലി കൊടുക്കുന്നവരും ശിക്ഷാർഹർ

അഴിമതിയെ വേരോടെ പിഴുതെറിയാൻ തികച്ചും പ്രായോഗികവും കർശനവുമായ നടപടികൾതന്നെയാണ് സർക്കാർ വിഭാവനംചെയ്യുന്നത്. അഴിമതിക്കാർക്കെതിരെ യാതൊരു വിട്ടുവീഴ്ചയുമുണ്ടാകില്ലെന്നു വ്യക്തമാക്കിയ മന്ത്രി രമേശ് ചെന്നിത്തല, നമ്മുടെ സമൂഹത്തിൽ വേരോടിയ ഒരു തെറ്റായ പ്രവണതയെക്കൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്: കൈക്കൂലി വാങ്ങുന്നവൻ മാത്രമല്ല, സ്വന്തം കാര്യം വേഗത്തിൽ സാധിച്ചെടുക്കാൻ അതു കൊടുക്കുന്നവനും തുല്യകുറ്റക്കാരനാണ്.

നിയമവിരുദ്ധമായി നേടിയെടുത്ത ഉത്തരവുകളും, കൈക്കൂലി നൽകി കാര്യം സാധിച്ചെടുത്ത ഫയലുകളും വീണ്ടും തുറന്നു പരിശോധിക്കുമെന്നും അവ റദ്ദാക്കുമെന്നുമുള്ള പ്രഖ്യാപനം അഴിമതിക്കാർക്കുള്ള ശക്തമായ താക്കീതാണ്. സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്പുരാക്കന്മാരല്ല, മറിച്ച്, ജനങ്ങളുടെ സേവകരാണെന്ന അടിസ്ഥാനപാഠം ഭരണയന്ത്രത്തെ വീണ്ടും ഓർമിപ്പിക്കുകയാണ് ഈ പദ്ധതി.

## മാറുന്ന വിജിലൻസ്, ഉണരുന്ന വിസിൽ ബ്ലോവേഴ്സ്

വിജിലൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സുപ്രധാനമായ ചില മാറ്റങ്ങളും പദ്ധതിയുടെ ഭാഗമായി വരുന്നുണ്ട്:

- പ്രത്യേക നിയമന പരീക്ഷ: കാര്യക്ഷമതയും ആത്മാർഥതയുമുള്ള സത്യസന്ധരായ ഉദ്യോഗസ്ഥരെ കണ്ടെത്താൻ ഇനിമുതൽ വിജിലൻസിലേക്ക് പ്രത്യേക പരീക്ഷകൾവഴി മാത്രമേ നിയമനം നടത്തുകയുള്ളൂ.
- വിസിൽ ബ്ലോവേഴ്സിന് പാരിതോഷികം: സ്വന്തം സഹപ്രവർത്തകരുടെ അഴിമതികൾ ധീരമായി തുറന്നുകാട്ടുന്ന ഉദ്യോഗസ്ഥരെ 'വിസിൽ ബ്ലോവേഴ്സ്' ആയി അംഗീകരിക്കുകയും അവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുകയും ചെയ്യും.
- ജനകീയ പങ്കാളിത്തം: ജനപ്രതിനിധികൾ ഉൾപ്പെടെ ആരുടെ അഴിമതിയായാലും അതു തുറന്നുപറയാൻ പൊതുസമൂഹം തയ്യാറാകണം.

മയക്കുമരുന്നിനെതിരെ കേരളം നെഞ്ചിലേറ്റിയ 'ഓപ്പറേഷൻ തൂഫാൻ' പോലെ 'പ്രോജക്ട് സീറോ'യും ഒരു വലിയ ജനകീയ മുന്നേറ്റമായി മാറുമെന്ന പ്രത്യാശയാണ് ഉദ്ഘാടനവേദിയിൽ പങ്കുവയ്ക്കപ്പെട്ടത്. വി. മുരളീധരൻ എം.എൽ.എ അധ്യക്ഷതവഹിച്ച ചടങ്ങിൽ ഡി.ജി.പി മനോജ് എബ്രഹാം, ഐ.ജി. പി. തോംസൺ ജോസ്, ഗവർണറുടെ സെക്രട്ടറി ഡോ. കെ വാസുകി, ലൊയോള സ്കൂൾ ഭാരവാഹികളായ ഫാ. സണ്ണി കുന്നപ്പള്ളിൽ, ഫാ. ഡോ. സാൽവിൻ അഗസ്റ്റിൻ, ഡോ. പ്രകാശ് പിള്ള, എസ്.പി എസ്.ആർ ജ്യോതിഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു.

അഴിമതിയെ പൂജ്യത്തിലെത്തിക്കുക എന്നത് ശ്രമകരമായ ഒരു ലക്ഷ്യമായിരിക്കാം. എന്നാൽ, സമൂഹത്തിന്റെ സജീവ പങ്കാളിത്തവും യുവത്വത്തിന്റെ കർമശേഷിയും ഒത്തുചേരുമ്പോൾ അഴിമതിരഹിതമായ ഒരു നവകേരളം കേവലമൊരു മരീചികയല്ല എന്ന് 'പ്രോജക്ട് സീറോ' നമ്മെ ഓർമിപ്പിക്കുന്നു.■



സമാധാനത്തിന്റെ പെൺവഴികൾ | പമേല ഫിലിപ്പോസ്

# ഹിംസയുടെ ആൺമതിലുകൾ



യുദ്ധം അധികാരത്തിന്റെ ആൺഭാഷയാകുമ്പോൾ, സമാധാനം എന്നത് കേവലം തോക്കുകളുടെ നിശ്ശബ്ദതയല്ല; മറിച്ച്, പുരുഷാധിപത്യത്തിന്റെ സങ്കുചിത കോട്ടകളിൽ സ്നേഹത്തിന്റെയും നീതിയുടെയും വിള്ളൽ വീഴ്ത്തുന്ന ധീരമായ പെൺപ്രതിരോധത്തിന്റെ രാഷ്ട്രീയമാകുന്നു.

യുദ്ധമില്ലായ്മയോ സായുധസംഘർഷങ്ങളുടെ താൽക്കാലിക വിരാമമോ മാത്രമല്ല സമാധാനം; മറിച്ച്, നീതിയും നിയമവാഴ്ചയും സാമൂഹികക്ഷേമവും മാനവികതയും പരസ്പരം സമന്വയിക്കുന്ന ശാശ്വതമായ ഐക്യത്തിന്റെ പേരാണത്. മാനവരാശിയുടെ നിലനിൽപ്പിനും പുരോഗതിക്കും ഈ സമഗ്രമായ സമാധാനം അത്യന്താപേക്ഷിതമാണ്. ചരിത്രപരമായി, യുദ്ധക്കെടുതികളുടെയും വംശീയകലാപങ്ങളുടെയും ഏറ്റവും വലിയ ഇരകൾ സ്ത്രീകളാണ്. അവരുടെ ശരീരങ്ങൾ പലപ്പോഴും സംഘർഷങ്ങളിൽ പകപോക്കാനുള്ള വേദികളായി മാറാറുണ്ടെങ്കിലും, തകർന്നടിഞ്ഞ സാമൂഹികഘടനയെ പുനർനിർമിക്കാനും ഛിന്നഭിന്നമായ കുടുംബങ്ങളെ ഒരുമിപ്പിക്കാനും സമാധാനം സ്ഥാപിക്കാനും എക്കാലത്തും മുൻനിരയിലുള്ളത് അവരാണ്. ദുർബലരായ വിഭാഗങ്ങളെ സംരക്ഷിക്കുന്നതിൽ സ്ത്രീകൾ വഹിക്കുന്ന ത്യാഗപൂർണമായ പങ്കിന് ചരിത്രത്തിൽ പകരംവയ്ക്കാനില്ല.

അമേരിക്കൻ ആഭ്യന്തരയുദ്ധത്തിൽ ക്ലാര ബാർട്ടണും ഫ്ലോറൻസ് നൈറ്റിംഗേലും ഒന്നാം ലോകമഹായുദ്ധത്തിൽ എഡിത്ത് കാവലും യുദ്ധമുഖത്ത് സാന്ത്വനമേകിയപ്പോൾ, നൊബേൽ ജേതാവായ ബെർത്ത വോൺ സട്ട്നർ, "നമ്മുടെ നന്മ പൊതുജീവിതത്തിൽ ഉൾച്ചേരുന്നതുവരെ സുരക്ഷിതമല്ല" എന്നു പ്രഖ്യാപിച്ച ജെയ്ൻ ആഡംസ്, എലിനർ റൂസ്‌വെൽറ്റ് തുടങ്ങിയ ധീരവനിതകൾ സമാധാനാശയങ്ങളെ നയതന്ത്രതലത്തിലും സാഹിത്യത്തിലും ആഴത്തിൽ വേരുറപ്പിച്ചു. എന്നാൽ, ഈ അസാധാരണമായ സംഭാവനകൾക്കിടയിലും നിർണായക നയരൂപവൽക്കരണങ്ങളിൽനിന്നും അധികാരകേന്ദ്രങ്ങളിൽ നിന്നും സ്ത്രീകൾ നൂറ്റാണ്ടുകളോളം മാറ്റിനിറുത്തപ്പെട്ടു എന്നതൊരു വൈരുധ്യമാണ്. 2000-ൽ യു.എൻ രക്ഷാസമിതി പാസാക്കിയ 1325-ാം പ്രമേയമാണ് സംഘർഷപരിഹാരത്തിലും സമാധാനപ്രക്രിയകളിലുമുള്ള സ്ത്രീപങ്കാളിത്തത്തിന്റെ അനിവാര്യത ഔദ്യോഗികമായി അംഗീകരിച്ചത്.


സൈനികവൽക്കരണവും അക്രമവാസനയും പുരുഷാധിപത്യത്തിന്റെ അധികാരഘടനകളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ആഗോള ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ വാദിക്കുന്നത്. സമാധാനകാംക്ഷ എന്നത് സ്ത്രീകളുടെ കേവലമായ ജൈവികസ്വഭാവമല്ല; മറിച്ച്, അധികാരപ്രമത്തതയും ഹിംസയും അടിസ്ഥാനമാക്കിയുള്ള ഒരു സാമൂഹികവ്യവസ്ഥിതിയിൽ അവരും അക്രമാസക്തരായേക്കാം. അതിനാൽ, സമാധാനത്തിനായി ലിംഗഭേദം പുനർവിചിന്തനം ചെയ്യുകയെന്നത് അടിസ്ഥാനപരമായി പുരുഷാധിപത്യത്തെയും അതിന്റെ അടിച്ചമർത്തൽ ഘടനകളെയും സമ്പൂർണമായി പൊളിച്ചെഴുതുക എന്നതാണ്.

സമാധാനനിർമാണം എന്നത് കേവലം വെടിനിർത്തൽ കരാറുകളല്ല. സങ്കുചിതമായ 'ദേശീയത'യുടെ പേരിൽ ഭരണകൂടങ്ങൾ നിർമിക്കുന്ന ശത്രുതകളെയും വിദ്വേഷാഖ്യാനങ്ങളെയും ചോദ്യംചെയ്യുന്ന സങ്കീർണവും ബഹുതലസ്പർശിയുമായ പ്രക്രിയയാണത്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കെതിരായ ആഭ്യന്തരവിദ്വേഷങ്ങൾ അതിർത്തിക്കപ്പുറത്തെ സംഘർഷങ്ങളെ ആളിക്കത്തിക്കുന്നതിനും, 2025-ൽ പഹൽഗാമിലുണ്ടായതുപോലെയുള്ള ഭീകരാക്രമണങ്ങൾക്കും അതിനെത്തുടർന്നുള്ള 'ഓപ്പറേഷൻ സിന്ദൂർ' പോലുള്ള സൈനികനടപടികൾക്കുംവരെ കാരണമാകാം. അത്തരം അനിശ്ചിതത്വങ്ങളിലും ആണവയുദ്ധ ഭീഷണികളിലും, യുദ്ധക്കൊതിക്കും സങ്കുചിതദേശീയതയ്ക്കുമെതിരെ അതിർത്തികൾ ഭേദിച്ച് സമാധാനത്തിനായി ആദ്യം ശബ്ദമുയർത്തുന്നത് ഇരുരാജ്യങ്ങളിലെയും സ്ത്രീകളാണ്.

കമല ഭാസിൻ എന്ന വിഖ്യാത സമാധാനപ്രവർത്തക നിരീക്ഷിച്ചതുപോലെ, "ഞാൻ മനുഷ്യരെ വിഭജിക്കുന്ന മതിലല്ല, മറിച്ച്, ആ മതിലിലെ ഒരു വിള്ളലാണ്." അന്ധമായ ശത്രുതയുടെയും പുരുഷാധിപത്യത്തിന്റെയും കോട്ടകളിലെ ആ വിള്ളലുകൾ വലുതാക്കി മാനവികതയുടെ വെളിച്ചം കടത്തിവിടുക എന്നതാണ് സമാധാനത്തിലേക്കുള്ള ഏക മാർഗം. ■

(ലേഖിക ന്യൂഡൽഹി ആസ്ഥാനമായുള്ള മുതിർന്ന പത്രപ്രവർത്തകയും എഴുത്തുകാരിയുമാണ്)

ഡോ. വന്ദന. ബി



# മൗനത്തിന്റെ പൊരുൾ തേടുന്ന അപനിർമാണങ്ങൾ

**ചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ വാക്കുകൾ നഷ്ടപ്പെട്ട മനുഷ്യർക്കായി പുതിയൊരു വ്യാകരണം കണ്ടെത്തുകയായിരുന്നു ഗായത്രി ചക്രവർത്തി സ്പിവാക്. സിദ്ധാന്തം കേവലമായ അക്കാദമിക് വ്യായാമമല്ലെന്നും, അതു പാർശ്വവൽക്കരിക്കപ്പെട്ടവന്റെ ആത്മാവിഷ്കാരത്തിനുള്ള സമരരേഖയാണെന്നും അവർ നമ്മെ ഓർമിപ്പിച്ചു. ഡോ. തോമസ് സ്കറിയയുടെ പഠനങ്ങൾ സ്പിവാക്കിന്റെ ചിന്താലോകത്തെ അനാവരണം ചെയ്യാനുള്ള നൈതികമായ ഒരു ശ്രമമാണ്. അധികാരത്തിന്റെ ഭാഷാഘടനകളെ ചോദ്യംചെയ്യുന്ന ഈ വായന, നിശ്ശബ്ദമാക്കപ്പെട്ടവരുടെ ശബ്ദം വീണ്ടെടുക്കാനുള്ള ജാഗ്രതകൂടിയായി മാറുന്നു.**

ഇന്ത്യാക്കാരിയായ പ്രശസ്ത സാഹിത്യവിമർശകയും ചിന്തകയുമാണ് ഗായത്രി ചക്രവർത്തി സ്പിവാക്. ഉത്തരാധുനിക അധിനിവേശാനന്തര പഠനങ്ങളിലെ മൗലികരേഖയായി പരിഗണിക്കപ്പെടുന്ന 'കീഴാളപക്ഷത്തിന് സംസാരിക്കാമോ?' (Can the Subaltern Speak?) എന്ന ലേഖനത്തിലൂടെയും, ഴാക് ദറിദയുടെ 'ഓഫ് ഗ്രമറ്റോളജി' എന്ന വിഖ്യാതഗ്രന്ഥത്തിന്റെ വിവർത്തനത്തിലൂടെയുമാണ് സ്പിവാക് ആഗോള സൈദ്ധാന്തിക മണ്ഡലത്തിൽ ശ്രദ്ധേയയായത്. ഡീകൺസ്ട്രക്ഷൻ, ഫെമിനിസം, മാർക്സിസം എന്നീ ത്രിതയങ്ങളിലൂടെ സ്പിവാക്കിനെ വായിക്കുകയും വിമർശനാത്മകമായി വിശകലനം ചെയ്യുകയുമാണ് ഡോ. തോമസ് സ്കറിയയുടെ പുതിയ ഗ്രന്ഥം.




പത്ത് അധ്യായങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ പഠനം, സ്പിവാക്കിനെ തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണകോണിലൂടെയാണ് അപഗ്രഥിക്കുന്നത്. സ്പിവാക് വിഭാവനംചെയ്ത സംവാദാത്മകമായ പൊതുമണ്ഡലം അങ്ങേയറ്റം പ്രസക്തമായ ഒരു കാലത്തുകൂടിയാണ് നാം കടന്നുപോകുന്നത്. അപനിർമ്മാണം, ഫെമിനിസം, ജനപ്രിയ സംസ്കാരം എന്നിവയിലൂടെ കടന്ന് 'സബാൾട്ടേൺ സ്റ്റഡീസി'ന്റെ പരിപ്രേക്ഷ്യത്തിലേക്കെത്തുമ്പോൾ അവരുടെ സങ്കല്പനങ്ങൾ കൂടുതൽ ആഴമുള്ളതാകുന്നു. ചോദ്യംചെയ്യലിന്റെ ശൈലിയാണ് പുസ്തകത്തിന്റെ ആദ്യ അധ്യായം സ്വീകരിച്ചിരിക്കുന്നത്. സ്ത്രീജീവിതത്തിന്റെയും ചരിത്രത്തിന്റെയും ആഖ്യാനത്തിന് ഒരു സംവാദാത്മക ഇടം അനിവാര്യമാണെന്ന സ്പിവാക്കിയൻ ചിന്തയെ ഗ്രന്ഥകാരൻ ഇതിൽ ഊന്നിപ്പറയുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് തങ്ങളുടെ അനുഭവങ്ങൾ സ്വന്തം വാക്കുകളിൽ ആവിഷ്കരിക്കാൻ അവസരം നൽകാനുള്ള നിരന്തര ശ്രമമാണ് സ്പിവാക്കിന്റെ 'സിദ്ധാന്തവും ശൈലിയും' മുന്നോട്ടുവയ്ക്കുന്നത്. നീത്ഷെ മുതൽ ഫ്രോയ്ഡ്, സൊസൂർ, ബാർത്ത്, ഫൂക്കോ തുടങ്ങിയവരുടെ വ്യവഹാരവിശകലനങ്ങളാണ് സ്പിവാക്കിന്റെ വ്യാഖ്യാനങ്ങളുടെ അന്തർധാര. മുഖ്യധാരാ സാഹിത്യചിന്തകളെ വെല്ലുവിളിക്കാനും സാംസ്കാരികവ്യവഹാരങ്ങളെ പുനർനിർവചിക്കാനും അവർക്ക് സാധിച്ചത് ആഗോളതലത്തിൽ നടത്തിയ നിരന്തരമായ സഞ്ചാരങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമാണ്.

സാർവത്രികമായി വ്യവഹാരം എങ്ങനെ ഉപയോഗപ്രദമാകുമെന്നു പര്യവേഷണംചെയ്യാൻ ശ്രമിക്കുകയും കൂടുതൽ അവബോധവും ബഹുമുഖകാഴ്ചപ്പാടുകളും സൃഷ്ടിക്കുന്നതിനുള്ള ഉപകരണമെന്ന നിലയിൽ മാനവികപഠനങ്ങൾക്ക് ഊന്നൽ നൽകണമെന്നും സ്പിവാക് നിർദേശിക്കുന്നു. ദറിദയുടെ കൃതിയാണ് സ്പിവാക്കിയൻ ആദർശങ്ങളുടെ വികാസത്തിനുള്ള ഏറ്റവും പ്രധാന അടിത്തറ എന്നു പറഞ്ഞുകൊണ്ട് ഫെമിനിസ്റ്റ് ആശയങ്ങളുടെ പുനരന്വേഷണത്തിൽ ഇത് എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് സൂക്ഷ്മമായി അനാവരണംചെയ്യുന്നുണ്ട്, അപനിർമാണവും

പാഠവും. അധിനിവേശാനന്തരപഠനത്തിൽ സ്പിവാക് സ്വീകരിക്കുന്ന 'കാറ്റക്രസിസ്' പോലുള്ള താക്കോൽവാക്കുകൾ വായനയുടെ പുതുഭാഷ്യം തീർക്കുന്നു.

'സബാൾട്ടേൺ സ്റ്റഡീസ് കളക്ടീവ്' അംഗമെന്ന നിലയിൽ, സാമ്രാജ്യത്വത്തെയും അധിനിവേശാനന്തരവാദത്തെയും അന്താരാഷ്ട്ര സ്ത്രീവാദത്തെയുംകുറിച്ചുള്ള ചരിത്രപഠനങ്ങളുടെയും സാഹിത്യവിമർശനങ്ങളുടെയും ഒരു പരമ്പര അവർ നടത്തി. Can Subaltern Speak എന്നത് പോസ്റ്റ് കൊളോണിയൽ പഠനങ്ങളുടെ കേന്ദ്രബിന്ദുവാണ്. സ്പിവാക്കിന്റെ അക്കാദമികവും നൈതികവുമായ അന്വേഷണത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ആധിപത്യവ്യവഹാരം സമൂഹത്തിലെ അരികുശബ്ദങ്ങളെ ഒഴിവാക്കുന്നു. കൂടാതെ സാഹിത്യത്തിന് ആ ശബ്ദങ്ങളെ ഉൾക്കൊള്ളുന്നതുവരെ അത് ഉൾക്കൊള്ളുന്നതോ സാർവത്രികമോ ആണെന്ന് അവകാശപ്പെടാൻ കഴിയില്ല. ഇത്തരം വായനാസാധ്യതകൾ കൃത്യമായി തുറന്നിടുന്നുണ്ട് അധിനിവേശാനന്തരവാദവും കീഴാളപഠനവും എന്ന അധ്യായത്തിൽ ഡോ. തോമസ് സ്കറിയ.

വ്യവഹാരരീതികളിലും സംസ്കാരികസ്ഥാപനങ്ങളിലും പ്രത്യേകിച്ച് കീഴാളസ്ത്രീകളിൽ സ്പിവാക് ശ്രദ്ധകേന്ദ്രീകരിച്ചിട്ടുണ്ട്. തന്റെ എഴുത്ത്, ചിന്ത, പ്രഭാഷണം, അധ്യാപനം എന്നീ മേഖലകളിലൊക്കെ വ്യാപരിക്കുമ്പോഴും ഇത്തരം പല തരത്തിലുള്ള സാധുതകളെ അന്വേഷിക്കുകയും കണ്ടെത്തുകയും അവതരിപ്പിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്ന സൈദ്ധാന്തികയായിരുന്നു, ഗായത്രി ചക്രവർത്തി സ്പിവാക്. പാശ്ചാത്യസംസ്കാരങ്ങളുടെ വ്യവഹാരരീതികളിലും സ്ഥാപനങ്ങളിലും കീഴാളർ, പ്രത്യേകിച്ച് സ്ത്രീകൾ കൈവശപ്പെടുത്തിയിരിക്കുന്ന ഇടത്തെക്കുറിച്ചായിരുന്നു അവരുടെ പ്രധാന നൈതിക ചിന്ത. സമകാലിക ഫെമിനിസ്റ്റ് ചിന്തയ്ക്ക് അവർ നൽകിയ സംഭാവനകളും ഒപ്പം മഹാശ്വേതാദേവിയുടെ രചനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും ഒക്കെ ചേർത്തുവച്ചതാണ് ഫെമിനിസവും മൂന്നാംലോകവും.



►ഡോ. തോമസ് സ്കറിയ

മാർക്സിസവും പുനർവായനയും, പ്രായോഗികപ്രവർത്തനത്തിലെ തുടർച്ചയായ ശ്രമം ഉയർന്ന സിദ്ധാന്തത്തിന്റെ പരിധികൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ സഹായിക്കുന്നു. തത്ത്വചിന്താപരവും സാഹിത്യപരവുമായ ഗ്രന്ഥങ്ങളുടെ ഭാഷയുടെയുടെയും യുക്തിയുടെയും സൂക്ഷ്മപരിശോധനയിലൂടെ പാശ്ചാത്യചിന്തയിലെ അടിസ്ഥാന ആശയാവലികളെയും വ്യത്യാസങ്ങളെയും ചോദ്യംചെയ്യുന്നുണ്ട് ഗായത്രി. മാർക്സിന്റെ പുനർവായന എന്ന ആശയത്തെ പരിചയപ്പെടുത്തുമ്പോൾ അതു പുതിയ ഉൾക്കാഴ്ചകളും ധാരണകളും വായനക്കാരിലേക്കു പകർന്നുതരാനുള്ള ഗ്രന്ഥകാരന്റെ ആജീവനാന്ത അന്വേഷണമായി അടയാളപ്പെടുത്തപ്പെടുന്നുണ്ട്.

അറിവിനെ ജനാധിപത്യവൽക്കരിക്കുന്നതിനാൽ സ്പിവാക്കിനെ സംബന്ധിച്ചിടത്തോളം വിവർത്തനം ആഴവും ദാർശനികതയുമുള്ള പ്രവൃത്തിയാണ്. Translation is the intimate act of reading എന്നറിയുമ്പോഴും ഉപയോഗിക്കുന്ന വാക്കുകളുടെ മുന്നൊരുക്കങ്ങളെ മനസ്സിലാക്കാൻ വിവർത്തകർക്ക് കഴിയണം എന്നു സ്പിവാക്ക് പറഞ്ഞുവയ്ക്കുന്നു. സബാൾട്ടേൺ എന്ന പദത്തെ അതിന്റെ മുഴുവൻ സമഗ്രതയിലും തന്റെ വിവർത്തനചിന്തകളിൽ അവതരിപ്പിക്കുമ്പോഴും എല്ലാ അർഥത്തിലും വിവർത്തനം അനിവാര്യമാകുമ്പോഴും അത് അസാധ്യവുമാണെന്നവർ തിരിച്ചറിയുന്നു. (Translation is thus not only necessary; but unavoidable; And yet, as the text guards its secret, it is impossible). ഒരു കൃതിയെ, അർഥപൂർണമായ പകർന്നാട്ടമായി മാറ്റിയെടുക്കുന്ന സർഗാത്മക പ്രക്രിയയുടെ ഭാഗമായി അറിയുന്ന അനുഭവം ഗ്രന്ഥകാരൻ ഇപ്രകാരം ചേർത്തുവയ്ക്കുകയാണ് പരിഭാഷകയായ സ്പിവാക്കിനെ മനസ്സിലാക്കുമ്പോൾ.

1999-ൽ പ്രസിദ്ധപ്പെടുത്തിയ A critic of post colonial Reason എന്ന കൃതിയിൽ, പ്രധാനയൂറോപ്യൻ ചിന്തകരുടെ കൃതികളിൽ എങ്ങനെയാണ് കീഴാളരെക്കുറിച്ചുള്ള ചർച്ചകൾ ഒഴിവാക്കാനുള്ള പ്രവണത പ്രകടമാവുന്നതെന്നും യൂറോപ്യന്മാരല്ലാത്ത ആളുകൾ മാനവികവിഷയങ്ങൾ കൈകാര്യംചെയ്യുന്നത് സജീവമായി തടയപ്പെടുന്നത് എങ്ങനെയെന്നും അന്വേഷിക്കുന്നുണ്ട്. സ്പിവാക് ഇംഗ്ലീഷിലേക്ക് വിവർത്തനംചെയ്ത മഹാശ്വേതാദേവിയുടെ 'ദ്രൗപദി' എന്ന ചെറുകഥയിലും കീഴാളസ്ത്രീകളെ അറിയാനുള്ള ആഗ്രഹത്തിന്റെ പ്രതിഫലനമുണ്ടെന്ന് ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. നാഷണലിസത്തിലേക്കും ഭാവനയിലേക്കും കടന്നുചെല്ലുമ്പോൾ പുതിയ അറിവിനായുള്ള തീ, നിലനിറുത്തിക്കൊണ്ട് പരമ്പരാഗതധാരണകളുടെ അതിരുകളെ മറികടന്നുകൊണ്ട് രചന മുന്നേറുന്നു എന്നിടത്താണ് ഒരു മികച്ച എഴുത്തുകാരന്റെ കൈയൊതുക്കം പ്രകടമാകുന്നത്. സമകാലിക സൈദ്ധാന്തികതയിൽ കേന്ദ്രസ്ഥാനത്ത് നിൽക്കുമ്പോഴും സ്പിവാക് വിമർശിക്കപ്പെടുന്നു എന്ന തിരിച്ചറിവ് ഗ്രന്ഥകാരനുണ്ട്. അപനിർമിതിവാദസാഹിത്യസിദ്ധാന്തത്തിൽ അധിഷ്ഠിതമായ അവരുടെ ലോകപ്രശസ്ത പാണ്ഡിത്യത്തിന് പോസ്റ്റ് കൊളോണിയൽ വ്യവഹാരങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾമുതൽ സ്ത്രീവാദം, മാർക്സിസം, ആഗോളവൽക്കരണംവരെ വിശാലമായ ശ്രേണികളുണ്ട്. സ്പിവാക്കിന്റെ ഭാഷ അത്തരം ചിന്താഗതികളെ പ്രതിധ്വനിപ്പിക്കുകയും ആഴത്തിൽ മാറ്റുകയും ചെയ്തു. ■

*(ലേഖിക, നീറമൺകര എൻ.എസ്.എസ്.വനിതാ കോളെജിലെ മലയാളവിഭാഗം അസിസ്റ്റന്റ് പ്രഫസറാണ്.)*




## അപഹരിക്കപ്പെട്ട സ്വപ്നങ്ങൾ

**ലേഖനം/ ഒ.കെ. ജോണി**

ചരിത്രാനുഭൂതികളും ചലച്ചിത്രാനുഭവങ്ങളും അസാധാരണമാംവിധം സമന്വയിപ്പിച്ച്, ജൈനമുനിമാർമുതൽ ഋത്വിക് ഘട്ടക് വരെയുള്ളവരുടെ ആന്തരികലോകങ്ങളെ വരച്ചുകാട്ടുന്ന ശ്രദ്ധേയമായ ലേഖനസമാഹാരം.

പ്രസാധകർ: മാതൃഭൂമി ബുക്സ്, ₹310




## നരവംശശാസ്ത്രത്തിന് ഒരു ആമുഖം

**പഠനം/ ഡോ. ആർ. ഗോപിനാഥൻ**

മനുഷ്യപരിണാമംമുതൽ സാമൂഹിക-സാംസ്കാരിക വൈവിധ്യങ്ങൾവരെ നീളുന്ന നരവംശശാസ്ത്രത്തെ ലളിതവും സമഗ്രവുമായി വരച്ചുകാട്ടുന്ന പഠനസഹായി.

പ്രസാധകർ: മാതൃഭൂമി ബുക്സ്

₹ 240




## തൊട്ടുവിളിക്കുമായിരുന്നു

**കവിത/ രാജൻ സി.എച്ച്.**

വാരിയെല്ലിന്റെ കാല്പനികതകളില്ലാതെ, പരസ്പരം അറിയുന്നതിലൂടെ സ്ത്രീയും പുരുഷനും പൂർണത പ്രാപിക്കുന്ന അർധനാരീശ്വര സങ്കല്പത്തെ യാഥാർഥ്യബോധത്തോടെ അടയാളപ്പെടുത്തുന്ന കവിതാസമാഹാരം.

പ്രസാധകർ: കോർപസ്

₹ 160





## ഡിറ്റക്റ്റീവ് ബ്യോംകേഷ് ബക്ഷി

**കഥ/ ശരദിന്ദു ബന്ദോപാധ്യായ**

പരിഭാഷ: ലീലാ സർക്കാർ

1930-കളിലെ കൊൽക്കത്തയുടെ പശ്ചാത്തലത്തിൽ ശരദിന്ദു ബന്ദോപാധ്യായ സൃഷ്ടിച്ച, ഡിറ്റക്റ്റീവിനേക്കാളുപരി സ്വയം ഒരു 'സത്യാന്വേഷി'യായി കാണുന്ന 'ഇന്ത്യൻ ഷെർലക് ഹോംസ്' ബ്യോംകേഷ് ബക്ഷിയുടെ ഉദ്വേഗഭരിതമായ ക്ലാസിക് കുറ്റാന്വേഷണ കഥകൾ.

പ്രസാധകർ: മാതൃഭൂമി ബുക്സ് ₹ 270




## വാതിൽ

**ലേഖനം/ സുഭാഷ് ചന്ദ്രൻ**

സർഗാത്മക എഴുത്തുകാർ പൊതുവേ സ്പർശിക്കാത്ത വ്യത്യസ്തവും ശ്രദ്ധേയവുമായ വിഷയങ്ങളെ ഉൾക്കാഴ്ചയോടെ സമീപിക്കുന്ന, മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'വാതിൽ' എന്ന പംക്തിയിലെ ലേഖനങ്ങളുടെ സമാഹാരം.

പ്രസാധകർ: മാതൃഭൂമി ബുക്സ്, ₹ 210





## അരയന്നങ്ങൾ പറക്കുന്ന ഉയരം

**നോവൽ/ ഏഴംകുളം മോഹൻകുമാർ**

സാഹചര്യങ്ങളുടെ സമ്മർദത്താൽ മൂന്നു യുവതികൾ ഒരേസമയം വിവാഹാഭ്യർഥനയുമായി എത്തിയതോടെ സ്വപ്നങ്ങളും ജീവിതവും തകർന്നടിയുന്ന ഒരു ചെറുപ്പക്കാരന്റെ കഥ പറയുന്ന ഉദ്വേഗജനകമായ നോവൽ.

പ്രസാധകർ: സൈന്ധവ ബുക്സ്,

₹ 200





## പെയ്ത് തോരാൻ മഴയല്ല ഞാൻ

**കവിത/സുജിത് ജി. കുമാർ**

സാമ്പ്രദായിക പ്രണയസങ്കല്പങ്ങളെ പ്രകൃതിയിലേക്ക് വ്യാപിപ്പിച്ച്, വാക്കുകൾക്കൊണ്ട് വിസ്മയിപ്പിക്കുന്ന ചിത്രങ്ങൾ തീർക്കുന്ന കാവ്യസമാഹാരം.

പ്രസാധകർ: മാൻകൈന്റ്

₹ 150




## Chavara: Lodestar of Kerala Modernity

**Biography/ Maleeha Raghaviah**

കേരളത്തെ ആധുനികതയിലേക്ക് നയിച്ച നവോത്ഥാന നായകൻ വിശുദ്ധ ചാവറയച്ചന്റെ സാമൂഹിക ദർശനങ്ങളും ത്യാഗനിർഭരമായ ജീവിതവും ഹ്രസ്വവും എന്നാൽ സമഗ്രവുമായി അടയാളപ്പെടുത്തുന്ന മികച്ചൊരു ജീവചരിത്രം.

പ്രസാധകർ: മാതൃഭൂമി ബുക്സ്

₹ 180

## നാരീ സ്തനഭര

**കഥ/പ്രശാന്ത് വാസുദേവ്**

നുണകളിലൂടെ ജീവിതത്തിന്റെ പച്ചയായ സത്യങ്ങളെ ആഴത്തിൽ അടയാളപ്പെടുത്തുന്ന വേറിട്ട കഥകൾ.

പ്രസാധകർ: നോറ പബ്ലിക്കേഷൻസ്

₹ 220




## മലങ്കാളി

**കവിത/പ്രശാന്ത് വാസുദേവ്**

'രൂപകങ്ങളുടെ കവിയാകേണ്ട' എന്ന പ്രഖ്യാപനത്തോടെ, വായനക്കാരിൽ കുളിരും സുഖമുള്ള ഒരസ്വസ്ഥതയും ഒരുപോലെ നിറയ്ക്കുന്ന വേറിട്ട കാവ്യയാത്ര.

പ്രസാധകർ: നോറ പബ്ലിക്കേഷൻസ്,

₹ 220



# വായനക്കാരുടെ വാക്കുകൾ



**കത്തുകൾ ഇമെയിലിൽ അയയ്ക്കാം**
ezhuthumagazine@gmail.com
**ഫോൺ നമ്പർ നിർബന്ധം**

## സ്നേഹം അകലുന്ന സമൂഹം

കുറ്റകൃത്യങ്ങളെപ്പറ്റി വിനോദ് നാരായൺ എഴുതിയ ലേഖനം (നോട്ടം- എഴുത്ത്, ജൂലൈ ലക്കം) സമൂഹത്തോട് പലതും പറയുന്നുണ്ട്. കുറ്റകൃത്യങ്ങൾക്കുള്ള പ്രേരണ പല ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കരുതിക്കൂട്ടി ചെയ്യുന്നവയും, പെട്ടെന്നുണ്ടാകുന്ന ദേഷ്യം നിയന്ത്രിക്കാൻ കഴിയാതെ വരുമ്പോൾ ചെയ്യുന്നവയും, സഹിക്കവയ്യാത്ത ദുഃഖത്തിൽ ചെയ്തുപോകുന്നവയുമുണ്ട്. മദ്യവും മയക്കുമരുന്നുകളും കുറ്റകൃത്യങ്ങളുടെ ആക്കം കൂട്ടുന്നു.

ശിക്ഷയോടുള്ള ഭയമില്ലായ്മയാണ് കുറ്റം ആവർത്തിക്കുന്നതിന്റെ പ്രധാന കാരണം. പരോളിലും ശിക്ഷാകാലാവധി കഴിഞ്ഞിറങ്ങുന്നവരും വീണ്ടും പ്രതികാരചിന്തകളിൽ മുഴുകുന്നതിന്റെ കാരണം മറ്റൊന്നല്ല. പോലീസും ജയിലുമൊക്കെ ആദ്യം ഭയം സൃഷ്ടിക്കുമെങ്കിലും, കുറെ അനുഭവിച്ചുകഴിഞ്ഞാൽ ഒന്നുമില്ലെന്ന തോന്നലിൽ കുറ്റം ആവർത്തിക്കാൻ ധൈര്യമുള്ളവർ ഏറെയാണ്.

ജീവിതത്തിൽ സ്നേഹത്തിന് കൂടുതൽ ഇടം നൽകണമെന്ന ലേഖകന്റെ നിർദേശം നല്ലതുതന്നെ. പക്ഷേ, സ്നേഹം, ദയ തുടങ്ങിയ ചിന്താഗതികൾ സമൂഹത്തിൽനിന്നു നഷ്ടമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അങ്ങനെ പറയാനേ പറ്റുകയുള്ളൂ. കോപം നിയന്ത്രിക്കാനും ക്ഷമിക്കാനുമുള്ള കഴിവുണ്ടെങ്കിൽ കുറെയെങ്കിലും കുറ്റകൃത്യങ്ങൾ കുറഞ്ഞുകിട്ടും.

**ഏഴംകുളം മോഹൻകുമാർ, അടൂർ**

## സ്നേഹസ്പർശം തേടുന്ന കൗമാരം

ഫാത്തിമ പി.എസ്. എഴുതിയ 'മൗനത്തിന്റെ ഇടനാഴികളിൽ പൂക്കുന്ന കൗമാരം' എന്ന എന്ന ലേഖനം (എഴുത്ത് - ജൂലൈ) വളരെ ശ്രദ്ധയോടെയും നൊമ്പരത്തോടെയുമാണ് വായിച്ചു തീർത്തത്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് പലപ്പോഴും അദൃശ്യമാക്കപ്പെടുന്ന, യതീംഖാനകളിൽ വളരുന്ന പെൺകുട്ടികളുടെ മാനസികവും വൈകാരികവുമായ ലോകത്തെ ഇത്ര സൂക്ഷ്മമായി അടയാളപ്പെടുത്തിയതിന് ലേഖികയ്ക്കും ഇത് പ്രസിദ്ധപ്പെടുത്തിയ എഴുത്തിനും ആദ്യമേ അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

സ്ഥാപനവൽക്കരിക്കപ്പെട്ട സംരക്ഷണ സംവിധാനങ്ങളുടെ ഭൗതിക നേട്ടങ്ങളെക്കുറിച്ച് മാത്രം വാചാലരാകുന്ന പൊതുസമൂഹത്തിനു മുന്നിലേക്ക്, ആ വലിയ മതിലുകൾക്കുള്ളിൽ വിങ്ങിപ്പൊട്ടുന്ന പെൺകുട്ടികളുടെ ആന്തരിക സംഘർഷങ്ങളെ ലേഖിക വളരെ സത്യസന്ധമായി തുറന്നുകാട്ടിയിരിക്കുന്നു. അന്നവും അഭയവും അക്ഷരവും നൽകുന്നതിനപ്പുറം, കൗമാരത്തിലേക്ക് കടക്കുന്ന ഒരു പെൺകുട്ടിക്ക് ഏറ്റവും ആവശ്യമുള്ള മാതൃസ്പർശവും മാനസിക പിന്തുണയും നൽകുന്നതിൽ ഇത്തരം സ്ഥാപനങ്ങൾ നേരിടുന്ന പരിമിതികൾ ലേഖനം കൃത്യമായി വരച്ചുകാണിക്കുന്നു. പ്രഥമാർത്തവ സമയത്ത് പെൺകുട്ടികൾ അനുഭവിക്കുന്ന ഭയവും, ലജ്ജയും, തുറന്ന സംഭാഷണങ്ങളുടെ അഭാവവും ഹൃദയഭേദകമാണ്. കേവലം ശാരീരിക മാറ്റങ്ങൾക്കപ്പുറം ഇതൊരു മാനസിക പ്രതിസന്ധിയാണെന്ന തിരിച്ചറിവ് പരിപാലകർക്ക് ഉണ്ടാകേണ്ടതുണ്ട്. ഒറ്റപ്പെടലുകൾക്കിടയിലും സുഹൃത്തുക്കൾ പരസ്പരം താങ്ങാകുന്നതിന്റെയും ആശ്വാസം കണ്ടെത്തുന്നതിന്റെയും നേർചിത്രം ഏറെ പ്രതീക്ഷ നൽകുന്നതാണ്.

ലേഖിക വ്യക്തമാക്കിയതുപോലെ, ഒരു സ്ഥാപനത്തിന്റെ വിജയം അളക്കേണ്ടത് കെട്ടിടങ്ങളുടെ വലിപ്പത്തിലോ അക്കാദമിക വിജയങ്ങളിലോ അല്ല; അവിടെ വളരുന്ന കുട്ടികളുടെ മാനസികാരോഗ്യത്തിലും ആത്മവിശ്വാസത്തിലുമാണ്. ഇതിനായി ഓരോ സ്ഥാപനത്തിലും പരിശീലനം ലഭിച്ച കൗൺസിലർമാരുടെയും സാമൂഹിക പ്രവർത്തകരുടെയും സേവനം നിർബന്ധമായും ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ, "യതീംഖാനയിലെ കുട്ടികൾ" എന്ന സമൂഹത്തിന്റെ സഹതാപത്തോടെയുള്ള നോട്ടം മാറി, അവരെ സ്വപ്നങ്ങളുള്ള പൂർണമനുഷ്യരായി കാണാനുള്ള ഒരു സാമൂഹിക മാറ്റവും അനിവാര്യമാണ്.

**സദാശിവൻ നായർ, എരമല്ലൂർ**

## ജനാധിപത്യ മൂല്യങ്ങൾക്കായുള്ള ജീവാർപ്പണം

എഴുത്ത് ജൂലൈ ലക്കത്തിൽ ബൃന്ദ കാരാട്ട് എഴുതിയ 'ഓർമകളിൽ സ്റ്റാൻ സ്വാമി' എന്ന ലേഖനം സമകാലിക ഇന്ത്യയിലെ ആദിവാസി ജീവിതങ്ങളുടെ ഭീതിജനകമായ നേർചിത്രമാണ് വരച്ചുകാട്ടുന്നത്. നീതിക്കായി ശബ്ദമുയർത്തിയ ഫാദർ സ്റ്റാൻ സ്വാമിയുടെ ഭരണകൂട കൊലപാതകം ഇന്ത്യൻ ജനാധിപത്യ മനഃസാക്ഷിയിലെ ഉണങ്ങാത്ത മുറിവായി ഇന്നും അവശേഷിക്കുന്നു.

ആദിവാസികളുടെ ഭൂമിയും വനാവകാശങ്ങളും സാംസ്കാരിക തനിമയും കോർപ്പറേറ്റ്-ഹിന്ദുത്വ താല്പര്യങ്ങൾക്കായി ഭരണകൂടം അട്ടിമറിക്കുന്നത് എത്രമാത്രം ഭയാനകമാണെന്ന് ലേഖനം വ്യക്തമാക്കുന്നു. ഭരണഘടന ഉറപ്പുനൽകുന്ന പെസ (PESA), വനാവകാശ നിയമങ്ങൾ എന്നിവ ഗ്രാമസഭ

കളെ നോക്കുകുത്തിയാക്കി ലഘൂകരിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സ്വന്തം മണ്ണിൽ അന്യരാക്കപ്പെട്ട്, 'വനവാസികൾ' എന്ന് മുദ്രകുത്തപ്പെടുന്ന ആദിവാസി സമൂഹത്തിന്റെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ ശക്തമായ ജനകീയ പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്. ആദിവാസികൾക്കായി ജീവാർപ്പണം ചെയ്ത സ്റ്റാൻ സ്വാമി ഉയർത്തിപ്പിടിച്ച ജനാധിപത്യ-മതേതര മൂല്യങ്ങൾ സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണെന്ന് വീണ്ടും വീണ്ടും ഓർമിപ്പിക്കുന്നതാണ് ഈ ലേഖനം.

**ആർ.ദിലീപ്, മുതുകുളം**

## നിയമങ്ങളുടെ പല്ലിനു മൂർച്ച വേണം

നിയമവ്യവസ്ഥ സുദൃഢമായി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് കുറ്റകൃത്യങ്ങൾ അനുദിനം വർധിച്ചുവരുന്നതിനു പിന്നിലെ കാണാക്കാഴ്ചകൾ വെളിപ്പെടുത്തുന്ന, "നിയമങ്ങളുടെ പല്ല് നഷ്ടമായോ?" എന്ന സന്ദേഹവും അതിന് രണ്ട് പ്രശസ്ത ന്യായാധിപന്മാർ നൽകുന്ന വിശദീകരണവുമടങ്ങുന്ന 'എഴുത്ത്' മാസികയുടെ ജൂലൈ ലക്കം 'മസ്റ്റ് റീഡ്' എന്ന ഖ്യാതി നിലനിറുത്തി.

ജുഡീഷ്യറിയിലെ താളപ്പിഴകൾ ചൂണ്ടിക്കാണിച്ചതിന് ജസ്റ്റിസ് ചെലമേശ്വർ ഉൾപ്പെടെയുള്ളവരെ കുരിശിലേറ്റാനാണു പൊതുസമൂഹവും ഉന്നതരും വെമ്പിയത്. നീതിന്യായവ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം നിലനിറുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ലക്കം 'എഴുത്ത്' മാസിക എന്ന് എഡിറ്റോറിയലിൽ പറയുന്നത് ശുഭസൂചകമാണ്. നമ്മുടെ ജുഡീഷ്യറി തത്ത്വത്തിൽ ഗംഭീരമാണ്; പക്ഷേ, പ്രായോഗികതലത്തിൽ നീതിനിഷേധ നടപടികൾ ധാരാളം സംഭവിക്കുന്നുമുണ്ട്. അതിനർഥം ജസ്റ്റിസ് ചെലമേശ്വർ പറയുന്നതുപോലെ, നിയമവ്യവസ്ഥ നടപ്പാക്കുമ്പോൾ അടിസ്ഥാനപരമായ തകരാറുകൾ വന്നുകൂടുന്നു എന്നതാണ്. കോടതിയലക്ഷ്യ കേസുകൾ കുമ്പാരമായി കോടതിമുറിക്കുള്ളിൽ നിറയുന്നുവെന്നതുതന്നെ, കോടതിയെ ജനങ്ങൾ വേണ്ടത്ര ഭയപ്പെടുന്നില്ലെന്നും നിയമവ്യവസ്ഥ പരിഗണിക്കപ്പെടുന്നില്ലെന്നും വ്യക്തമാക്കുന്നു. കുറ്റാന്വേഷകർക്ക് പരിശീലനവേളയിൽ പര്യാപ്തമായ അറിവുകളും അനുഭവവിവരണങ്ങളും ലഭിക്കുന്നില്ല എന്ന് അനുമാനിക്കാം. കോടതി നടപടികൾ ഒച്ചിന്റെ വേഗത്തിലാണു നീങ്ങുന്നത്. ഈ കാലതാമസം ഒഴിവാക്കാൻ പാർലമെന്റിൽ വേണ്ടത്ര സമ്മർദമുണ്ടാവാറില്ല. കോടതിയിൽനിന്നു നീതി കിട്ടാത്തവർ ഗുണ്ടകളെ സമീപിക്കുന്ന സാഹചര്യം ഒഴിവാക്കാൻ കേസുകളിലെ കാലവിളംബം ഒഴിവാക്കണമെന്ന് ജസ്റ്റിസ് ചെലമേശ്വർ പറയുന്നുണ്ട്.

മലീമസമായ രാഷ്ട്രീയരംഗത്ത് പരസ്പരം കുറ്റപ്പെടുത്തലുകൾ മാത്രമാണുള്ളത്; തെറ്റുകൾ അതേപടി അവശേഷിക്കുന്നു. കള്ളസാക്ഷി പറയിപ്പിക്കുന്ന സമ്പ്രദായം ജഡ്ജിമാർക്കുപോലും നിസ്സഹായതയോടെ നോക്കിക്കാണേണ്ടിവരുന്നു. സത്യത്തോടും നീതിയോടും നമുക്കു വേണ്ടത്ര മമതയില്ല. ഗാന്ധിജയന്തിക്ക് ഗാന്ധിപ്രതിമയിൽ ഹാരമണിയിച്ച് ഹരം കൊണ്ട് നേതാക്കൾ മടങ്ങും; പക്ഷേ, അനീതി പിന്നെയും ഫണം വിടർത്തിയാടും. സത്യത്തെ ആശ്ലേഷിക്കുന്നവരെ ഇരുട്ടിന്റെ സന്തതികൾ അപായപ്പെടുത്താതിരിക്കാൻ സമൂഹം സദാ ജാഗരൂകരായിരിക്കണം.

നീതിയുടെ തുലാക്കട്ടകൾ നിയമവും ധാർമികതയുമാണെന്നും, അവ വഴിപിരിയുമ്പോൾ നീതിനിഷേധം സംഭവിക്കുമെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് സമർഥിക്കുന്നു. സമൂഹത്തിന് ധാർമികബോധം നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുകയാണ്. നല്ലൊരു സാമൂഹികക്രമം (Social order) രൂപപ്പെടുത്തിയെടുക്കാൻ തക്ക നിയമങ്ങൾ ഇവിടെ വിരളമാണെന്ന് അദ്ദേഹം പരിതപിക്കുന്നു. നിയമമെന്നാൽ എപ്പോഴും ശിക്ഷ നൽകുന്ന ഭയപ്പെടുത്തുന്ന ഒന്നായി മാത്രമാണ് മനുഷ്യർ കരുതിപ്പോരുന്നത്. ഇതു മാറണം. ശിക്ഷ കിട്ടുമെന്നു ഭയപ്പെടുത്തിയല്ല നമ്മൾ യുവതലമുറയെ ഒരുക്കേണ്ടത്. നല്ലൊരു സമൂഹസൃഷ്ടിക്ക് ആവശ്യം മനുഷ്യബന്ധങ്ങളുടെ ഇഴയടുപ്പവും പവിത്രതയും അവരെ മനസ്സിലാക്കിക്കുകയെന്നതാണ്. അപരനെ കാണാനും താങ്ങാവാനും മനസ്സുണ്ടാവണം. നല്ലൊരു മനസ്സിൽ കളവു ചെയ്യാനും പറയാനും ധാർമികതയുടെ പ്രതിബന്ധങ്ങളുണ്ടാവും. അതാണ് ഇക്കാലത്ത് ഏറ്റവും ആവശ്യം.

ആധുനിക വിദ്യാഭ്യാസ കാലഘട്ടത്തിൽ വിദ്യാർഥികൾക്ക് വിവരങ്ങൾ മാത്രം ലഭിക്കുന്നു; വിവേകം ലഭിക്കുന്നില്ല. തന്നിൽ മാത്രം ഒതുങ്ങുന്ന പ്രതിബദ്ധത തോടുപൊട്ടിച്ച് പുറത്തുചാടണം. അതു സാമൂഹിക പ്രതിബദ്ധതയായി മാറണം.

ബൃന്ദ കാരാട്ടിന്റെ 'നീതിക്കായ് എരിഞ്ഞടങ്ങിയ കാവലാൾ' എന്ന ലേഖനം ഫാദർ സ്റ്റാൻ സ്വാമിക്കുള്ള ശ്രദ്ധാഞ്ജലിയായി. ആദിവാസികൾക്കുവേണ്ടി പോരാടി മരണംവരിച്ച ആ കർമയോഗിയെ അവർ അതിൽ നന്നായി വരച്ചുകാട്ടി. ആദിവാസികളെ അവഗണിക്കുകയും ആട്ടിയകറ്റുകയും ചെയ്യുകവഴി കടുത്ത അനീതിയും അന്യായവുമാണ് മനുഷ്യരാശിയോടു തന്നെ കാണിക്കുന്നതെന്ന് നാം തിരിച്ചറിയണം.

**എൻ.കെ. വിജയൻ, കിഴക്കമ്പലം**

## എം.ജി.ആർ. മുതൽ വിജയ് വരെ: മാറുന്ന താരരാഷ്ട്രീയം

'എഴുത്ത്' മാസികയുടെ ജൂലൈ ലക്കത്തിലെ ഡോ. സെബാസ്റ്റ്യൻ ജോസഫ് എഴുതിയ 'എം.ജി.ആർ. 2.0-ന് അപ്പുറം' എന്ന ലേഖനം തമിഴ് സിനിമാരാഷ്ട്രീയത്തിന്റെ സൂക്ഷ്മമായ സാംസ്കാരികവിശകലനമായി തോന്നി. എം.ജി. ആറിന്റെ പട്ടിണിക്കെതിരായ പോരാട്ടത്തിൽനിന്ന്, നവലിബറൽ കാലത്തെ ഫാസിസ്റ്റ് പ്രവണതകൾക്കെതിരായ വിജയ്‌യുടെ ജനാധിപത്യ മുന്നേറ്റങ്ങളിലേക്കുള്ള മാറ്റം ലേഖനം കൃത്യമായി അടയാളപ്പെടുത്തുന്നു.

പ്രാചീന തമിഴ് സമൂഹത്തിലെ 'വീരത്വ' പാരമ്പര്യത്തെയും 'ഊര്' സങ്കല്പത്തെയും സമകാലിക സിനിമാരാഷ്ട്രീയവുമായി ബന്ധിപ്പിച്ചുള്ള വായന ഏറെ പുതുമയുള്ളതാണ്. 'സാമീപ്യത്തിന്റെ രാഷ്ട്രീയം' എന്ന ആശയത്തിലൂടെ ദ്രാവിഡരാഷ്ട്രീയത്തിന്റെ കാലികമായ പരിണാമം വരച്ചുകാട്ടിയ ഈ മികച്ച ലേഖനത്തിന് അഭിനന്ദനങ്ങൾ.

**ഐ. രാധാകൃഷ്ണൻ, തൃശൂർ**

# സ്മൃതിയുടെ പ്രതിരോധം



എം. വി. ഷാജി

കേരളത്തിന്റെ നവോത്ഥാനചരിത്രം സാമൂഹികപരിഷ്കരണങ്ങളുടെ വിജയഗാഥയായി അവതരിപ്പിക്കപ്പെടുമ്പോഴും ജാതിയുടെയും അയിത്താചരണത്തിന്റെയും ആഴത്തിലുള്ള ഘടനകൾ മനുഷ്യജീവിതത്തെ നിശ്ശബ്ദമായി നിയന്ത്രിച്ചുകൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ ദലിത് ചിന്ത ഒരു സാമൂഹിക പ്രതികരണമെന്നതിലുപരി മനുഷ്യന്റെ അസ്തിത്വത്തെ പുനർനിർവചിക്കുന്ന ദാർശനിക ഇടപെടലായി ഉയർന്നു. സമത്വം, സഹജീവിതം, അറിവിന്റെ ജനാധിപത്യവൽക്കരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഈ ചിന്ത, കേരളത്തിന്റെ നവോത്ഥാനപാരമ്പര്യത്തെ പുതുവായനയ്ക്ക് വിധേയമാക്കുന്നു.

ഈ ദർശനപരിസരത്തിൽ സ്വാമി ആനന്ദതീർഥന്റെ പ്രവർത്തനങ്ങൾ നിർണായകമാണ്. ഹരിജൻകുട്ടികളുടെ വിദ്യാഭ്യാസം, ക്ഷേത്രപ്രവേശന ശ്രമങ്ങൾ, അയിത്താചരണത്തിനെതിരായ സമരം, മിശ്രഭോജനപ്രസ്ഥാനം തുടങ്ങിയ ഇടപെടലുകൾ ജാതിവ്യവസ്ഥയുടെ സത്താത്മക നിഷേധമായിരുന്നു. മനുഷ്യൻ ഒരേ അന്നം പങ്കിടുമ്പോൾ ജാതിയുടെ കൃത്രിമത്വം തകർന്നുവീഴും എന്ന ബോധ്യമാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം.

സ്വാമിയുടെ വ്യക്തിത്വത്തിൽ ശ്രീനാരായണഗുരുവിന്റെ സമത്വദർശനവും മഹാത്മാഗാന്ധിയുടെ അഹിംസാ-സഹന തത്ത്വവും ഒന്നിക്കുന്നു. ഗുരുവിന്റെ "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന പ്രഖ്യാപനം വിമോചനത്തിന്റെ സാംസ്കാരികഭാഷയാണെങ്കിൽ, ഗാന്ധിയുടെ സത്യാഗ്രഹം നൈതികപ്രതിരോധത്തിന്റെ രാഷ്ട്രീയരൂപമാണ്. ഈ ദാർശനികസങ്കേതങ്ങളാണ് ആർ. ഉണ്ണിമാധവന്റെ 'ചേയാ' എന്ന നോവലിൽ ആഖ്യാനരൂപം സ്വീകരിക്കുന്നത്.


'ചേയാ' ഒരു ജീവചരിത്രനോവൽ മാത്രമല്ല; കേരളത്തിലെ ദലിത് വിമോചനചിന്തയുടെ സാംസ്കാരിക-രാഷ്ട്രീയ രേഖയാണ്. സ്വാമി ആനന്ദതീർഥന്റെ ജീവിതത്തിലൂടെ ജാതിവ്യവസ്ഥയുടെ ക്രൂരതയും മനുഷ്യാന്തസ്സിനായുള്ള പോരാട്ടവും നോവൽ ആവിഷ്കരിക്കുന്നു. ജീവചരിത്രവും നോവലും തമ്മിലുള്ള അതിർത്തികളെ ലംഘിച്ചുകൊണ്ടാണ് ഈ കൃതി രൂപപ്പെടുന്നത്. Hayden White പറയുന്നതുപോലെ, "History is no less a form of fiction than the novel is a form of historical representation" എന്ന ആശയം 'ചേയാ'യിൽ പ്രസക്തമാകുന്നു.

ബി. ആർ. അംബേദ്കറിന്റെ 'Annihilation of Caste' എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ 'ചേയാ'യെ വായിക്കുമ്പോൾ, അത് ജാതിവ്യവസ്ഥയുടെ നൈതിക വിമർശനമായി മാറുന്നു. "Caste is not merely a division of labour; it is a division of labourers" എന്ന അംബേദ്കറുടെ വാക്കുകൾ നോവലിന്റെ സാമൂഹിക സന്ദർഭത്തെ കൂടുതൽ വ്യക്തമാക്കുന്നു. 'ചേയാ' എന്ന പദംതന്നെ മനുഷ്യനെ മനുഷ്യനിൽ നിന്ന് അകറ്റിയ സാമൂഹിക മനോഭാവത്തിന്റെ പ്രതീകമാണ്.

കേരളീയനവോത്ഥാനത്തിന്റെ കനൽച്ചൂട് നോവലിന്റെ ശക്തമായ അന്തർധാരയാണ്. ശ്രീനാരായണഗുരുവിന്റെയും ഗാന്ധിയുടെയും ദർശനങ്ങൾ സ്വാമിയുടെ പ്രവർത്തനങ്ങളിൽ സംഗമിക്കുന്നു. എന്നാൽ, നോവലിന്റെ അന്തർധ്വനി അംബേദ്കറുടെ സാമൂഹികജനാധിപത്യചിന്തയിലേക്കാണ് കൂടുതൽ അടുപ്പം കാണിക്കുന്നത്. "Political democracy cannot last unless there lies at the base of it social democracy" എന്ന അംബേദ്കറുടെ മുന്നറിയിപ്പ് ഇവിടെ നിർണായകമാകുന്നു.

'ചേയാ' ഓർമയുടെ രാഷ്ട്രീയ പ്രതിരോധം കൂടിയാണ്. ഫൂക്കോയുടെ "Where there is power, there is resistance" എന്ന വാചകംപോലെ, മറവിക്കെതിരായ സ്മൃതിയുടെ നൈതികപ്രഖ്യാപനമാണ് ഈ കൃതി. രേഖകളിൽ ഇല്ലാത്ത ജീവിതങ്ങളും ചരിത്രത്തിൽ മറഞ്ഞുപോയ അപമാനങ്ങളും നോവൽ വീണ്ടും സംസാരിപ്പിക്കുന്നു. സാഹിത്യം ഇവിടെ സാമൂഹികസ്മൃതിയുടെ പുനർനിർമാണമായി മാറുന്നു.

സമകാലിക കേരളസമൂഹത്തിന്റെ പുരോഗമനവാദത്തെയും നോവൽ വിമർശനാത്മകമായി പരിശോധിക്കുന്നു. പൊതുവേദികളിൽ സമത്വം പ്രഖ്യാപിക്കുമ്പോഴും സ്വകാര്യജീവിതത്തിൽ ജാതിബോധം നിലനിൽക്കുന്ന വിരോധാഭാസം 'ചേയാ' വെളിപ്പെടുത്തുന്നു. ജാതിവിരുദ്ധത ഒരു നൈതികപ്രഖ്യാപനമായി മാത്രം ചുരുങ്ങാതെ സാമൂഹികബന്ധങ്ങളുടെ പുനർസംഘടനയിലേക്ക് നീങ്ങണം എന്നതാണ് നോവലിന്റെ ആന്തരികരാഷ്ട്രീയം. ഗാന്ധി, ശ്രീനാരായണഗുരു, അംബേദ്കർ എന്നീ മൂന്നു ദർശനങ്ങളും നോവലിൽ ചരിത്രസംവാദങ്ങളായി പ്രത്യക്ഷപ്പെടുന്നു. ഗാന്ധിയുടെ അഹിംസ ആത്മപരിഷ്കാരത്തിന്റെ വഴിയാണെങ്കിൽ, ഗുരുവിന്റെ ദർശനം ആത്മബഹുമാനത്തിന്റെ സാംസ്കാരികവിപ്ലവമാണ്; അംബേദ്കറുടെ ചിന്ത സാമൂഹികജനാധിപത്യത്തിന്റെ രാഷ്ട്രീയരൂപരേഖയാണ്. ദലിത് ദർശനത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ, വിമോചനം ആത്മശുദ്ധിയല്ല; ഘടനാപരമായ പുനഃസംഘടനയാണ്. അതുകൊണ്ട് 'ചേയാ' കേവലമായൊരു സാഹിത്യകൃതി മാത്രമല്ല; അതു കരുണയെ നീതിയായും, സ്മൃതിയെ പ്രതിരോധമായും, ആത്മബോധത്തെ അവകാശരാഷ്ട്രീയമായും പരിവർത്തനംചെയ്യുന്ന ദാർശനിക-രാഷ്ട്രീയ ആഖ്യാനമാണ്. അംബേദ്കറുടെ വാക്കുകളിൽ പറഞ്ഞാൽ: "Life should be great rather than long." സ്വാമി ആനന്ദതീർഥന്റെ ജീവിതവും 'ചേയാ' എന്ന നോവലും ഈ മഹത്തായ ജീവിതത്തിന്റെ സാഹിത്യസാക്ഷ്യമാണ്. ■




*ചേയാ*
*ആർ. ഉണ്ണിമാധവൻ*
*പ്രസാധകർ: മാതൃഭൂമി ബുക്സ്, കോഴിക്കോട്*
*വില: 340 രൂപ*



**കലയെന്നത് അസഹനീയമായ ഏകാന്തതകളിലേക്കുള്ള മനുഷ്യന്റെ തീരാത്ത തിരിച്ചുനടത്തമാണ്. തിരുവനന്തപുരത്തെ 'ആകാർ' ദേശീയ ചിത്രകലാ ക്യാമ്പ് ബാക്കിവയ്ക്കുന്നത്, മൗനത്തിലൂടെയും നിറങ്ങളിലൂടെയും ഒരുപറ്റം മനുഷ്യർ നടത്തിയ ആത്മാന്വേഷണങ്ങളുടെ അടയാളങ്ങളെയാണ്. എങ്ങനെയാണ് കലയിൽ കാലാവസ്ഥയും സ്ഥലവും രൂപഘടനയും ഭാഷയും സാഹിത്യവും സംസ്കാരവും ഇടപെടുന്നത് എന്നതിന്റെ നേർസാക്ഷ്യം.**

**ഗോപി മംഗലത്ത്**

# അകലങ്ങൾ മായ്ച്ച വർണവൈവിധ്യങ്ങൾ



►മുകളിൽനിന്ന് : നാരായണ ഭട്ടതിരി, അഷിത മണ്ഡോദ്കർ, ആനന്ദ് കുമാർ സാഹു, ബാബു നമ്പൂതിരി, ഗരിമ വ്യാസ്, ജയകുമാർ ജി, ഗിരീഷ് ചൗരസ്യ

ഇന്ത്യൻ കലാകാരന്മാർക്ക്, വിശേഷിച്ചും കേരളത്തിന്റെ സാംസ്കാരികഭൂമികയിൽ പ്രവർത്തിക്കുന്നവർക്ക്, ലഭ്യമായ അവസരങ്ങൾ എക്കാലത്തും വളരെ പരിമിതമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ ഒരു കലാകാരന്റെ പ്രവർത്തനരീതി പലപ്പോഴും തികച്ചും ഏകാന്തമായ ഒന്നായി മാറുന്നു. ഉറ്റബന്ധുക്കളോ സുഹൃത്തുക്കളോ നടത്തുന്ന വല്ലപ്പോഴുമുള്ള സന്ദർശനങ്ങളിൽ മാത്രമായി അവരുടെ ആശയവിനിമയങ്ങൾ ചുരുങ്ങുന്നു. ഈ ഏകാന്തത ക്രമേണ കലാസൃഷ്ടിയുടെ അവിഭാജ്യഘടകമായി പരിണമിക്കുകയാണ് പതിവ്. ഇത് സർഗാത്മകമായി ഒരുവനെ സമ്പന്നമാക്കുന്നുണ്ടെങ്കിലും, മിക്കവാറും അതൊരു വേദനാജനകവും അസ്വസ്ഥതയുണ്ടാക്കുന്നതുമായ അനുഭവമാണ്.

അത്തരം ഏകാന്തതയിൽനിന്നുള്ള മോചനമെന്ന നിലയ്ക്കാണ് സുഹൃദ്‌വലയത്തിലുള്ളവരും അല്ലാത്തവരുമായ ഒരുകൂട്ടം കലാകാരന്മാർ തിരുവനന്തപുരത്തെ പിരപ്പൻകോട് നടന്ന ആകാർ ഇന്ത്യൻ പെയിന്റേഴ്സ് ക്യാമ്പിൽ ഒത്തുചേർന്നത്. അക്ഷരാർഥത്തിൽ അതു തികച്ചും ദേശീയസ്വഭാവമുള്ള ഒന്നുതന്നെയായിരുന്നു. ഡൽഹി, കൊൽക്കത്ത, ഭോപ്പാൽ, മുംബൈ, ചെന്നൈ, ബെംഗളൂരു, ഛത്തീസ്ഗഢ്, അജ്മീർ തുടങ്ങിയ നഗരങ്ങളിൽ നിന്നെത്തിയവർക്കൊപ്പം ഏതാനും മലയാളി ചിത്രകാരന്മാരും ഉൾപ്പെട്ടതായിരുന്നു ആകാറിന്റെ അഞ്ചാമത്തതും ദേശീയവുമായ റെസിഡൻസി വർക്ക് ഷോപ്പ്. ആനന്ദ് കുമാർ സാഹു, ശന്തനു ചക്രബർത്തി, ഹേമവതി ഗുഹ, കൃപ

ലാലു, അഷിത മണ്ഡോദ്കർ, ബാബു നമ്പൂതിരി, ഷൈലേഷ് ബി. ഒ., ഗോപി മംഗലത്ത്, ഗരിമ വ്യാസ്, ജയകുമാർ ജി., ഗിരീഷ് ചൗരസ്യ, ഷിബു ചന്ദ്, നാരായണ ഭട്ടതിരി, ശങ്കർ മല്ലയ്യ, പ്രമോദ് ശർമ എന്നിങ്ങനെ പതിനഞ്ചു ചിത്രകാരന്മാരാണ് ഈ ക്യാമ്പിൽ ഒത്തുചേർന്ന് തങ്ങളുടെ സർഗാവിഷ്കാരം നടത്തിയത്. മുൻ ചീഫ് സെക്രട്ടറിയും കവിയുമായ കെ. ജയകുമാറിന്റെ ആശിർവാദത്തോടെയാണ് ഈ സർഗസംഗമത്തിന് തുടക്കമായത്. ദിവസങ്ങൾ നീണ്ട ആ വർണയാത്രയ്ക്ക് സമാപനമായത് വിശ്വപ്രസിദ്ധ ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണന്റെ സാന്നിധ്യത്തോടെയാണ്. സർഗാത്മകസംഭാഷണങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സമാപന പ്രഭാഷണം ആകാർ ഫൗണ്ടേഷനു ലഭിച്ച ഏറ്റവും വലിയ അംഗീകാരങ്ങളിലൊന്നായിരുന്നു. കേവലം സ്റ്റുഡിയോയിലെ വരകളിൽ മാത്രം ഒതുങ്ങാതെ, അഷ്ടമുടി കായലിലേക്കും കന്യാകുമാരിയിലേക്കുമുള്ള യാത്രകൾ ഇവിടെ ഒന്നിച്ചവരുടെ സർഗാത്മക അനുഭവങ്ങൾക്ക് കൂടുതൽ ആഴം നൽകി. പ്രകൃതിയുമായും ചരിത്രവുമായും സംവദിക്കാൻ ഈ യാത്രകൾ വഴിയൊരുക്കി.



▶ഗോപി മംഗലത്ത്



▶മുകളിൽനിന്ന് : ഹേമവതി ഗുഹ, കൃപ ലാലു, പ്രമോദ് ശർമ, ശന്തനു ചക്രബർത്തി, ശങ്കർ മല്ലയ്യ, ഷിബു ചന്ദ്



▶ആനന്ദ് കുമാർ സാഹു

## ആകാർ

കലയുടെ ഏകാന്തതകളിൽനിന്നാണ് 'ആകാർ' പോലൊരു ഇടം കേരളത്തിൽ രൂപംകൊള്ളുന്നത്. കാലടി സംസ്കൃത സർവകലാശാലയിലെ ചിത്രകലാവിഭാഗം മുൻ മേധാവിയും ആകാറിന്റെ ശില്പിയുമായ ബാബു നമ്പൂതിരി ആ വഴികളെക്കുറിച്ച് ഓർത്തെടുക്കുന്നു: രചനയിൽ മുഴുകിയ ചിത്രകാരനെ സംബന്ധിച്ചിടത്തോളം, അയാൾ കലാവസ്തുക്കളുമായി ബന്ധപ്പെടാത്ത അപൂർവ്വങ്ങളായ നേരങ്ങളിലും ഇടങ്ങളിലും പോലും മാനസികമായി നിരന്തരം രചനാബന്ധമായ അനുസ്യൂതാവർത്തനങ്ങളിലാകും. രചനയുടെ സ്വഭാവം പലപ്പോഴും ക്ഷണികമായി തോന്നാമെങ്കിലും യഥാർഥത്തിൽ തുടർന്നുപോകുന്നതും അന്തർലീനമായി തുടർസ്വഭാവമുള്ളതുമാണ്. ചിത്രകാരനെ സംബന്ധിച്ചിടത്തോളം കാഴ്ചക്കാരൻ, കാഴ്ചക്കാരൻ മാത്രമാണ്. കാഴ്ചക്കാരന്റെ അറിവുകൾക്കും സ്വാദുകൾക്കും പ്രകടനങ്ങൾക്കും കലയിൽ യാതൊരു

> രചനകളുടെ അകത്തേക്ക് മാത്രം നീണ്ടുപോകുന്ന വിചിന്തന പ്രക്രിയകളിൽ അപൂർവമായി മാത്രമാണ് ചിത്രകാരൻ ഏകാന്തതയെക്കുറിച്ചുപോലും ബോധവാനാകുന്നത്.

സ്ഥാനവുമില്ല. അയാളുടേത് ജല്പനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്.

'ആകാർ' (Aakaar) എന്ന പേര് കണ്ടെത്തിയത് വളരെ യാദൃച്ഛികമായാണ്. കലയിൽ 'രൂപം' എന്നത് വളരെ പ്രസക്തമായ വസ്തുതയാണ്. ഞാൻ നിർമിക്കുന്ന വസ്തുക്കൾക്ക് തദ്ദേശീയതയ്ക്ക് പുറത്തുള്ള അർഥങ്ങളുണ്ടാകണമെന്നാണ് എപ്പോഴും ആഗ്രഹിച്ചിട്ടുള്ളത്. കല എന്നതിന് കൂടുതൽ വ്യാപകമായി പ്രതികരണസ്വഭാവം ഉള്ളതുകൊണ്ട് അന്താരാഷ്ട്ര സ്വഭാവം ഏതൊരു കലാപ്രവർത്തനത്തിനും ഉണ്ടാകണം. ആ വിശ്വാസമാണ് രൂപം എന്ന മലയാളപദത്തിന്റെ അർഥമുള്ള 'ആകാരം' എന്ന തികച്ചും ഭാരതീയമായ സംസ്കൃത സാംസ്കാരിക പദവും, അതിന്റെ ഹിന്ദി ഭാഷാന്തരീകരണമായ 'ആകാർ' എന്ന പേരും സ്വീകരിക്കാൻ കാരണമായത്. ഇങ്ങനെ ഒരു പ്രസ്ഥാനം ഉണ്ടായാൽ അതിന്റെ പ്രവർത്തന കാലയളവ് ഏതാണ്ട് 25 കൊല്ലം കണക്കാക്കി അതിനുപാകമായി ഒരു ഫൗണ്ടേഷനായി നിലകൊള്ളാൻ തീരുമാനിച്ചു. അതാണ് ആകാർ ഫൗണ്ടേഷൻ ഫോർ ആർക്കിടെക്ചർ, ഹെറിറ്റേജ്, ആർട്ട് & കൾച്ചർ (Aakaar Foundation for Architecture, Heritage, Art & Culture).

ആകാർ കേവലം ഒരു വേദി മാത്രമാണ്. കലാകാരന്മാർക്ക് കലാപ്രവർത്തനം നടത്താനുള്ള ഒരിടം; അത്രയേ ഉള്ളൂ. സാമ്പത്തികസഹായം നൽകാൻ വേണ്ടത്ര ഉപാധികളൊന്നും തന്നെ ഇപ്പോൾ നിലവിലില്ല. കലാപ്രവർത്തനത്തിന് കലാകാരന്മാരും അനുവാചകരും ഉണ്ടെങ്കിൽ ആ നിമിഷം അതിനുള്ള വേദിയായി ആകാർ സ്വയം പുനർരൂപീകരണത്തിലേക്ക് കടക്കും. ഭാവിയിൽ ആർക്കിടെക്ചർ, പാരമ്പര്യം, നൃത്തം, സംഗീതം, നാടകം, സിനിമ, സാഹിത്യരചന തുടങ്ങിയ വിവിധ കലാരൂപങ്ങളെ ഒപ്പം നിർത്തി പ്രവർത്തനക്ഷമമാകാനും ആകാറിന് കഴിയും."

## ടെൻസിങ് ജോസഫ്

ആകാറിന്റെ കലാസംഗമങ്ങളിൽ എന്നും ആവേശത്തോടെ കടന്നുവരുന്ന സാന്നിധ്യമാണ് പ്രമുഖ ശില്പിയും ചിത്രകാരനുമായ പ്രഫ. ടെൻസിങ് ജോസഫ് (മുൻ പ്രിൻസിപ്പൽ, തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ്). ഇത്തവണത്തെ ചിത്രകലാ ക്യാമ്പിലുമെത്തിയ അദ്ദേഹം, അവിടെയുണ്ടായിരുന്ന കലാകാരന്മാരുമായി കലയുടെയും അനുഭവങ്ങളുടെയും ലോകം പങ്കുവച്ചു. "കലയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധം എങ്ങനെയാണോ വികസിച്ചുവന്നിട്ടുള്ളത്, അത്രയും തന്നെ ദൈർഘ്യമേറിയ ചരിത്രമുള്ള മറ്റൊരു നിർമിതരൂപമാണ് വാസ്തുവിദ്യയ്ക്കുള്ളത്. ദൃശ്യകല മനുഷ്യന്റെ വൈകാരികവും ഭാവനാപരവുമായ ആവിഷ്കാരമാണെങ്കിൽ, വാസ്തുവിദ്യ ഒരു ഭൗതിക ഇടത്തിൽ രൂപപ്പെടുത്തുന്ന പ്രായോഗികവും സാങ്കേതികവുമായ രൂപകല്പനയാണ്. രണ്ടിന്റെയും അടിസ്ഥാനപരമായ തത്ത്വം

> "
> കല എന്നതിന് കൂടുതൽ വ്യാപകമായി പ്രതികരണ സ്വഭാവം ഉള്ളതു കൊണ്ട് അന്താരാഷ്ട്ര സ്വഭാവം ഏതൊരു കലാപ്രവർത്തനത്തിനും ഉണ്ടാകണം.



▶ടെൻസിങ് ജോസഫ്

അനുപാതം, സ്വാതന്ത്ര്യം, സൗന്ദര്യം തുടങ്ങിയ ആശയങ്ങളെ സംയോജിപ്പിച്ചു നിർമിച്ചെടുക്കുകയെന്നതാണ്. ആകാർ ഫൗണ്ടേഷൻ കേവല പാരമ്പര്യഘടനയിൽ മാത്രം ഊന്നൽ നൽകുകയല്ല; മറിച്ച്, മനുഷ്യരുടെ ആഗ്രഹം, ചിന്ത, സംസ്കാരം, ദൃശ്യബോധം തുടങ്ങിയ വ്യവഹാര വ്യവസ്ഥയുടെ സമഗ്രമായ പഠനകേന്ദ്രമായി ഉയർന്നുവരികയെന്നതാണ് ലക്ഷ്യം. ഇന്ന് ദൃശ്യകല അതിന്റെ പ്രായോഗിക ഉപഭോഗവ്യവസ്ഥകളിൽനിന്നു മാറി, അവ നൽകുന്ന സന്തോഷത്തിന്റെയും സാമൂഹിക ആസ്വാദനത്തിന്റെയും പ്രാദേശിക സംസ്കാരത്തിന്റെയും മൂലധനമായി മാറുവാൻ പ്രാപ്തമാകുന്നത് എങ്ങനെയെന്നുള്ള ചിന്തകൾ വളരെ പ്രസക്തമാണ്," ടെൻസിങ് ജോസഫ് പറയുന്നു.


## ഹേമവതി ഗുഹ

ആകാറിലെ രണ്ടാംദിനം പ്രഭാതസവാരിക്കിറങ്ങിയപ്പോൾ എനിക്കൊപ്പം ഡൽഹിയിൽനിന്നുള്ള ഹേമവതി ഗുഹയുമുണ്ടായിരുന്നു. കേരളത്തിലെ രുചികളോട് പൊരുത്തപ്പെടാനാവാതെ സ്വയം പാചകംചെയ്ത് കഴിക്കുകയായിരുന്നു അവർ. ചെന്നൈയിൽ ചിത്രകല പഠിച്ച ഹേമവതിയുടെ വാക്കുകളിലും വരകളിലും നിറയെ സ്ത്രീജീവിതങ്ങളുടെ ആഴങ്ങളും അടരുകളുമാണ്. നടപ്പിനിടയിൽ ചിരിയോടെ അവർ പങ്കുവച്ച ഒരു കാര്യമുണ്ട്: "എന്റെ ഭർത്താവ് പ്രശസ്തനായൊരു ചിത്രകാരനാണ്. പക്ഷേ, ഒരിടത്തുപോലും ഒരു ചിത്രകാരിയെന്ന നിലയിൽ അദ്ദേഹം എന്നെക്കുറിച്ച് പറയാറില്ല. അതുകൊണ്ട് ഞാനും അദ്ദേഹത്തിന്റെ പേര് എവിടെയും പറയാറില്ല." സ്ത്രീകളുടെ അദൃശ്യതയുടെ കാര്യത്തിൽ കേരളത്തിനും ഇന്ത്യയിലെ മറ്റു ദേശങ്ങൾക്കും ഒരേ മുഖം തന്നെയാണെന്ന് ഹേമവതി തിരിച്ചറിയുന്നുണ്ട്.

ഹേമവതി ഗുഹയുടെ വാക്കുകൾ: "ഇന്ത്യക്കാർ പലതും മറച്ചുവയ്ക്കാൻ ശ്രമിക്കുന്നവരാണ്. മേൽവിലാസം വെളിവാക്കാൻപോലും മടിക്കും. എന്നാൽ, അവരുടെ അടിവസ്ത്രങ്ങൾ അലക്കി വീടിനു മുൻവശത്തെവിടെയെങ്കിലുമോ അയയിലോ ഉണക്കാനിടാൻ യാതൊരു സങ്കോചവുമില്ല. ഇതിനെ ആസ്പദമാക്കിയാണ് ഞാൻ 'ക്ലോത്ത് ലൈൻ' (Cloth Line), 'സ്റ്റിച്ച്ഡ് അൺസ്റ്റിച്ച്ഡ് ക്ലോത്ത്' (Stitched Unstitched Cloth) എന്നീ വർക്കുകൾ ചെയ്തത്. ഞാൻ വിദേശത്തും താമസിച്ചിട്ടുണ്ട്. എവിടെയായാലും സ്ത്രീകളുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെയാണ്. ഞാൻ ബാലവേലയ്ക്കെതിരെ സംസാരിക്കുകയും എഴുതുകയും ചിത്രം വരയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സ്വന്തം നിലപാടുകൾ ശക്തമായി കലയിലും ജീവിതത്തിലും ഞാൻ പിന്തുടരുന്നു."

## ജയകുമാർ

പിരപ്പൻകോടുള്ള ഹോട്ടൽമുറിയിൽ ക്യാമ്പിന്റെ ഭാഗമായി ഞാനും പ്രഫസർ ജയകുമാറും ആനന്ദ്



▶ജയകുമാർ

കുമാർ സാഹുവും ശങ്കർ മല്ലയ്യയും ഒത്തുകൂടിയ രാത്രി. കലയെക്കുറിച്ചുള്ള എരിപൊരി ചർച്ചകൾക്കിടയിൽ ജയകുമാർ തന്റെ പഴയൊരു അനുഭവം പങ്കുവച്ചു. ഹംപിക്കടുത്തുള്ള ഒരു സ്ഥലത്ത് കല്ലിൽ ഒരു സ്ത്രീരൂപം തീർക്കുകയായിരുന്നു അദ്ദേഹം. ജോലി ഏല്പിച്ചവരുടെ പൂർണ പിന്തുണയോടെ പറഞ്ഞ സമയത്തുതന്നെ ആ ശില്പം പൂർത്തിയാക്കി. അപ്പോൾ എല്ലാവരും അദ്ദേഹത്തോട് ആ ശില്പത്തിൽ പേരു കൊത്തിവയ്ക്കാൻ ആവശ്യപ്പെട്ടു. ജയകുമാർ ചുറ്റുമൊന്നു നോക്കി. ഹംപിയുടെ മണ്ണിൽ മനോഹരങ്ങളായ നിരവധി ശില്പങ്ങൾ നിറഞ്ഞുകിടക്കുകയാണ്. ഏതോ കാലത്ത് പണിതീർത്ത് മൺമറഞ്ഞുപോയ അജ്ഞാതരായ ശില്പികൾ. ആ വിസ്മയങ്ങളിലൊന്നും ആരും സ്വന്തം പേരു കൊത്തിവച്ചിട്ടില്ലായിരുന്നു. പിന്നെങ്ങനെ താൻ തീർത്ത ആ കൊച്ചുശില്പത്തിൽ പേരെഴുതിവയ്ക്കും? സ്വന്തം പേര് കൊത്താൻ നിൽക്കാതെ അദ്ദേഹം അന്ന് ഒരു ശില്പിയെന്ന നിലയിലുള്ള തന്റെ അന്തസ്സ് കാത്തു.

## ഹൃദയം തൊട്ട അനുഭവങ്ങൾ

### ശന്തനു ചക്രബർത്തി

"എന്റെ ജീവിതശൈലിയുമായി ബന്ധപ്പെട്ട പെയിന്റിംഗിലാണ് ഞാൻ പതിവായി പ്രവർത്തിക്കുന്നത്. ആകാർ റെസിഡൻസിയിൽ ഞാൻ ചെയ്ത പ്രമേയം ക്ലാസിക്കൽ നൃത്തത്തെയും ചിത്രകലയെയും പ്രതിഫലിപ്പിക്കുന്നതാണ്. എന്റെ ചിത്രങ്ങളിൽ നൃത്തചലനങ്ങളോടെ കൈമുദ്രകളും കാലുകളും ഞാൻ ഉപയോഗിച്ചിട്ടുണ്ട്. മുകളിലെ മൂലയിൽ എന്റെ ഗുരുക്കന്മാർക്ക് നൃത്താഞ്ജലിയും നൽകി. എന്റെ ഗുരുവിന്റെ പാദങ്ങളിൽ ആദരസൂചകമായി പുഷ്പങ്ങൾ അർപ്പിച്ചു. ചിത്രകലയിലും ഞാൻ ഗുരുശിഷ്യ പരമ്പര കാത്തുസൂക്ഷിക്കുന്നു."

### ആനന്ദ് കുമാർ സാഹ

"ആകാർ സംഘടിപ്പിച്ച കലാശില്പശാലയിൽ എന്റെ കലാസൃഷ്ടി നന്ദിയെ പ്രതീകാത്മകമായി

> സ്ത്രീകളുടെ അദൃശ്യതയുടെ കാര്യത്തിൽ കേരളത്തിനും ഇന്ത്യയിലെ മറ്റു ദേശങ്ങൾക്കും ഒരേ മുഖം തന്നെയാണെന്ന് ഹേമവതി തിരിച്ചറിയുന്നുണ്ട്.



▶ശന്തനു ചക്രബർത്തി

പ്രതിനിധീകരിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാ ശിവക്ഷേത്രങ്ങളിലും നന്ദി വിഗ്രഹരൂപത്തിലുണ്ട്. എന്റെ ഗ്രാമത്തിലും വീട്ടിലും ഒരു കാളയുണ്ട്. കാർഷികജോലികൾക്കും ഞങ്ങൾ കാളയെ ഉപയോഗിക്കുന്നു. അതു ഗ്രാമീണജീവിതത്തിന്റെ സാംസ്കാരികസ്വത്വംകൂടിയാണ്. എനിക്ക് നന്ദി എന്നത് ആ സാംസ്കാരികസ്വത്വത്തിന്റെ പ്രതിരൂപമാണ്. ഞാൻ വരച്ചത് നന്ദിയുടെ രൂപമാണെങ്കിലും, എന്റേതായ ചില മാറ്റങ്ങൾ അതിൽ വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, കേരളീയ സംസ്കാരത്തിന്റെ അടയാളമായ വാഴയിലയുടെ ആകൃതി അതിൽ ഉൾച്ചേർത്തിരിക്കുന്നത്. നന്ദിയുടെ ശരീരത്തിൽ കേരളത്തിന്റെ പ്രകൃതിസൗന്ദര്യം കാണിക്കുന്ന ദൃശ്യബിംബങ്ങൾ ഞാൻ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ആ ചിത്രത്തിന്റെ മൊത്തത്തിലുള്ള ലാളിത്യം എന്റെ നാടായ ഛത്തീസ്ഗഢിന്റേതാണ്.

പശ്ചാത്തലത്തിൽ ചുവപ്പുനിറമാണ് നൽകിയിരിക്കുന്നത്. ചില സ്ഥലങ്ങളിൽ നിഴലുകൾ ചേർത്തിരിക്കുന്നു. അത് ഊർജത്തെ പ്രതീകപ്പെടുത്തുന്നു. ഈ ഭൂമിയിൽ പ്രകൃതിയെ നോവിക്കാതെ ജീവിക്കുന്നത് മൃഗങ്ങളും പക്ഷികളും മാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു. അവരുടെ ശീലങ്ങൾ മനുഷ്യരെപ്പോലെയല്ല. അവർ വസ്തുക്കൾ അനാവശ്യമായി ശേഖരിക്കുന്നില്ല. ജീവിക്കാനാവശ്യമായതുമാത്രം പ്രകൃതിയിൽനിന്നെടുക്കുന്നു. എന്നാൽ, മനുഷ്യനാകട്ടെ, തന്റെ അഹന്തയെ തൃപ്തിപ്പെടുത്താൻ ആവശ്യത്തിലധികം വെട്ടിപ്പിടിക്കുന്നു. അതുകൊണ്ടാണ് ഞാൻ എന്റെ കലാസൃഷ്ടികളിൽ മൃഗങ്ങളെയും പക്ഷികളെയും പ്രകൃതിയോടു ചേർത്തുനിറുത്താനുള്ള പ്രവണത പ്രകടിപ്പിച്ചത്.

## അഷിത മണ്ഡോദ്കർ

"ഭൂമിയും ഓർമകളും ഗോവയുടെ മാറിക്കൊണ്ടിരിക്കുന്ന പാരിസ്ഥിതിക ഭൂപ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളിലൂടെയാണ് എന്റെ കലാന്വേഷണങ്ങൾ കടന്നുപോകുന്നത്. പ്രകൃതിയും സമൂഹവും സാംസ്കാരിക പാരമ്പര്യങ്ങളും ചേർന്ന് രൂപപ്പെടുത്തിയെടുത്ത ഇടങ്ങൾ, നഗരവൽക്കരണത്തിന്റെയും വികസനത്തിന്റെയും ഫലമായി എങ്ങനെ രൂപാന്തരപ്പെടുന്നുവെന്നാണ് പെയിന്റിംഗ്, ഡ്രോയിംഗ്, മിക്സഡ് മീഡിയ എന്നിവയിലൂടെ ഞാൻ അന്വേഷിക്കുന്നത്. പരിസ്ഥിതിയുമായി മനുഷ്യനുള്ള ബന്ധത്തിലുണ്ടാകുന്ന മാറ്റങ്ങളും ഈ രചനകളിൽ പ്രതിഫലിക്കുന്നു.

നിരന്തരമായ നിരീക്ഷണങ്ങളിൽനിന്നും ഗവേഷണങ്ങളിൽനിന്നും, അതിജീവനത്തിനും നാശത്തിനുമിടയിൽ നിൽക്കുന്ന ഇത്തരം ഭൂപ്രകൃതികളുമായുള്ള എന്റെ നേരനുഭവങ്ങളിൽനിന്നുമാണ് സൃഷ്ടികൾ ഉരുത്തിരിയുന്നത്. എന്റെ ചിത്രങ്ങളിലെ ഇടങ്ങൾ വെറും ഭൗതികമായ ഭൂപ്രദേശങ്ങളല്ല; മറിച്ച്, കഥകളുടെയും ചരിത്രത്തിന്റെയും വിശ്വാസങ്ങളുടെയും കൂട്ടായ ഓർമകളുടെയും കലവറകളാണ്. പലപ്പോഴും ആരുടേയും ശ്രദ്ധപതിയാത്ത ഇടങ്ങളോടാണ് എനിക്ക് കൂടുതൽ താത്പര്യം. മാറ്റങ്ങൾ കാത്ത് ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങൾ,



▶അഷിത മണ്ഡോദ്കർ

കോൺക്രീറ്റ് വൽക്കരണത്തിന്റെ ഭീഷണി നേരിടുന്ന കാർഷികമേഖലകൾ, തലമുറകളായി വിശ്വാസങ്ങളാൽ സംരക്ഷിക്കപ്പെടുന്ന കാവുകളും പുണ്യവനങ്ങളും, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിക്കിടയിലും പിടിച്ചുനിൽക്കുന്ന പ്രകൃതി തുടങ്ങിയവയെല്ലാം ഇതിൽപ്പെടും. ആവാസവ്യവസ്ഥ, ഉടമസ്ഥാവകാശം, അധികാരം, പാരിസ്ഥിതികമായ ദുർബലത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള എന്റെ അന്വേഷണങ്ങളുടെ കേന്ദ്രമായി ഈ ഇടങ്ങൾ മാറുന്നു.

അക്രിലിക്, മഷി, ജലച്ചായം, മിക്സഡ് മീഡിയ എന്നിവയുപയോഗിച്ചാണ് ഞാൻ ചിത്രങ്ങൾ തീർക്കുന്നത്. സൂക്ഷ്മമായ നിരീക്ഷണങ്ങളെയും പ്രതീകാത്മക ബിംബങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ധ്യാനാത്മകമായ ദൃശ്യവിവരണങ്ങൾ സൃഷ്ടിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. പ്രകൃതിദൃശ്യങ്ങളെ വെറുതെ പകർത്തിവയ്ക്കുന്നതിന് പകരം, അവയ്ക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന അദൃശ്യചരിത്രങ്ങളെയും മാറ്റങ്ങളെയും വെളിപ്പെടുത്താനാണ് എന്റെ ശ്രമം. ചിത്രങ്ങളിലെ നിറങ്ങളുടെയും ഘടനയുടെയും വിന്യാസം, കാഴ്ചക്കാരെ ഒരു നിമിഷം നിശ്ചലരാക്കാനും ഭൂമിയുമായുള്ള തങ്ങളുടെ സ്വന്തം ബന്ധത്തെക്കുറിച്ച് ചിന്തിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതാണ്.

## ബാബു നമ്പൂതിരി കെ.

"ഈ ലോകത്ത് അവശേഷിക്കുന്ന ഏറ്റവും വലിയ അദ്ഭുതം മനുഷ്യനാണെന്നാണ് എന്റെ വിശ്വാസം. ഈ ഭൂമിയിലെ ജീവരൂപങ്ങളിൽ ഏറ്റവും പ്രസക്തമായിട്ടുള്ളതും മനുഷ്യൻ തന്നെ. അവന്റെ ചിന്തകളുടെ മൗലികഭാവങ്ങളാണ് ഈ ലോകത്തെ നയിക്കുന്നത്. ഭൂമിയിലെ 'മനുഷ്യൻ' എന്ന അതിഗംഭീരമായ പ്രതിഭാസത്തിന് എന്റെ ചിത്രങ്ങളെ പൂർണമായും സമർപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതും ഈയൊരു തിരിച്ചറിവാണ്. നാളിതുവരെയുള്ള എന്റെ കലാജീവിതം സാക്ഷ്യപ്പെടുത്തുന്നതും ഈ സത്യം തന്നെയാണ്."

## നാരായണ ഭട്ടതിരി

"തിരുവനന്തപുരം ഫൈൻ ആർട്സ് കോളെജിൽ ചിത്രകലയാണ് പഠിച്ചതെങ്കിലും, പിന്നീട് ഞാൻ പൂർണമായും മലയാളം കാലിഗ്രഫിയിലേക്ക് തിരിയുകയായിരുന്നു. അടുപ്പമുള്ള പല സുഹൃത്തുക്കളും സംഘടനകളും ഇവിടെ നിരവധി ചിത്രകലാക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അവരെന്നെ അവിടേക്ക് ക്ഷണിക്കാറില്ല. ഒരു കാലിഗ്രാഫർക്ക് ചിത്രകലാക്യാമ്പിൽ എന്താണ് കാര്യമെന്നാകും അവരുടെ ചിന്ത. എന്നാൽ, സുഹൃത്തും സഹപാഠിയുമായ ബാബു നമ്പൂതിരിയുടെ ആകാർ ഫൗണ്ടേഷൻ ഒരുക്കിയ ഈ ദേശീയ ചിത്രകലാക്യാമ്പ് അതിനൊരപവാദമായി. ഈ ക്യാമ്പിലും ഞാൻ കാലിഗ്രഫി തന്നെയാണ് ചെയ്തത്; അഞ്ചോളം രചനകൾ ഇവിടെ പൂർത്തിയാക്കാനായി.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നെത്തിയ കലാകാരന്മാരുമായി സംവദിക്കാനും അവരുടെ സൃഷ്ടികൾ നേരിൽക്കാണാനും ഇതിലൂടെ എനിക്ക് സാധിച്ചു.



▶നാരായണ ഭട്ടതിരി

ഓരോരുത്തരും തങ്ങളുടെ രചനകളിൽ സ്വന്തം നാടിന്റെ പാരമ്പര്യവും സാംസ്കാരികത്തനിമയും കാത്തുസൂക്ഷിക്കുന്നത് വളരെ ശ്രദ്ധേയമായിരുന്നു. അത് എനിക്കും വലിയൊരു ഉണർവേകി. ഞാൻ മലയാളം കാലിഗ്രഫിയാണ് ചെയ്തതെങ്കിലും, മറ്റു ഭാഷകൾ മാത്രം അറിയുന്ന കലാകാരന്മാർക്കും ആ വരകൾ ആസ്വദിക്കാൻ കഴിഞ്ഞു എന്നതാണ് ഏറെ സന്തോഷകരം. മടങ്ങുമ്പോൾ അവരെല്ലാവരും തങ്ങളുടെ പേരുകൾ ഇംഗ്ലീഷ് കാലിഗ്രഫിയിൽ എന്നെക്കൊണ്ട് എഴുതിവാങ്ങിയിട്ടാണ് പോയത്."

## ഷിബു ചന്ദ്

"തിരുവനന്തപുരം മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ ഔദ്യോഗികജീവിതത്തിന്റെ സ്വാധീനമാകാം, എന്റെ ചിത്രങ്ങളിൽ മോർച്ചറിയുടെ തണുപ്പും ആകാശനീലിമയുടെ വകഭേദങ്ങളും മാത്രമേ നിറയുന്നുള്ളൂ. അമൂർത്തമായ രൂപവിന്യാസങ്ങളും അനാവശ്യ അലങ്കാരങ്ങളൊഴിവാക്കിയ മൂർത്തതയും മൗനത്തിന്റെ വർണസാന്നിധ്യവും ചേർന്ന് ക്യാൻവാസിൽ ആഴമേറിയൊരു നിശ്ചലതയാണ് തീർക്കുന്നത്."

## ഗരിമ വ്യാസ്

"മഴയും ജലാശയങ്ങളും ഹരിതാഭയും കാണുമ്പോൾ കേരളത്തോടുള്ള പ്രണയം പതിൻമടങ്ങാകും. അജ്മീറിൽ നിന്നെത്തിയ ഞങ്ങൾക്ക് ഇവിടുത്തെ പ്രകൃതിയും മനുഷ്യരും രുചിവൈവിധ്യങ്ങളുമെല്ലാം പെട്ടെന്നുതന്നെ പ്രിയപ്പെട്ടതായി മാറി. ക്യാമ്പിനിടയിൽ സമയം കിട്ടുമ്പോഴൊക്കെ ഞങ്ങൾ പുറത്തിറങ്ങി കാഴ്ചകൾ കണ്ടു; അവയൊക്കെയും സ്കെച്ചുകളായും ജലച്ചായച്ചിത്രങ്ങളായും ക്യാൻവാസിലേക്ക് പകർത്തി. അഷ്ടമുടിക്കായലിലൂടെയുള്ള ഹൗസ്ബോട്ട് യാത്ര മനസ്സിൽ നിന്നൊരിക്കലും മായില്ല. കേവലമൊരു ചിത്രകലാ ക്യാമ്പ് എന്നതിലുപരി, കൂട്ടായുള്ള ഇത്തരം യാത്രകൾ തികച്ചും വേറിട്ടൊരു അനുഭവമാണ് നൽകിയത്. കന്യാകുമാരി, ശുചീന്ദ്രം ക്ഷേത്രം, രാജാ രവിവർമ ഗാലറി, കെ.സി.എസ്. ഗാലറി എന്നിവിടങ്ങളിലെ സന്ദർശനങ്ങളെല്ലാം മികച്ച ദൃശ്യവിരുന്നാണ് സമ്മാനിച്ചത്."

## പ്രമോദ് ശർമ

"കേരളം എനിക്ക് കേവലമൊരു ഇടത്താവളമല്ല, സ്വന്തം വീടുപോലെയാണ്. ഒരുപാട് മലയാളി സൗഹൃദങ്ങൾ എനിക്കിവിടെയുണ്ട്; ബാബു നമ്പൂതിരിയുമായി വർഷങ്ങൾ നീളുന്ന ആത്മബന്ധവുമുണ്ട്. ഏതൊരു കലാകാരനിലും സർഗാത്മകതയുണർത്താൻ പോന്ന വലിയൊരു പ്രചോദനമാണ് കേരളം. അതുകൊണ്ടുതന്നെ ഇവിടെവച്ചു ഞാൻ തീർത്ത ചിത്രങ്ങളെല്ലാം എന്റെ മനസ്സിന്റെ നേർപ്രതിഫലനങ്ങളാണ്. വർണങ്ങളോട് എനിക്കെപ്പോഴും പ്രത്യേകമൊരു പ്രതിപത്തിയുണ്ട്. അതുകൊണ്ട് എന്റെ രചനകളിൽ ആശയങ്ങളെക്കാളേറെ ഞാൻ എപ്പോഴും മുൻഗണന നൽകുന്നത് നിറങ്ങൾക്കാണ്."

> **"**
> **'മനുഷ്യൻ' എന്ന അതിഗംഭീരമായ പ്രതിഭാസത്തിന് എന്റെ ചിത്രങ്ങളെ പൂർണമായും സമർപ്പിക്കാൻ എന്നെ പ്രേരിപ്പിക്കുന്നതും ഈയൊരു തിരിച്ചറിവാണ്.**



▶ഷിബു ചന്ദ്



▶ഗരിമ വ്യാസ്

## ശങ്കർ മല്ല്യ

"കേരളത്തിലേക്കുള്ള എന്റെ യാത്രകൾ ഇതാദ്യമല്ല; മുൻപും പലതവണ ഇവിടത്തെ പലയിടങ്ങളിലൂടെയും ഞാൻ സഞ്ചരിച്ചിട്ടുണ്ട്. ഈ നാടിന്റെ സംസ്കാരവും പൈതൃകവും, ഇവിടത്തെ കലാകാരന്മാർക്ക് കലയോടുള്ള അടങ്ങാത്ത അഭിനിവേശവും സത്യസന്ധമായ സമീപനങ്ങളുമെല്ലാം അടുത്തറിയാൻ ആ യാത്രകൾ എന്നെ സഹായിച്ചിട്ടുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നത് കേവലമൊരു പരസ്യവാചകമല്ലെന്ന് ഇവിടെയെത്തുന്ന ആർക്കും ബോധ്യമാകും. അത്രമേൽ സമാധാനവും സന്തോഷവുമാണ് ഇവിടത്തെ പ്രകൃതിയും



▶പ്രമോദ് ശർമ



▶ശങ്കർ മല്ല്യ


മനുഷ്യരും പകർന്നുനൽകുന്നത്. ഇത്തവണ ഈ മണ്ണിലെത്തിയപ്പോൾ എന്നെ വരവേറ്റതു തന്നെ നല്ലൊരു മഴയായിരുന്നു. എന്റെ നാടും അവിടത്തെ ഉത്സവങ്ങളും ഗ്രാമീണകാഴ്ചകളുമാണ് ആകാർ ക്യാമ്പിൽ ഞാൻ തീർത്ത ചിത്രങ്ങൾക്ക് പ്രമേയമായത്. ഇവയ്ക്കൊപ്പം ഇതിഹാസങ്ങളും പുരാണങ്ങളും അവയിലെ ബിംബങ്ങളുമെല്ലാം പതിവായി എന്റെ രചനകളിൽ കടന്നുവരാറുണ്ട്."

## കൃപ ലാലു

"ഇപ്പോൾ എന്റെ കലാപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു ആത്മപരിശോധനയിലൂടെയും സ്വത്വാന്വേഷണത്തിലൂടെയുമുള്ള ഒരു സ്വയം കണ്ടെത്തലാണ്. സ്വത്വത്തെക്കുറിച്ചുള്ള നിരന്തരമായ ചോദ്യങ്ങൾ ഇന്നും എന്നെ വേട്ടയാടുന്നുണ്ട്. ജീവിതത്തിൽ പലവിധ മാറ്റങ്ങളിലൂടെയും ഞാൻ കടന്നുപോയിട്ടുണ്ട്; ആ മാറ്റങ്ങളുടെ കാരണങ്ങളെക്കുറിച്ച് ഇപ്പോഴും ഞാൻ അന്വേഷിക്കാറുമുണ്ട്. ഈ പരിണാമപ്രക്രിയയിൽ സമൂഹം വലിയ പങ്കുവഹിക്കുന്നുണ്ട്. സമൂഹത്തിന്റെ ലിഖിതവും അലിഖിതവുമായ നിയമങ്ങൾ നമ്മുടെ പെരുമാറ്റങ്ങളെയും തീരുമാനങ്ങളെയും ശീലങ്ങളെയും ആഴത്തിൽ സ്വാധീനിക്കുന്നു. ചില സാമൂഹിക മാനദണ്ഡങ്ങൾ നാം ബോധപൂർവം സ്വീകരിക്കുമ്പോൾ, മറ്റുചിലത് അബോധപൂർവം നമ്മിലേക്ക് പകർന്നു ലഭിക്കുകയാണ്. നിശ്ചിതമായ ചില മൂല്യങ്ങളും ആചാരങ്ങളും പിന്തുടരാൻ നിർബന്ധിക്കുന്ന ഒരു സാമൂഹികഘടനയ്ക്കുള്ളിലാണല്ലോ നാം ജീവിക്കുന്നത്. പലപ്പോഴും ഈ ചട്ടക്കൂടുകളിൽ



▶കൃപ ലാലു



▶ഗിരീഷ് ചൗരസ്യ

നിന്ന് പുറത്തുകടക്കാൻ നമുക്ക് ഭയമാണ്. ചിലർ ഈ വ്യവസ്ഥകളോട് പൂർണമായും പൊരുത്തപ്പെടുമ്പോൾ, മറ്റുചിലർ അവയെ നിരന്തരം ചോദ്യംചെയ്യുന്നത് കാണാം. വ്യക്തിസ്വാതന്ത്ര്യവും സമൂഹത്തിന്റെ അമിതപ്രതീക്ഷകളും തമ്മിലുള്ള ഈ അടിസ്ഥാനസംഘർഷമാണ് എന്റെ കലാപരമായ അന്വേഷണങ്ങളുടെ കാതൽ."

## ഗിരീഷ് ചൗരസ്യ


"കല എനിക്കെപ്പോഴും പുതിയ കണ്ടെത്തലുകളിലേക്കുള്ള ഒരു യാത്രയാണ്. കേരളത്തിൽ നടന്ന ആകാർ ഇന്ത്യൻ പെയിന്റേഴ്സ് റെസിഡൻസി ആൻഡ് ക്രിയേറ്റീവ് വർക്ക്ഷോപ്പ് (2026) ആ യാത്രയിലെ ഏറ്റവും പ്രചോദനാത്മകമായ അധ്യായങ്ങളിലൊന്നായി മാറി. ഇന്ത്യയിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട പതിനഞ്ചു ദേശീയ കലാകാരന്മാരിൽ ഒരാളായി ക്ഷണിക്കപ്പെട്ടത് എനിക്ക് ലഭിച്ച വലിയൊരു ബഹുമതിയും അവിസ്മരണീയമായ അനുഭവവുമായിരുന്നു. ചരിത്രപ്രസിദ്ധമായ അജ്മീറിൽനിന്ന് രാജസ്ഥാന്റെ നിറങ്ങളുമായെത്തിയ എന്നെ, പ്രകൃതിരമണീയതകൊണ്ടും സമ്പന്നമായ കലാപാരമ്പര്യംകൊണ്ടും ഊഷ്മളമായ ആതിഥ്യമര്യാദകൊണ്ടുമാണ് കേരളം വരവേറ്റത്. ഓരോ സംഭാഷണവും ഓരോ പുതിയ പാഠമായി മാറുകയും, ഓരോ തൂലികാപ്രയോഗവും വൈവിധ്യമാർന്ന കലാസംസ്കാരങ്ങൾ തമ്മിലുള്ള സംവാദമായിത്തീരുകയും ചെയ്യുന്ന സർഗാത്മകമായൊരു അന്തരീക്ഷമാണ് റെസിഡൻസിയിലുണ്ടായിരുന്നത്.

കലാകാരന്മാർക്ക് പരസ്പരം പഠിക്കാനും ആശയങ്ങൾ കൈമാറാനും ഊഷ്മളമായ സൗഹൃദങ്ങൾ സ്ഥാപിക്കാനും കഴിയുന്ന അർഥവത്തായൊരു വേദി സൃഷ്ടിച്ചതിന് ആകാർ ഫൗണ്ടേഷനോട് ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. കലയെന്നത് വെറും ചിത്രങ്ങൾ സൃഷ്ടിക്കൽ മാത്രമല്ല, അതു മനുഷ്യരെയും സംസ്കാരങ്ങളെയും വികാരങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണികൂടിയാണെന്ന എന്റെ വിശ്വാസത്തെ ഇത് കൂടുതൽ ദൃഢമാക്കി. പൂർത്തിയാക്കിയ കലാസൃഷ്ടികൾ മാത്രമല്ല; പുതിയ പ്രചോദനങ്ങളും വിലപ്പെട്ട അനുഭവങ്ങളും ഒരിക്കലും മായാത്ത ഓർമകളും മനസ്സിൽ പേറിക്കൊണ്ടാണ് ഞാൻ അജ്മീറിലേക്ക് മടങ്ങിയത്. ഈ റെസിഡൻസി ക്യാമ്പ് എന്റെ കലായാത്രയെ വലിയ രീതിയിൽ സ്വാധീനിക്കുകയും സർഗാത്മകതയുടെ പുതിയ മാനങ്ങൾ പര്യവേക്ഷണം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്യും. ഒരു യഥാർഥ കലാകാരൻ ഒരിക്കലും ഒരു റെസിഡൻസിയിൽനിന്ന് മടങ്ങുന്നത് താൻ വരച്ച ചിത്രങ്ങളും കൊണ്ടുമാത്രമല്ല; രൂപാന്തരപ്പെട്ട പുതിയൊരു കാഴ്ചപ്പാടുമായിട്ടുകൂടിയാണ്."■



പീസ് കോർണർ / ഇ.പി. മാത്യു

# മണ്ണിലലിയുന്ന ഹരിതസ്പന്ദനം



▶ഫാ. റോബർട്ട് അത്തിക്കൽ

പ്രകൃതിയുടെ ഓരോ സ്പന്ദനത്തിലും ഈശ്വരന്റെ ഹൃദയമിടിപ്പുകേട്ട ഒരാൾ മണ്ണിലേക്ക് മടങ്ങുമ്പോൾ, പാറ്റ്നയിലെ 'ദീഘ 'യിലുള്ള, ആ വലിയ ജൈവവനത്തിലെ മരങ്ങൾ പരസ്പരം എന്താവും സംസാരിക്കുന്നുണ്ടാവുക? ഭൂമി കേവലമൊരു ആവാസവ്യവസ്ഥ മാത്രമല്ല, അതു ദൈവത്തിന്റെ ശരീരമാണെന്ന് അഗാധമായി വിശ്വസിച്ച ഒരു സന്ന്യാസിയായിരുന്നു, ജൂലൈ 19-ന് തന്റെ 73-ാം വയസ്സിൽ വിടവാങ്ങിയ ജസ്വിറ്റ് വൈദികനായ ഫാ. റോബർട്ട് അത്തിക്കൽ. പ്രകൃതിക്കുവേണ്ടിയുള്ള നിലവിളികൾ വെറുമൊരു പരിസ്ഥിതിവാദമല്ലെന്നും, മറിച്ച്, അതൊരു വിശുദ്ധമായ ആത്മീയ കടമയാണെന്നും ഓർമിപ്പിച്ച പാരിസ്ഥിതികനീതിയുടെ പ്രവാചകൻകൂടിയായിരുന്നു, അദ്ദേഹം. 1973-ൽ പാറ്റ്ന സേവിയർ ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനകാലത്താണ്, കലയിലൂടെയും നർമത്തിലൂടെയും ആത്മീയതയുടെ വേറിട്ട മുഖം കാണിച്ചുതന്ന റോബർട്ട് അത്തിക്കലച്ചനെ ഞാൻ ആദ്യമായി അടുത്തറിയുന്നത്.

കേരളത്തിന്റെ പച്ചപ്പിൽനിന്ന് സന്ന്യാസവഴിയിലേക്ക് നടന്ന അദ്ദേഹം കർമഭൂമിയായി തിരഞ്ഞെടുത്തത് പാറ്റ്നയാണ്. പ്രകൃതി ചൂഷണത്തിന്റെ ഭയാനകമായ നാളുകൾ വരാനിരിക്കുന്നതേയുള്ളൂവെന്ന് എൺപതുകളുടെ അവസാനത്തിൽത്തന്നെ അദ്ദേഹം മുൻകൂട്ടി കണ്ടു. ആ തിരിച്ചറിവിലാണ് 1988-ൽ അദ്ദേഹം തുടക്കമിട്ട 'തരുമിത്ര' (മരങ്ങളുടെ തോഴൻ) എന്ന പ്രസ്ഥാനം പിന്നീട് ഇന്ത്യയിലെ ഇരുപത്തിരണ്ടു സംസ്ഥാനങ്ങളിലായി മൂന്നുലക്ഷത്തിലധികം വിദ്യാർഥികൾ അണിനിരക്കുന്ന വലിയൊരു ഹരിതമുന്നേറ്റമായി മാറിയത്. 'വസുധൈവകുടുംബകം' എന്ന ഉപനിഷദ് ദർശനത്തെ മനുഷ്യരിൽ മാത്രം ഒതുക്കാതെ, മരങ്ങളും മൃഗങ്ങളും പക്ഷികളുമെല്ലാം ഉൾപ്പെടുന്ന വലിയൊരു കുടുംബമായി അദ്ദേഹം വ്യാഖ്യാനിച്ചു. ഫ്രാൻസിസ് മാർപാപ്പയുടെ വിഖ്യാതമായ 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം പങ്കുവയ്ക്കുന്ന ആശയങ്ങൾ പതിറ്റാണ്ടുകൾക്കു മുൻപേ ഫാ. അത്തിക്കൽ ഇന്ത്യയിൽ പ്രാവർത്തികമാക്കിയിരുന്നു. പ്രപഞ്ചത്തെ മുഴുവൻ പവിത്രമായി ദർശിക്കാൻ അദ്ദേഹത്തെ പഠിപ്പിച്ചത് ഇഗ്നേഷ്യൻ ആത്മീയതയാണ്. 1975-ൽ ഉത്തരേന്ത്യയിലുണ്ടായ മഹാപ്രളയകാലത്ത് മനുഷ്യർക്കൊപ്പം മിണ്ടാപ്രാണികളെക്കൂടി വലിയ ട്രാക്ടർടയറുകളിൽ വാരിയെടുത്ത് സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റിയ അദ്ദേഹത്തിന്റെ സഹാനുഭൂതി, പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള അളവറ്റ സ്നേഹത്തിന്റെ നേർചിത്രമാണ്.

പാറ്റ്ന ഗാന്ധിമൈതാനിയിലെ പുസ്തകമേളയിൽ മാലിന്യം വലിച്ചെറിഞ്ഞവരിൽനിന്ന് 'ഭൂനികുതി' (Earth Tax) ഈടാക്കാൻ കുട്ടികളെ പ്രേരിപ്പിച്ചത് അദ്ദേഹത്തിന്റെ സർഗാത്മകതയാണ്. നഗരത്തിലെ മാലിന്യക്കൂമ്പാരങ്ങളെ വിദ്യാർഥികളെക്കൊണ്ട് 'ഓക്സിജൻ ബെൽറ്റുകളാക്കി' മാറ്റിയ അദ്ദേഹം, പാറ്റ്നയിലെ ദീഘയിൽ പത്തേക്കറിലുള്ള വിശാലമായ ജൈവവനം വരും തലമുറയ്ക്കായി ഒരുക്കി. രാസവളങ്ങളെ പടിക്കുപുറത്തുനിറുത്തി, പരമ്പരാഗത കൃഷിരീതികളിലൂടെ ജൈവനെല്ല് വിളയിക്കാൻ അദ്ദേഹം പുതുതലമുറയെ പഠിപ്പിച്ചു.

അദ്ദേഹത്തിന്റെ ഈ നിസ്വാർഥസേവനങ്ങൾ അതിരുകൾഭേദിച്ച് ലോകവേദികളിലെത്തി. 2005-ൽ ഐക്യരാഷ്ട്രസഭയുടെ ഇക്കണോമിക് ആൻഡ് സോഷ്യൽ കൗൺസിലിന്റെ പ്രത്യേക ഉപദേശക പദവി തരുമിത്രയ്ക്ക് ലഭിച്ചതും, അമേരിക്കയിലെ വൂർസ്റ്ററിലെ ഹോളി ക്രോസ്സ് കോളെജ് അദ്ദേഹത്തിന് ഹോണററി ഡോക്ടറേറ്റ് നൽകി ആദരിച്ചതും ആ കർമയോഗിക്കുള്ള ലോകത്തിന്റെ അംഗീകാരമായിരുന്നു.

അരനൂറ്റാണ്ടിലേറെ നീണ്ട കർമസപര്യയ്ക്കൊടുവിൽ ഫാ. റോബർട്ട് അത്തിക്കൽ എന്ന ജൈവമനുഷ്യൻ ഭൗതികമായി മണ്ണിലേക്ക് മടങ്ങിയിരിക്കാം. എന്നാൽ, അദ്ദേഹം നട്ടുപിടിപ്പിച്ച പാരിസ്ഥിതിക അവബോധത്തിന്റെ വേരുകൾ ഭൂമിയുടെ ആഴങ്ങളിലേക്ക് ഇനിയും പടരുകതന്നെ ചെയ്യും. ഇന്ത്യയിലെ പാടങ്ങളിലും മരച്ചില്ലകളിലും ആ ഹരിതകാവലാളിന്റെ ഓർമകൾ ഒരു ഇളംകാറ്റായി എന്നും വീശിയടിക്കും. അദ്ദേഹം മരിക്കുന്നില്ല, മറിച്ച്, കൂടുതൽ ആഴത്തിൽ വേരുകളായി പടരുകയാണ്. ■


The supreme quality for leadership is
unquestionably integrity.
Without it, no real success is possible, no matter
whether it is on a section gang,
a football field, in an army, or in an office.
- Dwight D. Eisenhower

EZHUTHU CHINTHIKKUNNA HRUDAYANGALKKU
VOL. 11 / ISSUE 10/ 2026 AUGUST / PRICE ₹ 40

Registered KL/EKM/746/2025-27
RNI REG. NO. KERMAL/2015/65234

MALAYALAM MONTHLY/ KOCHI
NO. OF PAGES: 76/ DATE OF PUBLICATION: 03-08-2026

Licence No. : KL/CR/EKM/WPP-5/2025-27 Licensed to Post Without Prepayment




Printed and Published by Binoy Jacob; On behalf of Loyola Peace Trust; Published from Loyola Research Institute of Peace and International Relations Ponoth Road, Kaloor, Kochi-7, Ernakulam. Printed at Sterling Print House Pvt. Ltd., Ponekkara, Cheranelore Road, Cochin-682041. Editor : Biju George